KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 35866

Author. രാമകൃഷ്ണപിള്ള കെ

Title. നരകത്തിൽ നിന്ന്

KOTTAYAM PUBLIC LIBRARY
KOTTAYAM

# നരകത്തിൽനിന്നു്

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിററഡ്

# NARAKATHIL NINNU

K. RAMAKRISHNA PILLAI

First Impression 1914
Second ,, April 1956

RIGHTS RESERVED

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

Rs. 1—8—0

# നരകത്തിൽനിന്ന്

35866

സ്വദേശാഭിമാനി
കെ. രാമകൃഷ്ണപിള്ള

KOTTAYAM PUBLIC LIBRARY
KOTTAYAM

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ, കോട്ടയം

വില 1 ക. 8 ണ.

M07
Ram-N

KOTTAYAM PUBLIC LIBRARY
KOTTAYAM

Printed at the India Press, Kottayam. Copies 1000.

# വിജ്ഞാപനം

മലയാളത്തിൽ, ഈയിട, നോവലുകൾ അല്ലെങ്കിൽ പുതിയ കല്പിതകഥകൾ വായിപ്പാനാണ് ബഹുജനങ്ങൾക്ക് അധികം താല്പര്യം. ഇതിനൊത്തു്, നല്ലതും, ചീത്തയും, ഒരുവിധം കൊള്ളാവുന്നതും ആയ പലേ കഥാഗ്രന്ഥങ്ങൾ പുറപ്പെടുന്നുമുണ്ടു്. ഇവയെല്ലാം ഭാഷാസാഹിത്യത്തിന്നു സമ്പത്താവുമോ, അതല്ല, ആപത്തായിത്തീരുമോ എന്നു പ്രവചിപ്പാൻ തക്ക ദീർഘദർശിത്വം ഇല്ലെങ്കിലും, ചിലതു ഭാഷയെ വ്യാപത്തിൽ പെടുത്തുന്നുണ്ടെന്നു പറവാൻ ആരും സംശയിക്കേണ്ടതില്ല. കല്പിതകഥാഗ്രന്ഥങ്ങളുടെ അമിതമായ വൎദ്ധന, സാഹിത്യത്തിൻെറ അപകർഷത്തിന്നു ഹേതുവാകും എന്ന ഒരു ആക്ഷേപം ചില പണ്ഡിതന്മാർ പറയാറുണ്ടു്. ആ അഭിപ്രായത്തെ നിരസിപ്പാൻ ന്യായമില്ലെങ്കിലും, മലയാളഭാഷയെ സംബന്ധിച്ചേടത്തോളം, സാഹിത്യത്തിന്നു ദൂഷ്യം തട്ടാത്ത വിധത്തിൽ എന്നല്ല, ഗുണം ഉണ്ടാകുവാൻതക്കവണ്ണം, കല്പിതകഥാഗ്രന്ഥങ്ങൾ രചിക്കാമെന്നും; അങ്ങനെയുള്ള കഥാഗ്രന്ഥങ്ങൾ മൂലം ഗദ്യസാഹിത്യത്തിന്നു പുഷ്ടിയുണ്ടാവുമെന്നും പറയാവുന്നതാണ്. ഇംഗ്ലീഷ് ഭാഷയിൽ ദിനംപ്രതി കുന്നുപോലെ കൂടിവരുന്ന ക്ഷുദ്രങ്ങളായ കഥാഗ്രന്ഥങ്ങളെ സംബന്ധിച്ചാണ് മേല്പടി ആക്ഷേപം പറഞ്ഞുവരുന്നതു്; അത്തരത്തിലുള്ള ഒരു ദുൎമ്മാംസവൃദ്ധി ഈ അടുത്ത കാലത്തെങ്ങും മലയാളത്തിന് ഉണ്ടാവുകയില്ലെന്നു സമാശ്വസിക്കാം. എന്നിരുന്നാലും, സാഹിത്യഗുണം ലേശവുമില്ലാത്തവയായി ഇടയ്ക്കിട ഉണ്ടായിക്കാണാറുള്ള ചില 'നോവലുകൾ' നിമിത്തം മലയാളഭാഷയ്ക്കു താല്ക്കാലികമായിട്ടെങ്കിലും ചില ദൂഷ്യങ്ങൾ തട്ടാറില്ലെന്നും പറഞ്ഞുകൂടാ.

അതിരിക്കട്ടെ. മലയാളവായനക്കാൎക്കു രസപ്രദമായും, അതേസമയംതന്നെ വിജ്ഞാനപ്രദമായും, സാഹിത്യഗുണങ്ങളെ

കൈവെടിയാത്ത രീതിയിൽ എഴുതിയവയായും ഏതാനും പുതിയ കല്പിതകഥാഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഉറച്ചിട്ടാണ് **'കല്പിതകഥാരാമം'** എന്ന ഈ ഗ്രന്ഥാവലി തുടങ്ങുന്നതു്. തല കുലുക്കുന്നതിനുപകരം, "ശിരോഗോളംകൊണ്ടു് ആകാശത്തിൽ ക്രാന്തിവൃത്തലേഖനം" ചെയ്യുകയോ, പൂക്കൂടകാരണമായി കൊത്തുകുകടിയുമേററു തടവുമുറിയിൽ കിടക്കുന്നതിനുപകരം, "കുസുമമഞ്ജൂഷനിമിത്തം മശകദംശനവും സഹിച്ചു കാരാഗൃഹത്തിൽ ശയിക്കുക"യോ ചെയ്യുന്ന ഭാഷയിലല്ല ഈ ഉദ്യാനത്തിൽ ചെടികളെ നട്ടുവളർത്തുവാൻ പോകുന്നതെന്നു് ആദ്യമേ പറഞ്ഞുകൊള്ളുന്നു. അത്തരം ഗ്രന്ഥവൃക്ഷങ്ങൾ, പാഠശാലകളിലെ വിദ്യാർത്ഥികളുടെ തലയിൽ ഭാരമാക്കിവെച്ചു് മണ്ടപൊളിക്കാൻ ചില വിദ്യാഭ്യാസപ്രവർത്തകന്മാർ കൈയേററിട്ടുള്ളതിനാൽ, അവയെ അവക്കായി വെടിയുന്നു. എന്നാൽ, ഈ ഉദ്യാനത്തിലാകട്ടെ, സാധാരണ രസികന്മാർക്കൊക്കെ രസിക്കുവാൻതക്കവണ്ണം ഭംഗിയായ ഭാഷയിൽ ചെടികളെ കത്രിച്ചു മിനുക്കി രൂപപ്പെടുത്തി നിർത്തുവാനാണു് ഉദ്യാനപ്രസാധകന്റെ നിശ്ചയം. പുതിയ ചെടികളോടൊപ്പം, ഇടയ്ക്കിട, യുക്തംപോലെ, വേറെ പറമ്പിൽനിന്നു ചില പഴയ ചെടികളേയും ഇളക്കിക്കൊണ്ടുവന്നു് ഈ വാടികയ്ക്കു് മോടിപിടിപ്പിക്കാനും ഉദ്ദേശിച്ചിട്ടുണ്ടു്. ഇങ്ങനെ പുതുതായി ഏർപ്പെടുത്തുന്ന കഥാരാമം, വായനക്കാർക്കു് ഉല്ലാസപ്രദമായിത്തീരുമെങ്കിൽ, അതുതന്നെ തൽപ്രസാധകനും സഹായികളായ ഗ്രന്ഥകർത്താക്കൾക്കും ഉത്തമമായ പ്രതിഫലം.

എന്നു്,

'കല്പിതകഥാരാമ'-പ്രസാധകൻ,

1914 മേ. 4

**കെ. രാമകൃഷ്ണപിള്ള**

# അവതാരിക

രാഷ്ട്രീയചിന്താഗതിയിൽ വിപ്ലവവും, സാഹിത്യത്തിൽ സമരവാസനയും ഏകസമയം ഇളക്കിവിടുക എളുപ്പമല്ല. വിശേഷിച്ചും, പൗരവിദ്യാഭ്യാസത്തിന്നു ജനസമുദായം പാകമാകാത്ത ഒരു കാലഘട്ടത്തിൽ. എന്നാൽ അത്ര ലഘുസാദ്ധ്യമല്ലാത്ത കാര്യം സ്വാതന്ത്ര്യവും ധീരവുമായ പ്രവൎത്തനങ്ങളിലൂടെ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള സാധിച്ചപ്പോൾ, അതു് ഏറെ ഒച്ചപ്പാടുണ്ടാക്കുകതന്നെചെയ്തു. ദേശാഭിമാനിയായ പത്രാധിപർ, ഊൎജ്ജസ്വലനായ ഗദ്യകാരൻ എന്നീ നിലകളിൽ അദ്ദേഹം അനന്തരപരമ്പരയുടെ അഭിനന്ദനം ആർജ്ജിക്കുന്നു. ജനമദ്ധ്യേ ആദൎശപാഠങ്ങൾ വാരിവിതച്ചു് ആചാരത്തിലും വിചാരത്തിലും പരിശുദ്ധത കൈവരുത്തുവാനായിരുന്നു അദ്ദേഹത്തിൻെറ മുഖ്യയത്നം. ആ ഉദ്ദേശ്യമാണു സോക്രട്ടീസ്, കാറൽമാർക്സ്, മോഹനദാസ് ഗാന്ധി മുതലായ ലോകോപകാരികളുടെ ജീവിതകഥകളും, 'നരകത്തിൽനിന്നു'' എന്ന ഗ്രന്ഥവും രചിക്കുന്നതിന്നു് അദ്ദേഹത്തിനു പ്രേരണ നല്കിയതു്.

അസാധാരണവും അതിവിശിഷ്ടവുമായ ഒരു കല്പിതകഥയാണു് 'നരകത്തിൽനിന്നു്.' കല്പിതകഥാരാമം എന്ന ഗ്രന്ഥമാലയിലെ പ്രഥമ കുസുമമാണു പ്രസ്തുത ഗ്രന്ഥം. "മലയാളവായനക്കാൎക്കു രസപ്രദമായും അതേസമയംതന്നെ വിജ്ഞാനപ്രദമായും സാഹിത്യഗുണങ്ങളെ കൈവെടിയാത്ത രീതിയിൽ എഴുതിയവയായും ഏതാനും കല്പിതകഥാഗ്രന്ഥങ്ങൾ" പ്രസിദ്ധപ്പെടുത്തുവാനായിരുന്നു, കല്പിതകഥാരാമം എന്ന ഗ്രന്ഥാവലി തുടങ്ങിയതു്. എന്നാൽ ഈ ഗ്രന്ഥമാല ഒന്നാം പുസ്തകത്തോടുകൂടി അവസാനിച്ച വസ്തുത ഖേദപൂൎവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു,

തുടർച്ചയായ കഥാബന്ധമോ പരിണാമഗുപ്തിയോ "നരകത്തിൽനിന്നു" എന്ന കഥയ്ക്കില്ല. ഈ ഗ്രന്ഥമാകട്ടെ, ശബരാശ്രമവാസി ശങ്കുപ്പണിക്കക്ക് നിയതകാലങ്ങളിൽ നരകത്തിൽനിന്നും വന്ന സന്ദേശങ്ങളുടെ സമാഹാരമാണു്. ആ നരകകായിതങ്ങളെ ഗ്രന്ഥകത്താവു പ്രകാശിപ്പിക്കുന്നു എന്നുമാത്രം. ധമ്മപുരിയുടെ പടിഞ്ഞാറുഭാഗത്തു ദുരിതവീഥിയിൽ ഉള്ള ശബരാശ്രമത്തിൽ ശങ്കുപ്പണിക്കരും, തൊട്ടടുത്ത ശരഷണാശ്രമത്തിൽ പണിക്കരുടെ ആത്മസ്നേഹിതൻ ശാമിപ്പട്ടരും, പാത്തുവന്നു. രണ്ടാശ്രമങ്ങളും ഒരേ ഭിത്തിയാൽ കൂട്ടിക്കെട്ടിയിരുന്നതുപോലെ ഈ രണ്ടുപേരും ഒരേ ജീവിതവൃത്തിവിശേഷത്താൽ ബന്ധിക്കപ്പെട്ടിരുന്നു. പണിക്കരും പട്ടരും സുഖഭോഗങ്ങളിൽ വിഹരിച്ചു്, പ്രഭുക്കന്മാരെ സേവിച്ചു്, അനേകം നീചകമ്മങ്ങൾ ചെയ്തു് ഒടുവിൽ തത്വാന്വേഷികളായി തീന്നവരാണു്. ഈശ്വരനെ പ്രത്യക്ഷമായി കണ്ടാൽ വിശ്വസിക്കാമെന്നായിരുന്നു അവരുടെ നില. ഇങ്ങനെ ഇരിക്കെ, ഒരുദിവസം പുലർച്ചയ്ക്കു ശരഷണാശ്രമവാസി ശാമിപ്പട്ടർ ചത്തുമലന്നുകിടക്കുന്ന കാഴ്ചയാണു ശങ്കുപ്പണിക്കർ കണ്ടതു്. ശോകാത്തനായി ശങ്കുപ്പണിക്കർ പിന്നെയും കാലം നയിച്ചു. പട്ടരുടെ ചരമവാർഷികദിനത്തിൽ ഒരത്ഭുതസംഭവം ഉണ്ടായി. കറുത്ത താളിൽ വെളുത്ത മഷികൊണ്ടു ശാമിപ്പട്ടരുടെ കൈപ്പടയിൽ എഴുതിയിരുന്ന ഒരു കത്തു് പണിക്കക്ക് ലഭിച്ചു. ആ കായിതം നരകത്തിൽനിന്നുമായിരുന്നു. യമധമ്മൻെറ സ്വഭാവഗുണങ്ങളെപ്പററിയായിരുന്നു ആദ്യം ആ എഴുത്തിൽ വർണ്ണിച്ചിരുന്നതു്. ഒരു നിർദ്ദിഷ്ടമായ പട്ടികയിൽ വിവരിക്കുന്ന പാപങ്ങൾ ചെയ്തവക്ക് നരകപ്രവേശനം നിരോധിച്ചിട്ടുണ്ടെന്നും കത്തിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ അനേകം ആത്മാക്കൾ നരകദ്വാരത്തിൽ അലയുന്നുണ്ടെന്നും പട്ടർ സൂചിപ്പിച്ചിരുന്നു. കത്തു വായിച്ചുതീന്നപ്പോൾ, തനിക്കു നരകത്തിലെങ്കിലും പ്രവേശം ലഭിക്കുമോ എന്ന സന്ദേഹം ആവേശിച്ച ശങ്കുപ്പണിക്കർ ചിന്താകുലനായി. അടുത്ത

കത്തും പ്രതീക്ഷിച്ചു പണിക്കർ അക്ഷമനായി ദിവസം കടത്തി വിട്ടു.

രണ്ടാമത്തെ കായിതവും യഥാകാലം എത്തിച്ചേൎന്നു. അതിൽ പാപപട്ടികയുടെ വിവരണവുമുണ്ടായിരുന്നു. അതു വായിച്ചപ്പോൾ മററൊന്നിനെപ്പററിയും പണിക്കൎക്കു വിഷമമുണ്ടായില്ല. 'മനുഷ്യജീവച്ഛേദകൻ' എന്ന വാക്കിൻെറ അൎത്ഥം മാത്രം ദുർഗ്രഹമായിത്തീൎന്നു. ആ പദത്തിൻെറ അൎത്ഥവ്യാപ്തിയിൽ താനും ഉൾപ്പെട്ടുമോ എന്ന സംശയവും ബലമായുണ്ടായി. ഈ സമയം പണിക്കർ ഒരശരീരി കേട്ടു. "നിൻെറ മരിച്ചുപോയ ചങ്ങാതിയുടേയും നിൻേറയും നാൾവഴിക്കുറിപ്പു് എടുത്തു നോക്കുക. മനുഷ്യജീവച്ഛേദകൻ എന്നാലെന്തെന്നു് അവയിൽ കാണാം" എന്നായിരുന്നു ആ ശബ്ദം സൂചിപ്പിച്ചതു്. ശാമിപ്പട്ടരുടെ നാൾവഴി കരസ്ഥമാക്കി പണിക്കർ പരിശോധനയും തുടങ്ങി. പട്ടർ അനേകം പാപകൎമ്മങ്ങൾ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും പശ്ചാത്താപം നാൾവഴിയിൽ രേഖപ്പെടുത്തിയിരുന്നു. തന്മൂലമാണു പട്ടൎക്കു നരകപ്രവേശം ലഭിച്ചതു്. അനന്തരം പണിക്കർ തൻെറ നാൾവഴി മറിച്ചുനോക്കി. എന്നാൽ അതിൽ പാപകൎമ്മങ്ങളുടെ പട്ടിക കഴിഞ്ഞു പുറന്താളിൽ 'മനുഷ്യജീവച്ഛേദകൻ'എന്ന റിമാൎക്കു വ്യക്തമായെഴുതിയിരിക്കുന്നതു കണ്ടു.

വായന തീൎന്നപ്പോൾ പണിക്കരുടെ പരിഭ്രമം വൎദ്ധിച്ചു. സന്ദേഹങ്ങൾ അസ്തമിച്ചു. പശ്ചാത്താപപ്രകടനം തൻെറ നാൾവഴിയിൽ ഒരു് സ്ഥലത്തും പണിക്കർ കണ്ടില്ല. വൈകിപ്പോയെങ്കിലും പണിക്കൎക്കു് ഒരു യുക്തി തോന്നി. താൻ ചെയ്തിട്ടുള്ള പാപങ്ങൾക്കു് ഉടൻതന്നെ പരിഹാരം ചെയ്യുന്നതാണെന്നു പണിക്കർ പരസ്യംചെയ്തു. പക്ഷേ, ആരുംതന്നെ മുമ്പോട്ടു വന്നില്ല. അനന്തരമുള്ള പണിക്കരുടെ ചരിതം ശോകമയമായിരുന്നു. വിവിധ സ്തോഭങ്ങൾ അയാളുടെ മാനസികമണ്ഡലത്തിൽ അലതല്ലി. ജീവിതത്തിലുള്ള ആശ അയാൾക്കു നശിച്ചു. മരണവുമായി ഒരു

ഭയങ്കര യുദ്ധംതന്നെ അവിടെ നടന്നു. സ്വാമി ശതാനന്ദൻ മൃത്യുഗ്ര സ്തനായ ആ വേദാന്തിക്കു് അന്തിമോപചാരം ചെയ്തു. പണിക്കർ മരിച്ചുകഴിഞ്ഞു. പശ്ചാത്താപംകൊണ്ടു പാപപരിഹാരം നേടാമെന്നുള്ള പരിശ്രമവും അങ്ങനെ പരാജയപ്പെട്ടു.

മേല്പറഞ്ഞതാണു് 'നരകത്തിൽനിന്നു്' എന്ന കഥയുടെ ചുരുക്കം. കല്പിതകഥ എന്ന പേരു വഹിക്കുന്നുണ്ടെങ്കിലും തുടർച്ചയായ ആഖ്യാനരീതിയോ കഥാഘടനയോ പാത്രനിർമ്മാണവൈചിത്ര്യമോ കാണുന്നില്ല. നാലു ഭാഗങ്ങളിലായി പതിന്നാലു് അദ്ധ്യായങ്ങളിലൂടേ ഈശ്വരാജ്ഞേയതാവാദിയായ ശങ്കപ്പണിക്കരുടേയും ചങ്ങാതി ശാമിപ്പട്ടരുടേയും പ്രവൎത്തനചരിതങ്ങളാണു വൎണ്ണിച്ചിരിക്കുന്നതു്. രണ്ടുപേരും സേവാക്രമത്തിലുള്ള അനിതരസാധാരണമായ നൈപുണികൊണ്ടു സുഖഭോഗങ്ങളുടെ ഉന്നതശൃംഗങ്ങളിൽ വാസമുറപ്പിച്ചവരായിരുന്നു. ജീവിതത്തിൻെറ തളൎന്ന ദശാകാലത്തു വേദാന്തമാകുന്ന താഴ്‌വരകളിലേയ്ക്കു് അവർ വിഹാരത്തിനിറങ്ങുകയാണു ചെയ്തതു്. ഒരു സ്വാമിയുടെ സേവകന്മാരായിരുന്ന അവർ ദുരാചാരങ്ങൾകൊണ്ടു് അമിതമായി സമ്പാദിച്ചു. ശാമിപ്പട്ടർ പശ്ചാത്താപപ്രകടനംമൂലം നരകപ്രവേശം സമ്പാദിച്ചു. എന്നാൽ ശങ്കപ്പണിക്കൎക്കാകട്ടെ ശൂന്യമായ ആകാശത്തിൽ മാത്രമേ വാസസ്ഥാനം സിദ്ധിച്ചുള്ളു. രണ്ടുപേരുടേയും നാൾവഴികളിലെ വിവരങ്ങൾ സൂചിതാൎത്ഥങ്ങളാണു്. ഗൂഢമായ അൎത്ഥവ്യാപ്തി അവയ്ക്കുണ്ടു്. രാജധാനിയിലെ സമകാലസംഭവങ്ങളാണു് അവ. ചവറ സ്വദേശിയായ ശങ്കരൻതമ്പിയും ശരവണസ്വാമി എന്ന പേരിൽ വിദിതനായ അനന്തരാമയ്യനും, സ്വാമി സദാനന്ദനുമാണു ശബരാശ്രമവാസി ശങ്കപ്പണിക്കർ, ശരഘണാശ്രമവാസി ശാമിപ്പട്ടർ, സ്വാമി ശതാനന്ദൻ, എന്നീ രൂപങ്ങളിൽ ഭാവുകൻെറ ഭാവനയിൽ ഉയരുന്നതു്. പട്ടരുടേയും പണിക്കരുടേയും നാൾവഴിയിലെ ചെയ്തികൾ അക്കാല്ത്തെ അരമനരഹസ്യങ്ങളാകുന്നു. ഈ സംഗതി പേരുകൊണ്ടും മറ്റു സൂചനകൾകൊണ്ടും സ്പഷ്ടമാണുതാനും.

ഗ്രന്ഥരചനയ്ക്കു് ഉദ്ദേശ്യശുദ്ധിയുണ്ടെങ്കിലും രാജസേവകന്മാരുടെ നേരെയുള്ള വിരോധം ഒരു പരാക്രമരൂപത്തിൽ ഇതിൽ പ്രത്യക്ഷപ്പെടുന്നതു കാണാം. പ്രതിപാദനത്തിൻെറ ഉപരിതലത്തിൽ തന്നെ ആ സംഗതി പൊങ്ങിക്കിടക്കുന്നുമുണ്ടു്. രാജ്യഭ്രംശാനന്തരമുണ്ടായ കഷ്ടതകൾക്കിടയിലുള്ള ഗ്രന്ഥകാരൻെറ മാനസികക്ഷോഭം ഈ കഥയിൽ അനുവാചകനു് അനുഭവപ്പെടുന്നതാണു്. അങ്ങനെ ഒരാത്മകഥാംശം അങ്ങിങ്ങു കലൎന്നിട്ടുണ്ടെന്നുള്ളതു വിസ്മരിക്കാവതല്ല. പണിക്കരുടെ സങ്കടപ്രലപനങ്ങളിൽക്കൂടി ഗ്രന്ഥകാരനെത്തന്നെ നമുക്കു ദർശിക്കുവാൻ കഴിയും. നോക്കുക:

"മാംസരക്താസ്ഥിപിണ്ഡമായ ഏതൊരു മനുഷ്യൻ അറിയുന്നതിലും എത്രയോ വളരെ തത്വങ്ങൾ താൻ ഗ്രഹിച്ചിരിക്കുന്നു. ആ തത്വജ്ഞാനം തനിക്കുണ്ടായിരുന്നില്ലെങ്കിൽ—താൻ ആ അറിവു നേടാതിരുന്നുവെങ്കിൽ—തൻെറ അന്ത്യകാലം സമാധാനമായി കഴിയുമായിരുന്നു. എന്നാൽ സംഭവിച്ചതു് അങ്ങനെയല്ലല്ലോ; താനറിയാതെതന്നെ വിധിയുടെ കയ്യിൽപെട്ട ഒരു പാവയായി തീൎന്നിരിക്കുന്നു; ഭാവി എന്തായിരിക്കുമെന്നു പ്രവചിപ്പാൻ കഴിയാത്ത ഒരു വേദാന്തി—അല്ലാതെ ദീർഘദർശിയല്ല."

ഈ കഥയിലെ പ്രതിപാദനരീതി ഒരു നൂതനപ്രസ്ഥാനത്തെ ആശ്രയിക്കുന്നു. ഭാഷ പ്രസന്നവും പ്രൗഢവുമാണു്. ഓജസ്സുള്ള പദങ്ങളിൽക്കൂടി ആശയങ്ങൾ അവിച്ഛിന്നമായി പ്രവഹിക്കുന്നു. ചിന്താശകലങ്ങളും തത്വരത്നങ്ങളും തിരുകിപിടിപ്പിച്ചിട്ടുമുണ്ടു്. ചില ഭാഗങ്ങൾ ഹതാശനായ ഒരു പോരാളിയുടെ പരിദേവനങ്ങളായി കാണുന്നു. മററു ചില ഭാഗങ്ങളിൽ വ്യക്തിവിരോധത്തിൻെറ ഖരതയും സ്പഷ്ടദൃശ്യമാണു്. 'പശ്ചാത്താപം പാപപരിഹാരം' എന്ന ആശയമാണു് ഈ ഗ്രന്ഥനിബന്ധനത്തിൽ ഗ്രന്ഥകാരൻ ആവിഷ്കരിച്ചിട്ടുള്ളതു്.

ഒരേ ഒരു കഥാപാത്രം മാത്രം ആദ്യന്തം ഈ കഥയിൽ പ്രവൎത്തിക്കുന്നു. പൂൎവ്വകഥാസ്മരണയിൽ അയാളിൽ സംഭവിക്കുന്ന

വിവിധങ്ങളായ സ്തോഭങ്ങളേയും വികാരാവേശങ്ങളേയും ഗ്രന്ഥകാരൻ സമഞ്ജസമായി വർണ്ണിക്കുന്നുണ്ട്. പാപപരിഹാരത്തിനു വേണ്ടിയുള്ള പണിക്കരുടെ വന്ധ്യമായ ശ്രമവും ദാരുണമായ അവസാനവും ഒരു ഗുണപാഠം എന്നപോലെ വായനക്കാരന്റെ മുമ്പിൽ മിന്നിപ്രകാശിക്കുന്നു. പ്രതിപാദനരീതിയിലും വർണ്ണനകളിലും ഒരസാധാരണത്വം തെളിഞ്ഞുകാണുന്നുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

ഇന്നേയ്ക്കും നാല്പതുവർഷത്തിനു മേലായി ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ് അച്ചടിപ്പിച്ചിട്ട്. ഗ്രന്ഥകാരന്റെ ചരമത്തിനുശേഷം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വീണ്ടും പ്രസിദ്ധീകരിപ്പാൻ ഇടയാകാതെ പോയതിൽ പരിതപിക്കാതെ തരമില്ല. പത്രപ്രവൎത്തനത്തിലായാലും സാഹിത്യസേവനത്തിലായാലും സ്പഷ്ടമായ ഒരു വ്യക്തിത്വം സ്വദേശാഭിമാനിക്കുണ്ട്. ആ വ്യക്തിത്വം ഭാവിതലമുറകൾക്കു പ്രചോദനം നൽകുവാൻ പൎയ്യാപ്തവുമാണ്. അതുകൊണ്ട് ഇത്തരം ഗ്രന്ഥങ്ങളുടെ പുനഃപ്രസിദ്ധീകരണം എപ്പോഴും സ്വാഗതാർഹമാകുന്നു. സാഹിത്യപ്രവൎത്തക സഹകരണസംഘത്തിന്റെ ഈ സമീചീനമായ പ്രവൃത്തിയിൽ സഹൃദയന്മാർ ആഹ്ലാദിക്കുമെന്നുള്ളതിൽ സംശയമില്ല. നരകത്തിൽനിന്നുള്ള കായിതങ്ങൾ വായിക്കുമ്പോൾ സാഹിത്യസ്വർഗ്ഗത്തിൽ നിന്നുമാണ് അവയുടെ വരവ് എന്ന പ്രതീതി അനുവാചകലോകത്തിനുണ്ടാകുവാൻ പ്രാൎത്ഥിച്ചുകൊണ്ട് ഈ വിശിഷ്ടഗ്രന്ഥം കേരളീയജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മാവേലിക്കര,
15-1-1956

കെ. ഭാസ്കരപിള്ള
ബി. എ., ബി. എൽ.

# ഒന്നാം ഭാഗം

K. Bhaskara Pillai
B.A., B.L., L.L.B

# 1

## രണ്ടു വേദാന്തികൾ

അഖണ്ഡാനന്ദസച്ചിത്സ്വരൂപമായും അനാദ്യന്തമായും ഇരിക്കുന്ന പരബ്രഹ്മത്തിങ്കൽ ആസ്തിക്യബുദ്ധിയോടുകൂടിയവൎക്കും, അപ്രകാരമുള്ള അതിവിശ്വാസത്തിന്റെ പൂൎവ്വഗന്മാരോ ഔരസസന്താനങ്ങളോ അനൗരസസന്താനങ്ങളോ ആയിരിക്കുന്ന നാനാമതങ്ങളിലും മതശാഖകളിലും ഭക്തിയോടുകൂടിയവൎക്കും മാത്രമല്ല, ലോകൎക്കാസകലം—ഐഹികപാരത്രികകാൎയ്യങ്ങളിൽ വിവിധമതങ്ങളെ അനുസരിക്കുന്നവൎക്കും, അവൎക്കൊപ്പംതന്നേ, മരണാനന്തരം ഒരു പരലോകജീവിതമുണ്ടെന്നു വിശ്വാസമില്ലാത്തവൎക്കും—ഒന്നുപോലെ ഉപകാരപ്പെട്ടുമാറു്, നരകത്തിൽനിന്നു വന്നതായ ഈ സന്ദേശങ്ങളെ, ഇദംപ്രഥമം, ഞാൻ, പദംപ്രതി പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ നരകകായിതങ്ങളാവട്ടെ, മുമ്പു ബ്രഹ്മവാദത്തിൽ വിശ്വാസമില്ലാത്തവനും ഈശ്വരാജ്ഞേയതാവാദികളിൽ മുമ്പനും ആയിരുന്ന ശബരാശ്രമവാസി ശങ്കുപ്പണിക്കൎക്കു നിശ്ചിതസമയങ്ങളിൽ കിട്ടിയവ ആകുന്നു.

പ്രസിദ്ധപ്പെട്ടിട്ടുള്ള ഭൂവിവരണങ്ങളാലൊന്നിനാലും സ്ഥാനനിൎണ്ണയം ചെയ്യാൻ സാദ്ധ്യമല്ലാത്തതും, മൎത്ത്യന്മാരായ നമ്മൾക്കു

കത്തെടപാട്ടുകൾ നടത്തുവാൻ തപ്പാൽമുഖേന യാതൊരു സംസ ർഗ്ഗവുമില്ലാത്തതും, ശബരാശ്രമവാസി ശങ്കപ്പണിക്കർക്കുതന്നെ, ഒ ന്നാമത്തെ കത്തു കിട്ടുംവരെ, തീരെ നിന്ദ്യമെന്നും, അജ്ഞാനാ ന്ധന്മാരുടേയും ഭീരുക്കളുടേയും അന്ധവിശ്വാസികളുടേയും കണ്ണിൽ മണ്ണിട്ടു കരൾ കലക്കി പണം പററുവാനായി ഉദരംഭരികളും പരാ ന്നഭുക്കുകളും ആയ പൗരാണികന്മാരും പുരോഹിതന്മാരും കല്പിച്ചു കൂട്ടി കെട്ടിച്ചമച്ച വെറും ഭൈരവകോലമെന്നും തോന്നിയിരുന്ന തും ആയുള്ള ഒരു രാജ്യത്തിൽനിന്നു് ഇത്രമേൽ അസാമാന്യവും അ പ്രതീക്ഷിതവുമായ ഒരു സന്ദേശം ഈ മഹാനു കിട്ടുവാനുണ്ടായ സംഗതികളെ ഇവിടെ വിസ്തരിക്കാതെ കഴികയില്ല. ചുരുക്കത്തിൽ, 'നരക'ശബ്ദമാവട്ടെ, ശബരാശ്രമവാസി ശങ്കപ്പണിക്കരുടെ അ ഭിപ്രായത്തിൽ, തെമ്മാടികളായ പുരോഹിതന്മാരുടെ കൈക്കൽ സാധുഹിംസനത്തിന്നായി നിത്യം ഉപയോഗിപ്പാനുള്ള ഒരായുധ മായിരുന്നു.

ശങ്കപ്പണിക്കരോ?— ഒരു വേദാന്തി, തത്വാന്വേഷി—അ തിനാൽ തന്നെ ലോകാചാരവിരുദ്ധൻ എന്ന വിഷമസ്വഭാവനും ആയിരുന്നു. ഈരേഴു പതിനാലു ലോകങ്ങളിലും കേൾവിപ്പെട്ട 'ധർമ്മപുരി'യുടെ പടിഞ്ഞാറേ ഭാഗത്തുള്ള 'ദുരിതവീഥി'യിൽ ഏ റെ പഴക്കം ചെന്നതെങ്കിലും അന്ധകാരമഞ്ജിമാപുഞ്ജമായ ശ ബരാശ്രമത്തിലായിരുന്നു ശങ്കപ്പണിക്കർ പാർത്തിരുന്നതു്. കളത്ര പുത്രാദികളോ, മാതാപിതാക്കന്മാരോ, സോദരീസോദരന്മാരോ ഇല്ലായിരുന്നതിനാൽ, അയാൾ, ഏകാന്തവാസി ആയിരുന്നു എ ന്നും പറയാം. തത്വാന്വേഷണത്തിനും വേദാന്തചിന്തനത്തിനും ഇതു് ഉചിതമായിരുന്നു എങ്കിലും, അയാളുടെ അയല്പക്കാരനും അ യാൾക്കൊപ്പംതന്നെ വിജ്ഞനും വേദാന്തിപ്രമുഖനും ആയ ശര ഷണാശ്രമവാസി ശാമിപ്പട്ടരുടെ നിത്യസഹവാസം ശങ്കപ്പണി ക്കരുടെ ഏകാന്തവാസത്തെ രമണീയതരമാക്കിയിരുന്നു. ഈ ര ണ്ടാശ്രമങ്ങളും ഒരേ ഭിത്തികൊണ്ടു കൂട്ടികെട്ടിയിരുന്നതിനുമണ്ണംത

ന്നെ, ഈ രണ്ടു് ആശ്രമവാസികളും ഒരേ ജീവിതവൃത്തിവിശേഷത്താൽ കൂട്ടിക്കെട്ടപ്പെട്ടിരുന്നു. ഇടബ്ഭിത്തി അവരുടെ ആശ്രമങ്ങളെ വിഭജിച്ചിരുന്നുവെങ്കിൽ, ദുരിതാന്ധകാരം ആ ആശ്രമങ്ങളെ ഒപ്പം ഭജിച്ചിരുന്നു. ഇങ്ങനെ പലേപ്രകാരത്തിൽ സാദൃശ്യവൈലക്ഷണ്യങ്ങളെ പ്രദർശിപ്പിച്ചുംകൊണ്ടു ദുരിതവീഥിയിൽ വിളങ്ങിയ ഈ വേദാന്തികൾക്കു കൈയിരിപ്പായി കുറെ പണമുണ്ടായിരിക്കകൊണ്ടു്, അവൎക്കു തത്വാന്വേഷണവൃത്തിയിൽ ഉപവസിക്കാതെ കഴിക്കാമായിരുന്നു. എന്നാലും അവരുടെ ഊണും ഉടുപ്പും കേമമായിരിക്കേണമെന്നോ മറേറാ യാതൊരു ചിന്തയും അവൎക്കുണ്ടായിരുന്നില്ല. അവരുടെ ഒരേ ചിന്ത തത്വാന്വേഷണത്തിലായിരുന്നു.

ആശ്രമവാസിയാകുവാൻ— മഹർഷിയാകുവാൻ— വെറും വേദാന്തവാദമെന്ന അസ്ഥിക്കഷണങ്ങളെ കടിച്ചുചവപ്പാനല്ല— മനുഷ്യപ്രകൃതിയെപ്പററി ധൎമ്മാധൎമ്മനിൎണ്ണയം ചെയ്യുന്നവനാകുവാൻ—ചെറുപ്പക്കാലത്തു ലോകഗതിവിഗതികളെ പഠിച്ചതുകൊണ്ടു മാത്രം മതിയാവില്ല; മനുഷ്യരുടെ ഹൃദയവികാരതന്ത്രികളെ മീട്ടി, ഭാവഭേദങ്ങളേയും ബുദ്ധിഭേദങ്ങളേയും സൂക്ഷ്മമായി അറിഞ്ഞിരിക്കണം; മനുഷ്യസ്വാഭാവികമായ സുഖങ്ങൾ ദുഃഖങ്ങൾ, ഈശ്വരവിചാരം ദുരാചാരവിഹാരം, വിജയൗന്നത്യം, നൈരാശ്യനിമ്നത ഇത്യാദി നാനാവിഷയങ്ങളിലും അനുഭവജ്ഞാനം ഉണ്ടാകണം. ഇങ്ങനെയല്ലാതെ മഹർഷിയാവാനുള്ള യോഗ്യത ഒരുവനു സിദ്ധിക്കയില്ല. ശങ്കുപ്പണിക്കരും ശാമിപ്പട്ടരും അവരുടെ ചെറുപ്പകാലങ്ങളിൽ ജീവിതചഷകത്തിൽനിന്നു് ഈവക വിവിധഭോഗങ്ങളെ നല്ലവണ്ണം 'മോന്തിക്കുടി'ച്ചിരുന്നു. അവർ വാസ്തവമായും കാമിനികളെ കാമിച്ചിരുന്നു; അഭിലാഷം സാധിച്ചു തൃപ്തരായശേഷം അവരെ ത്യജിക്കയും ചെയ്തിരുന്നു. അവർ ധനമോഹത്താൽ പ്രഭുക്കന്മാരെ ചുററിപ്പററി ദുർവൃത്തികളാൽ പണം സമ്പാദിച്ചിരുന്നു; അതിന്നായിട്ടും സ്ത്രീജനങ്ങളെ ദ്രോഹിച്ചിരുന്നു. അന്യന്മവേ

ണ്ടി തൻെറ സുഖങ്ങളെ ബലികഴിച്ചിട്ടുണ്ടാകുന്ന സന്തുഷ്ടിയേയും അവർ അനുഭവിച്ചിരുന്നു. നിരപരാധിയായ ഒരുവനെ ദ്രോഹിക്കനിമിത്തം മനസ്സിനുണ്ടാകുന്ന വ്യാകുലതയേയും അവർ അനുഭവിച്ചിരുന്നു. തങ്ങടെ മുഖത്തുനോക്കി പുഞ്ചിരിയിട്ടവരോടൊപ്പം ചിരിക്കയും ചെയ്തിരുന്നു. ഏറെപ്പറയുന്നതെന്തിനു്? ദുരിതദുശ്ചരിതകഷ്ടങ്ങളിലെ പങ്കത്തിൽകിടന്നു് ഉരുണ്ടുപിരണ്ടു് പരമാനന്ദലഹരിയിൽ മുഴുകുവാൻ അവക്കു ലഭിച്ചേടത്തോളം ഭാഗ്യം മററാരാൻേറയും ജീവിതത്തിൽ സിദ്ധിച്ചിട്ടുണ്ടോ എന്നു സന്ദേഹമാകുന്നു.

ഈ അവസ്ഥയ്ക്കു്, അവർ ഇതരന്മാക്കു നല്ല ചങ്ങാതികളായിരുന്നിരിക്കാനിടയില്ല; വാസ്തവത്തിൽ, ആയിരുന്നുമില്ല. അവർ ഇരുവരും തമ്മിൽ ചങ്ങാതം ചേന്നിരുന്നതൊഴികെ, അതിൻമീതെ കൊതിച്ചതുമില്ല. ഇങ്ങനെ ഇണചേന്നു് അവർ ഒട്ടൊക്കെ ഗുണങ്ങളും അതിലേറെ ദോഷങ്ങളും—പുണ്യങ്ങളെക്കായിലും പാപങ്ങളും പ്രവത്തിച്ചിട്ടുണ്ടായിരുന്നു. ഇതിലൊന്നിലും അവക്കു സ്വാത്ഥമായ ഉദ്ദേശമല്ലാ ഉണ്ടായിരുന്നതു്. അവരുടെ ഒരേ ഉദ്ദേശ്യം മഹർഷികളാവേണമെന്നായിരുന്നു—മനുഷ്യലോകപ്രകൃതിനിർണ്ണേതാക്കൾ—അല്ലെങ്കിൽ, ഗുണദോഷജ്ഞന്മാർ—വിശേഷജ്ഞന്മാർ ആകേണമെന്നുമാത്രം. ഇതു് പരോപകാരാത്ഥമായുള്ളതല്ലെന്നു പറവാൻ ആരുണ്ടു്? അവരുടെ ഉദ്ദേശം നിശ്ശേഷം സാധിക്കയും ചെയ്തു.

ഇങ്ങനെ അവർ ഇണചേന്നിരുന്ന ഏകാന്തവാസത്തിൽവെച്ചു്, ലോകത്തിൽ ആരാലും ഇന്നേവരെ അപരിച്ഛേദ്യമായുള്ള ആ പരമവസ്തുവിനെ തെരയുവാനായി അവർ ദൃഢനിശ്ചയം ചെയ്തു. എല്ലാ വസ്തുക്കളുടേയും, ലോകത്തിൻെറയെന്നല്ല, പ്രപഞ്ചത്തിൻെറയൊക്കെയും ഉൽപത്തിയെന്തന്നറിവാൻ അവർ തല കാഞ്ഞു് ചുഴിഞ്ഞു നോക്കി. ശ്രുതിസ്മൃതിപുരാണേതിഹാസശാസ്ത്രാദികളെല്ലാം പഠിച്ചു. വേദഭാഷ്യങ്ങളും ഉപനിഷദ്വ്യാഖ്യാ

നങ്ങളും പലവുരു തിരിച്ചും മറിച്ചും വായിച്ചു. സ്വതഃതത്ത്വജ്ഞാനനിധികളായ അവക്കു ശങ്കരാചാൎയ്യർ തുടങ്ങിയ മഹാവേദാന്തികളുടെ സഹായം ലഭിച്ചിട്ടുംകൂടി, "ഏകമേവാദ്വിതീയം ബ്രഹ്മ," "സൎവ്വം ഖല്വിദംബ്രഹ്മ" എന്നിങ്ങനെയുള്ള പ്രമാണവചനങ്ങളെ ശരിയായി വിശദീകരിപ്പാൻ അവരുടെ അതിഗംഭീരമായ വേദാന്തജ്ഞാനത്താലും അസാദ്ധ്യമെന്നു് അവർ പിന്തിരിഞ്ഞു. 'അതില്ല,' 'ഇതില്ല'—എന്നിങ്ങനെ നിഷേധിക്കുവാൻ സാധിച്ചതൊഴികെ, 'അതുണ്ടു്,' 'ഇതുണ്ടു്' എന്നിങ്ങനെ ഒന്നെങ്കിലും സ്ഥാപിക്കുവാൻ കഴിഞ്ഞില്ലെന്നു പറഞ്ഞാൽ മതിയല്ലോ.

ഈ നിലയിൽ അവർ ഈശ്വരാജ്ഞേയതത്വവാദികളായിത്തീൎന്നു: ഈശ്വരൻ എന്നൊന്നുണ്ടെങ്കിൽ എവിടെ? പ്രത്യക്ഷമായി കാണട്ടെ, എന്നാൽ വിശ്വസിക്കാം. ശ്രുതിസ്മൃതികളിൽ അങ്ങനെ പറഞ്ഞിരിക്കുന്നു, ഇങ്ങനെ പറഞ്ഞിരിക്കുന്നു, യുക്തിക്കു ചേൎച്ചയായിരിക്കുന്നു,—എന്നോരോന്നേ പിത്തലാട്ടങ്ങൾ കാട്ടിയതുകൊണ്ടു കാൎയ്യമായില്ല. ഈശ്വരനുണ്ടെങ്കിൽ പ്രത്യക്ഷം കണ്ടാലേ ഞങ്ങൾ വിശ്വസിക്കു—എന്നിപ്രകാരമായിരുന്നു അവരുടെ വാദം. അവക്കു് സാധാരണന്മാർ വിശ്വസിച്ചുവരുന്ന പ്രപഞ്ചോല്പത്തിയിൽ വിശ്വാസമില്ലാതെ വന്നതിൽ ആശ്ചൎയ്യപ്പെടുവാനെന്തുള്ളു? ബ്രഹ്മാവാകുന്ന കുശവൻെറ ചക്രത്തിൽവെച്ചു്, തിരിച്ചെടുത്തതാണു് ഇക്കാണുന്ന ചരാചരപ്രപഞ്ചമെങ്കിൽ, ആ മഹാകുശവൻ എങ്ങനെയുണ്ടായി? പുരുഷനും പ്രകൃതിയും തമ്മിൽ യോജിച്ചിട്ടാണുപോൽ സൃഷ്ടി! ഈശ്വരൻെറ ലീലയാണത്രെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ! തോന്നുമ്പോഴൊക്കെ കളിമണ്ണെടുത്തുവെച്ചു് ചക്രത്തിൽ തിരിച്ചു് ചട്ടിപാനികലങ്ങൾ ഉണ്ടാക്കുകയും, ഉടൻ മറെറാരു തോന്നലനുസരിച്ചു് അവയെ തച്ചുടയ്ക്കുകയും ചെയ്യുന്ന കുശവനെ ഭ്രാന്തനെന്നല്ലാതെ. മറെറന്തു പറവാനാണു്? അങ്ങനെയൊരു ഭ്രാന്തനോ ഈ ലോകത്തെ സൃഷ്ടിച്ചിരിക്കുന്നതു്? എന്നാൽ ബഹുചിത്രം തന്നെ! ആകയാൽ, ശ്രു

തിസ്മൃതിപുരാണേതിഹാസാദികളിൽ പറയുന്ന പ്രപഞ്ചോൽപത്തിയെ ഞങ്ങൾ വിശ്വസിക്കയില്ല. മററൊരുവിധം പ്രപഞ്ചോൽപത്തിയെ സ്ഥാപിക്കാമെന്നിരിക്കിൽ അതിനുള്ള യുക്തികളും തെളിവുകളും നിരത്തിവെപ്പിൻ. അങ്ങനെയിങ്ങനെയോരോന്നു പറഞ്ഞു് കൈയിൽനിന്നു് വഴുതിപ്പോയ്ക്കളയാമെന്നു നിങ്ങളാരും കരുതേണ്ടാ. തെളിവുകൾ ഒന്നൊന്നേ നിരത്തുവിൻ. ചങ്ങലയുടെ കണ്ണികളിൽ ഒന്നെങ്കിലും വിട്ടുപോയാൽ, അവിടെ വല്ല നാരുകൊണ്ടും കൂട്ടിക്കെട്ടാമെന്നും നിങ്ങൾ വിചാരിക്കേണ്ടാ—ഇങ്ങനെ അവർ ലോകരോടായി പ്രശ്നം ചെയ്തുംകൊണ്ടു് പ്രപഞ്ചതത്വത്തെ അന്വേഷിച്ചു. എത്ര കുറി ആരാഞ്ഞിട്ടും, അവരുടെ മുമ്പത്തെ അനുമാനത്തിൽ തന്നെ വന്നുനിന്നതേയുള്ളു. ചക്രത്തിൻെറ വട്ടയിലിരിക്കുന്ന ഉറുമ്പു് ഏതൊരു ആരക്കാൽ (അഴി) വഴിയായി ഇഴഞ്ഞാലും, നാഭിയിൽ തന്നെ ചെന്നു ചേരുമ്പോലെ, അവർ ഏതു വഴി തിരഞ്ഞിട്ടും ഈശ്വരാജ്ഞേയതാവാദത്തിൽതന്നെ ചെന്നുമുട്ടി. ഇങ്ങനെ അവർ ഈശ്വരവിചാരം കൂടാതെ കഴിച്ചു.

എന്നാലിനി മനുഷ്യൻെറ ഭാവി എന്തായിരിക്കാം? മരണവും മരണാനന്തരവും എന്താവാം? ഈ പ്രശ്നവിചാരത്തിലും അവരുടെ ഈശ്വരാജ്ഞേയതാവാദസ്മരണ മുന്നോട്ടു കുതിച്ചു ചാടുകയാൽ, അവർ സ്വർഗ്ഗം, നരകം, ആത്മാവിൻെറ അനശ്വരത്വം, പുനർജ്ജനനം എന്നിങ്ങനെയുള്ള നിരൂപണങ്ങളെയൊക്കെ കൈകൊട്ടി പുറത്താക്കി. മരണം എന്നൊന്നുണ്ടു്, എന്നുള്ളേടത്തോളം അവക്കു സമ്മതിക്കാതെ നിവൃത്തിയില്ല. എന്തെന്നാൽ, മനുഷ്യർ പലർ മരിച്ചതായി അവക്കറിവില്ലേ? മരിച്ചാലോ? തങ്ങടെ ദേഹങ്ങൾ ഭൂമിയിൽ കിടന്നു് പുഴുത്തു്, ചീഞ്ഞളിഞ്ഞു്, മണ്ണോടു് കലന്നു്, തങ്ങടെ ശവക്കുഴിയിൽ വളരുന്ന പുല്ലിനു് ആഹാരമായിത്തീരുകയും, അതുനിമിത്തം അതു തെഴുത്തുകൂടുകയും ചെയ്യും, എന്നും അവർ സമ്മതിച്ചു.

ഇങ്ങനെ ആ ചങ്ങാതികൾ കല്യബ്ദം 5013........നു രാത്രിയിലും പന്ത്രണ്ടുമണി നേരമാവുംവരെ വീണ്ടും തത്ത്വാന്വേഷണം ചെയ്തു് ഈശ്വരാജ്ഞേയതത്വത്തെ സ്ഥാപിച്ചു. ആ സന്ദർഭത്തിൽ, ശാമിപ്പട്ടർ, പൂർവ്വന്മാരുടെ അഭിപ്രായങ്ങളെയൊക്കെ വിഗർഹണംചെയ്തുകൊണ്ടു് പുച്ഛരസദ്യോതകമായ ഒരു ചിരിയോടുകൂടി, ശങ്കുപ്പണിക്കരെ നോക്കിപ്പറഞ്ഞു: "പണിക്കരേ, നിങ്ങളോ ഞാനോ മുമ്പേ മരിച്ചു് മണ്ണടിയുന്നതെന്നു നിശ്ചയമില്ല. ഞാനായാലോ, നരകത്തിലെത്തിയാൽ പിന്നെ അവിടത്തെ വിശേഷവാർത്തകളെക്കുറിച്ചു് തുടരെ തുടരെ കത്തുകളയച്ചുതരാം."—ഇങ്ങനെ പറഞ്ഞു്, അവർ ഇരുവരും തമ്മിൽ കെട്ടിപ്പിടിച്ചു് ഉറക്കെ ചിരിച്ചു. ആ ചിരിയിൽനിന്നു നിവൃത്തരായാറെ, മനുഷ്യരെപ്പററിയുള്ള ചിന്തകൾ വെടിഞ്ഞു്, കാളകളുടെ ജന്മത്തെയും അവയുടെ ഉല്പത്തിപരിണാമങ്ങളെയും കുറിച്ചുള്ള തത്ത്വങ്ങൾ ആരാഞ്ഞു തുടങ്ങി.

എന്നാൽ കഷ്ടം! ഇജ്ജന്മത്തിൽ പരോപദ്രവം ചെയ്യുന്ന മനുഷ്യരാണു് അടുത്ത ജന്മത്തിൽ വണ്ടിക്കാളകളായി പിറക്കുന്നതെന്ന സാധാരണവിശ്വാസത്തെ സ്ഥാപിപ്പാനോ നിഷേധിപ്പാനോ അവർ ഇരുവരും ഒന്നായിരുന്നു് തത്ത്വചിന്തനം ചെയ്യുന്നതിനുള്ള ഭാഗ്യം അസ്തമിച്ചുപോയി. പുലർച്ചയ്ക്കെണീററുനോക്കുമ്പോൾ ശമ്പരാശ്രമവാസിയുടെ കണ്ണിണയ്ക്കുണ്ടായ പുതിയകാഴ്ച എന്തായിരുന്നു? തൻെറ സഖിയും തൻെറ ഗുരുഭൂതനും തൻെറ ആരാധനാമൂർത്തിയും ആയ ശരഷണാശ്രമവാസി ശാമിപ്പട്ടർ, വിരിപ്പുതുണികൂടി ഇല്ലാത്തതായ ആ ചകരിമെത്തമേൽ ചത്തു മലന്നു കിടക്കുന്നു!

*　　*　　*　　*　　*

അങ്ങനെയിങ്ങനെ കൊല്ലം ഒന്നു കഴിഞ്ഞു. ശാമിപ്പട്ടരുടെ ആശ്രമം ഒഴിഞ്ഞുകിടക്കുന്നു. അയാളുടെ അനന്തരാവകാശിയായി പുത്രനോ പുത്രിയോ ഉണ്ടാവും മുമ്പുതന്നെ, എത്രയോ കൊ

ല്ലം മുമ്പു് കളത്രം മരിച്ചുപോയിരുന്നതിനാലും, ബന്ധുക്കൾ ആരും ഇല്ലായിരുന്നതിനാലും, ആ ആശ്രമത്തിൽ ആരും കുടിപാർപ്പാൻ കൂടിയിരുന്നില്ല. അതിനാൽ അതു് ശാമിപ്പട്ടരുടെ സ്മാരകസ്ഥാപനമായി 'ശരഘണാശ്രമം' എന്ന പേരിൽ ഇന്നും നിലനില്ക്കുന്നു. ശങ്കപ്പണിക്കരും ശബരാശ്രമത്തെ വെടിഞ്ഞിട്ടില്ല. തൻെറ ചങ്ങാതിയുടെ സ്മാരകം നിത്യം കാണുവാനുള്ള ഭക്തി അയാളെ ആ ആശ്രമത്തോടു് അധികം ഉറപ്പിച്ചു കെട്ടിപ്പൂട്ടിയിട്ടു. ശാമിപ്പട്ടരുടെ ആണ്ടുതികയുന്ന തലേനാൾ രാത്രിയിലും, അയാൾ തത്വാന്വേഷണത്തിൽ തലപുകഞ്ഞു്, ഉറക്കംവരാതെ തൻെറ ചകരിമെത്തയിൽ ഉരുണ്ടുപിരണ്ടു്, ഒടുവിൽ ക്ഷീണനായി കണ്ണുചിമ്മി. പുലച്ച്യയ്ക്കുണന്നു്, കണ്ണുരണ്ടും തിരുമ്മിത്തുടച്ചു്, എണീററിരുന്നു്, കാല്ക്കലോട്ടു നോക്കിയപ്പോൾ എന്തോ ഒരു കറുത്ത കടലാസ്ചുരുൾ കിടക്കുന്നതായി കണ്ടു. കണ്ടതും കൈയിലെടുത്തതും ഒന്നായിക്കഴിഞ്ഞു. അതു് സാധാരണ കാണാറുള്ള കടലാസായിരുന്നില്ല; തുകലുമല്ല; തുണിയുമല്ല; മരത്തൊലിയുമല്ല; ഏകദേശം ഇന്ത്യാറബ്ബർപോലെ ഒരു വിശേഷസാധനമായിരുന്നു.

തത്വജ്ഞാനിയായ ശങ്കപ്പണിക്കരുണ്ടോ എത്രതന്നെ ആശ്ച്യജനകമായ സംഗതിയിലും അത്ഭുതപ്പെട്ടുവാൻ പോകുന്നു? ആ വിശേഷമായ കായിതച്ചുരുൾ അയാൾ തെല്ലും കൂസൽകൂടാതെ തന്നെ കൈയിലെടുത്തു. എന്തെന്നറിവാനായി എണീററു് ആശ്രമദ്വാരത്തിങ്കലുള്ള വെളിച്ചത്തുചെന്നുനിന്നു. എന്നാൽ ചുരുൾ നിവിർത്ത ഉടൻ അയാൾ നിന്നനിലയിൽ പാടേ മറിഞ്ഞുവീണു. ഒരു പായ കൂടിയും ഇല്ലാത്ത ആ തറയിൽ നിശ്ശബ്ദനായിട്ടു തന്നേയായിരുന്നു വീണതു്. അയാളുടെ മുഖം വിളർത്തു; ഞരമ്പുകൾ കുരുങ്ങി; കൈതളർന്നു; കണ്ണുകൾ തുറിച്ചു; വായിൽനിന്നു നുരയും പതയും നിറഞ്ഞു വഴിഞ്ഞു; പീനസത്താൽ ചീഞ്ഞളിഞ്ഞിരുന്ന മൂക്കു ചതഞ്ഞു് ചളിചാടി. അയാൾ ആ കിടപ്പിൽ കിട

ന്നു് പല്ലുകൾ ഉരുമ്മി, നാവു കടിച്ചു, കൈ ചുരുട്ടി മടക്കി, നഖങ്ങൾ മുള്ളുകൾപോലെ കൈപ്പടങ്ങളിൽ അമർത്തി തറച്ചു; വീണ്ടും വീണ്ടും ഉരുണ്ടുതിരിഞ്ഞു; മറിഞ്ഞു; ദേഹമാസകലം വിയർത്തൊലിച്ചും, വിറച്ചുലച്ചും, വിറങ്ങലിച്ചും, അതിദീനനായി അതിഭീഷണനായി, വെടിയേററ നായ്ക്കുതുല്യം യാതനാദുഃഖം അനുഭവിക്കയായിരുന്നു.

ഇതിന്നൊക്കെ സംഗതി? അയാൾ ആ ചുരുൾനിവിർത്തു് കായിതത്തിൻെറ തലവാചകംമാത്രം കണ്ടതേയുള്ളു: 'നരകം'— എന്നുമാത്രം. ഇത്രയും—ഈ മൂന്നക്ഷരങ്ങൾ—കണ്ടപ്പോഴുണ്ടായ മോഹാലസ്യത്താലായിരുന്നു അയാൾ വീണുപോയതു്. ചുരുളിൻെറ താഴെ അററത്തു **'ശാമിപ്പട്ടർ'** എന്നു് കൈയൊപ്പും വെച്ചിരിക്കുന്നു.

ആ കത്തു് മുഴുവൻ, കൈയൊപ്പടക്കം, അയാളുടെ മരിച്ചുപോയ ചങ്ങാതിയുടെ കൈപ്പടയിൽതന്നെ, വെളുത്ത മഷിയിൽ, കറുത്ത താളിൻപുറത്തു് വ്യക്തമായി എഴുതിയിരിക്കുന്നു.

ശങ്കുപ്പണിക്കരുടെ ഈ മോഹാലസ്യവികാരങ്ങൾ എത്രനേരം നീണ്ടുനിന്നിരുന്നു എന്നു് അയാൾക്കാകട്ടെ, ലോകത്തിൽ മററാരു ഭൂതക്കാകട്ടെ, നിശ്ചയമില്ലായിരുന്നു. അയാൾ വീണു പിടച്ചുപിടിച്ചതിലിടയ്ക്കു് അരികിൽ ഇരുന്നിരുന്ന നാഴികമണി തട്ടിമറിഞ്ഞു തകർന്നുപോയിരുന്നു. എന്തായാലും, അയാൾ, സ്വപ്നത്തിൽ നിന്നെന്നവണ്ണം, ഉണർന്നുനോക്കിയപ്പോൾ അയാളുടെ ചുററും കട്ടിക്കുരുമ്പടം പുതച്ചമട്ടിൽ ഇരുൾനിറഞ്ഞിരിക്കുന്നതായി കണ്ടു. ആ സമയം പുറത്തെങ്ങാനും ഒരനക്കംപോലും കേൾപ്പാനില്ലായിരുന്നു. രാത്രിയായിരുന്നു എന്നതിൽ സംശയമില്ല; എന്നാൽ യാമം എത്ര കഴിഞ്ഞിരിക്കുമെന്നു നിശ്ചയവുമില്ല.

തൻെറ ചങ്ങാതി നരകത്തിൽനിന്നു് അയച്ചതായ ആ കത്തിൻെറ കഥയോർത്തു് മനംമയങ്ങി വീണുപോയതിനാൽ, ശങ്കു

പ്പുന്നിക്കരുടെ നാഡിഞരമ്പുകൾക്കു ക്രമത്തിലധികം ഉലച്ചൽ തട്ടി പ്പോയിരുന്നു. അതേവരെ ആത്മവിശ്വാസത്തോടുകൂടി ധൈര്യ വാനായിരുന്നിരുന്ന ആ തത്വജ്ഞാനിയുടെ നെഞ്ഞൂക്കൊക്കെ 'മഞ്ഞുപോൽ മാഞ്ഞുപോയി' എന്നേ പറയേണ്ടു. അയല്പക്കാരി ലാരാനെയും വിളിപ്പാൻപോലും അയാൾക്കു നാവു പൊന്തിയി രുന്നില്ല.

ഏതായാലും, വന്നതുവന്നു എന്നു സമാധാനപ്പെട്ടു്, അ യാൾ അടുത്തൊരു തൂണു തപ്പിപ്പിടിച്ചു് അതും ചാരി കുറേനേരം തലപൊന്തിച്ചിരുന്നു. ഇങ്ങനെ കുറെ കഴിഞ്ഞാറെ, മെല്ലെമെ ല്ലെ തൂണുംപിടിച്ചു്, വിറയ്ക്കുന്ന കാലുകളെ ഉറപ്പിച്ചു്, എണീററു നിന്നു. പിന്നെ കൈരണ്ടും കണ്ണുകളാക്കി ത്വക്സ്പർശത്താൽ രൂപ ജ്ഞാനം വരുത്തി, അവിടെയുണ്ടായിരുന്ന പെട്ടിപ്പുറത്തുനിന്നു് തീപ്പെട്ടിയെടുത്തു് ഒരു കോൽ വലിച്ചു പെട്ടിപ്പുറത്തുരച്ചു് കത്തി ച്ചു. മദ്യം കഴിച്ചു് മതിമറന്നുപോയവൻെറ കൈയും കാലും മെ യ്യും ഏതുപ്രകാരമോ, അതേപ്രകാരം അലഞ്ഞുലഞ്ഞു നിന്നിരുന്ന അയാളുടെ കൈയിൽനിന്നു് തീക്കുററി താഴത്തുവീഴും മുമ്പുതന്നെ, അതു് അവിടെയിരുന്നിരുന്ന വിളക്കിലെ തിരിയിൽ പററി, തീ യും ജ്വലിച്ചു.

വിളക്കിന്നങ്ങേപ്പുറത്തു ചാരിവെച്ചിരുന്ന കണ്ണാടിയിൽ ത ൻെറ ദൃഷ്ടി യദൃച്ഛയാ പതിഞ്ഞു. അതിൽ കണ്ടതെന്തായിരുന്നു? തൻെറ തന്നെ പ്രതിച്ഛായ. അതു കാണേണമെന്നുവെച്ചു താൻ നോക്കിയതുമായിരുന്നില്ല; എന്നാലും കണ്ടുപോയി. അയാൾക്കു നാല്പത്തൊമ്പതുവയസ്സേ കഴിഞ്ഞിരുന്നുള്ളു എങ്കിലും അക്കാലത്തി നിടയിൽ ചെയ്ത നാനാവിധങ്ങളായ കർമ്മങ്ങളുടെ ഫലമായി ക ണ്ണിന്നു കാഴ്ച കുറഞ്ഞും, മൂക്കിൽ പീനസം നിറഞ്ഞും, മുഖം ചുക്കി ച്ചുളിഞ്ഞും വികൃതരൂപനായിത്തീർന്നിരുന്നു. എന്നാലും, അയാളുടെ തലനാരോ താടിരോമമോ ഒരെണ്ണംപോലും കറുത്തനിറം വെടി ഞ്ഞിരുന്നില്ല. ഇപ്പോഴോ? തലയും താടിയും നരച്ചു തുങ്ങുന്നു! അ

35866

ഹോ! അയാൾ ഈ പുതിയ പകർച്ചയേയും അതുനിമിത്തം മുഖത്തിനുണ്ടായ ഭയങ്കരതയേയും ബീഭത്സതയേയും കണ്ണാടിയിൽ സൂക്ഷ്മമായി നോക്കി; നെററിത്തടത്തിലും തലയിൽ പലേടത്തും കുറേശ്ശെ രക്തക്കട്ടകളും കണ്ടു. അയാൾ മരണവേദനയ്ക്കിടയിൽ നിലത്തുകിടന്നുരുണ്ടു് രണ്ടുകൈകൊണ്ടും മുടിപറിച്ചു ചീന്തുകയും താടിപിടിച്ചു വലിക്കയും ചെയ്തിരുന്നു. രോമം കുറെയൊക്കെ അയാളുടെ രക്തപങ്കിലമായ കൈയിൽത്തന്നെ ഇപ്പോഴും പററിയിരിക്കുന്നുണ്ടു്. അയാൾ വീണ്ടും സൂക്ഷ്മമായി നോക്കി—തന്റെ ഭീഷണരൂപം കണ്ടു് ഞെട്ടി പിന്മാറി.

അല്പം കഴിഞ്ഞാറെ, അപ്പോഴും കൂടക്കൂടെ വിറച്ചുകൊണ്ടിരുന്ന കൈയിൽതന്നെ വിളക്കെടുത്തുകൊണ്ടു്, ശങ്കുപ്പണിക്കർ പയ്യപ്പയ്യെ, നിലത്തു സൂക്ഷ്മമായി നോക്കിനടന്നു് വാതിലിനു സമീപം എത്തി. നരകകായിതച്ചുരുൾ അവിടെത്തന്നെ അതാ കിടക്കുന്നു! ഇന്ത്യാറബ്ബർപോലെയുള്ള സാധനമാകയാലായിരിക്കാം, അതു് ആദ്യം കണ്ട മാതിരിയിൽ ചുരുണ്ടിരിക്കുന്നു.

അഹോ! ഭൂതപ്രേതപിശാചാദികളുടെ അധിപതിയുമായി, മുഖത്തോടുമുഖം ആയിട്ടല്ലെങ്കിലും, സംഭാഷണം ചെയ്വാൻ തുനിയുകയാണു് തന്റെ ഉദ്യമം എന്നു് അയാൾക്കു തോന്നി. തന്റെ ആത്മാവിന്റെ അവസാനഗതി എന്തായിരിക്കുമെന്നു് അറിയേണ്ട നിർബ്ബന്ധഘട്ടമായിരിക്കുന്നു എന്നും അയാൾ വിചാരിച്ചു.

ഇങ്ങനെ അയാൾ ആ കായിതം വീണ്ടും കൈയിലെടുത്തു നീർത്തി. ചുരുണ്ടുപോവാതിരിപ്പാനായി അതിന്റെ ഇരുതലയ്ക്കലും കല്ലുകേററി; അതിന്മുമ്പിൽ വിളക്കുംവെച്ചു. എന്നാറെ, രണ്ടുകൈകൊണ്ടും മുട്ടുംകെട്ടിയിരുന്നു്, മുന്നോട്ടും പിന്നോട്ടും ആഞ്ഞലഞ്ഞു്, കുടലിൽ കുന്തം തറച്ചുപോലെ ഉള്ളാകെ, കലങ്ങിമറിഞ്ഞ വേദനയോടെ എന്നാലും, ആ വേദനയെ പിടിച്ചമർത്താനുള്ള ശ്രമത്തിൽ നിരാശപ്പെട്ടുകൊണ്ടു്, കണ്ണുകൾ നന്നെ തുറിച്ചു്, നിമേഷരഹിതനായി, ആ നരകകായിതത്തെ വായിച്ചു തുടങ്ങി.

KOTTAYAM PUBLIC LIBRARY KOTTAYAM

## ഒന്നാം കായിതം

ശങ്കുപ്പണിക്കർ വായിച്ചതു് ഇതായിരുന്നു:

"നരകം,

"പ്രിയപ്പെട്ട ശങ്കുപ്പണിക്കരേ,

"ഞാൻ അന്നു് കളിയായി പറഞ്ഞതു് കാൎയ്യമായി കലാശിക്കുമെന്നു് നമ്മൾ സ്വപ്നേപി വിചാരിച്ചിരുന്നുവോ? ഇവിടെ വന്നു് ഇവിടത്തെ കഥകളെക്കുറിച്ചു് നിങ്ങൾക്കു് കത്തെഴുതുവാനായി, ഈ ശാശ്വതനഗരത്തിന്റെ അധിപതി, എന്നെ അത്ര വേഗം വിളിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല, നിശ്ചയം. നമ്മൾ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്തു് പാരത്രികമെന്നൊന്നുണ്ടെന്നു വിചാരിച്ചിരുന്നില്ലല്ലോ—എന്നല്ല, പാരത്രികമേ **ഇല്ലാ** എന്നായിരുന്നില്ലേ നമ്മുടെ വിശ്വാസം. അതുനിമിത്തം, സ്വൎഗ്ഗമോ നരകമോ ഇല്ലെന്നും നമ്മൾ നിശ്ചയം വെച്ചിരുന്നുവല്ലോ. നമ്മൾ, മനുഷ്യന്മാർ, വിഡ്ഢികൾ; നമ്മുടെ ബുദ്ധിമോശത്താൽ നാം സംശയഗ്രസ്തന്മാരായി; അജ്ഞാതമായതിനെ ഇല്ലെന്നും നിഷേധിച്ചു; അത്രമാത്രമോ? ആ അജ്ഞാതവസ്തുവിനെ നാം പരിഹസിച്ചില്ലേ? **ഇപ്പോൾ,** എന്റെ എന്നപോലെ, നിങ്ങടെയും ദോഷത്തം സ്പഷ്ടമായിരിക്കുന്നു. നമ്മൾ അബദ്ധക്കുണ്ടിൽ ചാടിയിരുന്നു എന്നു് **ഇനി**യെങ്കിലും നിങ്ങൾ വിശ്വസിക്കുമോ? എനിക്കോ, അങ്ങനെ വിശ്വസിക്കാതെയിരിപ്പാൻ നിൎവ്വാഹമില്ലല്ലോ. അജ്ഞാതമായ ഒരെണ്ണം ഉണ്ടെന്നിരിക്കിലും അതിന്നു ലക്ഷ്യം എവിടെ, എന്നു് നമ്മൾ ശഠിച്ചു; തെളിവു കാണായ്കയാൽ നമ്മൾ ആ അജ്ഞാതത്തെ വിശ്വസിക്കയില്ലെന്നും നിശ്ചയിച്ചു.

അതിരിക്കട്ടെ! ഈശ്വരാജ്ഞെയതാവാദികളായ നമ്മൾ, ഭൂലോകത്തിൽ ഇപ്പോൾ കാണുന്ന പത്തുനൂറു് വിവിധമതങ്ങളിൽ ഉൾപ്പെട്ടു് തമ്മിൽ തല്ലുന്നവരെക്കാൾ, സത്യാന്വേഷണത്തിൽ ഏറെ അപരാധികളല്ലതന്നെ. നരകത്തെപ്പററി യാതൊരാളും പരമാൎത്ഥം പറഞ്ഞിട്ടില്ല.

"കാലനെന്നും, യമനെന്നും, പ്രേതനാഥനെന്നും മററും നിന്ദ്യമായ വിധത്തിൽ, ഭൂലോകത്തുള്ളവർ അധിക്ഷേപിച്ചുപോരുന്ന ആ സർവ്വശക്തനായ ധർമ്മരാജൻ തിരുവടികൾ, എന്നെ, ഞാൻ,

"പാന്ഥവർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് വിശ്രമിച്ചീടുന്ന പോലവെ."

തൽക്കാലത്തേയ്ക്കു പാൎത്തിരുന്നതായ മാംസാസ്ഥിചർമ്മക്കൂടിൽ നിന്നു് ഇവിടേയ്ക്കായി വിളിച്ചുകൊണ്ടു പോന്നതിൽപിന്നെ, ഒട്ടേറെ സംഗതികൾ എനിക്കു ബോധപ്പെട്ടിട്ടുണ്ടു്. എന്നാലും, രണ്ടേ രണ്ടു സംഗതികളെക്കുറിച്ചു് എനിക്കു് ഇതേവരെ യാതൊരു വിവരവുമില്ല; ഇനി ഉണ്ടാകയുമില്ലെന്നുതന്നെ തോന്നുന്നു. ഒന്നാമതു്, നേരം എത്ര കഴിഞ്ഞു, എന്നൊന്നും കാലനിൎണ്ണയം ചെയ്വാൻ മാർഗ്ഗമില്ല. ഇവിടെയാകട്ടെ, ഞങ്ങൾക്കു രാവെന്നും പകലെന്നും മരണമെന്നും മററുമുള്ള ഭേദമറികയില്ല; അങ്ങനെയൊന്നും ഇല്ല തന്നെ; അനന്തമായി, അമേയമായി, നിത്യമായിട്ടുള്ള ഒരവസ്ഥയേ ഉള്ളു; ആകയാൽ, ഈ കായിതം നിങ്ങടെ കൈക്കൽ വന്നുചേരുന്നതു് എപ്പോഴാണെന്നു് എനിക്കു നിശ്ചയിപ്പാൻ അസാദ്ധ്യംതന്നെ. ഞാൻ നിങ്ങളോടു വാഗ്ദാനം ചെയ്തതനുസരിച്ചു് ഇങ്ങനെയൊരു കായിതം എഴുതി അയയ്ക്കേണമെന്നു് സർവ്വശക്തനായ ഇവിടുത്തെ തിരുവടികൾ എന്നോടു് ആജ്ഞാപിച്ചതിന്മണ്ണമാണു് ഇതയയ്ക്കുന്നതു്. എന്റെ ആത്മാവിനെക്കൊണ്ടുവേണം ഇതെഴുതുവാൻ, എന്നും തിരുവടികൾ കല്പിച്ചു. എനിക്കു കൈയും കാലും ഇല്ലേ, എന്നു നിങ്ങൾ ചോദിക്കുമായിരിക്കും. ആ! ഈ ശാശ്വതനഗരത്തിലെ ജീവികളായ ഞങ്ങൾക്കു് ദേഹ

മില്ല; രൂപമേയില്ല; തൂവൽ പിടിപ്പാൻ വിരലുമില്ല; വാസ്തവത്തിൽ, എന്റെ പക്കൽ തൂവലുമില്ല; എന്റെ ആത്മാവു്—എന്നു വെച്ചാൽ, ഞാൻ തന്നേ, ശാമിപ്പട്ടർ എന്ന ഞാൻതന്നെ—കായിതവാചകം പറയുന്നു, ആ വാക്കുകളൊക്കെ രേഖപ്പെട്ടുകയും ചെയ്യുന്നു. അതങ്ങനെയായി. ഇനി, എനിക്കു വിവരമില്ലാത്ത മറെറാരു സംഗതിയുള്ളതു്, ഈ നരകത്തിന്നു പുറമെ എന്തെങ്കിലും വസ്തു, ഏതെങ്കിലുമൊരു ജ്യോതിർഗ്രഹമാകട്ടെ, അതിന്മേൽ പാക്കുന്ന മർത്ത്യജീവികളാകട്ടെ, വ്യാപരിക്കുന്നുണ്ടോ ഇല്ലയോ എന്നതാണു്. നരകവാതിലിന്നപ്പുറത്തുള്ള യാതൊന്നിനെക്കുറിച്ചും എനിക്കു് അറിവില്ല. പിന്നെ, പ്രപഞ്ചകാൎയ്യങ്ങളറിവാൻ ആഗ്രഹം ലേശംപോലും എനിക്കിപ്പോളില്ല. ഇതു കേൾക്കുമ്പോൾ നിങ്ങൾക്കു് ആശ്ചൎയ്യം തോന്നുമായിരിക്കാം. എന്നാലും വാസ്തവമങ്ങനെയാണു്. എനിക്കു് ഒരേ ഒരു പ്രപഞ്ചമേ ഉള്ളു ഇപ്പോൾ—അതോ, നരകം.

“ആകയാൽ, ഈ കായിതം എപ്പൊഴാണു് നിങ്ങടെ കൈക്കൽ വന്നു ചേരുന്നതെന്നാകട്ടെ, ഏതു മാൎഗ്ഗത്തിൽ അവിടെ കിട്ടുമെന്നാകട്ടെ, യാതൊരു വിവരവും നിശ്ചയിപ്പാൻ എനിക്കു സാദ്ധ്യമല്ല. സൎവ്വശക്തനായ ഇവിടത്തെ തിരുവടികളുടെ ആജ്ഞ അനുസരിച്ചു് ഈ കത്തു് എന്റെ ആത്മാവിങ്കൽനിന്നു് പകരുവാൻ ഞാൻ ഉദ്യമിച്ചിരിക്കുന്നു എന്നു് എനിക്കറിയാം; ഇതു് നിങ്ങടെ കൈക്കൽ എപ്പോഴെങ്കിലുമൊരിക്കൽ വന്നുചേരുമെന്നും എനിക്കറിയാം. എന്തെന്നാൽ, ഞങ്ങൾ—നരകവാസികൾ, ആത്മാക്കൾ—ഒന്നൊഴിയാതെ, ഞങ്ങടെ സൎവ്വശക്തനായ നരകനാഥൻ തിരുവടികളെപ്പററി പൂൎണ്ണവിശ്വാസമുള്ളവരാണു്; ആ തിരുവടികളെ ഞങ്ങൾ ഉള്ളഴിഞ്ഞ കൂറോടുകൂടി ആരാധിക്കുകയും ചെയ്യുന്നുണ്ടു്.

“പണിക്കരേ, നമ്മൾ നടത്തിയിരുന്ന സത്യാന്വേഷണങ്ങളെക്കുറിച്ചു് ഈ സന്ദൎഭത്തിൽ രണ്ടുവാക്കു പറയാതെയിരിക്കുന്നതെ

ങ്ങനെ? നമ്മളുടെ നില എന്തായിരുന്നു എന്നു നിങ്ങൾ ഓർക്കു
ന്നുണ്ടല്ലോ. ഈശ്വരാജ്ഞേയത്വം എന്ന അലംഘ്യമായ പാറ
മേലായിരുന്നുവല്ലോ നാം നിന്നിരുന്നതു്. ആ നില അലംഘ്യമാ
ണെന്നു നാം അന്നു വിശ്വസിക്കും മുമ്പു്, സ്വർഗ്ഗനരകങ്ങളേയും
മററും കുറിച്ചു പൌരാണികന്മാർ തുടങ്ങിയ നാനാജനങ്ങളുടെയൊ
ക്കെ അഭിപ്രായങ്ങളെ നമ്മൾ കൂലംകഷമായി പരിശോധിച്ചു
വെന്നും നിങ്ങൾക്കു് ഓർമ്മയുണ്ടല്ലോ. യമൻതിരുവടികളും ശിവ
നും തമ്മിലുണ്ടായ ശണ്ഠയെപ്പററി നാം 'മാർക്കണ്ഡപുരാണ'ത്തിൽ
വായിച്ച കഥകൾ ഞാൻ ഇന്നും മറന്നിട്ടില്ല. ശിവദൂതന്മാർ യമ
ദൂതന്മാരെ തല്ലിപ്പായിച്ചുവെന്നും, ശിവൻ ഇവിടുത്തെ തിരുവടിക
ളെ ഹനിച്ചുവെന്നും മററും നാം വായിച്ചപ്പോൾ, 'എയ്! ഇതൊ
ക്കെ വെറും മിഥ്യാകഥനങ്ങൾ' ആണെന്നു നാം ഹസിച്ചിരുന്നു.
'ഇതൊക്കെ വിശ്വസിപ്പാൻ തെളിവെവിടെ?'—എന്നു നമ്മൾ
ചോദ്യംചെയ്തു. പണിക്കരേ, ഇതിന്റെ വാസ്തവം ഞാൻ മന
സ്സിലാക്കിയിരിക്കുന്നു. ഈ നരകത്തിന്റെ അധിപതിയുടെ മുഖ
ത്തുനിന്നുതന്നേ, ഈ കഥ, മധുരസ്വരത്തിൽ പറഞ്ഞുകേട്ടിരിക്കു
ന്നു. ശണ്ഠ നടന്നതു വാസ്തവംതന്നെയാണു്. ഇവിടുത്തെ തിരുവ
ടികളെ നശിപ്പിച്ചു എന്നു പറയുന്നതു വെറും വ്യാജം. തിരുവടി
കളുടെ സൈന്യവും ശിവന്റെ സൈന്യവും തമ്മിൽ ഭയങ്കരമായ
യുദ്ധംചെയ്തു: എന്നാൽ, ശിവഭൂതങ്ങൾ എണ്ണത്തിൽ ഏറിയിരു
ന്നതിനാൽ ഇവിടുത്തെ തിരുമേനിക്കു് അപജയം പററി, എന്നല്ലാ
തെ, ഭൂലോകത്തിലുള്ള ഭോഷന്മാർ വിശ്വസിക്കുന്നവണ്ണം, ശി
വൻ ഈ തിരുവടികളെ വധിച്ചിട്ടില്ല. മാർക്കണ്ഡനെ ശിവലിംഗ
ത്തോടൊന്നിച്ചു കെട്ടുവാൻ തക്ക ധൈര്യവും വീര്യവും ഉള്ള തിരു
വടികൾക്കു് അങ്ങനെയൊരു ക്ഷതി ഉണ്ടാവാതെ കഴിപ്പാൻ വേ
ണ്ടുവോളം കരുത്തുണ്ടെന്നു് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. തി
രുവടികൾ സത്യത്തെ നിലനിർത്തുവാൻ ശ്രമിച്ചു; തന്റെ ധർമ്മം
നടത്തി. ശിവനോ അസത്യം പ്രവർത്തിച്ചു. ഇങ്ങനെ അസത്യവാ

നായ ഒരാളുടെ കീഴിൽ താൻ പാക്കുകയില്ലെന്നു തിരുവടികളും നിശ്ചയിച്ചു. അങ്ങനെയായിരുന്നു അവർ തമ്മിൽ യുദ്ധം നടന്നതു്.

"പോകട്ടെ! യുദ്ധത്തിൽ തിരുവടികൾക്കു പരാജയം ഉണ്ടായി, എന്നാലും വിഷാദപ്പെടുവാൻ സംഗതി ഇല്ലായിരുന്നു. എന്നല്ല, ചാരിതാൎത്ഥ്യപ്പെടുവാൻ ന്യായമുണ്ടായിരുന്നുതാനും. തിരുവടികൾ അക്രമസ്വഭാവംകൊണ്ടു ധിക്കാരം കാട്ടിയതല്ല. ശിവനോടൊപ്പം അധികാരശക്തി ഇല്ലാത്തവനായിരുന്നാലും, തിരുവടികൾ സത്യം, ധൎമ്മം, നീതി, ന്യായം ഇത്യാദി ഗുണങ്ങളിൽ ശിവനേക്കാൾ പ്രബലനായിരുന്നു. ഒരു രാജാവിന്നു യോഗ്യതയല്ലാത്ത നടവടികളായിരുന്നില്ലേ ധൎമ്മിഷ്ഠനെന്നു നടിക്കുന്ന ശിവൻ ചെയ്തതു്? താൻ തന്നെ സത്യത്തിന്നും ധൎമ്മത്തിന്നും നീതിന്യായത്തിന്നും വിരുദ്ധമായി പ്രവൎത്തിച്ചശേഷം, ആ വക അകൃത്യങ്ങളിൽ പൊതുവിലുണ്ടായിവന്ന സങ്കടങ്ങളെപ്പററി ന്യായബുദ്ധ്യാ ആക്ഷേപം ചെയ്ത ഈ തിരുവടികളെ, ആ ശിവൻ ചതിപ്രയോഗത്താലായിരുന്നു അപജയപ്പെടുത്തിയതു്. അൎദ്ധനാരീശ്വരനെന്നു പേരെടുത്തു് 'പെണ്ണിന്റെ ചൊൽകേട്ടു ചാടിപ്പുറപ്പെടുക' ശീലമുള്ളവനായിരിക്കുന്ന ശിവൻ, ഇവിടുത്തെ തിരുവടികളെ 'നമ്മുടെ രാജ്യത്തുനിന്നു ബഹിഷ്കരിക്കുന്നതു പൊതുജനക്ഷേമത്തിന്നു് ആവശ്യമെന്നു നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ, ഉടനെ ബന്ധിച്ചു നമ്മുടെ സംസ്ഥാനത്തുനിന്നു പുറത്താക്കുകയും, നാം വേറേവിധം ആജ്ഞാപിക്കുന്നതുവരെ നമ്മുടെ സംസ്ഥാനത്തിന്റെ അതിൎത്തിക്കുള്ളിൽ തിരിയെ വരുകയൊ പ്രവേശിക്കയൊ ചെയ്യുന്നതിനെ വിരോധിക്കയും ചെയ്യണമെന്നു നാം ആജ്ഞാപിക്കുന്നു'—എന്നു വിളംബരപ്പെടുത്തി, ശിവന്റെ മുമ്പിൽ നിന്നു്, ആരുമേതുമറിയാത്ത ആ അന്ധകാരഭയങ്കരമായ അൎദ്ധരാത്രത്തിൽ, പുറത്താക്കി. അതുകൊണ്ടുണ്ടായ ക്ഷതി ഇവിടുത്തെ തിരുവടികൾക്കല്ല; ശിവന്നുതന്നെയാണു്. ശിവന്റെ അധികാരപ്രമത്തതയ്ക്കും

ധൈയ്യക്കുറവിന്നും അധർമ്മിഷ്ഠതയ്ക്കും ലക്ഷ്യമായ ഒരപനയമായിരുന്നു അതെന്നു നിങ്ങൾക്കു ഞാൻ യുക്തികൾകൊണ്ടു ബോദ്ധ്യപ്പെടുത്തേണമെന്നുണ്ടോ? ഭൂലോകത്തിൽ തന്നെയും നിസ്സാരന്മാരും കീടസദൃശന്മാരും ആയ മനുഷ്യർ കൂടിയും, ഇങ്ങനെ അധികാരപ്രമത്തത കാട്ടമാറുണ്ടെന്നു നിങ്ങൾക്കു് അറിവുള്ളതല്ലേ? തൻെറ നടവടികൾ ദൂഷ്യമായുള്ളവയാണെന്നു മറെറാരുവൻ സത്യം ചൂണ്ടിക്കാണിച്ചു പറയുമ്പോൾ, ആ മറെറവൻെറ നേക്കു കോപിക്കുന്നതും ചന്ദ്രഹാസം വീശുന്നതും ഉൾക്കാതലില്ലാത്ത മനുഷ്യമരത്തലകളുടെ സ്വഭാവമാണെന്നു നമ്മൾ അന്നു പറഞ്ഞിട്ടുള്ളതു് ഓക്കുന്നുണ്ടല്ലോ. ആ സ്ഥിതിക്കു്, മനുഷ്യരേക്കാൾ അധികാരശക്തിയുള്ള ശിവൻ ഇങ്ങനെ ചെയ്തതിലെന്താണാശ്ചയ്യം? എന്നാൽ തിരുവടികൾക്കു ചാരിതാത്ഥ്യപ്പെടുവാൻ ധാരാളം മാർഗ്ഗമുണ്ടു്. ന്യായമായതേ താൻ പ്രവത്തിച്ചിട്ടുള്ളു എന്നു തിരുവടികൾക്കു ബോധമുണ്ടു്. 'ശങ്കര'ൻെറ അഴിമതികളും, 'മലപ്പെണ്ണ്'മായുള്ള കൂത്താട്ടങ്ങളും, 'വേലായുധ'ലീലകളും, 'ഗോപാല'ചാപലങ്ങളും, 'പ്രജാ'ഭൃതക്ലേശങ്ങളും, 'ധർമ്മ'ലോപങ്ങളും മററുമൊക്കെ പ്രപഞ്ചവാസികളുടെയെല്ലാം ദൃഷ്ടിയിൽ പതിപ്പിച്ചു എന്നും, ഈ സംഗതിയിൽ മററുള്ളവരുടെ അനുകമ്പ തനിക്കു ലഭിച്ചു എന്നും തിരുവടികൾക്കു സമാധാനമുണ്ടു്. സ്വാതന്ത്ര്യത്തിന്നും നീതിക്കുംവേണ്ടിയായിരുന്നു താൻ യുദ്ധം ചെയ്തതെന്നു പ്രസിദ്ധവുമായി.

"ഈ മനസ്സമാധാനത്തോടുകൂടിതന്നെയായിരുന്നു തിരുവടികൾ ആ അധർമ്മരാജ്യത്തിൽനിന്നു പുറത്തുപോന്നതു്. തിരുവടികളുടെ സത്യനിഷ്ഠയേയും ധർമ്മധീരതയേയും നല്ലവണ്ണം അറിഞ്ഞിരുന്ന ആത്മാക്കൾ ആ അപനയത്തെ കഠിനമായി നിന്ദിക്കയും, തിരുവടികളോടൊന്നിച്ചു പോരുകയും ചെയ്തു. ആട്ടെ! ശിവൻെറ സാമ്രാജ്യത്തേക്കാൾ പ്രതാപവും പ്രഭാവവുമേറിയ മറെറാരു രാജ്യം സ്ഥാപിപ്പാൻ തനിക്കു കഴികയില്ലയൊ എന്നുള്ള വിചാരത്തോടുകൂടിത്തന്നെയായിരുന്നു തിരുവടികളും സഹായികളും അനാദൃന്ത

മായ ആകാശവീഥിയിൽ ചിറകും വിടർത്തി പറന്നതു്. അങ്ങനെ അ അന്ധകാരമദ്ധ്യത്തിൽ തിരുവടികൾ തനിക്കു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത സന്തോഷത്തെ ജനിപ്പിക്കുന്നതായ ഒരു സംസ്ഥാനത്തിലെത്തി. അതു നരകംതന്നെയായിരുന്നു. എന്നാൽ, പണിക്കരേ, നരകം എന്നു പറഞ്ഞുകേൾക്കുമ്പോൾ നിങ്ങൾക്കു മറ്റൊരുവിധം വിചാരം തോന്നേണ്ടതില്ല.

'ത്രൈലോക്യത്തിനുതെക്കേ, ഭൂമിക്കുതാഴെ സരോ-
ജാലയാണ്ഡാംഭോനിധി തന്മീതേ നരകങ്ങൾ,
ഇരുപത്തൊന്നാകുന്നിതെന്നു ചൊല്ലുന്നു ചിലർ,
ഇരുപത്തെട്ടുണ്ടെന്നു ചൊല്ലുന്നു ചിലരെല്ലാം.
താമിസ്രമെന്നു ചൊല്ലും മുമ്പിലേതുടനന്ധ-
താമിസ്രം രണ്ടാമതും, രൗരവം മൂന്നാമതും,
നാലാമതല്ലോ മഹാരൗരവം, കുംഭീപാകം,
കാലസൂത്രവു,മസിപത്രാരണ്യവും, പിന്നെ
സൂകരമുഖമന്ധകൂപവും, പത്താമതും
ആകുലതരം കൃമിഭോജനം, സന്ദംശവും,
ദുർജ്ജനമനസ്താപവൃദ്ധിദം തപ്തസൂർമ്മി
വജ്രകണ്ടകമയശാത്മലി, വൈതരണി,
പൂയോദം, തപ്തലോഹി, മാലേറും പ്രാണരോധം,
മായമെന്നിയേവിശസനവും, ലാലാഭക്ഷം,
സാരമേയാദനവുമിരുപത്തൊന്നാമതു
മാരഴൽതേട്ട,മവീചി,രയഃപാനമെന്നും
ക്ഷാരകർദ്ദമം രക്ഷോഗണഭോജനം, മഹാ
ക്രൂരമാം ശൂലപ്രോതം ദന്ദശൂകവും പിന്നെ
അവടനിരോധനം, പര്യാവർത്തനവുംകേ-
ളവധിസൂചീമുഖമേഴാമതറിഞ്ഞാലും
ഇരുപത്തെട്ടാകുന്നിതിങ്ങനെ പാപികൾക്കു
നരകജാലമനുഭവിപ്പാനനുദിനം'—

എന്നൊക്കെ 'മഹാഭാഗവത'പുരാണത്തിൽ നമ്മൾ വായിച്ചിട്ടുള്ളതു് അന്ധവിശ്വാസികളായ മനുഷ്യരെ വഞ്ചിപ്പാനായി ചില കപടപട്ടക്കർ എഴുതിക്കൂട്ടീട്ടുള്ള വ്യാജങ്ങളാണു്.

'പാപങ്ങൾ ചെയ്തവരെ കടിച്ചു വലിപ്പാനായ്
കോപമാം നരനായ്ക്കളമ്പതുകോടിയുണ്ടു്;
ചെമ്പുതൂണൊരുകോടിയുണ്ടതു കാച്ചുവാനാ-
യമ്പതുകോടി നല്ല തുരുത്തികളുമുണ്ടു്;
ദുഷ്ടരെയിട്ടാട്ടുന്ന ചക്കേഴുകോടിയുണ്ടു്;
കഷ്ടമാം തൂക്കച്ചൂണ്ടലെണ്പത്തു കോടിയുണ്ടു്;
തൊലിയും കണ്ണുകളും കൊത്തിയങ്ങെടുപ്പാനായ്
വലിയ കഴുകന്മാരുണ്ടിരുപതുകോടി;
സർപ്പങ്ങൾ തേളുകളുമററമില്ലാതെയുണ്ടു്;
മുപ്പതുകോടി മല്ലന്മാരതുമുണ്ടുപിന്നെ.'

എന്നിങ്ങനെ 'മാർക്കണ്ഡേയപുരാണ'ത്തിൽ വർണ്ണിച്ചിട്ടുള്ളതൊന്നും നരകത്തിനകത്തില്ല. എന്നല്ല, പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന സംഗതികൾ പലതും ഇവിടത്തെ സത്യാവസ്ഥയിൽനിന്നു് എത്രയോ വ്യത്യാസപ്പെട്ടവയാണു്. യമൻ തിരുവടികൾ പരമേശ്വരന്റെ അധികാരത്തിൻകീഴിലുള്ള ഒരു ദിക്പാലനല്ല; സ്വതന്ത്രാധികാരമുള്ള ഒരു സമ്രാട്ടാണു്. പിന്നെ, ബ്രഹ്മാവിഷ്ണുമഹേശന്മാർ എന്നു മൂർത്തിത്രയമുണ്ടെന്നും, അവർക്കു വേറെ വേറെ ലോകമുണ്ടെന്നും, ദേവേന്ദ്രൻ വസിക്കുന്ന സ്വർഗ്ഗമൊന്നു വേറെയാണെന്നും, മററും ഭൂലോകത്തുള്ളവർ ധരിച്ചിരിക്കുന്നതും അബദ്ധമാണു്. ശിവനെന്നും വിഷ്ണുവെന്നും ബ്രഹ്മാവെന്നും ഇന്ദ്രനെന്നും പരമേശ്വരനെന്നും മഹാദേവനെന്നും ഓരോരോ പേരുകൾ പറയുന്നതെല്ലാം ഒരാളെക്കുറിച്ചുതന്നെയാണു്. ആ ആളുടെ വാസസ്ഥലം തന്നെയാണു് സ്വർഗ്ഗം. നിങ്ങടെ രാജ്യത്തിൽ ചില സർക്കാരുദ്യോഗസ്ഥന്മാർ ഒന്നിലേറെ അധികാരങ്ങൾ വഹിക്കുന്നവരായിട്ടുണ്ടല്ലോ. അതിന്മണ്ണം തന്നെയാണു് ഒരാൾ പലേ ആളായി തോ

ന്നിക്കുന്നതു്. സ്വർഗ്ഗത്തിന്റെ ഒരു ഭാഗത്തിന്നു് കൈലാസമെന്നു പേർ; മററൊരെടം വൈകുണ്ഠം; ഇങ്ങനെ ഓരോ ഭാഗങ്ങളിൽ ഒരേ ആൾ തന്നെ ഓരോ വേഷത്തിൽ ചെന്നിരുന്നു്, മജിസ്ത്രേററു് പണിയോ, താസിൽപണിയോ, മുൻസിപ്പു്പണിയോ, നഗരശുചീകരണാധ്യക്ഷപ്പണിയോ മററൊ നടത്തുംപോലെ, ഓരോ അധികാരങ്ങൾ നടത്തുന്നു. അതിരിക്കട്ടെ. യമൻ തിരുവടികൾ ഇവിടെ എത്തിയ സമയം, ഇവിടം കേവലം അലങ്കോലമായിക്കിടന്നിരുന്നു. ഈ ശാശ്വതനഗരം അന്നു നിരാകാരമായിരുന്നു; 'മേടമാളികനല്ലഗോപുരപംക്തികളും' ഒന്നുമേ ഇല്ലായിരുന്നു; നിശ്ശബ്ദതയാകട്ടെ, സ്വർഗ്ഗത്തിലെ സംഗീതധ്വനിയാകട്ടെ ഇല്ലായിരുന്നു; കൊടുങ്കാററുകൾ അലച്ചടിച്ചുകൊണ്ടിരുന്നു; അനേകായിരം പാപാത്മാക്കൾ, അദൃശ്യരൂപത്തിൽ, എങ്ങും ഗതിയില്ലാതെ പരിതാപത്തോടെ പറന്നുഴന്നു് ദീനശബ്ദങ്ങൾ പുറപ്പെട്ടുവിച്ചുകൊണ്ടിരുന്നു. ആ ആത്മാക്കളെ ഭൂമിയിൽ തള്ളി അയച്ചതും യമൻ തിരുവടികളുടെ ശത്രുവായ പരമേശ്വരൻ തന്നെയായിരുന്നു. അവക്കു് ഇഷ്ടംപോലെ തെരഞ്ഞെടുപ്പാൻ പുണ്യപാപങ്ങളെ സൃഷ്ടിച്ചതും ആ പരമേശ്വരൻ തന്നെയായിരുന്നു. അങ്ങനെ താൻതന്നെ കളിക്കോപ്പായി എറിഞ്ഞുകൊടുത്ത പുണ്യപാപങ്ങളിൽനിന്നു് പാപത്തെ കൈക്കൊണ്ടുപോയ നിരപരാധികളായ മക്കളെ തന്റെ സമീപത്തുനിന്നു് ആട്ടിപ്പായിച്ചതിന്നുമായിരുന്നു ആ പാപാത്മാക്കൾ അനന്യശരണരായി ഇങ്ങനെ ആ അലങ്കോലത്തിൽ ഉഴലേണ്ടിവന്നതു്. തിരുവടികൾ ഈ പ്രദേശത്തുവന്നപ്പോൾ, ഇവിടം, ചുരുക്കിപ്പറയുന്നതായാൽ, അവ്യവസ്ഥ, അലങ്കോലം, അന്ധകാരം എന്നിതുകളുടെ സങ്കേതമായിരുന്നു. —എന്നാൽ, സവ്വശക്തനായ തിരുവടികൾ—നരകത്തിൽ അവിടുന്നു് സവ്വശക്തൻ തന്നെയാണു്, സംശയമില്ല—തന്റെ ബുദ്ധിമഹിമയാൽ, ഇവിടംതന്നെ തന്റെ സാമ്രാജ്യസ്ഥാപനത്തിനായി സ്വീകരിച്ചു.

"ശിവൻ ഇവിട്ടത്തെ തിരുവടികളെ സ്വർഗ്ഗത്തിൽനിന്നു നി

ഷ്ക്കാസിച്ചു എങ്കിലും, തിരുവടികളുടെ അപാരമായ വിജ്ഞാനത്തെയാകട്ടെ, അതിവിപുലമായ ഇച്ഛാശ്ക്തിയെയാകട്ടെ നശിപ്പിക്കുവാൻ ശിവന്നു സാധ്യമായിരുന്നില്ല. അതുകൊണ്ടു് തിരുവടികളും ആ ഇച്ഛാശക്തിയെ പ്രയോഗിച്ചു് സ്വർഗ്ഗത്തിനൊപ്പം പ്രതാപമേറിയ ഒരു സാമ്രാജ്യത്തെ സ്ഥാപിച്ചു. പ്രതാപബലത്തിലൊഴികെ, കാമചാപലങ്ങൾ മുതലായ അധർമ്മനടവടികളിലൊന്നിലും സ്വർഗ്ഗത്തെ അനുകരിച്ചില്ലതാനും. നരകം സൃഷ്ടിച്ചതു് ഇപ്രകാരമായിരുന്നു: തിരുവടികൾ മനോഹരമായ കണ്ണുകൾ ചുഴററി ഒരു നോട്ടം നോക്കി; നാസാരന്ധ്രങ്ങളിലൂടെ ഒരു ദീർഘനിശ്വാസം ചെയ്തു; മിന്നിത്തിളങ്ങുന്ന വലങ്കൈ ഒന്നിളക്കി വീശി; വർണ്ണിപ്പാൻ അവതല്ലാത്ത മധുരസ്വരത്തിൽ ഒരു വാക്കുച്ചരിച്ചു. കൊടുങ്കാററുകളടങ്ങി; അന്ധകാരം നീങ്ങി; കണ്ണിനു മയക്കം വരുത്തുന്നതായ ഒരു പ്രഭാവിശേഷം നരകമെങ്ങും പരക്കുകയും ചെയ്തു.

"അമർത്ത്യഗണത്തിൽ ഉൾപ്പെട്ട തിരുവടികൾക്കു് നമ്മുടെ ഒരായിരം സംവത്സരം ഒരു നിമേഷത്തിനു തുല്യമായിരുന്നു; ഇപ്പോഴും അങ്ങനെ തന്നെ. തിരുവടികൾ—ഒരു നിമേഷത്തിലിടയ്ക്കോ, യുഗങ്ങൾകൊണ്ടോ, എത്രകാലംകൊണ്ടെന്നു ഭൂമിയിലെ കാലഗണിതത്താൽ നിർണ്ണയിപ്പാൻ എന്നാൽ സാധ്യമല്ല—ഇപ്രകാരം തൻെറ ശക്തിമഹിമയാലും, സൈന്യസഹായത്താലും, ഒരു മഹാനഗരം സ്ഥാപിച്ചു; താൻ ഏതു നഗരത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടുവോ അതിൻെറ മാതൃകയിൽ തന്നേയായിരുന്നു ഈ പുതിയ നഗരം പണിചെയ്തതു്; സ്വർഗ്ഗത്തിൽ താൻ കണ്ടറിഞ്ഞിരുന്ന വിശേഷങ്ങളെല്ലാം ഈ നഗരത്തിന്നും തിരുവടികൾ സംഭാവനം ചെയ്തു; ഇങ്ങനെ സ്വർഗ്ഗത്തെക്കാളിലും എത്രയോ മടങ്ങു് മനോഹരമായി, കൗതുകകരമായി, വിസ്മയജനകമായി, സ്മരണീയമായിരിക്കുന്ന നരകത്തെ സ്ഥാപിച്ചു........"

*       *       *       *       *

ശങ്കപ്പണിക്കർ ഇങ്ങനെ കത്തുവായിച്ചു വരുന്തോറും കുറേ ശ്ശ ശാന്തനായിത്തീൎന്നു; ആഞ്ഞലഞ്ഞുകൊണ്ടിരുന്ന ഉടലിന്റെ അലച്ചൽ അടങ്ങി. അയാൾ, "സ്വൎഗ്ഗത്തെക്കായിലും........വിസ്മയജനകമായ....നരകത്തെ സ്ഥാപിച്ചു" എന്ന വാചകം വായിച്ചു കഴിഞ്ഞതോടെ നിശ്ചേഷ്ടനായി ഇരുന്നുപോയി. അയാളുടെ മനോഗതങ്ങൾ മാറി; വിചാരസരിത്തിന്റെ ഗതി തടഞ്ഞു് മറെറാരുവഴിക്കു തിരിഞ്ഞു. താൻ ആദ്യമായി കത്തു് കണ്ടപ്പോഴുണ്ടായ സംഭ്രമങ്ങളെല്ലാം അടങ്ങിയൊതുങ്ങിയതിനാൽ, തന്റെ പണ്ടത്തെ തത്വജ്ഞാനചിന്തയ്ക്കു സൗകൎയ്യവുമുണ്ടായി: 'അങ്ങനെയോ? സ്വൎഗ്ഗത്തെക്കായിലും കൗതുകകരമായൊരു ദിവ്യനഗരമാണു് നരകം, അല്ലേ? ആവൂ! കാലപുരിയെപ്പററി പേടിപ്പാനൊന്നുമില്ല; ശരി! ശരി! സ്വൎഗ്ഗത്തിലെത്തുന്ന ആത്മാക്കൾ പരമേശ്വരനെയും വിഷ്ണുവിനെയും വിനയാദരപൂൎവ്വം പൂജിക്കുന്നതിലുമധികം ഭക്തിയോടുകൂടീട്ടാണു് നരകവാസികളായ ആത്മാക്കൾ ധൎമ്മരാജാവായ യമനെ ആരാധിക്കുന്നതു്! ഈ സൎവ്വശക്തനായ തിരുമേനിയെക്കുറിച്ചു ശാമിപ്പട്ടരുടെ ആത്മാവു പറയുന്നതു് അതാണല്ലൊ.'

പണിക്കർ ആശ്വാസത്താൽ ഉള്ളു കുളിൎത്തു്, തന്റെ മുണ്ടിന്റെ ഒരു തലകൊണ്ടു് മുഖത്തുള്ള ചേറും വിയൎപ്പും തുടച്ചു; മുഖം കുറെ തെളിഞ്ഞു. "എയ്! അഗ്നിയാറുമില്ല; ചെമ്പുതൂണുമില്ല; രുരുക്കളുമില്ല; കഴുകന്മാരുമില്ല; നല്ലാലവുമില്ല—ഒരുപദ്രവവുമില്ല"—എന്നു് വീണ്ടും വീണ്ടും മനസ്സിൽതന്നേ പറഞ്ഞുകൊണ്ടിരുന്നു. നരകത്തിൽ ചെന്നാൽ ചെമ്പിലിട്ടു വറക്കുമെന്നോ മറേറാ പേടിപ്പാനവകാശമില്ല എന്നു പണിക്കർ സമാധാനപ്പെട്ടു; നരകത്തിൽ തീയെന്നൊരു സാധനമേ ഇല്ലല്ലൊ. ആ സ്ഥിതിക്കു് തന്റെ ആത്മാവു് ശാമിപ്പട്ടരുടെ ആത്മാവിനോടു സഖ്യംചെയ്വാൻ അവിടെ എത്തുന്ന കാൎയ്യത്തിൽ സന്ദേഹത്തിനു് ആവശ്യമില്ലെന്നും പണിക്കർ നിശ്ചയിച്ചു. ശാമിപ്പട്ടർ ചെയ്തിരുന്ന കൃത്യാകൃത്യങ്ങളേ

KOTTAYAM PUBLIC LIBRARY KOTTAYAM

പണിക്കരും ചെയ്തിട്ടുള്ളു; ഇരുവരുടെയും പുണ്യപാപങ്ങൾക്കു് ഏറ്റത്തുക്കം നോക്കിയാൽ തുല്യമായിരിക്കും; ശാമിപ്പട്ടർ ഏതു തരത്തിൽ ജീവിതം കഴിച്ചുവോ അതിനൊപ്പം തന്നേയാണല്ലൊ താനം കഴിച്ചിരിക്കുന്നതു്; ശാമിപ്പട്ടൎക്കു നരകത്തിൽ പ്രവേശം കിട്ടിയിരിക്കുന്നു, ആ അവസ്ഥയ്ക്കു് ശാശ്വതപ്രഭാവിശിഷ്ടമായ ആ നഗരത്തിൽ തനിക്കും പ്രവേശം ലഭിക്കും, എന്നായിരുന്നു പണിക്കർ തീർച്ച ചെയ്തതു്.

*   *   *   *

"പണിക്കരേ, തനിക്കു നിരാശപ്പെടേണ്ട ആവശ്യമില്ലെടോ"—എന്നു് ശങ്കുപ്പണിക്കർ, ഉച്ചത്തിലല്ലെങ്കിലും, തനിക്കു കേൾക്കത്തക്കവണ്ണം ചുണ്ടിൻകീഴിൽ പറഞ്ഞു. നിശ്ചയമായിട്ടും, ആ സൎവ്വശക്തനായ തിരുവടികൾ, ശാമിപ്പട്ടരെപ്പോലെ ഈശ്വരാജ്ഞയതപവാദിയായ മറ്റൊരുവന്റെ ആത്മാവിന്നും നരകപ്രവേശം, അനുവദിക്കും; കാലൻ എന്നും മററും മനുഷ്യർ ശപിക്കുന്ന ആ തിരുവടികൾ ധൎമ്മിഷ്ഠനും നീതിമാനും ആണെന്നല്ലേ ശാമിപ്പട്ടർ വൎണ്ണിച്ചിരിക്കുന്നതു്? ഇല്ലെങ്കിലോ—ഇല്ലെങ്കിലോ—(പണിക്കർ സ്വല്പനേരം വിചാരങ്ങൾ അടക്കി, ഒന്നു് ഞെട്ടി)—സ്വൎഗ്ഗവാതിൽ തനിക്കായി തുറന്നു കാണ്മാൻ ഒരിക്കലും സാധിക്കയില്ലതന്നെ—ആ സ്ഥിതിക്കു്—

ഛെ! ഛെ! അങ്ങനെ വരില്ല! സ്വർഗ്ഗത്തിൽ പ്രവേശം കിട്ടാത്ത ആത്മാക്കൾക്കെല്ലാം **നിശ്ചയമായും** നരകത്തിൽ പ്രവേശം ഉണ്ടല്ലൊ.

പണിക്കരുടെ മുട്ടുകൾ വിറച്ചു് തമ്മിൽമുട്ടി. നരകവാതിൽ അടച്ചു് തന്നെ പുറത്തു തള്ളിക്കളഞ്ഞെങ്കിലോ, എന്നു വിചാരിച്ചു് പണിക്കൎ ഭയത്താൽ ഞെട്ടിവിറച്ചു.

അട്ടെ! കത്തു വായിച്ചുനോക്കട്ടെ. ശാമിപ്പട്ടർ എങ്ങനെയാണു നരകത്തിൽ കടന്നതെന്നു് കത്തിൽ വിവരിച്ചിരിക്കും. അ

ത്തുകൊണ്ടു നിശ്ചയിക്കാം ഈ ശാശ്വതനഗരത്തിൽ പ്രവേശം കിട്ടുമോ ഇല്ലയോ എന്നു്—ഇങ്ങനെ വിചാരിച്ചു്, പണിക്കർ, വീണ്ടും, ആ വിസ്മയകരമായ കായിതം തുടൻു:

"പണിക്കരേ, ശിവൻ, ഈശ്വരൻ, കരുണാനിധിയാണെന്നൊക്കെ പുരാണങ്ങൾ ഘോഷിക്കുന്നുണ്ടല്ലോ. എന്നാൽ ഇവിടത്തെ തിരുവടികളുടെ കാരുണ്യം അതിലെത്രയോ മഹത്തായതാകുന്നു. സ്വർഗ്ഗത്തിൽ പ്രവേശം ലഭിക്കാതെ തള്ളിപ്പോരുന്ന ആത്മാക്കൾ, ഏററിയകൂറും—അങ്ങനെയുള്ള ആത്മാക്കളുടെ സംഖ്യ കോടി കോടിയാണു്—നരകത്തിൽ പ്രവേശിപ്പാൻ ഭാഗ്യം സിദ്ധിച്ചവരാണു്. മനുഷ്യർ ചെയ്യുന്ന നന്മതിന്മകളെ ഈശ്വരൻ ഒരു തുലാസ്സിലിട്ടു് തൂക്കം നോക്കുന്നു; മിക്കവാറും, തിന്മകളാണു് അധികം തൂങ്ങുന്നതു്. അങ്ങനെ വന്നാൽ, ആ ആത്മാവിനു് സന്തോഷത്തിനാണു് അവകാശമുള്ളതു്. എന്തെന്നാൽ, നരകത്തിൽ—ഈ വിശിഷ്ടപ്രഭയോടുകൂടിയ നഗരത്തിൽ—പ്രവേശം ലഭിക്കുമല്ലോ. എന്നാൽ ഒരു സംഗതിയുണ്ടു്: ഇവിടെ പട്ടികയിൽ ചേർത്തുകാണുന്ന പാപങ്ങൾ ചെയ്തിട്ടില്ലെങ്കിൽ മാത്രമേ പ്രവേശം ലഭിക്കയുള്ളൂ; ആ പാപങ്ങൾ ചെയ്തിരുന്നാലും തരക്കേടില്ല, അവയ്ക്കു പ്രായശ്ചിത്തമായി എന്തെങ്കിലുമൊരു സല്ക്കർമ്മം, മരണത്തിനു മുമ്പുതന്നെ, ചെയ്തിരുന്നാൽ, കാലൻ തിരുവടികൾ ക്ഷമിക്കും; തിരുമേനി ഏററെ കാരുണ്യവാൻ ആകുന്നുവെങ്കിലും, അവക പട്ടികയിൽകൊണ്ട പാപങ്ങൾ ചെയ്തിട്ടുള്ളവരുടെ അപരാധം ക്ഷമിക്കയില്ല; ക്ഷമിക്കാൻ സാദ്ധ്യമല്ല. ഈ പാപങ്ങൾ എന്തെല്ലാമെന്നു മറെറാരിക്കൽ ഞാൻ അറിയിക്കാം...."

* * * *

ശങ്കുപ്പണിക്കരുടെ കൈ രണ്ടിലും ഒരു വൈദ്യുതീപ്രവാഹം പാഞ്ഞതുപോലെ തോന്നി. കൈ തളൎന്നു. എന്തോ മാംസക്കഷണം തൊണ്ടയിൽ തടഞ്ഞവണ്ണം ശ്വാസനിരോധം ഉണ്ടായി; പ്രാണൻ തന്നെ പൊയ്പ്പോകയാണോ എന്നു തോന്നി. മാംസപേശി

കൾ ചുരുങ്ങി; കണ്ണിണ മയങ്ങി; മിഴികൾ കറങ്ങി. മോഹാലസ്യം വരുമോ എന്നു ശങ്കിക്കേണ്ടുന്ന ഘട്ടമായി.

'ഉവ്വോ? ആത്മാവിനു നരകത്തിലും പ്രവേശം ലഭിച്ചില്ലെന്നു വരുമോ?'—എന്നായിരുന്നു അയാളുടെ ഭീതി. ഇങ്ങനെ കുറെ നിമേഷനേരം—അയാൾക്കു് ഒരു യുഗകാലമെന്നു തോന്നി—അയാൾ ഹതാത്മാവു് എന്നപോലെ യാതനാദുഃഖം അനുഭവിച്ചു.

നരകത്തിൽ പ്രവേശം കിട്ടിയേക്കാമെന്ന ആശ ഒരററത്തു്; അതിനോടൊപ്പംതന്നേ, നരകദ്വാരത്തിൽനിന്നു് ആട്ടിപ്പായിച്ചേയ്ക്കുമെന്ന ഭീതി മറെറാരററത്തു്—ഇങ്ങനെ വ്യാകുലപ്പെട്ടും, തൻെറ ചങ്ങാതി സൂചിപ്പിച്ചതായ പട്ടികയിൽകൊണ്ട പാപങ്ങൾ എന്തെന്നറിവാൻ ഉൽകണ്ഠിതനായും, പണിക്കരുടെ മനസ്സ് അഗ്നിപർവ്വതമെന്നോണം ഇരമ്പി പൊട്ടുമാറായി. ആ വക പാപങ്ങളെന്തെന്നു **മറെറാരിക്കൽ** അറിയിക്കാമെന്നാണല്ലോ ശാമിപ്പട്ടർ പറഞ്ഞിരിക്കുന്നതു്.

ആ മറെറാരിക്കൽ എപ്പൊഴാണു്? നരകവാസികളായ ആത്മാക്കൾക്കു കാലനിർണ്ണയം ചെയ്യാനോ സാദ്ധ്യമല്ല. ശാമിപ്പട്ടരുടെ അടുത്ത കായിതം വളരെ കാലം വൈകീട്ടാണു വരുന്നതെങ്കിലോ? അതെത്തിവായിച്ചറിയും മുമ്പുതന്നേ, ശങ്കുപ്പണിക്കരുടെ ആത്മാവു നരകവാതില്ക്കൽ ചെന്നു ചേന്നാലോ? ആ പാപങ്ങൾ എന്തെന്നറിയാതെ ചെന്നാൽ പണിക്കരുടെ ആത്മാവിനെ തള്ളിക്കളയാനും മതി. അഹോ! ഭയങ്കരം, ഭയങ്കരം, ചിന്തിപ്പാൻ വയ്യേ, വയ്യ!

പണിക്കർ എണീററു; ആ കായിതത്തെ കാലാൽ തട്ടിയെറിഞ്ഞു; അതു് ആശ്രമത്തിൻെറ ഒരു മൂലയിൽപോയി വീണു.

അയാൾ ആത്മഭീതിയാൽ ഉച്ചത്തിൽ വിളിച്ചു കരഞ്ഞുപോയി. അയാളുടെ നിലവിളികേട്ട അയല്ക്കാരെല്ലാം അറകൊലയോ പിശാചോ വിളിക്കയാണോ എന്നു ശങ്കിച്ചു്, ഭയത്താൽ വാതിലുകളൊക്കെ സാക്ഷയിട്ടുറപ്പിച്ചു്, തങ്ങളുടെ മെത്തയിൽ ചുരുണ്ടു

മൂടി ചെവിയും പൊത്തിക്കിടന്നു. പണിക്കരോ, തലമുടി പിടിച്ചുവലിച്ചും, സംഭ്രമത്താൽ ആശ്രമച്ചുമരിൽ തലതല്ലിയും, ഭ്രാന്തനെപ്പോലെ ഉഴന്നു. അയാളുടെ ആത്മാവിനു നരകത്തിൽ പ്രവേശം ലഭിക്കയില്ലെന്നു യമൻതിരുമനസ്സുകൊണ്ടു് ആജ്ഞാപിച്ചാലെന്നപോലെയുള്ള ദുഃഖങ്ങളായിരുന്നു പണിക്കർ അനുഭവിച്ചതു്. ആ തത്വജ്ഞാനിയുടെ തത്വജ്ഞാനമെല്ലാം അസ്തമിച്ചിരിക്കുന്നു—അയാൾ തല്ക്കാലത്തേയ്ക്കു് ഒരു ഭ്രാന്തൻതന്നെ ആയിത്തീർന്നു.

# 3

## കായിതശേഷം

പ്രശാന്തഗംഭീരമായ് ഉറങ്ങിയിരുന്ന ആ നഗരിയുടെ നിശാന്തനിശ്ശബ്ദതയെ ഭഞ്ജിക്കുമാറു കാകന്മാരായ വന്ദിവൃന്ദം ആകാശരംഗത്തിൽ പ്രവേശിച്ചു് അരുണന്റെ ആഗമനത്തെ സൂചിപ്പിക്കുന്നതായ കീർത്തനങ്ങൾ പാടിത്തുടങ്ങി. സൂര്യൻ ശബരാശ്രമത്തിന്റെ വാതിലിലും ചുമരിലും ഉള്ള വിള്ളലുകളിലൂടെ തന്റെ കരങ്ങളെ അകത്തു കടത്തി ശങ്കുപ്പണിക്കരെ തട്ടിയുണർത്താൻ ഭാവിക്കുമ്പോഴെയ്ക്കും, പ്രായമാവും മുമ്പു് ആക്രമിച്ച വാർദ്ധക്യത്താൽ ജരാനരകൾ പിടിപെട്ടു മെലിഞ്ഞു നീണ്ട ഒരു സ്ത്രീ ആശ്രമവാതിൽ മെല്ലെ തള്ളിത്തുറന്നു്, കുണ്ടിൽച്ചാടിപ്പോയിരുന്ന മിഴികളെ തുറിപ്പിച്ചു് അതിനുള്ളിലെങ്ങും സഞ്ചരിപ്പിച്ചു.

അവളോ, കാഴ്ചയിൽ, സംസാരസാഗരത്തിലെ ഏതോ ചില ചതിപ്പാറകളിൽ തട്ടിപ്പൊളിഞ്ഞു പോയ ഒരു ഉരുവായിരുന്നു; കാററിന്റെയും അലകളുടേയും തള്ളലേററു് അങ്ങട്ടുമിങ്ങട്ടും അടിച്ചുഴന്നുകൊണ്ടിരിക്കുകയാണെന്നും സ്പഷ്ടമായിരുന്നു. അവളുടെ അംഗങ്ങൾ, അതുനിമിത്തമായിരിക്കാം, വികൃതപ്പെട്ടു ദുർദ്ദർശനങ്ങളായുമിരുന്നു. ആ ആശ്രമത്തോടു തൊട്ട കുടിലിൽ പാർത്തിരുന്ന

തിനാൽ, രാത്രിയിൽ കേട്ടിരുന്ന ആൎത്തനാദങ്ങളുടേയും ശാപവചനങ്ങളുടേയും ഭയങ്കരാരവങ്ങളുടേയും വാസ്തവമെന്തെന്നറിയാഞ്ഞു്, അവൾ, ഭയപരവശയായി, തന്റെ കീറപ്പുതപ്പുകൊണ്ടു മുഖവും കൂടി അടച്ചുമൂടി ചുരുണ്ടുകിടന്നു വിറയ്ക്കുന്നുണ്ടായിരുന്നു. എന്നാൽ, പുലർച്ചയായപ്പോൾ ജിജ്ഞാസയുടെ പ്രാബല്യത്താൽ ഒരുമാതിരി ധൈൎയ്യം ഉണ്ടാകകൊണ്ടു സത്യാന്വേഷണത്തിനായി പുറപ്പെടാനുറച്ചു.

അവളും ശങ്കുപ്പണിക്കരെപ്പോലെ ഒരു സാരാന്വേഷിണി ആയിരുന്നു. എന്നാലും, ആ ആശ്രമത്തിന്നരികിൽ പാൎത്തുതുടങ്ങീട്ടു് എത്രയോ കാലം കഴിഞ്ഞിട്ടും, അന്നേവരെ പണിക്കരുടെ ആശ്രമത്തിൽ പോവുകയോ, അയാളുമായി തന്റെ അന്വേഷണങ്ങളെക്കുറിച്ചു സംസാരിക്കയൊ ചെയ്തിട്ടില്ല. അവളുടെ അന്വേഷണമൊന്നും ഈ ലോകത്തിൽ മനുഷ്യർ ഉപയോഗിച്ചുതള്ളുന്ന ജീവിതവൃത്തിവിശേഷങ്ങളെ ചിക്കിച്ചിനക്കി സാരം കണ്ടുപിടിപ്പാനായിരുന്നില്ല; ഈ അദൃശ്യവസ്തുക്കളെ കൈകാൎയ്യം ചെയ്വാൻ പണിക്കരെപ്പോലെയുള്ള ബുദ്ധിമാന്മാൎക്കൊഴികെ, അവൾക്കുണ്ടോ പ്രാപ്തി? എന്നാൽ, മനുഷ്യർ ഉപയോഗിച്ചു തള്ളുന്ന കീറത്തുണി ചപ്പു ചിപ്പു കടലാസുകൾ എന്നിത്തരം ദൃശ്യവസ്തുക്കളുടെ കൂട്ടം എവിടെ കാണുന്നുവോ, അവിടെയാണു് അവളുടെ തത്വാന്വേഷണവൃത്തി നടത്തുന്നതു്. അവയെ കുത്തിയിളക്കി ചികഞ്ഞുനോക്കി ഉള്ളിൽ വല്ല സാരവുമുണ്ടോ എന്നു കണ്ടുപിടിക്കയായിരുന്നു അവളുടെ കാലക്ഷേപസമ്പ്രദായം. ഇതിന്നായി അവൾ ആ നഗരിയിലെ തെരുവുകളിൽ അങ്ങുമിങ്ങും കുന്നായിക്കിടപ്പുള്ള കുപ്പക്കൂട്ടങ്ങളെ—ഈ വക ദുഷ്ടുകൾ ധൎമ്മപുരിയിലെവിടെയും കാണാം—ചികലെല്ലാം തേടിപ്പോകയും, തന്റെ കൃച്ഛ്രസാദ്ധ്യമായ കൎമ്മത്തിനു പ്രതിഫലമായി കിട്ടുന്ന ചെമ്പോ വെള്ളിയോ മടിയിലാക്കി രാത്രി കുടിലിൽ മടങ്ങിച്ചെല്ലുകയും ചെയ്തിരുന്നു. അവളുടെ ചെറുപ്പകാലത്തു് എത്രയെത്ര കാമുകന്മാർ അവളെ സദാ

പ്രീണിപ്പിച്ചുകൊണ്ടിരുന്നു! അവളുടെ യൗവനമദങ്ങളൊക്കെ അസ്തമിച്ചപ്പോൾ അവരിലൊരുവനെങ്കിലും അവളെ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. അവർ അവളെ കണ്ടാൽ അറികയില്ലെന്നായി. ഒരു വേള, ശങ്കപ്പണിക്കരും, അവൾ 'അനാഘ്രാതംപുഷ്പം' ആയിട്ടും 'അനാസ്വാദിതരസം പുതുമധു' ആയിട്ടും 'അനാവേധോൽകീർണ്ണം മണി' ആയിട്ടും 'കരരുഹൈരലൂനം തളിർ' ആയിട്ടും വിളങ്ങിയിരുന്ന കാലത്തു് അവളുടെ ചുററും മൂണ്ടു മൂരണ്ടു പററിക്കൂടിയിരുന്ന മത്തഭൃംഗങ്ങളിൽ ഒരെണ്ണമായിരുന്നിരിക്കുമോ? അതും അവൾ നിർണ്ണയപ്പെടുത്തീട്ടില്ല. ഏതായാലും, തന്നെക്കൊണ്ടു സ്വാത്ഥം നേടിയശേഷം വെടിഞ്ഞുപോയവരുടെ കൃതഘ്നതയെ ഓർത്തു സന്താപത്താൽ ജീവിതത്തിൽ നൈരാശ്യം വന്നപ്പോഴായിരുന്നു അവൾ, മുൻവിവരിച്ച തത്വാന്വേഷണവൃത്തിയിൽ ഏർപ്പെട്ടതു്. അവൾ കാമുകന്മാരുമായി കൂടിയാടിയ ദുർജ്ജീവിതക്കളികളിൽ നിന്നു് ഒടുവിൽ ലോകതത്വം ഗ്രഹിച്ചതിനുമേണ്ണം, ചപ്പുചിപ്പു ചവറുകളുടെ ഉള്ളിൽനിന്നും എന്തെങ്കിലും സാരമായ വസ്തു ലഭിക്കുമെന്നു് അനുഭവത്താൽ തെളിയിച്ചു. ഇങ്ങനെ ലോകക്കു തത്വജ്ഞാനം ഉപദേശിക്കയായിരുന്നു അവൾ അപ്പോൾ ചെയ്തുവന്നതു്. ഇത്രമേൽ ക്ലേശങ്ങൾ സഹിച്ചു തത്വാന്വേഷണം ചെയ്യുന്ന അവൾക്കുംകൂടി, പണിക്കരുടെ ആശ്രമത്തിനകം കണ്ടപ്പോൾ, ആ വേദാന്തിയുടെ തത്വാന്വേഷണം—വിശേഷിച്ചും ആ അന്ധകാരമേദുരമായ ആശ്രമത്തിനുള്ളിലടച്ചിരുന്നു നടത്തുന്ന തത്വാന്വേഷണം—തന്റെ കുപ്പചിനക്കൽ എന്ന സാരാന്വേഷണവൃത്തിയെക്കാട്ടിലും എത്രയോ ഏറെ ക്ലേശഭൂയിഷ്ഠമായിരിക്കേണമെന്നു് ആശ്ചയ്യവും ബഹുമാനവും തോന്നിപ്പോയി.

ശങ്കപ്പണിക്കരുടെ കഥയെന്താണു്? അയാൾ ഒരററത്തു ഒടിഞ്ഞു മടങ്ങിക്കിടക്കുന്നു. അയാളുടെ കിടപ്പു കണ്ട ഉടൻ അവൾ ഞെട്ടിവിറച്ചു് അല്പം പിന്മാറി. ചുമരിലും അയാളുടെ കൈകളിലും മുഖത്തും വസ്ത്രങ്ങളിലും രക്തം പാറിയിരിക്കുന്നു: രാത്രിയിൽ

ആരോ അയാളെ കൊലചെയ്തു എന്നു തന്നെയായിരുന്നു അവൾക്കു് ഒന്നാം നോട്ടത്തിൽ തോന്നിയതു്. രാത്രി കേട്ടിരുന്ന അറകൊലവിളികളുടേയും മററും ഹേതുവും അതുതന്നെയായിരിക്കണം. പണിക്കർ നിശ്ചേഷ്ടനായിക്കിടക്കുന്നു; ആശ്രമത്തിനകത്തുള്ള സാമാനങ്ങളും അകലെ ചിതറിക്കിടക്കുന്നു—നിശ്ചയമായും കൊലപാതകംതന്നെ.

അവൾ കുറെക്കൂടി അടുക്കൽ ചെന്നു നോക്കി. ആ വേദാന്തിയുടെ ശ്വാസം തീരെ നിന്നിട്ടില്ല. അവൾക്കു ധൈര്യം വർദ്ധിച്ചു. മന്ദമന്ദം നടന്നു് അരികിൽ ചെന്നു; തൻെറ അഴുക്കടഞ്ഞതും നഖരതുല്യവുമായ വിരലുകളെ നീട്ടി മെല്ലെ പിടിച്ചു കുലുക്കി.

പണിക്കർ ഉണ്ണന്നു് കൈകാൽ നീത്തു് കണ്ണു രണ്ടും തിരുമ്മിത്തുടയ്ക്കുംമുമ്പുതന്നെ മിഴിച്ചുനോക്കി. "എങ്ങു്—ഞാൻ എങ്ങാണു്?"—എന്നു് അവ്യക്തമായി ഉച്ചരിച്ചു്, കണ്ണു രണ്ടും പകുതി അടച്ചു. അയാൾ നരകകായിതകഥയെ മറന്നിരിക്കുന്നു; അതു വായിക്കുമ്പോൾ തനിക്കുണ്ടായ ഭയവിഭ്രമത്തെക്കുറിച്ചും യാതൊരു ബോധവുമില്ല.

"മടത്തിൽതന്നെ"—എന്നു് അവൾ ആദരവോടെ മറുവടി പറഞ്ഞു. "കൊല്ലാൻ തുടങ്ങിയതു് ആരോ?"—എന്നു കൗതുകത്താൽ ചോദിക്കയും ചെയ്തു.

"എയ്! തകരാറൊന്നുമുണ്ടായിട്ടില്ല. എനിക്കു കുട്ടിക്കാലം മുതല്ക്കേ ചില്ല സമയങ്ങളിൽ ചുഴലി വരാറുണ്ടു്. അങ്ങനെ ഒന്നു് ഇന്നലെയും പിടിപെട്ടിരിക്കാം—പക്ഷേ, കുറെ കടുപ്പമായുമിരുന്നിരിക്കാം."

സത്യാന്വേഷിയായ ആ വേദാന്തി അറിഞ്ഞുകൊണ്ടുതന്നെ കളവു പറഞ്ഞു.

"എന്നെക്കൊണ്ടു വല്ല സഹായവും വേണോ?"—എന്നു് അവൾ ചോദിച്ചു.

"വേണ്ടാ. ഒന്നുമാവശ്യമില്ല. മരുന്നുകൾ ഇവിടെ ഉണ്ട്. ഞാൻതന്നെ എടുത്തു കഴിച്ചുകൊള്ളാം."—എന്നു വേദാന്തിയും മറുവടി പറഞ്ഞു. അവൾ ഏതുവിധവും ആശ്രമത്തിൽനിന്നു പോയ്മറഞ്ഞാൽ മതിയെന്നായിരുന്നു പണിക്കരുടെ ആഗ്രഹം.

കേൾക്കാത്ത താമസം, അവൾക്ക് അതിൻെറ വ്യംഗ്യം മനസ്സിലായി. അവിടെ അരനിമേഷംപോലും താമസിപ്പാൻ അവൾക്കു യാതൊരു പ്രലോഭനവുമുണ്ടായിരുന്നതുമില്ല; നേരേ മറിച്ച്, ആ വേദാന്തിയുടെ പൈശാചരൂപം കാണാതെ പോയ്ക്കഴിഞ്ഞാൽ മതിയെന്നായിരുന്നു അവളുടേയും ആഗ്രഹം. അവൾ ശീഘ്രം പുറത്തേയ്ക്കിറങ്ങി, വാതിൽ വലിച്ചടച്ച്, "ഇയാളെ പിശാചു പിടിച്ചപോലെ തോന്നുന്നല്ലോ"— എന്ന് മറു മറെ പറഞ്ഞുംകൊണ്ട് തൻെറ കുടിലിലേയ്ക്കു പോകയും ചെയ്തു. (അവൾ ഏറെക്കുറെ പരമാർത്ഥമാണ് പറഞ്ഞതെന്ന് അവൾ അറിഞ്ഞതുമില്ല.)

പണിക്കർ ദീനനായ്തന്നെ എണീററു; കൈയും മുഖവും കഴുകി ചോര തേച്ചുകളഞ്ഞ്, മുറിവും ചതവും തുടച്ച്, ക്ഷീണം പോക്കുവാൻ കുറെ പഴമെടുത്തു തിന്നാറെ, വീണ്ടും ഭയചഞ്ചലനായി—പൂച്ചയുടെ മിന്നിത്തിളങ്ങുന്ന കണ്ണിൻനേക്കു ചെന്നു ചാടുന്ന എലിയെപ്പോലെ—ആ നരകകായിതത്തിൻെറ നേക്ക് എന്തോ ഒരു വശീകരണശക്തിയാൽ ആകൃഷ്ടനായി, അതിൻെറ അവശേഷം വായിപ്പാൻ അവിടെ തൂണുംചാരി ഇരുന്നു.

* * * *

"പണിക്കരേ, അത്യന്തം മനോഹരമായ ഈ നരകനഗരത്തെ വർണ്ണിച്ചു ഫലിപ്പിപ്പാൻ, നിങ്ങടെ ചില കവികൾ പറയുമ്പോലെ "നാവീരായിരമുള്ള ഭോഗിവരനുംകൂടി പ്രയാസപ്പെടും," പിന്നെയാണോ ഒററനാവനായ എന്നെക്കൊണ്ടു സാദ്ധ്യമാവുക?—ഇടയ്ക്കു പറകയാണേ; അങ്ങനെ ഈരായിരം നാവുള്ള സർപ്പത്താൻ എങ്ങാനും ഉണ്ടോ എന്ന് ഞാൻ നിർണ്ണയിച്ചിട്ടില്ല— ഈ

നഗരത്തിൽ കോടികോടി ആത്മാക്കൾ നീന്തിപ്പൊന്തിക്കിടന്നു കളിയാടുന്നുണ്ടു്. സ്വതഃ അദൃശ്യവസ്തുക്കളാണെങ്കിലും, ഈ ആത്മാക്കൾക്കൊക്കെ അന്യവസ്തുക്കളെ കാണ്മാൻ കഴിയും. അതാണു ഞങ്ങൾക്കുള്ള ഒരു വിശേഷം. പണിക്കരേ, സ്വൎഗ്ഗം, സ്വൎഗ്ഗം, എന്നോരോന്നേ നിങ്ങൾ വളരെ കേമമായി വൎണ്ണിച്ചു കേട്ടിട്ടുണ്ടല്ലോ. ആ സ്വൎഗ്ഗഭംഗികളെല്ലാം ഈ നരകത്തിലുമുണ്ടു്. എന്നാൽ, ദേവസ്ത്രീകളും അവരുടെ 'നിത്യമോരോരോ വല്ലഭന്മാർ ഞങ്ങടെ പാതിവ്രത്യം ഇങ്ങനെ' എന്ന കാമഭ്രാന്തും മററും ഇവിടെ ഇല്ലെന്നു് ഓൎമ്മവെയ്ക്കണേ. രമണീയമായ വസ്തുക്കളിൽവെച്ചു പരമരമണീയമായുള്ളതല്ലാതെ മറെറാന്നും ഈ നഗരത്തിലില്ല. കണ്ണുകൾക്കാനന്ദമായ കാഴ്ചകൾ, ചെവികൾക്കിമ്പമായ നാദങ്ങൾ—ഇവകൊണ്ടുതന്നെ നരകം നിറഞ്ഞിരിക്കുന്നു. സൎവ്വശക്തനായ തിരുവടികളുടെ പ്രതാപപ്രഭാവത്തിന്നുള്ള ഉജ്ജ്വലകാന്തിനിമിത്തം തിരുവടികളുടെ അടുക്കൽ ചെല്ലുവാൻ ഈ ആത്മാക്കൾക്കു സാധ്യമല്ലെന്നിരിക്കിലും, തിരുവടികളുടെ കീൎത്തിയെ അവിടുത്തെ വിശ്വസ്തരും ഭക്തരുമായ ദേവദൂതന്മാർ മധുരസ്വരത്തിൽ എപ്പൊഴും പാടിക്കൊണ്ടിരിക്കുന്നു. അത്യന്തം ചേതസ്സമാകൎഷകമായ സംഗീതമേ ഈ നരകത്തിനകത്തു കേൾപ്പാനുള്ളു.

"പണിക്കരേ, പുറമെ നിന്നു വരുന്ന ഓരോരോ പുതിയ ആത്മാക്കളെ, സൎവ്വശക്തനായ തിരുവടികളുടെ ആജ്ഞ അനുസരിച്ചു്, ദീപ്യത്തായ ഈ നരകവാതിൽ കടത്തിവിടുമ്പോൾ ഇളകുന്ന സന്തോഷകോലാഹലം, മാധുൎയ്യത്തിൽ അനതിശയിതവും അനതിശയനീയവുമാകുന്നു. സ്വൎഗ്ഗവാതില്ക്കൽ ചെന്നുമുട്ടി ആശാഭംഗത്തോടെ മടങ്ങിപ്പോരുന്ന ആത്മാക്കളെ ഇവിടത്തെ ദിവ്യസന്നിധിയിലുള്ള ദൂതന്മാർ ചെന്നെതിരേററു് സൽക്കരിച്ചു് നിരന്തരം ഇവിടെയ്ക്കു കൂട്ടിക്കൊണ്ടു വരുന്നുണ്ടു്. ആ ആത്മാക്കൾക്കു നരകപ്രവേശം ലഭിച്ചതിങ്കലുള്ള സന്തോഷമല്ല പറഞ്ഞറിയേണ്ടതു്; സ്വൎഗ്ഗപ്രവേശത്തിനു സംഗതിയാവാതെ വന്നതിങ്കലുള്ള സന്തോഷം വാചാമഗോചരം തന്നെയാണു്.

"എന്താ ഇങ്ങനെ സ്വർഗ്ഗത്തെപ്പററി വെറുപ്പു തോന്നുവാൻ, എന്നല്ലെ നിങ്ങൾക്കുണ്ടാവുന്ന സന്ദേഹം? ധർമ്മബോധമുള്ളവക്കാക്കും അങ്ങനെ തോന്നാതെയിരിപ്പാൻ പ്രയാസം. സ്വർഗ്ഗം എന്നു കേൾക്കുമ്പോൾ നിങ്ങൾ ഭ്രമിക്കേണ്ടാ.

'എല്ലാമോക്കിൽ പ്രതിഫലിതയായ് പശ്ചിമാം-
ഭോധിതന്നിൽ
ചൊല്ലാന്നീട്ടും സുരനഗരിതാൻ കണ്ടിട്ടു-
ന്നെന്നു തോന്നും'

എന്നോരോ സ്വർഗ്ഗമാഹാത്മ്യവർണ്ണന കവിതകളിൽ കാണുന്നുണ്ടെന്നുവെച്ചു്, നിങ്ങൾ, അവിടം ധർമ്മത്തിൻെറ പരിപൂർത്തിയാണെന്നു ധരിക്കാതിരിക്കുക. അവിടം ധർമ്മരാജ്യം അല്ലെന്നു ഞാൻ മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഒരെടത്തു പത്മനാഭൻ പാല്ക്കടലിൽ പള്ളികൊള്ളുന്നുണ്ടു്; മറെറാരെടത്തു്,

'ശ്രീകൈലാസാദ്രിശൃംഗേ കനകമയമഹാ-
മന്ദിരേ തുമരന്ദം
തൂകീട്ടും കല്പവാടീ ബഹള പരിമളാ-
മോദിതാശാന്തരാളേ
നീൾക്കണ്ണാൾമൌലി ദക്ഷാത്മജയെ മടിയിലാ-
മ്മാറു ചേർത്തങ്ങു....'

ശങ്കരനിരിക്കുന്നുണ്ടു്; ഇനിയൊരെടത്തു്, ബ്രഹ്മാവു സരസ്വതിയുമായി ക്രീഡിക്കുന്നുണ്ടു്; വേറെയൊരെടത്തു് സുധർമ്മയുണ്ടു്—എന്നിത്തരം വർണ്ണനകൾ കേട്ടു് നിങ്ങൾ വഴിപിഴച്ചുപോകേണ്ടാ. അവിടത്തെ ഈശന്മാരുടേയും മന്ത്രിമാരുടേയും സേവകന്മാരുടേയും നടവടികൾ കേട്ടാൽ, ധർമ്മത്തെ സ്നേഹിക്കുന്നവർ കോട്ടയ്ക്കുള്ളിൽ എന്നല്ല, നഗരത്തിനുള്ളിൽപോലും കടക്കുവാൻ അറയ്ക്കും. മകളെ ഭാര്യയാക്കുക—ബ്രഹ്മാവിൻെറ കഥ ഞാൻ പറയേണമോ? പിന്നെ, പുരുഷനെ സ്ത്രീവേഷം ധരിപ്പിച്ചു രമിക്കു

ക—ശാസ്താവിൻെറ ജനനം എങ്ങനെയെന്നു നിങ്ങൾ കേട്ടിട്ടില്ലേ? പ്രമാണം വേണമെങ്കിൽ,

"വീതാതങ്കം വിധുസ്ത്രീവടിവു വിധുധരൻ
കണ്ടു കാമിച്ചണഞ്ഞി-
ട്ടേതാണ്ടൊക്കെപ്രവൎത്തിച്ചുളവവതരണം
ചെയ്ത ചൈതന്യമൂൎത്തി"

എന്നു കേരളത്തിലെ ശൃംഗാരരസികനായ ഒരു കവിക്കൂടിയും മുഴുവൻ തുറന്നുപറവാൻ മടിച്ചിരിക്കുന്ന സ്ഥിതിക്കു്, ഞാൻ എങ്ങനെ പറയേണ്ടു?—പിന്നെ വിഷ്ണുവോ? ഭൂമിദേവിയും ലക്ഷ്മീദേവിയും പോരാഞ്ഞിട്ടു്, കൃഷ്ണനെന്ന വേഷവുമെടുത്തു ഭൂമിയിൽ ചെന്നു പതിനാറായിരത്തെട്ടു സ്ത്രീകളുമായി രാസക്രീഡ! അതങ്ങനെ. ഇനിയും കേൾക്കണമൊ? അന്യൻെറ ഭാൎയ്യയെ ചതിയിൽ ഗമിക്കുക—സ്വധൎമ്മനിഷ്ഠനായ ആ ഗൗതമൻെറ ഭാൎയ്യയായ അഹല്യയ്ക്കു വ്യഭിചാരക്കുററം ഉണ്ടാക്കിയ 'മൎയ്യാദരാമ'നെ നിങ്ങൾ മറന്നിരിക്കുമോ? രാത്രിയിൽ ഗൗതമനെ വഞ്ചനയാൽ അകററി, ഗൗതമൻെറ വേഷമെടുത്തുചെന്നു് ഗൗതമപത്നിയെ ഗമിച്ചു ദേവേന്ദ്രനു ലഭിച്ചു ശിക്ഷ, ഹാഹാ! സഹസ്രയോനി എന്ന പേരുണ്ടാവാൻ ഹേതുവായി.—എന്തിനേറെ? ഇങ്ങനെ അവിടത്തെ ദുരാചാരങ്ങൾ വിവരിച്ചാൽ അവസാനിക്കില്ല. ഇതെല്ലാം ഇവിടുത്തെ തിരുവടികൾ കണ്ടറിഞ്ഞ സംഗതികളാണു്; തിരുവടികളുടെ ദിവ്യവദനത്തിൽനിന്നു തന്നെയാണു് ഈ വാസ്തവവാൎത്തകൾ ഞങ്ങൾ ഗ്രഹിച്ചതു്. ഒ! സൂൎയ്യദേവൻ തൻെറ കുതിരക്കാരനെ പുണൎന്ന കഥ ഞാൻ വിട്ടു!

"ചണിക്കരേ, ഇങ്ങനെ അധൎമ്മം നിറഞ്ഞതായ ആ നഗരത്തിൽനിന്നു് തിരുവടികൾ പോന്നതിനെപ്പററി നിങ്ങളും തിരുവടികളെ അഭിനന്ദിക്കയില്ലേ? ആ സ്വൎഗ്ഗവാതിൽ കടക്കാതെ ഇങ്ങട്ടുപോന്ന ആത്മാക്കൾക്കു സന്തോഷിപ്പാൻ ന്യായമെന്തെന്നു നിങ്ങൾക്കു് ഇപ്പോൾ മനസ്സിലായിരിക്കുമല്ലൊ. ഈ നരകത്തിൽ

തിരുവടികളുടെ പരിശുദ്ധമായ പ്രേമവിലാസങ്ങളെ അനുഭവിച്ചു് പരമാനന്ദഭരിതരാകാമെന്നിരുന്നാലും, ദുഃഖത്തിന്നും സംഗതിയില്ലായ്കയില്ല. ഈ ദുഃഖം, ഞാൻ മുമ്പു സൂചിപ്പിച്ചതായ പട്ടികയിൽ കൊണ്ട പാപങ്ങൾ മൂലം ഉണ്ടാകുന്നതു മാത്രമാണു്. ആ വക പാപങ്ങൾ ചെയ്തിട്ടുള്ള ആത്മാക്കൾ, മൎത്ത്യാവസ്ഥയിലിരിക്കുമ്പോൾ തന്നെ, അവരവരുടെ ലോകങ്ങളിൽ വെച്ചു തന്നെ, പ്രായശ്ചിത്ത കൎമ്മം ചെയ്തിരുന്നാൽ നരകത്തിൽ കടപ്പാൻ അർഹന്മാരായിത്തീരുന്നതാണു്; പ്രായശ്ചിത്തം നാമമാത്രമായിരുന്നാൽ പോരാ; വളരെ മഹത്തായ ഒരു പുണ്യകൎമ്മമായിരിക്കണം. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ, നരകപ്രവേശം ചെയ്വാൻ സാധ്യവുമല്ല, അർഹതയുമില്ല. ഈ സംഗതികൊണ്ടാണു് ഇവിടെയും ദുഃഖം വന്നു ചേരുന്നതു്. അതല്ലെങ്കിൽ, അപരിമേയമായ സന്തോഷത്താൽ ഉല്ലസിക്കുന്ന ഈ നരകത്തിൽ ആനന്ദയോഗത്തിനു ന്യൂനതയില്ല. നരകവാതില്ക്കൽ എത്തുമ്പോൾ മുൻസൂചിപ്പിച്ച പാപങ്ങൾക്കായി ആട്ടിപ്പായിക്കപ്പെടുന്ന ആത്മാക്കൾ ഗതികെട്ടു് കിടന്നു വിളിക്കുന്നവിളികളുടെ ആൎത്തസ്വരം ഞങ്ങൾക്കൊക്കെ കുറെ മൎമ്മസ്പൃക്കായിത്തീരാറുണ്ടു്. ആ മുറവിളികൾ ഈ ശാശ്വതനഗരമെങ്ങും മാറെറാലിക്കൊണ്ടു മുഴങ്ങാറുണ്ടു്; എന്നല്ല, പ്രപഞ്ചംമുഴുവനും അതു പരക്കാറുമുണ്ടു്; ഒരു ജ്യോതിർഗ്രഹത്തിൽനിന്നു മറെറാന്നിലേയ്ക്കും, അതിൽനിന്നു വേറെയൊന്നിലേയ്ക്കും—ഇങ്ങനെ പ്രതിധ്വനിച്ചു് നാദബ്രഹ്മം നിറയെ ആൎത്തനാദം തന്നെയായിത്തീരുന്നു. ശൂന്യാകാശത്തിൽ—വീടും വിശ്രമവും, കൂറും കുതൂഹലവും ഇല്ലാതെ—എന്നേയ്ക്കും അതാണു് തൻെറ പാപത്തിന്നുള്ള ശിക്ഷ എന്ന മനോവ്യഥാപൂൎവ്വമായ ബോധത്തോടേ, കൈകാലടിച്ചു നീന്തിമുങ്ങിയും പൊങ്ങിയും കഷ്ടപ്പെടേണ്ടിവരുന്ന ആത്മാക്കൾ പുറപ്പെടുവിക്കുന്നതായ ദീനസ്വരം ആ വിധത്തിലുള്ളതാണു്; അതു കേട്ടിട്ടു് നരകംക്കൂടിയും ഞെട്ടിപ്പോവാറുണ്ടു്. ആ സമയത്തു് തിരുവടികൾ മൃദുമനസ്സാകയാൽ വാൎന്നുപോകുന്ന കണ്ണീർ,

"കണ്ടാൽ ആരും കരയുമലിയും കല്ലിനൊത്തോരുഹൃത്തും."
അ സന്ദർഭത്തിൽതന്നെയാണു തിരുമുമ്പിലെ ദിവ്യദൂതന്മാർ കരയാറുള്ളതു്. എന്നാൽ, ഇങ്ങനെ നിഷ്കാസിക്കപ്പെടുന്ന ആത്മാക്കളുടെ മുറവിളികൾ കേട്ടും, പിടച്ചൽ കണ്ടും, നരകത്തിന്നു പുറമെ മുമ്പുതന്നേ നിഷ്കാസിതരായി നൈരാശ്യത്തിൽ ഉഴന്നുകൊണ്ടിരിക്കുന്ന ആത്മാക്കൾ അവരെ നോക്കി പുറപ്പെടുവിക്കുന്ന പരിഹാസകോലാഹലം, പുണ്ണിൽ തറയ്ക്കുന്ന കൊള്ളി ആയിത്തീരുന്നതാണു വലിയൊരു കഷ്ടം.

"ഈ സങ്കടങ്ങൾ ഞാൻ ഇങ്ങട്ടു വരുമ്പോൾ കണ്ടറിഞ്ഞതവയാണ്. നരകവാതില്ക്കു പുറമെ കിടന്നു കാളിക്കൂളികളായി വിളികൂട്ടുന്നവരിൽ ചിലരെ, ഞാൻ നിങ്ങടെ ഭൂമിയിൽ പാക്കുന്ന കാലത്തുതന്നെ അടുത്തു പരിചയിച്ചിരുന്നു എന്നു് ഓൎമ്മയുണ്ടു്. അവരുടെ പേരുകളെല്ലാം ഓൎമ്മയില്ലെങ്കിലും, നിങ്ങടെ ഇഷ്ടനായിരുന്ന അ ചാത്തപ്പണിക്കരെ അക്കൂട്ടത്തിൽ ഞാൻ കണ്ടു, എന്നു നിശ്ചയമായിട്ടും പറയാം. അയാളുടെ ചുറ്റും ചില സ്ത്രീകളേയും കണ്ടു—ആത്മാക്കൾക്കും സ്ത്രീപുരുഷഭേദമുണ്ടെന്നു നിങ്ങളറിയണം—അ സ്ത്രീകളെ പാപക്കുണ്ടിൽ തള്ളിയതു് അയാളായിരുന്നു എന്നു് അവർ അയാളെ ശകാരിക്കുന്നതും ഞാൻ കേട്ടു. അവരിൽ ചിലരും, മറ്റുള്ളവരുടെ ഭൎത്താക്കന്മാരും, ഉദരനിമിത്തം ബഹുകൃതവേഷം ചമഞ്ഞു് ഓരോരോ പണികളിൽ പ്രവേശിച്ചിരുന്നുഎന്നും, അയാൾ അവരുടെ മേലാവായി ചെന്നു് അവരെ പാപാത്മാക്കളാക്കി എന്നും മററുമാണു പറഞ്ഞുകേട്ടതു്. അതു പോട്ടെ. ഇത്തരം പാപികളെ ഇവിടുത്തെ തിരുവടികൾ നരകത്തിനപ്പുറം അട്ടിപ്പായിക്കുന്നതു സ്വധൎമ്മത്തിങ്കലുള്ള നിഷ്ഠയാലാണെന്നു ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. തിരുവടികൾ, പട്ടികയിൽകൊണ്ട പാപങ്ങൾ ചെയ്തു ശിക്ഷാർഹരായിത്തീൎന്നിട്ടുള്ള പലരുടേയും പേരുകൾ മുൻകൂട്ടിതന്നെ നരകവാതില്ക്കൽ പരസ്യപ്പലകയിൽ എഴുതിവെക്കാറുള്ള വിവരം നിങ്ങൾക്കു് ഒരു വിശേഷമായിത്തോന്നുമായിരി

ക്കാം. ആ പരസ്യപ്പലകയിൽ പുതിയ പേരുകൾ അപ്പപ്പോൾ ചേർക്കുകയും, പഴയ പേരുകൾ ചിലതു് ആ പേരുകാർ വന്നുചേന്നാൽ പിന്നെ തുടച്ചുകളകയും പതിവാണു്. നരകപ്രവേശം ചെയ്യാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്തവരിൽ അപൂർവ്വം ചില മഹാപാപികളെക്കുറിച്ചു ശിക്ഷാക്രമവും വിവരിച്ചു കാണാറുണ്ടു്. ഇവരിലൊരുവൻെറ ശിക്ഷയെപ്പററി എഴുതിപ്പരസ്യപ്പെടുത്തിട്ടുള്ള കല്പന, നരകവാതില്ക്കൽ പ്രത്യേകമൊരു പലകയിൽ പതിച്ചിരിക്കുന്നു. അയാൾ നിങ്ങടെ പരിചയക്കാരനായ ആചാര്യസ്വാമിയാണു്. എന്തോ ഭാഗ്യവശാൽ ഈ നരകത്തിൽ വന്നുചേന്നിട്ടുള്ള ഒരു ക്ഷുദ്രമലയാളകവിയെക്കൊണ്ടു് ആ പരസ്യകല്പനയെ കിളിപ്പാട്ടാക്കീട്ടാണു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. ഇവിടെയുള്ള ആത്മാക്കളൊക്കയും നരകദ്വാരപാലന്മാരും മനഃപാഠമാക്കിവെപ്പാൻവേണ്ടി പാട്ടാക്കിയതാണു്. കേട്ടാലും:

‘ഭൂതലേ ധർമ്മക്ഷേത്രമെന്നു കീർത്തിക്കു പാത്ര-
ഭൂതമാം നാട്ടിൻ മുഖ്യപത്തനമദ്ധ്യത്തിങ്കൽ,
ഭക്തിമന്ദിരമെന്ന പേരതു മുമ്പുറത്തും,
വ്യക്തമായ് ഭോഗ്യാശ്രമമെന്നപേർ പിമ്പുറത്തും,
പതിച്ചു പാർപ്പിടത്തിൽ സാധുസ്ത്രീ പുമാന്മാരെ
ചതിച്ചുകൊണ്ടുചെന്നു കാമിതം സാധിക്കുവാൻ,
ആചാര്യനെന്നഭാവം നടിച്ചു പാപം പല-
താചരിച്ചീടും കാമചാരിയാമാചാര്യരെ
നരകദ്വാരത്തിങ്കൽ കടപ്പാൻ വന്നാൽ പിടി-
ച്ചുരയോജനദൂരത്തപ്പുറത്തെറിയണം.
അവിടെ ചെന്നു വീഴും നേരത്തു പന്തു തട്ടീ-
ട്ടിവിടെക്കതുപോലെ, പിന്നെയും പല കുറി;
ഇങ്ങനെ ചെയ്തശേഷമിരുമ്പു ചെൺപാവകൾ
ഭംഗിയിലണിയിച്ചു നിരത്തിനിത്തീടണം;
അംഗജതാപത്താലേ നോക്കീടുമവ,നെന്നാൽ

Venugopal. R.

അംഗങ്ങൾ ചുട്ടു പഴിപ്പിച്ചവ തഴുകിച്ചു്,
അപ്പൊഴോ സുഖമേറുമിപ്പൊഴോ സുഖമേറും,
തപ്പാതെ ചൊല്ലുചൊല്ലെന്നെപ്പൊഴും ചോദിക്കണം.
കാമഭോഗത്തിൽ തന്നെയാശയായ് നടക്കയാൽ
നാമവും കാമചാരിയെന്നവന്നനപത്ഥമായ്.
വണ്ണധമ്മങ്ങൾ പുനരാശ്രമധമ്മങ്ങളും
പൂണ്ണമായുപേക്ഷിച്ചു സേവക മുഖേന താൻ
വൃഷലിസേവചെയ്തു രാട്ടിനും നാട്ടിനും ദുർ-
വിഷമാം ധമ്മദൂഷ്യമേല്പിക്കുന്നതിനാലേ,
ദുർഗ്ഗന്ധമേറും ചലം നിറഞ്ഞു കവിഞ്ഞുള്ള
ദുർഗ്ഗമസിന്ധുവിങ്കലിട്ടതു കുടിപ്പിച്ചു്,
നാസികയോടു വായുമടക്കിപ്പിടിച്ചുടൻ
ശ്വാസത്തെ മുട്ടിപ്പിച്ചു ദണ്ഡനം ചെയ്തീടുവിൻ.
ഏതുമേ മടിയാതെ തന്നുടെ ദുഷ്കമ്മത്തെ
കൈതവാൽ മറച്ചുവെച്ചസത്യം നിത്യമോതി
അരചൻ തന്നെ ഭയപ്പെടുത്തി ദ്രോഹിച്ചതി-
ന്നരയ്ക്കു ചക്കിലിട്ടിട്ടവനെട്ടയാഹീനം.
ആരാന്റെ ദാരങ്ങളെ നായാടുന്നതിനാലേ
പാരാതെ ശൂലാഗ്രത്തിലേറ്റുവി,നതുനേരം
ക്രൂരമാം കാകങ്ങളും കഴുകും കൊത്തിക്കൊത്തി-
ക്കീറണം ശരീരത്തെ രോമകൂപങ്ങൾ തോറും.
ഇങ്ങനെയോരോ ശിക്ഷ നടത്തി പിന്നെ പിടി-
ച്ചെങ്ങുപോയ് വീഴുമെന്നു നോക്കാതെ പാപിഷ്ഠനെ
നിറഞ്ഞരോഷം പൂണ്ടങ്ങെറിക ശൂന്യത്തിങ്കൽ,
പറന്നു കിടക്കട്ടേ നീക്കുപോക്കെന്ന്യേ സദാ.'

"പണിക്കരേ, അതിൽ പറയുന്നശിക്ഷകളും കഷ്ടങ്ങളും നരകത്തിനകത്തുള്ളവയല്ലെന്നു് ഓമ്മവെയ്ക്കണേ. നരകം ഇത്തരം സങ്കടങ്ങൾക്കിരിപ്പിടമല്ല. നരകത്തിനു പുറത്തുവെച്ചു നടത്തുന്ന ശിക്ഷക

ളാണു് അതുകളൊക്കെ. അതു പട്ടികയിൽകൊണ്ട പാപങ്ങൾക്കായി പണ്ടേയ്ക്കുപണ്ടേ വ്യവസ്ഥചെയ്തിട്ടുള്ളതുമാണു്. ആവക പാപങ്ങൾ എന്തൊക്കെയെന്നു് അടുത്ത കായിതത്തിൽ വിവരിക്കാം. ഈ നരകത്തിലേയ്ക്കു് ഏതേതു ലോകങ്ങളിൽനിന്നു് ഏതേതുതരം ആളുകളാണു വരാറുള്ളതെന്നും അതിൽ എഴുതാം. ഇപ്പോൾ ഇങ്ങനെ നിൎത്തുന്നു. എന്നു് നിങ്ങളുടെ അകൈതവമിത്രം,

ശാമിപ്പട്ടർ (ഒപ്പു്)."

* * * *

കായിതത്തിൻെറ അവസാനഭാഗം വായിച്ചുപോകുന്തോറും ശങ്കുപ്പണിക്കർ താനറിയാതെതന്നെ ഞെട്ടിവിറച്ചുതുടങ്ങി. ഇതിലധികം സങ്കടമായ ഒരു ദുഃഖം അയാൾക്കുണ്ടാവാനുണ്ടോ? നരകവാതില്ക്കൽനിന്നു് അട്ടിപ്പായിക്കുന്ന കഷ്ടങ്ങളെല്ലാം അയാൾ തലേനാൾ രാത്രിയിൽതന്നെ അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഈ കായിതത്തിൻെറ അന്ത്യഘട്ടം അയാളെ അതിലേറെ കഷ്ടത്തിലാക്കുന്നുണ്ടു്. കഷ്ടം! അടുത്ത കായിതം വന്നുചേരുംമുമ്പു പണിക്കർ മരിച്ചുപോയെങ്കിലോ? നരകപ്രവേശം ലഭിക്കാതിരിപ്പാൻതക്കവണ്ണം പട്ടികയിൽ കൊണ്ട പാപങ്ങളിലൊന്നു താൻ ചെയ്തിട്ടുണ്ടെങ്കിലോ? 'വളരെ മഹത്തായ പുണ്യകൎമ്മം പ്രായശ്ചിത്തമായി' ചെയ്താൽ പാപപരിഹാരമാവുമെന്നു ശാമിപ്പട്ടർ പറയുന്നുണ്ടു്. എന്നാൽ ആ പുണ്യകൎമ്മം ഏതുവിധത്തിലുള്ളതായിരിക്കാം? താൻ അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ? തൻെറ പേരു പരസ്യപ്പലകയിൽ ചേൎത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നോ, ഇല്ലെന്നോ, ശാമിപ്പട്ടർ അറിയിക്കുന്നുമില്ല. ആചാൎയ്യരെപ്പററി വിസ്തരിച്ചു പറകയും ചെയ്തിരിക്കുന്നുവല്ലോ. ഒരുവേള, താൻ നരകത്തിന്നു പുറമെ നിഷ്കാസിക്കപ്പെടേണ്ടവനായിരിക്കയില്ലയോ? അതല്ല, ശാമിപ്പട്ടർ മനഃപൂൎവ്വം തന്നെക്കുറിച്ചുള്ള കല്പനം മറച്ചുവെച്ചിരിക്കയോ?—പണിക്കരുടെ മനസ്സു വല്ലാതെ കലങ്ങിയും കുഴങ്ങിയും പരവശമായി. ആ വേദാന്തിക്കു—തൻെറ വേദാന്തം എത്ര

തന്നേ മഹത്തായിരുന്നിട്ടുംകൂടി—ഈ സന്ദേഹങ്ങളെ പരിഹരിപ്പാൻ കഴിഞ്ഞില്ല.

പണിക്കർ ഇക്കുറി ഭയാക്രാന്തനാകയൊ, അതുനിമിത്തം ചുമരിൽ തലതല്ലുകയോ ചെയ്തില്ല; നേരേമറിച്ചു്, നിശ്ശേഷം ശാന്തനായിരുന്നു—മുമ്പും പിമ്പും ഉണ്ടായിട്ടുള്ള 'ശമധനരായ മാമുനിജനേഷു' കണ്ടിരിക്കുന്ന ശാന്തിക്കു തുല്യം—എന്നാൽ, പണിക്കരുടെ ശാന്തി, നൈരാശ്യത്താൽ ഉണ്ടായതായിരുന്നു എന്നു ഭേദം.

തൻെറ ജീവിതത്തിൽ അന്നേവരെ പ്രവൎത്തിച്ചിട്ടുള്ള കഥകളെല്ലാം പണിക്കർ തൻെറ മനോദൃഷ്ടിക്കു മുമ്പിൽ നിരത്തിനോക്കി; താൻചെയ്തിട്ടുള്ള അകൃത്യങ്ങളെ ഒന്നൊന്നായിഎണ്ണി. സ്വൎഗ്ഗവാതിൽ കടപ്പാൻ തന്നെ അനുവദിക്കയില്ലെന്നു നിശ്ചയം ആയി. അതിലേയ്ക്കു് ആശവെയ്ക്കേണ്ടെന്നും ബോധ്യപ്പെട്ടു—താൻ പാപങ്ങൾ ചെയ്തതോ ഇരിക്കട്ടെ, അതിലുമപ്പുറം, ദൈവത്തെ പരിഹസിച്ചില്ലെ? അങ്ങനെയൊരുവസ്തു ഇല്ലെന്നു താൻ നിന്ദിച്ചില്ലെ? ദൈവമോ,—ശാമിപ്പട്ടരുടെ ആത്മാവു പറയുന്നതു വിശ്വസിക്കാമെങ്കിൽ—നരകാധിപതിയായ തിരുവടികളെക്കായിലും ദയകുറഞ്ഞ ആളാണല്ലോ. ഇല്ല, നിശ്ചയമായിട്ടും, സ്വൎഗ്ഗപ്രവേശത്തിൽ ആശവെയ്ക്കേണ്ടുന്ന ആവശ്യമില്ല; അവകാശവുമില്ല.

എന്നാലിനി, നരകമൊ? ആ സംഗതിയിൽ ആശയുടെ പ്രകാശലേശം തൻെറമേൽ തട്ടുന്നുണ്ടു്. പാപകൎമ്മങ്ങളിലും ഈശ്വരവിശ്വാസധിക്കാരത്തിലും തൻെറ ചങ്ങാതിയായിരുന്ന ശാമിപ്പട്ടൎക്കു, നരകവാതിൽ തുറന്നുകൊടുത്തു്, ആ ശാശ്വതനഗരിയുടെ അത്ഭുതകാന്തിവിലാസം അനുഭവിപ്പാൻ, സൎവ്വശക്തനായ നരകാധിപൻ തിരുവടികൾ ദയാപൂൎവ്വം അവകാശം അനുവദിച്ചുവല്ലോ. പക്ഷേ, പട്ടികയിൽകൊണ്ട പാപങ്ങളിലേതാനും ചെറുപ്പകാലത്തെ ചോരത്തിളപ്പിൽ താൻ ചെയ്തുപോകയും, ശാമിപ്പട്ടർ അങ്ങനെ ചെയ്യാതിരിക്കയും ഉണ്ടായിട്ടുണ്ടോ?—ഒരു കാൎയ്യ

ത്തിൽ സംശയമില്ല, പണിക്കരുടെ അറിവെത്തിയെടത്തോളം, ശാമിപ്പട്ടർ മഹത്തായ പുണ്യം ഒന്നും ചെയ്തിട്ടില്ലായിരുന്നു.

ഛീ! താൻ വേദാന്തിയായിരിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം? അതിലുമെത്രയോ ഭേദമായിരുന്നു തീരെ മഠയനായിരിക്കുക. അടുത്ത കായിതം കിട്ടുംവരെ യാതൊന്നും തീർച്ചപ്പെടുത്തുവാൻ കഴികയില്ലല്ലൊ. ഇരുട്ടിൽ തപ്പിത്തടയുകയല്ലാതെ, മറെറന്തു ചെയ്യാൻ കഴിയും? തൻെറ വേദാന്തം,—അതിൻെറ അധിഷ്ഠാനംതന്നെ തെററിയിരിക്കുന്നു—തീരെ നിഷ്പ്രയോജനം. ഇങ്ങനെ യാതൊന്നും നിശ്ചയമാവാതെ, ആകാശത്തൂലിൽ തലകീഴായി തൂങ്ങിക്കിടക്കുക! അതു തൻെറ **പ്രാണനാശത്തിനും** കൂടെ സംഗതി വരുത്തുമല്ലൊ!

പണിക്കർ ഞെട്ടിവിറച്ചു. അയാളുടെ നാഡികളിൽ രക്തം ഉറച്ചുപോയി; ആ സംശയത്തെപ്പററി വിചാരിച്ചു് എല്ലുകൾ കിടുകിടുത്തു. അതു്, പക്ഷേ, തൻെറ ജീ**വനാശം** വരുത്തുമായിരിക്കാം. താൻ മുമ്പുതന്നെ അനുഭവിച്ച സങ്കടങ്ങളൊക്കെക്കൂടി, തന്നെ, തൻെറ ശവക്കുഴിയിലേയ്ക്കു് ഉന്തിത്തള്ളിക്കൊണ്ടു ചെന്നു് അടുത്തെത്തിച്ചിരിക്കുന്നു.

ഇനിയും സങ്കടമനുഭവിച്ചനുഭവിച്ചു കിടക്കേണമെന്നോ?

എത്രകാലം? തൻെറ ആത്മാവു് എത്രകാലം ഈ പ്രാണസങ്കടം അനുഭവിക്കണം?

രണ്ടാമത്തെ കായിതം വന്നുചേരാൻ എത്രയോ മണിക്കൂറു്, അല്ല നാൾ, അതുമല്ല മാസം, അതുംപോരാ, സംവത്സരം കഴിയേണ്ടിയിരിക്കും—**അപ്പോഴോ?** അതെത്തുമ്പോഴേയ്ക്കും താൻ ഇഹത്തിൽനിന്നു **പുറത്തു പൊയ്പ്പോയിയെങ്കിലോ?**

ആ ഈശ്വരവിശ്വാസനിന്ദകൻ—ആത്മാവിൻെറ അനശ്വരതയെ നിഷേധിച്ച ആ വേദാന്തി—ആ പാഷണ്ഡൻ—ആത്രമ

ത്തിനകത്തു് നിലത്തുള്ള പൂഴിയിൽ കിടന്നുരുണ്ടു്, മുഖം മേല്പോട്ടാക്കി, തീവ്രതാപത്തോടുകൂടി പ്രാർത്ഥിച്ചു—ഈശ്വരനോടല്ല; ഈശ്വരനോടു പ്രാത്ഥിപ്പാൻ ഭയമായിരുന്നു—സവ്വശക്തനായ നരകാധിപനോടു പ്രാത്ഥിച്ചു. പ്രേതപിശാചാദികളുടെ നാഥനായ ആ തിരുവടികളോടു്, എത്രയോ ഏറെനേരം, സാഞ്ജലിയായി, ഉന്മുഖനായി നരകപ്രവേശാനുവാദത്തെ യാചിച്ചു; നരകത്തിനുള്ളിൽ കടത്തണമേ എന്നു് കേണിരന്നു.

# രണ്ടാം ഭാഗം

# 1

## ദയനീയമായ പ്രാത്ഥന

ദിനംപ്രതി, സൂൎയ്യോദയത്തിൽ, വാൎദ്ധക്യഗ്രസ്തനായി, നട്ടകൂന്നു വളഞ്ഞവനായി, ക്ഷീയമാണനായിട്ടുള്ള ഒരു മനുഷ്യൻ 'ദുരിതവീഥി'യിൽനിന്നു്, ഏറെ അകലെയുള്ളതല്ലാത്തതും നഗരപ്രാന്തത്തിൽ കിഴക്കേ അതിരായി ഒഴുകുന്നതും ആയുള്ള 'തമസാ'നദിയുടെ തീരത്തേയ്ക്കായി, മതിമറന്നവനെന്നവണ്ണം കാലിടറിയും പതറിയും നടന്നുപോവുന്നുണ്ടായിരുന്നു. കവിളൊട്ടി, തോലുതൂങ്ങി, നെററിചുളുങ്ങി, വെളുത്ത ചുരുൾമേഘങ്ങൾക്കൊപ്പം കാററിൽ പറന്നും പിന്നെയും വന്നണഞ്ഞുംകൊണ്ടിരുന്ന നരച്ച തലമുടിയെക്കൊണ്ടു് മേല്ക്കൂട്ടിയിട്ടു് വിതാനിക്കപ്പെട്ടിരുന്ന അയാളുടെ മുഖരംഗത്തിൽ, ഓരോ നാൾ കഴിയുന്തോറും, പൂൎവ്വാധികം സ്പഷ്ടമായി കളിച്ചു തുടങ്ങിയ തീവ്രമായ നൈരാശ്യത്തെ, കപടസന്തോഷഭാവമാകുന്ന തിരശ്ശീലയിട്ടു് കാഴ്ചക്കാരുടെ ദൃഷ്ടിയിൽനിന്നു മറച്ചുവെപ്പാൻ, ആ ആൾ തുനിഞ്ഞിരുന്നതേയില്ല. പുഴവക്കത്തെത്തിയാൽ, അയാൾ, കടവിന്നടുക്കലുള്ള ആൽത്തറമേൽ ഇരിക്കയും, തൻെറ പൊതി അഴിച്ചു കായോ കനിയോ കിഴങ്ങോ എടുത്തു തിന്നുകയും, ദാഹിക്കുമ്പോൾ പുഴയിലിറങ്ങി വെള്ളം കോരി കുടിക്കയും ചെയ്തുവന്നിരുന്നു. ഇങ്ങനെ പകൽ മുഴുവൻ അവിടെ തന്നെ ഇരുന്നു. തൻെറ ചുററും നടക്കുന്ന സംഗതികൾ എന്തെന്നോ; കൂട്ടംകൂടുന്ന ആളുകൾ ആരെന്നോ, ആ ആൾ നോക്കാറുമില്ലായിരുന്നു; ചില സമയങ്ങളിൽ ആ ആൾ എന്തോ പിറുപിറാ പറയുന്നതു്, യദൃച്ഛയാ അരികിൽ ചെന്നിരിക്കുന്നവർ കേൾക്കാറുമുണ്ടായിരുന്നു.

സൂൎയ്യാസ്തമയത്തോടുകൂടി തൻെറ പാർപ്പിടത്തേയ്ക്കു മടങ്ങി

ച്ചെന്നു ചേരുമ്പോൾ, ആ ആളുടെ മുഖത്തു് ഒരു തെളിച്ചം വരുന്നതായി കാണാം; അന്നേരംവരെ ജീവനില്ലാത്തവണ്ണം മങ്ങി മയങ്ങിയിരുന്നിരുന്ന ദൃഷ്ടികൾ സപ്രത്യാശമായ നോട്ടത്താൽ സുപ്രസന്നമാവുകയും, ഉമ്മറപ്പടി തുറക്കുന്ന നേരം തുടങ്ങി അ ആളുടെ രക്തനാഡികളിൽ ഒരു പുതിയ ജീവൻ പ്രസരിക്കുന്നതായി തോന്നുകയും ചെയ്തിരുന്നു. അയാൾ അടക്കാൻ വയ്യാത്ത ജ്വരവേഗത്തിൽ തൻെറ മെത്തയുടെ കാല്ക്കലുള്ള കടലാസുകെട്ടുകളെ ചെന്നെടുത്തു്, അഴിച്ചു പിരിച്ചിട്ടു്, വളരെ ഉൽക്കണ്ഠയോടെ, തിരിച്ചും മറിച്ചും വായിച്ചു നോക്കും. താൻ തെരഞ്ഞുവന്ന സാധനം അവിടെ ഇല്ലെന്നു കണ്ടാലുടൻ, അല്പം മുമ്പ് പ്രസരിച്ചു തുടങ്ങിയ പുതിയ ജീവൻ രക്തനാഡികളെ പിരിഞ്ഞുപോകയും, അയാൾ ആശാഭംഗത്താൽ തീരെ തളൎന്നു മെത്തയിൽ വീണു സങ്കടപ്പെട്ടുകയും ചെയ്യും.

ഈ കഷ്ടസ്ഥിതിയിൽ നാൾ കഴിച്ചുപോന്നിരുന്ന ആ ജീവി ആരായിരുന്നു? അയാൾ ശബരാശ്രമവാസി ശങ്കുപ്പണിക്കരല്ലാതെ മററാരുമല്ല. അയാളാവട്ടെ, ശാമിപ്പട്ടരുടെ വാഗ്ദാനപ്രകാരം നരകത്തിൽനിന്നു വരേണ്ടതായ രണ്ടാം കായിതത്തെ ഉല്ക്കണ്ഠയോടെ പ്രതീക്ഷിക്കയായിരുന്നു.

ദിവസന്തോറും പുലച്ച്യ്ക്കു് ഉണൎന്നാൽ, ആദ്യമായി, തൻെറ മെത്തയുടെ കാല്ക്കൽ വല്ലതും പുതിയ സാധനം വീണുകിടക്കുന്നുണ്ടോ എന്നു് ഉററുനോക്കും. കാല്ക്കലെന്നു വേണ്ട, ആശ്രമത്തിനുള്ളിലൊരേടത്തും താൻ പ്രതീക്ഷിക്കുന്ന നരകകായിതം കാണുകയുമില്ല. എന്നാലും, ആ കായിതത്തെ താൻ ഉറങ്ങുമ്പൊഴോ ആശ്രമത്തിൽ ഇല്ലാതിരിക്കുമ്പൊഴോ മാത്രമേ നരകാധിപൻ തിരുവടികൾ അവിടെ അയപ്പിക്കയുള്ളു എന്നു് സമാധാനപ്പെട്ടു്, പുലർച്ച്യ്ക്കുതന്നെ, പണിക്കർ ആശ്രമം വിട്ടുപോകയും ചെയ്യും. ഒരു കാലത്തു താൻ നടത്തിയിരുന്ന തത്വാന്വേഷണത്തിൻെറ ഫലങ്ങളെ രേഖപ്പെടുത്തിവെച്ചിട്ടുള്ള കടലാസുകൾ ഒന്നും തനിക്കു്

ഇപ്പോൾ പ്രയോജനകരമല്ലെന്നല്ല, തീരെ നിസ്സാരമായിത്തീൎന്നിരിക്കുന്നുവെന്നുംകൂടി ബോധ്യപ്പെട്ടുകകൊണ്ടു്, അവയെപ്പററിയും പണിക്കൎക്ക് താല്പൎയ്യമില്ലെന്നറിയിപ്പാൻവേണ്ടി അവയെയും വെടിഞ്ഞുപോകും. അവയ്ക്കുപകരം, നരകത്തിൽനിന്നു വരേണ്ടതായ രണ്ടാംകായിതം വന്നു ചേൎന്നുവെങ്കിൽ, എത്രയോ സംതൃപ്തിപ്പെടാമായിരുന്നു എന്നും അയാൾ വിചാരിക്കും. ആ കായിതം കിട്ടിയാൽ, രണ്ടാലൊന്നു നിശ്ചയം: തൻെറ മനസ്സിനു ഭയമോ, സന്തോഷമോ, രണ്ടാലൊന്നു തീൎച്ചയാക്കാം. ഈ സമാധാനത്തോടുകൂടിയായിരുന്നു അയാൾ പകൽ മുഴുവനും ആശ്രമത്തിന്നു പുറമെ പോയിരുന്നതു്.

ദിവസങ്ങൾ കഴിഞ്ഞു; ആഴ്ചവട്ടങ്ങൾ കഴിഞ്ഞു; മാസങ്ങളും കഴിഞ്ഞു; പണിക്കൎക്കും ശവക്കുഴിക്കും തമ്മിലുള്ള അകൽച്ചയും അടിക്കടി കുറഞ്ഞുവന്നു. ഇങ്ങനെ മുന്നൂററി അറുപത്തിനാലു ദിവസങ്ങൾ കഴിഞ്ഞു; എന്നിട്ടും നരകകായിതം വന്നു ചേൎന്നില്ല.

മുന്നൂററി അറുപത്തഞ്ചാംനാളിൽ—ശാമിപ്പട്ടർ മരിച്ചതിൻെറ രണ്ടാം ആണ്ടു തികയുന്ന നാളിൽ—സൂൎയ്യരശ്മികൾ ആശ്രമഭിത്തിയിലെ സുഷിരങ്ങളിലൂടെ അകത്തു കടന്നുതുടങ്ങിയ സമയം പണിക്കർ എണീററു് ഉൽകണ്ഠയോടെ നരകസന്ദേശത്തെ അവിടെയെങ്ങും തെരഞ്ഞുനോക്കി.

'നരകത്തിലെ ആത്മാക്കൾക്കു കാലനിൎണ്ണയം ചെയ്യാൻ കഴിവില്ലെങ്കിലും, സൎവ്വശക്തനായ നരകാധിപൻതിരുവടികൾക്കു കഴിയും, നിശ്ചയം. അതല്ലെങ്കിൽ, ആ തിരുവടികൾ, ശാമിപ്പട്ടർ മരിച്ചതിൻെറ ഒന്നാം ആണ്ടു തികയുന്ന നാളിൽതന്നെ ആ ഒന്നാംകായിതം ഇവിടെ എത്തിച്ചതെന്തിനായിരുന്നു? അതിന്മണ്ണം, അതേമാസത്തിൽ അതേ തീയതിയിൽതന്നെ, തിരുവടികൾ രണ്ടാം കായിതത്തെയും ഇവിടെ എത്തിക്കും'—എന്നിങ്ങനെ യുക്തിപ്രയോഗിച്ചു സമാധാനപ്പെട്ടുവെങ്കിലും, അയാൾ അവിടത്തെ അന്ധകാരത്തെ തപ്പിത്തടവുമ്പോഴെയ്ക്കും, കൈകൾ വിറയ്ക്കുകയും, ഹൃദയം ക്രമത്തിലധികം വേഗം അടിക്കയും ചെയ്തു.

അ—ാ—ാ—ാ! ഹൃദയസ്പന്ദം അടങ്ങി—ആശ്രമത്തിലൊരേടത്തും നരകകായിതം വന്നു ചേൎന്നിട്ടില്ല.

പണിക്കർ പ്രാണവേദന അനുഭവിച്ചു; എന്നാൽ ഇക്കുറി മോഹാലസ്യപ്പെട്ടുകയോ, ചുമരിൽ തല തല്ലുകയോ, തലമുടി പറിച്ചു ചീന്തുകയോ, ഭീഷണരവം പുറപ്പെടുവിക്കയോ ചെയ്തില്ല. അയാളുടെ ഉള്ളിൽ ശേഷിച്ചിരുന്ന ജീവൻ നിശ്ശേഷം നിഷ്ക്രമിച്ചതായി തോന്നി. തൊണ്ടയിൽ ശ്വാസം തടഞ്ഞുവീൎത്തു. മരണം അടുത്തു എന്നുള്ള വേദനയും ഉണ്ടായി. തന്റെ ആത്മാവിനു് ഒരിക്കലും സമാധി സിദ്ധിക്കാത്തതായ ശൂന്യത്തിൽ കിടന്നുഴലുവാൻ വിധി കല്പിക്കപ്പെട്ടു എന്നും അയാൾക്കു തോന്നി.

അയാൾ നിലത്തുവീണു; വീണ്ടും വീണ്ടും ദണ്ഡനമസ്കാരം ചെയ്തു്, ദയനീയമായ ശോകസ്വരത്തിൽ, അന്തർവിലാപത്തോടുകൂടി, പ്രാൎത്ഥിച്ചു:—"സൎവ്വശക്തനായുള്ളോവെ, ഈ ഏഴയിൽ കരുണയുണ്ടാകണമേ, **കരുണ** വേണമേ, **കരുണ** വേണമേ! ഈ ഭൂമിയിൽ കിടന്നു് ഇങ്ങനെ ഭയങ്കരമായ കഷ്ടമനുഭവിപ്പാൻ ഞാൻ എന്തു കുററം ചെയ്തു? നിന്തിരുവടി എന്നെ ഒന്നു തൃക്കൺ പാൎത്താലും! എന്നിൽ കൃപവെച്ചാലും! പ്രാണസങ്കടകരമായ ഈ സന്ദിഗ്ദ്ധാവസ്ഥയിൽനിന്നു് തിരുവടികൾ എന്നെ കരകേററിയാലും! അളവററ ദുഃഖംകൊണ്ടു തകൎന്നിരിക്കുന്ന എന്റെ ആത്മാവിനെ നിന്തിരുവടികൾ ദയവെച്ചു മോചിപ്പിക്കേണമേ!"

അയാളുടെ ശബ്ദം ക്ഷീണിച്ചു; ഒച്ച പുറപ്പെടാതെയായി; പ്രാൎത്ഥനകളും അടങ്ങി. ആ തത്ത്വജ്ഞാനി തന്റെ അനശ്വരമായ ആത്മാവിന്നു സിദ്ധിപ്പാൻ പോകുന്ന പ്രതിഫലമെന്തെന്നു് അറിയാതെ മോഹാലസ്യത്തിൽ വീണു.

അങ്ങനെ കിടക്കുമ്പോൾ—സാധാരണയായി സംജ്ഞയില്ലാതെ കിടക്കുന്ന അവസ്ഥയിൽ ചിലൎക്കു സംഭവിക്കാറുള്ളതിനൊത്തു്—അയാൾക്കു തലച്ചോറിൽ എന്തോ ഇളക്കം തട്ടിയതാ

യിതോന്നി; എന്തോ ഒരു മന്ത്രശബ്ദം പാഞ്ഞുവരുന്നതായി കേട്ടു; സുഗന്ധവാഹിയായ ഒരു മന്ദമാരുതൻ അയാളുടെ മുഖത്തിന്മീതെ സഞ്ചരിച്ചതായും, അയാളുടെ നരച്ച തലമുടികളെ മെല്ലെ ചലിപ്പിച്ചതായും അനുഭവപ്പെട്ടു. ഉടനടി സംജ്ഞയും ഉണ്ടായി. അയാൾ എണീററു. മൃതസഞ്ജീവിനിയുടെ പ്രഭാവത്താലെന്നവണ്ണം, അയാൾക്കു തേജസ്സും ഓജസ്സും സന്തോഷവും പ്രത്യാശയും ഉദിച്ചു. ആവൂ! ഈ പുതിയ ജീവൻ രണ്ടാം നരകകായിതം കിട്ടി വായിക്കുംവരെ നിലനിന്നുവെങ്കിലോ, തൻെറ ആത്മാവിനു്, വിധിച്ചിട്ടുള്ള ഭാഗധേയം എന്താണെന്നു നിശ്ചയം വരുത്തിയുംകൊണ്ടു്, ഈ മാംസരക്താസ്ഥിചർമ്മക്കൂടിനെ വിട്ടുപോവാമായിരുന്നു.

പണിക്കരുടെ സൂക്ഷ്മദൃഷ്ടികൾ തൻെറ മെത്തയുടെ കാല്ക്കലേയ്ക്കു പെട്ടെന്നു പതിച്ചു; അടുത്ത ക്ഷണത്തിൽ ഒരു സന്തോഷതരംഗവും, അതിനെ തുടൎന്നു് ഒരു ഭയതരംഗവും അയാളുടെ തലച്ചോറിലൂടെ പാഞ്ഞടിച്ചു കയറി.

അതാ! അവിടെയുണ്ടു് രണ്ടാം നരകകായിതം ചുരുണ്ടു കിടക്കുന്നു!

പുറംകാഴ്ചയിൽ അതു് എല്ലാംകൊണ്ടും ഒന്നാമത്തേതിനു തുല്യമായിരുന്നു.

തൻെറ പ്രാൎത്ഥനയെ ഇത്രവേഗത്തിൽ സഫലമാക്കിയതിന്നു് സൎവ്വശക്തനായ നരകാധിപൻ തിരുവടികളോടു മനസാ കൃതജ്ഞതയെ പ്രദർശിപ്പിച്ചുംകൊണ്ടു്, പണിക്കർ, മുഖം പൊന്തിച്ചു മേല്പെട്ടു തന്നെ നോക്കിക്കൊണ്ടിരുന്നു.

ഉടൻ, അസ്വാഭാവികം അല്ലെങ്കിലും, അനുചിതമായുള്ള, ദ്രുതഗതിയോടേ അയാൾ ആ കായിതച്ചുരുൾ റാഞ്ചിയെടുക്കയും, താൻ ഏറെ കാലമായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ശവശരീരത്തെ മാൎഗ്ഗത്തിൽ കണ്ടെത്തുന്ന അതിബുഭുക്ഷുവായ രാജാളിക്കഴുകനെപ്പോലെ, ആ കായിതത്തിലെ ഉള്ളടക്കങ്ങളെ ഭക്ഷിപ്പാൻ തുടങ്ങുകയും ചെയ്തു.

# 2

## രണ്ടാം കായിതം

"നരകം

"പ്രിയപ്പെട്ട ശങ്കപ്പുണിക്കരേ,

"സർവ്വശക്തനായ ഇവിടത്തെ തിരുവടികളുടെ കല്പന അനുസരിച്ചു ഞാൻ ഇതാ വീണ്ടും നരകവാർത്തകൾ എഴുതി അയയ്ക്കുന്നു. ഓരായിരം കായിതങ്ങൾ എഴുതിയാലുംകൂടി, പാപലേശം ഇല്ലാത്തതായ ഈ നഗരത്തെക്കുറിച്ചു പൂർണ്ണമായൊരു വിവരണം ചെയ്യാൻ സാദ്ധ്യമല്ല: അത്രവളരെ മഹത്താണു് ഈ നരകപുരം. പണിക്കരേ, ഇവിടത്തെ തിരുവടികളുടെ കണക്കെഴുത്തുപിള്ളയായി ചിത്രഗുപ്തൻ എന്നൊരുവനുണ്ടെന്നും, അയാൾ മനുഷ്യരുടെ നന്മതിന്മകൾക്കു കണക്കുവെയ്ക്കുന്നുണ്ടെന്നും, അയാൾ കണക്കു കേൾപ്പിച്ചിട്ടാണു തിരുവടികൾ ദൂതന്മാരെ അയച്ചു ഭൂമിയിൽനിന്നു മനുഷ്യാത്മാക്കളെ കെട്ടിയിഴച്ചുകൊണ്ടുവരുന്നതെന്നും, പാപം ചെയ്തവരെ പല പല നരകങ്ങളിലിട്ടു കഷ്ടപ്പെടുത്തുമെന്നും, അപ്പോൾ ആ ആത്മാക്കൾ കരയുമെന്നും മററും നിങ്ങൾ 'മാർക്കണ്ഡചരിത'ത്തിൽ വായിച്ചിരിക്കുമല്ലൊ. അതെല്ലാം വ്യാജവർണ്ണനമാണെന്നു ഞാൻ മുമ്പത്തെ കായിതത്തിൽ പറഞ്ഞിട്ടുമുണ്ടല്ലൊ. നരകദ്വാരത്തിങ്കൽ അനേകായിരം ആത്മാക്കൾ വന്നു കൂട്ടംകൂടിക്കിടന്നു നരകപ്രവേശത്തെപ്പററി പേടിയോടേ എപ്പൊഴും ചലപിലാ ചലമ്പിക്കലമ്പിക്കൊണ്ടിരിക്കാറുണ്ടെന്നും നിങ്ങൾ കേട്ടിരിക്കുമല്ലൊ: ഈ വർണ്ണനയും തീരെ അസത്യമായിട്ടുള്ളതാണെന്നു നിങ്ങൾ ധരിക്കണം. എന്നാൽ ആ ആത്മാക്കളുടെ ഭാഷയെക്കുറിച്ചു് ഒരു സംഗതി പറവാനുണ്ടു്: ഏതു ലോകത്തിൽനിന്നു വരുന്നവരായാലും ശരി, ആ ലോകത്തിലെ ഭാഷ സംസാരിച്ചുകൊണ്ടുതന്നെയാണു് ആത്മാക്കളെല്ലാം നരകദ്വാരത്തിലേയ്ക്കു വരുന്ന

 തു്. ആ അവസ്ഥയിൽ അവരുടെ ഭാഷകൾ തമ്മിൽ യോജിക്കാതെ ഒരു കലമ്പലായി തോന്നുമെന്നതിൽ സംശയമില്ല. എന്നാൽ അങ്ങനെ വന്നുചേരുന്ന ആത്മാക്കൾ, നിങ്ങൾ മനുഷ്യർ തെററിദ്ധരിച്ചിരിക്കുംപ്രകാരം, കോടിയോ ലക്ഷമോ ആയിരംതന്നെയുമോ ഇല്ലാ. ഒന്നാമതായി, ആത്മാക്കളുടെയെല്ലാം പുണ്യപാപങ്ങൾ തുലാസ്സിലിട്ടു തൂക്കംനോക്കുവാൻ ഈശ്വരൻ പ്രത്യേകമൊരുദിവസം നിശ്ചയിച്ചിട്ടുണ്ടെന്നുള്ള വിശ്വാസമേ അബദ്ധമാണു്. അങ്ങനെയൊരു നിശ്ചിതദിവസമുണ്ടായിരുന്നാലല്ലാതെ, ഈ നരകദ്വാരത്തിങ്കൽ കോടികോടി ആത്മാക്കൾ ഒന്നായി കൂട്ടംകൂടി വരുവാൻ ഇടയില്ലല്ലൊ. ഓരോ ആത്മാവും—ഏതു ലോകത്തിൽനിന്നായാലും—അതു തല്ക്കാലം പാർത്തിരുന്ന മർത്ത്യദേഹത്തിൽനിന്നു പിരിഞ്ഞാലുടൻതന്നെ, സ്വർഗ്ഗപ്രവേശം അനുവദിക്കപ്പെടാതെ ആട്ടിപ്പായിക്കപ്പെടുന്നതാണെങ്കിൽ, തിരുവടികളുടെ കല്പനപ്രകാരം ചെന്നെതിരേല്ക്കുന്ന ദൂതന്മാരോടൊന്നിച്ചു് ഇങ്ങട്ടു പോരുന്നു. ആ സ്ഥിതിക്കു കോടിക്കണക്കായിട്ടോ ലക്ഷക്കണക്കായിട്ടോ സഹസ്രക്കണക്കായിട്ടോ കൂട്ടംകൂടി വരുവാൻ സംഗതിയുണ്ടോ? അതുംപോകട്ടെ. സ്വർഗ്ഗപ്രവേശം ലഭിക്കാതെ പോരുന്ന ആത്മാക്കൾക്കു്—അപൂർവ്വം ചില സംഗതികളിലൊഴികെ—നരകപ്രവേശം സുലഭമായിരിക്കെ, അവർ നരകദ്വാരത്തിൽ കൂട്ടംകൂടിക്കിടന്നു നരകപ്രവേശകാര്യത്തിൽ കലമ്പലുണ്ടാക്കാനും ന്യായമില്ലല്ലൊ. ആ ആത്മാക്കൾ നരകപ്രവേശത്തിൽ വൈമനസ്യപ്പെടുമാറേ ഇല്ല, എന്നല്ല, നരകത്തിൽ കടത്തിവിടേണമേ എന്നുള്ള അഭ്യർത്ഥനയോടുകൂടിയാണു വരാറുള്ളതും. അതങ്ങനെയിരിക്കട്ടെ. അവരുടെ ഭാഷ നരകദ്വാരത്തിലെത്തുംവരെ മുമ്പത്തെ ലോകത്തിൽ സംസാരിച്ചിരുന്ന ഭാഷതന്നെയാണെന്നു ഞാൻ പറഞ്ഞുവല്ലൊ. നരകത്തിനകത്തു് എന്തു ഭാഷയാണു സംസാരിക്കുന്നതെന്നു നിങ്ങൾക്കു് അറിയണ്ടേ? ദിവ്യദിവ്യമനോഹരങ്ങളായ രത്നവിശേഷങ്ങൾ വിളങ്ങുന്നതായുള്ള നരകവാതിൽ കടന്നാൽ ഇങ്ങു

ള്ളിലെങ്ങും ഏകരൂപമായ ഭാഷയാണു് എല്ലാ ആത്മാക്കളും സം സാരിക്കുന്നതു്. ഈ ഭാഷ അവരുടെ മൎത്ത്യലോകങ്ങളിൽ ഉള്ള വയോടൊന്നും സാമ്യമുള്ളതേ അല്ല. ഈ ഭാഷ വിശേഷാഭ്യാ സംകൊണ്ടു വശപ്പെട്ടുത്തേണ്ടതായിട്ടുള്ളതുമല്ല; നരകവാതിൽ കട ന്നാലുടൻതന്നെ സഹജാവബോധത്താൽ ഭാഷാപരിചയം ഉണ്ടാ യിക്കൊള്ളുന്നതാണു്. ഹാ! എത്ര മധുരം! എത്ര ചേതോഹരം! അനേകം കുല്യകൾ ഒന്നായി കാററിലിളകി കിലകിലരവം പുറ പ്പെട്ടുവിക്കുമ്പോലെ കേൾക്കാം ഇവിടെ ആത്മാക്കൾ സംസാരി ക്കുന്ന ശബ്ദം. ഇങ്ങനെ പുതിയതായൊരു ഭാഷ സ്വയമേ വശ പ്പെടുന്നുണ്ടെങ്കിലും, ആത്മാക്കൾക്കു്, അവരുടെ മുമ്പത്തെ ലോക ത്തിൽ മൎത്ത്യന്മാരെന്ന അവസ്ഥയിലിരിക്കുമ്പോൾ വശപ്പെട്ടി ട്ടുള്ള ഭാഷകൾ മറന്നുപോകയില്ല. അരൂപിയായി അദൃശ്യനായി രിക്കുന്ന ആത്മാവിനു സംഭാഷണം ചെയ്യാൻ ശക്തിയുണ്ടു് എന്നു കേൾക്കുമ്പോൾ, പണിക്കരേ, നിങ്ങളെപ്പോലെയുള്ള മൎത്ത്യന്മാ ൎക്കു വിശ്വാസം വരില്ലായിരിക്കാം; നിങ്ങൾക്കു് അത്രയ്ക്കല്ലേ ബു ദ്ധിശക്തിയുള്ളൂ? വിശ്വസിക്കുകയില്ലെങ്കിൽ, അതും നമ്മൾ മുമ്പു്, 'തെളിവെവിടെ?' എന്നു ചോദിച്ചിരുന്ന വിധത്തിലുള്ള ശാഠ്യങ്ങ ളിലൊന്നെന്നേ ഞാൻ പറകയുള്ളൂ. ഈ നരകത്തിൽ നിത്യാന ന്ദം അനുഭവിച്ചു പാൎക്കുന്ന ആത്മാക്കളായ ഞങ്ങൾക്കു വായോ, കണ്ണോ, കാതോ, മൂക്കോ, ചുണ്ടോ, ഉടലോ, തലച്ചോറോ ഒന്നു മേയില്ല; എന്നാലും, സൎവ്വശക്തനായ തിരുവടികളെ സ്തുതിക്കുന്ന തിനു വേണ്ടിയ ശബ്ദങ്ങൾ പുറപ്പെടുവിപ്പാൻ ഞങ്ങൾക്കു കഴി യും; തിരുവടികളുടെ ശ്രീമഹിമയേയും ലാവണ്യശോഭയേയും ക ണ്ടറിവാൻതക്ക കാഴ്ചയും ഞങ്ങൾക്കുണ്ടു്; തിരുമേനിയുടെ അത്യ ന്തം കൎണ്ണപീയൂഷമായ സ്വരവിശേഷത്തെ കേൾപ്പാൻ ശ്രവണ ശക്തിയും ഞങ്ങൾക്കുണ്ടു്; ഏററം മൃദുതരമായ മന്ദപവനൻ കൊ ണ്ടുവന്നു് എല്ലാടവും പരത്തുന്ന സുഗന്ധങ്ങളിൽ നീരാടുവാൻ വേ ണ്ടുന്ന ഘ്രാണശക്തിയും ഞങ്ങൾക്കുണ്ടു്; ആ മന്ദാനിലൻ ഞങ്ങളെ

തഴുകുമ്പോൾ ഉണ്ടാകുന്ന സ്പർശസുഖത്തെ അനുഭവിപ്പാൻ വേണ്ടിയ സ്പർശബോധവും ഞങ്ങൾക്കില്ലായ്കയില്ല; നരകത്തിലുള്ളതെല്ലാം, മത്ത്യന്മാൎക്കു് ഊഹിപ്പാൻപോലും കഴിയാത്തവിധത്തിൽ സൗന്ദൎയ്യവിലാസവിശിഷ്ടമാണെന്നു ബോധ്യപ്പെടുത്തുന്നതിനു തക്കതായ വിചാരയുക്തിശക്തിയും ഞങ്ങൾക്കുണ്ടു്. എന്നാൽ, രസബോധം മാത്രം ഈ നരകത്തിലില്ല; അതിൻെറ ആവശ്യകത ഇവിടെ ഇല്ലായ്മകൊണ്ടാണതാനും.

"പണിക്കരേ, ഇവിടത്തെ തിരുവടികൾ എഴുന്നരുളുന്നേടത്തു വന്നുചേരുവാൻ ആത്മാക്കളെല്ലാം ഇടയ്ക്കു് ഒരു നൂല്പാലം കടക്കേണ്ടതായിട്ടുണ്ടെന്നു നിങ്ങൾ മത്ത്യന്മാർ പലരും ധരിച്ചുവെച്ചിട്ടുണ്ടു്.

'ഉത്തരദ്വാരേ നാലുയോജന വിസ്താരത്തിൽ
ചിത്രമായഗ്നിയാററിൽ നൂല്പാലമതുമുണ്ടു്;
പാലവും കടന്നിട്ടു പോകയല്ലാതെ പിന്നെ
കാലൻെറ ദിക്കിലേയ്ക്കു വഴി മററില്ല പോവാൻ.'

എന്നു 'മാൎക്കണ്ഡപുരാണ'ത്തിലും,

'പതിനായിരംകാതംവഴി വിസ്താരമുള്ളോ-
ന്നതുകേൾ താമ്രമയമാകിയ തളമല്ലോ;
മേലേടം വെയിൽകൊണ്ടും കീഴേടം കത്തുമഗ്നി
ജ്വാലകൾകൊണ്ടും ചുട്ടുപഴുപ്പിച്ചുള്ള സദാ
ക്ഷുല്പിപാസാദികൊണ്ടങ്ങുള്ളിലുള്ളൊരു ചൂട്ടും
എപ്പൊഴും പൊറുത്തതിലകപ്പെട്ടുള്ള ചൂട്ടും
സഹിയാഞ്ഞിരിക്കയും നില്ക്കയും കിടക്കയും.
..........................................'

എന്നു 'മഹാഭാഗവതപുരാണ'ത്തിലും വൎണ്ണിച്ചിട്ടുള്ളതു വെറും കളവാണെന്നു ബുദ്ധിമാനും വേദാന്തിശ്രേഷ്ഠനും ആയുള്ള നിങ്ങളോടു പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യമില്ലെങ്കിലും, അങ്ങനെയൊരു കാ

ലസൂത്രത്തെപ്പററി ഇങ്ങുള്ളവക്കാക്കും അറിവില്ലെന്നും, അങ്ങനെയൊരെണ്ണമേ ഇല്ലെന്നും, ഭൂലോകജീവികളെ അറിയിപ്പാൻ തിരുവടികൾ എന്നെ ആജ്ഞാപിച്ചിരിക്കകൊണ്ടു് ആ വിവരവും എഴുതുന്നതാണു്. പണിക്കരേ, നിങ്ങളും ഞാനും ഒന്നായിരുന്നു് ഈ സംഗതിയെപ്പററി തക്കിച്ചിട്ടുള്ളപ്പോഴെല്ലാം, ഇതു മിഥ്യാകഥകളിലൊന്നാണെന്നല്ലേ തീർച്ചപ്പെടുത്തീട്ടുള്ളതു്? നമ്മുടെ തീർച്ച ശരിയാണെന്നു് എനിക്കു് തെളിവായിരിക്കുന്നു. നരകത്തിൽ നൂല്പാലവുമില്ല; അഗ്നിയാറുമില്ല; അതു കടപ്പാൻ ദൂതന്മാർവന്നു കൈപിടിച്ചിഴക്കയുമില്ല. അഗ്നിയാറോ? ഇവിടെയോ? ഞാൻ കടന്നുവന്ന വഴി എനിക്കു നിശ്ചയമല്ലേ? എത്ര പരമാനന്ദമായ മാർഗ്ഗം! അഗ്നിയാറിനുപകരം, അച്ഛസ്ഫടികസങ്കാശമായ ജലം നിറഞ്ഞൊഴുകുന്ന നദികളാണുള്ളതു്. അവയിൽ നരകനഗരത്തിന്റെ ഓരോരോ ഭാഗങ്ങൾ പ്രതിബിംബിച്ചു പ്രകാശിക്കുന്നതായുള്ള കാഴ്ച എത്രയോ മനോഹരം! ആ നദികൾ ഒഴുകിപ്പോവുമ്പോൾ കല്ലുകളുമായി മേളിച്ചു നടത്തുന്ന സംഭാഷണത്തിന്റെ സ്വരമോ, മത്ത്യന്മാക്കു ഭാവനം ചെയ്യാൻ കൂടിയും സാദ്ധ്യമല്ല. പിന്നെ ഈ നരകത്തിനുള്ളിൽ വിലസുന്ന ഉദ്യാനങ്ങളെപ്പററി എന്തു പറയേണ്ടു? അവയിൽ നാനാവിധ പുഷ്പങ്ങൾ ശാശ്വതശോഭയോടെ വിളങ്ങുന്നു; അവയുടെ നയനാകഷകങ്ങളായ വണ്ണങ്ങൾ ഭൂമിയിൽ ഒരെടവും കാണ്മാൻ ഉണ്ടാവില്ല. പുഷ്പങ്ങളും ചെടികളും അവയെ സവ്വശക്തനായ നരകാധിപൻ തിരുവടികൾ ഏതുമാതിരിയിൽ സൃഷ്ടിച്ചുവോ അതേവിധം തന്നെ ഇപ്പൊഴും നില്ക്കുന്നു. നരകത്തിനകത്തു ജീവിക്കുന്ന സകലത്തിന്നും ജീവനുണ്ടെങ്കിലും വളർച്ചയില്ലെന്നുള്ള വിശേഷസംഗതി നിങ്ങൾ ഓമ്മവെയ്ക്കേണ്ടതാണു്. വളർച്ച ഇല്ലാതാവാൻ ഹേതു എന്തെന്നു നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, സമാധാനം പറയാം. ആ ഒരു സംഗതി തിരുവടികൾ ഈ നരകം സൃഷ്ടിച്ച സമയംതന്നെ തീർച്ചചെയ്തിട്ടുള്ളതാകുന്നു. ഈ പ്രപഞ്ചത്തിൽ ദോഷങ്ങൾക്കൊക്കെയും — പാപങ്ങൾക്കൊ

ക്കെ—മൂലകാരണമായതു് വികാസം അല്ലെങ്കിൽ പ്രകൃതിസിദ്ധമായ വളർച്ച ആണെന്നാകുന്നു തിരുവടികളുടെ അഭിപ്രായം. ഈ അഭിപ്രായം എത്രയും യുക്തിയുക്തമാണെന്നു് എനിക്കു് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായത്തെ സ്ഥാപിപ്പാൻ തുനിഞ്ഞതുകൊണ്ടായിരുന്നുവല്ലൊ തിരുവടികളും ഈശ്വരനും തമ്മിൽ ആദ്യമായി ശണ്ഠ പിണഞ്ഞതു്. മാർക്കണ്ഡനെൻറ ആത്മാവിനെ ബന്ധിപ്പാൻ തിരുവടികൾ ഉദ്യോഗിച്ചതു് എന്തുകൊണ്ടായിരുന്നു? ഈശ്വരൻ അവന്നു് പതിനാറുവയസ്സുവരെ ജീവിപ്പാൻ വരം നല്കി; ആ കാലാവധി കഴിയാറായപ്പോൾ, തിരുവടികൾ മുൻനിശ്ചയമനുസരിച്ചു് അവനെ ബന്ധിപ്പാൻ തുനിഞ്ഞു. അവന്നു് വളർച്ച എന്നുള്ളതു് വിധിക്കപ്പെട്ടിരുന്നില്ലെങ്കിൽ, അന്നത്തെ കലാപങ്ങൾ ഉണ്ടാകുമായിരുന്നുവോ? അവനെ സൃഷ്ടിച്ചതും ഈശ്വരൻ, അവനു തിരുവടികളുടെ പാശത്തിൽപ്പെടുവാൻ തക്കവണ്ണം ജീവിതം നല്കിയതും ഈശ്വരൻതന്നെ; ഒടുവിൽ, ഈശ്വരൻെറ അബദ്ധത്തെ സർവ്വശക്തനായ ഇവിടുത്തെ തിരുവടികൾ ചൂണ്ടിക്കാണിച്ചു് ആക്ഷേപം ചെയ്തപ്പോൾ, അവന്നു് നിത്യം പതിനാറുവയസ്സ് എന്നുള്ള വ്യാജമോതിയതും ഈശ്വരൻതന്നെ ആയിരുന്നുവല്ലൊ. പ്രാകൃതികമായ വികാസമെന്നതേ ഈശ്വരൻെറ ഒരു് അബദ്ധസൃഷ്ടിയാണെന്നു സ്ഥാപിപ്പാൻ ശ്രമിച്ചതിനാലായിരുന്നു തിരുവടികളുടെനേക്കു് ഈശ്വരൻ കോപിച്ചതും, തമ്മിൽ യുദ്ധം നടന്നതും, തിരുവടികൾ സ്വർഗ്ഗം വെടിഞ്ഞു പോരുവാനിടയായതും. **ജീവിതം** എന്നതിനോടുകൂടി **പാപവും** ആവിർഭവിക്കുന്നു എന്നാണു് തിരുവടികളുടെ വാദം. പ്രപഞ്ചം നിരാകാരമായി നിർജ്ജീവമായിതന്നെ ഇരുന്നിരുന്നുവെങ്കിൽ, അതാവിതു് പരിണാമശക്തി എന്നൊരെണ്ണമേ പ്രവർത്തിക്കാതെയിരുന്നിരുന്നുവെങ്കിൽ, പാപം ഉണ്ടാകുമായിരുന്നില്ല; പ്രകൃതിനിയമത്തിൻെറ പ്രചാരത്തോടൊന്നിച്ചു് പാപവും കടന്നുവന്നു. ആകയാൽ, പാപമെന്നതു് ജീവിതമത്സരംതന്നെ. ഈ സംഗതിയിൽ

എനിക്കു സംശയലേശമില്ല. ബലവാൻെറ അഭിവൃദ്ധിക്കു ബലഹീനൻ പ്രതിബന്ധമായി നില്ക്കുന്നുവെങ്കിൽ, ഈ ബലഹീനനെ ബലവാൻ ഹനിക്കാതെയിരിക്കയില്ല, നിശ്ചയം. ഈ സമ്പ്രദായം ലോകത്തിൽ പരിണാമം എന്നൊന്നു തുടങ്ങിയകാലം മുതല്ക്കു നടന്നുവരുന്നുവെന്നും നിശ്ചയംതന്നെ. ഇതിൽനിന്നു മറെറാരു സംഗതിയും സ്പഷ്ടം: വികാസം അല്ലെങ്കിൽ പ്രകൃതിസിദ്ധമായ വളർച്ചതന്നേ പാപം. ഈ പാപം ഈശ്വരൻനിമിത്തം ഉണ്ടായതുമാകുന്നു. ജല്ലുകാവസ്ഥയിലാവട്ടെ, ഉത്ഭിദാവസ്ഥയിലാവട്ടെ, മത്സ്യാവസ്ഥയിലാവട്ടെ, ഇഴജന്തുവായിട്ടാവട്ടെ, സസ്തനപ്രാണിയായിട്ടാവട്ടെ, ജരായുജമായിട്ടാവട്ടെ, കുരങ്ങായിട്ടാവട്ടെ, മനുഷ്യനായിട്ടാവട്ടെ, ലോകത്തിൽ ആവിർഭവിച്ചു കണ്ടിരിക്കുന്ന ചരാചരങ്ങളിലെല്ലാം, ഈ പാപം, അവയുടെ വികാസത്തോടൊപ്പം വന്നിരിക്കുന്നു. മനുഷ്യരിൽ ആരാണു് കഷ്ടമനുഭവിക്കുന്നതെന്നു് നിങ്ങൾ ആലോചിക്കുക. കൈയൂക്കുള്ളവനല്ലേ ഈ പരിഷ്കാരകാലത്തിലും കാര്യക്കാരനായിത്തീന്നിരിക്കുന്നതു്? ബുദ്ധിശക്തിയിലാകട്ടെ, ദേഹശക്തിയിലാകട്ടെ ന്യൂനനായവനെ ശക്തിമാൻ ചവിട്ടിത്താഴ്ത്തി നശിപ്പിക്കുന്നു: ഇങ്ങനെയാണു പരിണാമഗതി.

"പണിക്കരേ, ഞാൻ ഇപ്പോൾ പറഞ്ഞതൊക്കെ ആലോചിച്ചാൽ, ഇവിടുത്തെ തിരുവടികളുടെ ബുദ്ധികൗശലത്തെയും മഹിമയെയും ദയയെയും നീതിയെയും കുറിച്ചു് നിങ്ങൾക്കു ബഹുമാനവും ആദരവും തോന്നുകയില്ലയൊ? ഈശ്വരസൃഷ്ടിയാൽതന്നേ പ്രകൃതിയുടെ കൈക്കൽ പാവയായിത്തീന്ന മനുഷ്യൻ ആ സൃഷ്ടിയിലുൾപ്പെട്ട പ്രകൃതിപരിണാമനിയമം നിമിത്തം പാപം ചെയ്യുന്നവനായിത്തീരുന്നു എന്ന ആക്ഷേപയോഗ്യമായ വ്യവസ്ഥയെപ്പററി തിരുവടികൾ പറഞ്ഞതൊന്നും ഈശ്വരൻെറ ചെവിയിൽ കടന്നില്ലല്ലൊ. ആ നിയമപ്രകാരം പാപം ചെയ്തുപോകുന്ന ആത്മാക്കൾക്കു് ഒരു ഗതി ഉണ്ടാക്കിയ തിരുവടികളുടെ കാരുണ്യം അന്യാദൃശം അല്ലെ? ആദിയിൽ ചൈതന്യരഹിത

മായിക്കിടന്നിരുന്ന പ്രപഞ്ചത്തിൽ ജീവിതമെന്ന തീപ്പൊരിയെ കൊണ്ടിട്ട ഈശ്വരൻതന്നെ എല്ലാററിൻെറയും—മേലിൽ ജനിപ്പാൻപോകുന്നവയുടെയും കൂടി—നടത്തകളെ നിയന്ത്രിക്കുന്നതായ നിയമങ്ങളെയും കല്പിച്ചുവല്ലൊ; ഈ നിയമങ്ങൾ താൻതന്നേ കല്പിച്ചിട്ടുള്ള പ്രകൃതിസിദ്ധമായ വളർച്ച അല്ലെങ്കിൽ വികാസം എന്ന മൂലനിയമത്തിന്നു വിരുദ്ധവുമായിരുന്നുവല്ലൊ. പരിണാമനിയമപ്രകാരം മനുഷ്യൻ എന്നൊരു ജീവിയെ ആവിർഭവിപ്പിച്ചതും പോരാഞ്ഞിട്ടെന്നവണ്ണം, ആ പരിണാമപ്രകാരമുള്ള പ്രാകൃതവികാസമെന്ന പാപാവസ്ഥയിൽ അവൻ ജീവിക്കുമ്പോൾ ചെയ്തുപോകുന്ന അല്പമാത്രമായ പാപത്തിന്നും കൂടി ശിക്ഷ കല്പിച്ചതു നോക്കുക! ആ സ്ഥിതിക്കു്, ഏതൊരു ലോകത്തിൽ വെച്ചായാലും, പ്രകൃതിനിയമമനുസരിച്ചു് പാപം ചെയ്തുപോയിട്ടുള്ള ആത്മാക്കൾക്കെല്ലാം പാർപ്പാനായി പ്രത്യേകമൊരു ആനന്ദസാമ്രാജ്യത്തെ സ്ഥാപിച്ച തിരുവടികളുടെ നീതിസ്വാതന്ത്ര്യപ്രവൃത്തിയെപ്പററി അഭിനന്ദിക്കാത്തവരാരുണ്ടു്?

"പണിക്കരേ, ഈ സന്ദർഭത്തിൽ നിങ്ങൾ എന്നോടു ചോദിപ്പാൻ വിചാരിക്കുന്നതെന്തെന്നു ഞാൻ ഊഹിച്ചിരിക്കുന്നു. ആദിയിൽ നിരാകാരമായിരുന്ന ഈ പ്രപഞ്ചത്തിൽ ഈശ്വരൻെറ തോന്ന്യാസത്താൽ ജീവിതത്തീപ്പൊരിയെ കൊണ്ടിട്ടിരുന്നില്ലെങ്കിൽ, ഈ പ്രപഞ്ചം ഒരു കാലത്തും ഉണരാത്തതായ ദീർഘനിദ്രയിൽ കിടക്കുമായിരുന്നു, ശരിതന്നെ. അത്രത്തോളം വിശേഷപ്പെട്ടതായ ആ തീപ്പൊരി ഈ പ്രപഞ്ചത്തിൽ പററിപ്പിടിച്ചതിൽപിന്നെ ജീവജാലങ്ങൾക്കെല്ലാററിന്നും ആത്മാവുണ്ടായിരുന്നിട്ടുണ്ടോ?—ജല്പകാകാലഘട്ടത്തിലും പ്രപഞ്ചത്തിൽ ആത്മാവുണ്ടായിരുന്നുവോ?—പാറകളിലും ആത്മാവുണ്ടായിരുന്നുവോ?—ചെടികളിലും ആത്മാവുണ്ടായിരുന്നുവൊ? മത്സ്യങ്ങളിലും?—ഇഴജന്തുക്കളിലും?—ജരായുജങ്ങളിലും? ഓഹോ! ഉണ്ടായിരുന്നു, പണിക്കരേ; ജീവനുള്ളവയ്ക്കൊക്കെയും, എന്നല്ല ജീവനെ ഉല്പാദിപ്പിച്ച

വയെല്ലാമക്കയുംകൂടി ആത്മാവുണ്ടായിരുന്നു. എന്നാൽ, ജീവൻ വികസിതമാവാതിരുന്നതിനൊപ്പം ആത്മാവും വികസിക്കാതെയിരുന്നു. വികസിച്ചിട്ടില്ലാത്ത ആത്മാവു ഗർഭത്തിലിരിക്കുന്ന ശിശുവിനെപ്പോലെതന്നെയാണു്; അതു ഗർഭത്തിൽ കിടന്നു് ഇളകുന്നുണ്ടെങ്കിലും, പുറമെവന്നു പ്രാണവായുവിനെ ശ്വസിപ്പാൻ ഇടയാകാതെയും ഭവിക്കാവുന്നതല്ലേ? ഞാൻ ചുരുക്കിപ്പറഞ്ഞേയ്ക്കാം—ഞാൻ പറയുന്നതൊന്നും നിങ്ങളുടെ ബുദ്ധിക്കു് എത്തുപെടുന്നതല്ലെന്നു ശങ്കിച്ചിട്ടല്ല വ്യക്തമാക്കുവാൻ തുനിയുന്നതു്—ഈ പ്രപഞ്ചം ക്രമേണ പലേ അവസ്ഥകളേയും കടന്നുവന്നിരിക്കുന്നു; ആ അവസ്ഥകളിലെല്ലാം ആത്മാവിൻെറ **ബീജം** ഉണ്ടായിരുന്നു. ഈശ്വരൻ ഈ പ്രപഞ്ചത്തിൽ ആദ്യമായി പ്രയോഗിച്ച ജീവകണം എന്ന മൂലബീജം പ്രകൃതിയുടെ വികാസത്തിനൊപ്പം വികസിച്ചുവന്നുവെങ്കിലും, കാലാന്തരത്തിൽ ഈ വികാസത്തിൻെറ ഫലമായി പ്രപഞ്ചത്തിലെ ഓരോരോഗ്രഹങ്ങളിലും ഏററം ശ്രേഷ്ഠതരമായ ഒരു ജീവി ആവിർഭവിക്കുംവരേയ്ക്കും, മേല്പടി ബീജങ്ങൾ എല്ലാം ഫലിച്ചിരുന്നില്ല. നിങ്ങടെ ഭൂഗോളത്തിൽ അങ്ങനെ പരിണമിച്ചുണ്ടായ ശ്രേഷ്ഠജീവി മനുഷ്യൻതന്നെയാണു്—മററു ഗ്രഹങ്ങളിലോ, അതാതിൻെറ സ്ഥിതി അനുസരിച്ചു്, പരിണാമശക്തി അതാതിന്നു് അനുരൂപമായ ജീവിയെ ആവിർഭവിപ്പിച്ചിട്ടുണ്ടു്—ഇങ്ങനെയൊരു ശ്രേഷ്ഠജീവിയെ പരിപൂർണ്ണദശയിൽ പരിണമിച്ചുകാണുംവരെ ആത്മാവും അവികസിതമായ, അപൂർണ്ണമായ, അവസ്ഥയിലിരിക്കയായിരുന്നു എന്നും; പരിണാമനിയമപ്രകാരം അവയിൽ ഒരെണ്ണം പരിപൂർണ്ണമായി വികസിച്ചപ്പോൾ മററെഎണ്ണവും അതേ സ്ഥിതിയിൽ വികസിച്ചുഎന്നും നിങ്ങൾക്കു മനസ്സിലായിരിക്കുമല്ലോ. ജീവിയും ആത്മാവും ഒപ്പം പരിപൂർണ്ണരൂപത്തെ പ്രാപിച്ചു എന്നു സ്പഷ്ടം.

"നിങ്ങൾ ഇനി ചോദിക്കാവുന്ന ചോദ്യമെന്തെന്നും ഞാൻ ഊഹിച്ചിരിക്കുന്നു. ഈ അവികസിതങ്ങളായ ആത്മാക്കൾക്കു് അനശ്വരത്വം ഉണ്ടോ? അവ,—അവയുടെമേൽ പതിക്കുന്ന വിധി

KOTTAYAM PUBLIC LIBRARY, KOTTAYAM

ത്തിച്ച് അനുസരിച്ചു സ്വർഗ്ഗത്തിലോ, നരകത്തിലോ, ശൂന്യദേശത്തിലോ എന്നെന്നേയ്ക്കും പാർപ്പാൻതക്കവണ്ണം,—സനാതനാവസ്ഥയെ പ്രാപിക്കുമോ? പണിക്കരേ, ഇല്ല, നിശ്ചയമായും ഇല്ല. ഈ നശ്വരങ്ങളായ ആത്മാക്കളെ ഉള്ളിലടച്ചുകൊണ്ടിരുന്ന ശരീരങ്ങളാവട്ടെ, ആകാരങ്ങളാവട്ടെ, പദാർത്ഥങ്ങളാവട്ടെ, തങ്ങളുടെ വികാസത്താൽ, പരിണാമനിയമപ്രകാരം അനശ്വരാത്മാവായ ഒരു ശ്രേഷ്ഠജീവിയെ ആവിർഭവിപ്പിക്കുവാൻ സഹായിച്ചിരുന്നതേയുള്ളൂ. അവ, പരിണാമമെന്ന പകിടകളിയിൽ പണയസാധനങ്ങൾ മാത്രമായിരുന്നു. അവ, അനശ്വരാത്മാവായ ഒരു നശ്വരജീവിയെ എത്തിപ്പിടിപ്പാനുള്ള കോണിയുടെ പടവുകളായിരുന്നു. മാസം തികയുംമുമ്പു പ്രസവിക്കുന്ന കുട്ടിക്കൊപ്പം, പ്രാണനുണ്ടെങ്കിലുംകൂടി, മരിപ്പാനായിട്ടു മാത്രമാകുന്നു, അവ, തങ്ങളുടെ നശ്വരഭവനത്തിൽനിന്നു പുറത്തേയ്ക്കു വന്നതു്; എന്നാൽ, അവയിൽ ഏറിയകൂറും ഗർഭത്തിൽതന്നേ മരിച്ചുപോയിരിക്കുന്നവയാണു്. ഇങ്ങനെയുള്ള അർദ്ധവികസിതങ്ങളായ ആത്മാക്കൾക്കു് അനശ്വരത്വമേ ഇല്ലതന്നെ.

“ഇതാ നിങ്ങളുടെ അടുത്ത ചോദ്യവും ഞാൻ മുൻകൂട്ടി കാണുന്നു. മററുള്ള ഗ്രഹങ്ങളിൽ, മററുള്ള സൗരയൂഥങ്ങളിൽ പാർക്കുന്നവയും, പരിണാമനിയമത്താൽ പൂർണ്ണശരീരത്തെയും അതിനോടൊപ്പംതന്നെ വികസിതമായ ആത്മാവിനേയും ലഭിച്ചിട്ടുള്ളവയും ആയിരിക്കുന്ന ജീവികളുടെ ആകൃതി എങ്ങനെയൊക്കെയാണു്? പണിക്കരേ, ഞാൻ മുമ്പു സൂചിപ്പിച്ചതിൻവണ്ണം, പ്രകൃതിവികാസത്തിന്റെ വിവിധങ്ങളായ ഗതിവിശേഷങ്ങളനുസരിച്ചു് അവയുടെ ആകൃതിയും നാനാവിധമായിരിക്കുന്നു. ഒരു ലോകത്തിലുള്ള മാതിരി ജീവികൾ മറെറാരുലോകത്തിലില്ല. ലോകംതോറും ജീവിയുടെ ആകൃതിയും മാറിയിരിക്കുന്നു. ഒന്നിൽ, പക്ഷേ, മനുഷ്യനോടു സാദൃശ്യമുള്ള ജരായുജങ്ങളായിരിക്കാം മറെറാന്നിൽ പക്ഷികളെപ്പോലെ തൂവലുള്ള ജന്തുവായിരിക്കാം, ഇനി ഒന്നിൽ, മത്സ്യത്തെ

പ്പോലെയുള്ള ജന്തുവാവാം. ഈ വിധം, ഓരോ ലോകത്തിലും ജീവികളുടെ ശരീരങ്ങൾ ഓരോ രൂപത്തിലായിരുന്നാലും, അവയുടെ ഉള്ളിലുള്ള ആത്മാവിന്നു ഭേദമില്ല. ആത്മാവു് ഏതൊരു ലോകത്തിൽ ജീവിച്ചാലും ശരി, അതിനെ പൊതിഞ്ഞിരിക്കുന്ന ശരീരം മരിച്ചാൽ—പ്രാണനില്ലാതെയായാൽ—പിന്നെ, അതു്, ആത്മാവു്,—അവസാനത്തിൽ സ്വർഗ്ഗത്തെയോ നരകത്തെയോ പ്രാപിക്കും; അതല്ലെങ്കിലോ ശൂന്യാകാശത്തിൽ **എന്നെന്നും വ്യഗ്രത അനുഭവിച്ചു കിടക്കേണ്ടിയിരിക്കും.**

"പണിക്കരേ, എത്രയോ ഭയങ്കരമായ, രാക്ഷസമായ, കൃത്യമാണിതു്! എത്രയോ ഗർഹ്യമായ അധികാരദൂഷ്യം! സർവ്വശ്രേഷ്ഠനായ—**അമർത്ത്യപ്പരിഷ**കൾക്കൊക്കെയും സർവ്വാധിപനായ—ഈശ്വരൻ പ്രപഞ്ചത്തിൽ ആദ്യമായി ഒരു ജീവസ്ഫുലിംഗത്തെ കൊണ്ടിട്ടു; ആ തീപ്പൊരി, അതിന്നു് ഒഴിച്ചുവിടുവാൻ പാടില്ലാത്തതായ വളർച്ചയുടെ അവസാനഫലമായി, ഒരു പാപജ്വാലയായിത്തീരുമെന്നു് അദ്ദേഹത്തിന്നു് **നല്ലവണ്ണം അറിവും** ഉണ്ടായിരുന്നു. ജീവൻ പരിണാമനിയമപ്രകാരം വികസിച്ചതിനൊപ്പം പാപവും ആവിർഭവിച്ചു; ജീവപരിണാമത്താൽ ശരീരവും ആത്മാവും പരിപൂർണ്ണാവസ്ഥയിലെത്തിയതിനൊപ്പം **പാപവും പരിപൂർണ്ണമായി**—അനന്തരം പാപാത്മാക്കൾക്കു ശിക്ഷയും കൂടുങ്ങി.

"താൻ ചെയ്യുന്ന പ്രവൃത്തിയുടെ അവസാനഫലം എന്തായിരിക്കുമെന്നു് അറിയാതെ ചെയ്തുപോയതായിരുന്നു ഈ തോന്ന്യാസമെങ്കിൽക്കൂടിയും, ഇതു് ഉഗ്രമായ, ഘോരമായ, ദോഷത്തമായിരുന്നു എന്നു പറയാതെ കഴികയില്ല; എന്നാൽ, ജീവൻെറയും കാലത്തിൻെറയും അഭിവൃദ്ധി അനുസരിച്ചു് ഉണ്ടാകാൻ സംഗതിയുള്ള ഭയങ്കരമായ ദോഷത്തെക്കുറിച്ചു് **പൂർണ്ണബോധത്തോടുകൂടി തന്നെ**യായിരുന്നു ഈശ്വരൻ ഈ തോന്ന്യാസം പ്രവർത്തിച്ചതു്

"അട്ടെ! മറുഭാഗം നോക്കുക. നരകാധിപനായിത്തീന്നിരിക്കുന്ന തിരുവടികളുടെ പ്രവൃത്തിയെ പയ്യാലോചിക്കുക. പ്രപഞ്ചത്തിലെ പരിണാമനിയമപ്രകാരം ജീവന്റെ വികാസത്തോടൊന്നിച്ചു് ആത്മവികാസവും, പാപവും, സിദ്ധിപ്പാൻ തക്കവണ്ണം സൃഷ്ടിക്കപ്പെട്ട ജീവിയെ ഇങ്ങനെ കഷ്ടത്തിലാക്കുവാൻ തുനിഞ്ഞ ഈശ്വരന്റെ തോന്ന്യാസത്തെ എതിൎത്തുനിന്നു്, തന്റെ നിലയ്ക്കു തന്നെയും അപത്തു വലിച്ചിട്ടു്, ഈശ്വരനുമായി യുദ്ധംചെയ്തു് നീതിയേയും സ്വാതന്ത്ര്യത്തേയും സ്ഥാപിപ്പാൻ ഉത്സാഹിച്ച തിരുവടികളുടെ കൃത്യത്തേക്കാൾ അധികം ധീരോചിതവും വീരോചിതവും ആയൊരു കൃത്യം മൎത്ത്യന്മാൎക്കു് ഊഹിപ്പാൻപോലും കഴിയുമോ? പ്രപഞ്ചത്തിൽ ജീവശ്വാസമെന്നൊന്നു കടക്കാതിരിപ്പാൻവേണ്ടി തിരുവടികൾ തന്റെ സൎവ്വസ്വവും—അമരത്വമൊഴികെ എല്ലാം—അപകടത്തിലാക്കി, മൎത്ത്യന്മാൎക്കു ദുഃഖവും പാപവും ഉണ്ടാവാതിരിപ്പാൻവേണ്ടി—അജാതന്മാരായ, എന്നല്ല അഗർഭിതന്മാരും ആയ, ആത്മാക്കളെ നിത്യവ്യഗ്രത എന്ന ഭയങ്കരമായ ദിഷ്ടക്കേടിൽനിന്നു് രക്ഷപ്പെടുത്തുവാൻവേണ്ടി, തന്റെ സൎവ്വസ്വവും പണയത്തിലാക്കി; **നഷ്ടപ്പെടുകയും ചെയ്തു.**

"അതുകൊണ്ടെന്തു്? ചതിയാൽതോല്പിക്കപ്പെട്ടവനായി,—തന്റെ അമരത്വമൊഴികെ—സൎവ്വസ്വാപഹാരം ചെയ്യപ്പെട്ടവനായി, സ്വൎഗ്ഗത്തിൽനിന്നു നാടുകടത്തപ്പെട്ടവനായി, സ്വപദഭ്രഷ്ടനായി ഭവിച്ചു എന്നാലും, തിരുവടികൾ, ജീവിതമത്സരത്തിൽ പെട്ടു്—ധൂൎത്തായിട്ടല്ല—പരിണാമനിയമപ്രകാരം പാപം ചെയ്തുപോകുന്ന ആത്മാക്കൾക്കു സുഖവാസത്തിനായി അവിടുത്തെ അത്ഭുതമായ കാരുണ്യാതിരേകത്താൽ ഒരു സാമ്രാജ്യത്തെ സ്ഥാപിച്ചു.

"പണ്ഡിതരേ, ഈ സ്ഥിതിക്കു്, മഹാമഹിമശ്രീ സൎവ്വശക്തനായ തിരുവടികൾക്കു് എന്നെന്നേയ്ക്കും നരകത്തിൽ കിടക്കുന്ന കോടികോടി ആത്മാക്കൾ ഭക്തികൃതജ്ഞതാപൂൎവ്വം പാദപൂജ ചെയ്യുന്നതിൽ ആശ്ചൎയ്യപ്പെടുവാനുണ്ടോ?...."

# 3

## പണിക്കരുടെ തത്വവാദം

സൃഷ്ടികർത്താവിനെക്കുറിച്ചുള്ള ആക്ഷേപങ്ങളിൽ ശങ്കപ്പണിക്കർ അത്യന്തം ആസക്തചിത്തനായി എന്നു പറഞ്ഞേതീരൂ. അതു നിമിത്തം, താൻ ശാമിപ്പട്ടരുടെ രണ്ടാംകായിതത്തെ ഉല്ക്കലികയോടെ പ്രതീക്ഷിച്ചിരുന്നതു് എന്തിനായിട്ടാണെന്നുള്ള വിചാരമേ പണിക്കർക്കു് ആ അവസരത്തിൽ ഉണ്ടായില്ല. അയാളുടെ സ്വന്തം അന്തഃകരണം— അഥവാ, അജ്ഞാതമായ ഭാവിയെപ്പററി അയാൾക്കുള്ള ഭയം —തനിക്കു നരകമോ, അനന്തമായ അനിശ്ചലതയോ, ഏതാണു സിദ്ധിപ്പാൻ പോവുന്നതെന്നുള്ള ഭീതി—ആ സമയം മങ്ങിമയങ്ങി ഉറങ്ങിക്കിടക്കുകയായിരുന്നു.

തൻെറ മുമ്പിൽ ഉണ്ടായിരുന്ന കാൽപ്പെട്ടിയുടെ പുറത്തു കൈമുട്ടു രണ്ടും ഊന്നി, കൈത്തണ്ടുകളെ തൂണാക്കി അതിന്മേൽ തൻെറ താടിയെ കുടികൊള്ളിച്ചു്, വെള്ളിക്കമ്പികൾപോലെ തൂങ്ങുന്ന നീണ്ട മീശയെ ആ തൂണുകൾക്കിടയിൽ ഒതുക്കിവെച്ചു്, പണിക്കർ, വിചാരമഗ്നനായി അവിടെത്തന്നെ ഇരുന്നു.

ഒടുവിൽ, തൻെറ തത്വജ്ഞാനം ഏറെയൊന്നും പിഴച്ചു പോയിട്ടില്ലെന്നു്, ഒരു ദീർഘനിശ്വാസത്തോടുകൂടി, അയാൾ തന്നോടായിട്ടുതന്നെ സമാധാനം പറഞ്ഞു. അയാൾ വളരെക്കാലമായി പരിണാമവാദികളുടെ പരമ്പരയിൽ ചേർന്നുനിന്നിട്ടുള്ളവനാണല്ലോ. സൃഷ്ടികർത്താവായി ഈശ്വരൻ എന്നൊരാളുണ്ടെന്നു് സാധാരണ മനുഷ്യർ പറയുന്നതൊന്നും അയാൾ കൈക്കൊണ്ടിട്ടേയില്ല, ഈശ്വരൻ എന്നൊരാളുണ്ടെങ്കിൽ **തെളിവു** കാട്ടിത്തന്നാൽ വിശ്വസിക്കാം, എന്നായിരുന്നു പണിക്കർ ശഠിച്ചിരുന്നതു്. ഇതാ, ഇപ്പോഴാവട്ടെ,—താൻ ജീവനോടുകൂടെ ഇഹത്തിൽ പാർക്കുമ്പോൾതന്നെ—ആവശ്യപ്പെട്ടിരുന്ന തെളിവു കിട്ടിയിരിക്കുന്നു. ഇതു മാത്രമോ? തെളിവു കിട്ടുംവരെ, പാരത്രികമെന്നൊരു

അവസ്ഥയെപ്പററിയും തനിക്കു വിശ്വസിപ്പാൻ നിവ്വാഹമില്ലെന്നും അയാൾ പറഞ്ഞിരുന്നു. ഈ വിഷയത്തിലും ഇതാ തെളിവു കിട്ടിയിരിക്കുന്നു.

ഈശ്വരൻ എന്നൊരാൾ ഉണ്ടെന്നും, ആ ഈശ്വരനാണു് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്നും, ആത്മാവിന്നു് ഒരു പരലോകഗതി ഉണ്ടെന്നും ശാമിപ്പട്ടർ പറയുന്നതായുള്ള കഥകൾ സത്യമല്ലെന്നു് പണിക്കർ നിമേഷനേരത്തേയ്ക്കെങ്കിലും ശങ്കിച്ചിട്ടില്ല. പ്രത്യക്ഷമായ തെളിവുണ്ടെങ്കിൽ വിശ്വസിക്കാം; എതിർ തെളിവില്ലെന്നു തൻെറ വിചാരണയ്ക്കു ബോധ്യമായാലും മതി, വിശ്വസിക്കാം; എന്നായിരുന്നുവല്ലോ അയാൾ ഇതേവരെ പറഞ്ഞിട്ടുള്ളതു്? ഇപ്പൊഴോ? അയാളുടെ കണ്ണിന്നു മുമ്പിൽതന്നെ തെളിവു കിട്ടിയിരിക്കുന്നു; ഒരു കൊല്ലം മുമ്പു് തൻെറ ചങ്ങാതി അയച്ചതായ ഒന്നാം കായിതത്തിൽ പറഞ്ഞിട്ടുള്ളതെല്ലാം കളവാണെന്നു സ്ഥാപിപ്പാൻ താൻ യുക്തികൾ തേടിയതിലും സാധിച്ചിട്ടില്ല. (ആ കായിതം തൻെറ ചങ്ങാതിയുടെ അടുക്കൽനിന്നു വന്നതാണെന്നുള്ള സംഗതിതന്നേ അതിൻെറ പരമാത്ഥതയ്ക്കു തെളിവാകുന്നുവല്ലൊ.) അതുകൊണ്ടു്, രണ്ടാം കായിതത്തിൽ പറയുന്ന സംഗതികളെപ്പററി ഈ അവസരത്തിൽ സന്ദേഹപ്പെടുവാൻ ന്യായമില്ലെന്നും പണിക്കർ തീർച്ചയാക്കി.

മനുഷ്യസാമാന്യമായ തൻെറ ദൌർബ്ബല്യത്തെയൊക്കെ അയാൾ തല്ക്കാലം താഴ്ത്തിവെച്ചു; അയാളുടെ ആത്മഭീതിയും അസ്തമിച്ചു. അയാൾ ബുദ്ധിസാമത്ഥ്യവും മനശ്ശക്തിയും ഉള്ളവനല്ലെ?— മനസ്സിരുത്തി ആലോചിപ്പാൻ വേണ്ടുന്ന ശക്തിയുള്ളവനും, അങ്ങനെ ആലോചിക്കുന്നവനും അല്ലെ? പണിക്കർ പണ്ടെപ്പോലെ വേദാന്തചിന്തകനായിത്തീൎന്നു. സൃഷ്ടികത്താവിൻെറ പ്രവൃത്തിയെക്കുറിച്ചു് അനുകൂലമായും പ്രതികൂലമായും പറവാനുള്ള വാദങ്ങളെയെല്ലാം, പണിക്കർ നിമ്മത്സരനായും നിഷ്പക്ഷനായും തൻെറ വിചാരണയാവുന്ന തുലാസ്സിലിട്ടു് ഏററത്തൂക്കം നോ

ക്കി; അതേവിധം തന്നേ, നരകാധിപൻതിരുവടികളുടെ സംഗതിയിലും അനുകൂലപ്രതികൂലവാദങ്ങളെ പര്യാലോചിച്ചു.

ഇങ്ങനെ, ഈശ്വരനേയും നരകാധിപതിയേയും തൻെറ മനസ്സാവുന്ന നീതിന്യായസ്ഥാപനത്തിൽവെച്ചു് വേദാന്തയുക്തികളാൽ വിചാരണ ചെയ്തുംകൊണ്ടു്, പണിക്കർ, നിശ്ചേഷ്ടനായി അവിടെത്തന്നെ ഇരുന്നു—ആ രണ്ടാളും ഉണ്ടെന്നു താൻ **അറിഞ്ഞിരിക്കുന്ന** സ്ഥിതിക്കു് അവരെപ്പററി ഗുണാഗുണവിവേചനം ചെയ്യുന്നതു് അസംഗതമാകയില്ലെന്നും പണിക്കർ സമാധാനപ്പെട്ടു.

ഏതാനും മണിക്കൂറുനേരം ഇങ്ങനെ വിചാരണ ചെയ്തതിൽ പിന്നെ, പണിക്കർ, തൻെറ മനസ്സിനുള്ളിൽ വെച്ചു തന്നെ തീർച്ചകല്പിച്ചു: സൃഷ്ടികർത്താവു് ഈ പ്രപഞ്ചത്തിൽ ആത്മാക്കളുടെ ആവിർഭാവത്തിന്നു കാരണമുണ്ടാക്കിയതോടുകൂടി പാപത്തെയും സൃഷ്ടിച്ചിരിക്കുന്നു; എന്നല്ല, താൻ സൃഷ്ടിച്ചതായ പാപത്തെ ആസ്പദമാക്കി ആത്മാക്കൾക്കു നിത്യശിക്ഷയേയും കല്പിച്ചിരിക്കുന്നു. ഇവ രണ്ടും സൃഷ്ടികർത്താവിൻെറ പേരിൽ കുററങ്ങളാവുന്നു എന്നു് പണിക്കർ തീർച്ചപ്പെടുത്തി. അതാവിതു്, സൃഷ്ടികർത്താവു്—ജീവബീജങ്ങളെ ഒരിക്കൽ വിതച്ചതിൻെറ ശേഷം—തനിക്കു തന്നേ നിയന്ത്രിപ്പാൻ കഴിയാത്തതായുള്ള പരിണാമനിയമങ്ങൾ പ്രകാരം, വേദന അനുഭവിപ്പാൻ കഴിയുന്നവയായും, ദേഹത്തിൽ മാത്രമല്ല, ആത്മാവിങ്കലും, ഏററെക്കുറെ അനാദ്യന്തകാലം മുഴുവനും, ആ വേദനയെ അനുഭവിക്കേണ്ടുന്നവയെന്നു തനിക്കു തന്നേ ബോധപ്പെട്ടിട്ടുള്ളവയായുമിരിക്കുന്ന പാവകളെ നിർമ്മിച്ചു, എന്നാണു് പണിക്കർ നിർണ്ണയിച്ചതു്. ഈ അഭിപ്രായത്തിൽ, പണിക്കർ തൻെറ ചങ്ങാതിയുമായി യോജിച്ചിരിക്കുന്നു. സൃഷ്ടികർത്താവിൻെറ പ്രവൃത്തി അത്യന്തം ക്രൂരമാണെന്നുതന്നെയായിരുന്നു പണിക്കരുടെ അഭിപ്രായം.

എന്നാൽ നരകാധിപൻതിരുവടികളുടെ സംഗതിയിലോ?

ശാമിപ്പട്ടരുടെ അഭിപ്രായങ്ങളെ പൂൎണ്ണമായി സമ്മതിപ്പാൻ പണിക്കർ ഒരുക്കമല്ല. നരകാധിപൻതിരുവടികൾ ശക്തിമാനായിരുന്നാൽ,—തിരുവടികളുടെ ശക്തികളെപ്പററി നിൎണ്ണയംചെയ്യാൻ വേറെ വഴിയൊന്നും പണിക്കൎക്കില്ല—ആ തിരുവടികൾ പ്രവൎത്തിച്ചതു് അബദ്ധംതന്നെയാണെന്നായിരുന്നു പണിക്കരുടെ അനുമാനം.

പണിക്കരുടെ യുക്തിവാദം ഇപ്രകാരമായിരുന്നു:

“ഈശ്വരന്നു് ഏറെക്കുറെ അതിരററ ശക്തിയുണ്ടെന്നു് എനിക്കിപ്പോൾ ബോദ്ധ്യമായിരിക്കുന്നു. എന്നാൽ, ശാമിപ്പട്ടർ പറയുന്നതു വിചാരിച്ചാൽ, ഈ ശക്തിക്കു കുറവില്ലെന്നും പറഞ്ഞുകൂട്ടുന്നതല്ല. ഒന്നാമതു്, മൃത്യുഗ്രസ്തമായ—അചേതനമായ—പ്രപഞ്ചത്തിൽ ഈശ്വരൻ ജീവസ്ഫുലിംഗത്തെ കൊണ്ടിട്ടു; അതിനെ തുടൎന്നു പരിപൂൎണ്ണമായ ജീവി ആവിർഭവിക്കുംവരെ പരിണാമനിയമങ്ങൾ മുറയ്ക്കു പ്രവൎത്തിക്കാതെ അടങ്ങുകയില്ല, നിശ്ചയം. ഈ പരിപൂൎണ്ണജീവിയൊന്നിച്ചു്, പരിപൂൎണ്ണമായ ആത്മാവും ആവിർഭവിക്കുന്നു. പരിണാമനിയമപ്രകാരമുണ്ടാവുന്ന ഈ വികാസത്തെ തടയുവാൻ, ജീവൻെറ സ്രഷ്ടാവായ ഈശ്വരന്നു ശക്തിയില്ല. രണ്ടാമതു്, യമനെ സ്വൎഗ്ഗത്തിൽനിന്നു് ആട്ടിപ്പുറത്താക്കാൻ ഈശ്വരന്നു കഴിയുമെങ്കിലും, അങ്ങനെ പുറത്താക്കി എന്നിരുന്നാലും, യമൻെറ അമൎത്ത്യതയെ നശിപ്പിപ്പാൻ ഈശ്വരൻ ശക്തനല്ലായിരുന്നു; യമൻെറ ആധിപത്യത്തിങ്കീഴിൽ ഒരു ശാശ്വതനഗരം സ്ഥാപിക്കുന്നതിനെ മുടക്കുവാൻ ഈശ്വരന്നു ശക്തിയില്ലായിരുന്നു എന്നു സ്പഷ്ടമല്ലോ—അതല്ലെങ്കിൽ, ഈശ്വരൻെറയും യമൻെറയും നയങ്ങൾ പരസ്പരവിരുദ്ധമായിരുന്ന അവസ്ഥയ്ക്കു്, യമൻെറ സാമ്രാജ്യസ്ഥാപനത്തെ നിശ്ചയമായും തടയുമായിരുന്നു. ആകയാൽ സ്വൎഗ്ഗത്തിന്നു **പുറമെ** യമന്നുള്ളതായ അധികാരപ്രഭാവത്തെ നശിപ്പിപ്പാൻ ഈശന്നു ശക്തിയില്ലായിരുന്നിരിക്കണം; ആ അധികാരപ്രഭാവം ഈശൻെറതിലും കുറഞ്ഞതാണെന്താനും. മൂന്നാ

മതു്, സ്വൎഗ്ഗത്തിൽനിന്നു് ആട്ടിപ്പായിക്കപ്പെടുന്ന ആത്മാക്കൾക്കു നരകപ്രവേശം അനുവദിക്കാതെ തടയുന്നതിനും ഈശ്വരനു ശക്തിയില്ലായിരുന്നു; ഇപ്പോഴും ഇല്ലതന്നെ—അതല്ലെങ്കിൽ, ഒരു കാലത്തു തന്റെ സഹായിയായിരുന്ന കാലന്റെ നയം തന്റെ നയത്തിനു വിപരീതമാണെന്നറിഞ്ഞിരുന്നിട്ടുംകൂടി, അതിനെ നിഷ്ഫലമാക്കാൻവേണ്ടി, ഒരാത്മാവിനെപ്പോലും നരകപ്രവേശത്തിൽ തടയാതിരിക്കുമായിരുന്നുവോ?

“ആകയാൽ, സ്വൎഗ്ഗഭ്രഷ്ടനായിത്തീൎന്നിരിക്കുന്ന കാലന്റെ ശക്തി ഈശ്വരന്റെ ശക്തിക്കു നിശ്ശേഷം തുല്യമെന്നോ ഏറെക്കുറെ തുല്യമെന്നോ നിശ്ചയം. പിന്നെ ഇവരിൽ ഒരാളുടെ സമ്പ്രദായങ്ങൾ മററെ ആളുടെതിന്നു വിരുദ്ധമായിരുന്ന അവസ്ഥയ്ക്കും; തന്റെ ശക്തി കുറഞ്ഞതായിരുന്നിട്ടുംകൂടി കാലൻ പരമേശനോടു യുദ്ധംചെയ്യാൻ കൂസാതിരുന്ന സ്ഥിതിക്കും, പ്രപഞ്ചത്തിലെ ഒന്നാമത്തെ ജീവസ്ഫുലിംഗത്തിൽനിന്നു പരിണാമനിയമപ്രകാരം ആവിർഭവിച്ചതായ ആത്മാക്കൾക്കു പാൎപ്പാനായി മറെറാരു ശാശ്വതനഗരിയെ സ്ഥാപിക്കുന്നതിലേയ്ക്കു മാത്രം കാലൻ ഉദ്യമിച്ചതു തന്റെ ബലഹീനതയ്ക്കു ലക്ഷ്യമായിത്തീൎന്നു എന്നു് അനുമാനിപ്പാനാണു് എന്റെ യുക്തി എന്നോടു പറയുന്നതു്—കാലൻ തിരുവടികളുടെ വിസ്മയനീയമായ അനുകമ്പയ്ക്കു ലക്ഷ്യമാണു നരകസ്ഥാപനം, എന്നു് ശാമിപ്പട്ടർ പറയുന്നുണ്ടെങ്കിലും ഞാൻ ആ അഭിപ്രായത്തിൽ യോജിക്കുന്നില്ല. എന്തെന്നാൽ: ഈശ്വരന്റെ ഈ ക്രൂരമായ സൃഷ്ടിക്രമത്തെ ധ്വംസിപ്പാനായി കാലൻതിരുവടികൾ, നിശ്ചയമായും, യുദ്ധം തുടൎന്നുകൊണ്ടിരിക്കേണ്ടതായിരുന്നു. ഈശ്വരകൃതമായ ജീവനെ നശിപ്പിപ്പാൻ നിശ്ചയമായും കാലൻതിരുവടികൾക്കു കഴിയുമായിരുന്നു; അതിനെ നിശ്ചയമായും നശിപ്പിക്കേണ്ടിയുമിരുന്നു. ആത്മാവു പരിപൂൎണ്ണാവസ്ഥയെ പ്രാപിച്ചു് അനശ്വരമായിത്തീരുംമുമ്പുതന്നെ, കാലൻതിരുവടികൾ മരണത്തെ പ്രപഞ്ചത്തിലേയ്ക്കയച്ചു് അ

ആത്മാവിനെ നിശ്ചയമായും, ഹനിപ്പിക്കേണ്ടതായിരുന്നു. നിശ്ചയമായും കാലൻതിരുവടികൾ തന്റെ ശക്തിമാഹിമയെ പ്രകടിപ്പിക്കയും, ഈ ഭയങ്കരമായ പരിണാമത്തെ വിഫലമാക്കുകയും, അജാതമായിരുന്ന ആത്മാവിന്നു് അങ്ങനെ ഉണർച്ച ഉണ്ടാവാതെ കഴിക്കയും ചെയ്യേണ്ടതായിരുന്നു."—

അ വേദാന്തിപ്രവരൻ മനസ്സിനകമേവെച്ചു് ഇങ്ങനെ തീച്ച്കല്പിച്ചതിന്റെ ശേഷം, തന്റെ യുക്തിവാദത്തിൽ എന്തെങ്കിലും പിഴച്ചിട്ടുണ്ടോ എന്നു് അന്വേഷിപ്പാൻ തുടങ്ങി. പരമാത്ഥസംഗതികളെ ഭൂമികകളാക്കി ഉറപ്പിക്കാതെ ചെയ്യുന്നതായുള്ള യുക്തിവാദം വെറും ഭോഷത്തമാണെന്നും, അതു് അബദ്ധാഭിപ്രായങ്ങളിൽ കൊണ്ടുപോയി ചാടിച്ചേയ്ക്കുമെന്നും അയാൾക്കു് അറിവുണ്ടായിരുന്നു; പരമാത്ഥസംഗതികളെപ്പററിയുള്ള അനുമാനങ്ങളെ ആലോചനായുക്തികൾ വഴിയായിട്ടല്ലാതെ പ്രാപിപ്പാൻ കഴികയില്ലെന്നും അയാൾക്കു് അറിവുണ്ടായിരുന്നു. എന്നാൽ, പ്രകൃതത്തിലോ, തന്റെ യുക്തിവാദത്തെ കെട്ടിക്കിളത്തുവാൻ അധിഷ്ഠാനമായി വാസ്തവസംഗതികൾ തന്റെ കൈക്കൽ പെട്ടിരിക്കുന്നു; അതാവട്ടെ, ഈ മത്ത്യലോകത്തെ വിട്ടുപിരിഞ്ഞുപോയിരിക്കുന്ന ഒരു ആത്മാവിങ്കൽനിന്നു വന്നുചേന്നിട്ടുള്ള അവ്യാജമായ ഒരു കായിതമാണുതാനും. ആകയാൽ, തന്റെ യുക്തിവാദം സാധുവാണെങ്കിൽ, താൻ നരകാധിപൻതിരുവടികളെക്കാട്ടിലും ബുദ്ധിമാനാണെന്നു തിശ്ചയംതന്നെ. എന്തെന്നാൽ, നരകാധിപനാകട്ടെ, ഈശ്വരന്റെ സൃഷ്ടിനിമിത്തം ഉണ്ടായതായ ദോഷത്തെ എതിത്തു നശിപ്പിക്കുന്നതിനു പകരം ഭേദപ്പെടുത്തുക വഴിയായി ഒരു മഹാഭോഷത്തം പ്രവത്തിച്ചിരിക്കുന്നുവല്ലോ.

ഇങ്ങനെ തീച്ച്കല്പിച്ചു കഴിഞ്ഞപ്പോൾ, പണിക്കക്കു തന്റെ അപ്പോഴത്തെ പ്രവൃത്തി എത്രയോ വലിയ പാതകമായിപ്പോയി എന്ന ബോധം വന്നു. താൻ മഹാമഹിമശ്രീമാനായ നരകാധിപൻതിരുവടികളുടെ അനശ്വരമായ നയത്തെയല്ലേ ആ

ക്ഷേപിച്ചതു്? ആ തിരുവടികളുടെ പ്രവൃത്തികളെ വിചാരണ ചെയ്വാൻ മാത്രം തനിക്കു **ധാർഷ്ട്യം** തോന്നിയല്ലോ!

ഉടൻതന്നെ, തൻെറ രീച്ച്ക്കല്പനയ്ക്കു് ആധാരമായ യുക്തികളെ, പണിക്കർ അതിശീഘ്രം പുനരാലോചനചെയ്തു. "എടോ, വിഡ്ഢി! പണിക്കരേ! മന്ദമെങ്കിലും നിശ്ചിതമായുള്ള പരിണാമവീചീതരംഗത്തെ **തടുത്തുനിത്താൻ** സൃഷ്ടികർത്താവുകൂടിയും അശക്തനാണെന്നു ശാമിപ്പട്ടരുടെ ആത്മാവു പറഞ്ഞിട്ടില്ലേ? പിന്നെയുണ്ടോ അദ്ദേഹത്തെക്കാൾ അധികം ശക്തിയില്ലാത്ത ഒരുവന്നു് അതിനെ **നശിപ്പിപ്പാൻ** കഴിയുന്നു?"—എന്നു തന്നത്താൻ പറഞ്ഞു.

പണിക്കർ, അഞ്ജലിബന്ധത്തോടെ ഉന്മുഖനായിരുന്നുകൊണ്ടു കാലൻതിരുവടികളോടു ക്ഷമായാചനംചെയ്തു. ഇങ്ങനെ ഐകാഗ്ര്യത്തോടുകൂടി പ്രാത്ഥിച്ചുകൊണ്ടിരിക്കെ, തൻെറ അപ്പോഴത്തെ തത്വവിചാരണക്ലേശങ്ങളാൽ തലച്ചോറിനു ഭാരമേറിയിരിക്കനിമിത്തം, അയാൾ അല്പമൊന്നു മയങ്ങിപ്പോയി.

'എടോ കുഴിമടിയാ! നീ ഇനിയും ഉറങ്ങുന്നുവോ? നീ മരണഉറക്കം ഉറങ്ങാൻ നിശ്ചയിച്ചിരിക്കയോ? സ്വർഗ്ഗവാർത്തകളാവട്ടെ, നരകവാർത്തകളാവട്ടെ നിന്നെ ഉണർത്തുകയില്ലേ? അയ്യോ! കുറെക്കൂടി ഉറങ്ങിക്കോട്ടെ, അല്പംകൂടി മയങ്ങിക്കോട്ടെ, കാല്ക്കിടയിൽ കൈകെട്ടിക്കിടന്നോട്ടെ, എന്നോരോന്നേ ഇനിയും പറവാനാണോ ഭാവം? കഷ്ടമേ! നിൻെറപേരിൽ അനുകമ്പകാട്ടാൻ എനിക്കു കഴിഞ്ഞിരുന്നുവെങ്കിലോ! നിന്നെ വിചാരിച്ചു ഞാൻ എത്രമാത്രം കരയുമായിരുന്നു. പാവപ്പെട്ട ആത്മാവേ, നിസ്സഹായനായ ആത്മാവേ, മരിപ്പാൻ പോവുന്ന ആത്മാവേ, എനിക്കു നിന്നെപ്പററി ദുഃഖിപ്പാൻ തോന്നാത്തവിധം എൻെറ ഹൃദയം കഠിനമായിരിക്കുന്നുവല്ലോ! നിനക്കു് ഒരു അംഗമോ, ഒരു കുട്ടിയോ, ഒരു ചങ്ങാതിയോ അണു നഷ്ടപ്പെട്ടുന്നതെങ്കിൽ സാരമാക്കാനില്ല, എന്നാൽ കഷ്ടം! നിൻെറ ആത്മാവാണല്ലോ നഷ്ടപ്പെട്ടുന്നതു്.'—

ഈ വാക്കുകൾ, ഈ മുന്നറിയിപ്പു്, ശങ്കപ്പണിക്കരെ തട്ടി ഉണൎത്തി. പണിക്കർ പെട്ടെന്നു ഞെട്ടി എണീററു. കൈകാലുകൾ വിറയ്ക്കുന്നുണ്ടു്; ദേഹമാസകലം രോമകൂപങ്ങളിൽനിന്നു് വിയൎപ്പുതുള്ളികളും കരകവിഞ്ഞൊഴുകുന്നുണ്ടു്—"എന്തു്! ശാമിപ്പട്ടരുടെ ശബ്ദമോ?"—എന്നു പണിക്കർ തന്നെത്താൻ ചോദിച്ചു. തന്റെ ചങ്ങാതിയുടെ ആത്മാവു് തന്നോടു സംസാരിച്ചതായിരിക്കുമോ?

ആ ശബ്ദത്തെ വീണ്ടും കേൾക്കാനായി പണിക്കർ ബദ്ധശ്രദ്ധനായി മുന്നോട്ടു് അല്പം കുനിഞ്ഞു. മുമ്പു താൻ ഉറങ്ങിയിരുന്നുവെങ്കിൽ, ഇപ്പോൾ നല്ലവണ്ണം ഉണൎന്നിരിക്കയാണു്. ഈ വാക്കുകളുടെ അൎത്ഥമെന്തായിരിക്കാം? ശങ്കപ്പണിക്കൎക്കു് ഇഹത്തിൽ ജീവിതം അവസാനിക്കാറായി എന്നല്ലാതെ മറെറന്തു്? തനിക്കു നരകാധിപൻ തിരുവടികളുടെ തിരുമുമ്പിൽ പ്രവേശിപ്പാനോ, അതല്ല, എന്നേയ്ക്കും ശൂന്യത്തിൽ അസ്വസ്ഥതയെ പ്രാപിപ്പാനോ, വിധിച്ചിരിക്കുന്നതെന്നു നിൎണ്ണയിപ്പാൻ പട്ടികയിൽ കൊണ്ടു പാപങ്ങൾ എന്തൊക്കെയെന്നും താൻ അറിഞ്ഞിട്ടില്ല.

"സ്വൎഗ്ഗവാൎത്തകളാവട്ടെ, നരകവാൎത്തകളാവട്ടെ നിന്നെ ഉണൎത്തുകയില്ലേ?"—നിശ്ചയമായും നരകത്തിൽനിന്നു് തന്റെ ചങ്ങാതി അറിയിച്ചിരിക്കുന്ന ഈ വാൎത്തകൾ തന്നെ ഉണൎത്തുകമാത്രമല്ല, തന്റെ അനശ്വരമായ ആത്മാവിന്നു് എന്തു ഗതിയാണു സിദ്ധിപ്പാൻ പോകുന്നതെന്നുള്ള അന്വേഷണത്തിന്നായി തന്നെ പ്രേരിപ്പിക്കയും് ചെയ്യും.

എന്നാൽ, അയാളെ ഉണൎത്തിയതായ ഈ ശബ്ദം എവിടെനിന്നു വന്നതായിരുന്നു? പണിക്കർ തന്റെ ആശ്രമത്തിനകത്തു് ഉൽകണ്ഠയോടേ ചുററിനടന്നു നോക്കി. ഒരു ഭാഗത്തെ ചുമരിൽ കണ്ടിരുന്ന ഒരു വലിയ വിള്ളലിലൂടെ നോക്കിയപ്പോൾ കണ്ടതു്. കുപ്പച്ചിനക്കിസ്ത്രീയുടെ കുടിലിന്നകമായിരുന്നു.

അവിടെയുണ്ടു് ഒരു പൊളിഞ്ഞപെട്ടിയുടെ പുറത്തു്, കറു

ത്തിരുണ്ടു് ആജാനബാഹുയുഗനായ ഒരു കൂററൻ ഇരിക്കുന്നു. മുണ്ഡിതശിരസ്സാണു്; നെററിയിൽ ഭസ്മം; തോളിൽനിന്നു കീഴ്പോട്ടു് കാഷായവസ്ത്രം — ഇങ്ങനെ 'സ്വാമിയാർ'മാരുടെ വേഷമെടുത്തിരിക്കുന്ന ആ ആൾ, ഇടയ്ക്കിടെ യോഗധ്യാനം നടിക്കയും, പിന്നെ ചുമച്ചു് കണ്ണംതുറന്നു്, തമിഴ്കലന്നു് സംസാരിക്കയും, "നമതു സന്നിധിയിൽ മോക്ഷം അടയുങ്കോൾ" — എന്നു് ഉപദേശം ചെയ്കയും ചെയ്യുന്നു. പണിക്കർ നല്ലവണ്ണം ഉററുനോക്കി; 'സ്വാമിശതാനന്ദൻ'ആണു് അവിടെയിരുന്നു് കുപ്പച്ചിനക്കല്യാരിക്കു് ഉപദേശംനൽകുന്നതു്. സക്കാരുദ്യോഗസ്ഥന്മാരും നാലു കൈയുള്ള കുപ്പായം ധരിച്ച വക്കീൽമാരും മററു പ്രമാണികളും ചെന്നു് പാദോദകം സേവിക്കുന്ന ഈ 'സ്വാമി' എന്താണു് ഇവളുടെ കുടിലിൽ വരാൻ? — എന്നു് പണിക്കർ കുറെ നേരം ചിന്തിച്ചു. ഒഹോ! സ്ത്രീയാകയാലായിരിക്കാം ഇങ്ങട്ടുതന്നെ വന്നു് മോക്ഷംകൊടുക്കാൻ നിശ്ചയിച്ചതു്. ആ ആനന്ദൻ തന്റെ കൈയ്യിലുണ്ടായിരുന്ന ഒരു പുസ്തകം വിടത്തി വായിച്ചു കേൾപ്പിക്കുന്നതായി പണിക്കർ ഗ്രഹിച്ചു. "നരകത്തിൽചെന്നാൽ ഒരു ദിവസത്തേയ്ക്കോ, ഒരു കൊല്ലത്തേയ്ക്കോ, അതുമല്ല, ഓരായിരം കൊല്ലത്തേയ്ക്കോ മാത്രമേ അവിടെ കിടക്കേണ്ടിയിരിക്കൂ എന്നായിരുന്നുവെങ്കിൽ എത്രയോ ഭേദം. എന്നാൽ അങ്ങനെയല്ലല്ലൊ. എന്നേയ്ക്കും അവിടെ പാക്കേണ്ടിവരും. അയ്യോ! കഷ്ടം! ഈ സങ്കടകരമായ **എന്നേയ്ക്കും**!" — ഇങ്ങനെ അയാൾ വീണ്ടും അവളെ കേൾപ്പിച്ചു.

ഇത്രയും കേട്ടതോടുകൂടി, നമ്മുടെ വേദാന്തിശ്രേഷ്ഠന്നു് പരിഹാസസൂചകമായ ഒരു ചിരി പൊട്ടിപ്പുറപ്പെട്ടതായിരുന്നു; അതു പുറത്തേയ്ക്കു വരും മുമ്പു് അമത്തി, പണിക്കർ പിന്തിരിഞ്ഞു. ഈ സങ്കടകരമായ എന്നേയ്ക്കും! ആ! സങ്കടകരം! ആത്മാവിന്നു നരകത്തിൽ കഴിച്ചുകൂട്ടുവാൻ **സാധ്യമല്ലെങ്കിൽ** മാത്രമല്ലേ സങ്കടകരം?

അതെന്തായാലും, തന്നെ ഉറക്കത്തിൽനിന്നു് ഉണൎത്തിയല്ലൊ എന്നു വിചാരിച്ചു് പണിക്കർ ആശ്വസിച്ചു. താൻ കേട്ടതായ വാക്കുകളിൽ അടങ്ങിയ മുന്നറിയിപ്പു് തന്നെ സംബന്ധിച്ചുള്ളതല്ലെന്നും അയാൾ സന്തോഷിച്ചു—എന്നാൽ ആ മുന്നറിയിപ്പനുസരിച്ചു് താൻ കരുതിയിരുന്നുകൊള്ളാമെന്നു പണിക്കർ നിശ്ചയിക്കയും ചെയ്തു. എന്നാലും പണിക്കരുടെ അപ്പൊഴത്തെ അവസ്ഥ, ഭയസന്തോഷസമ്മിശ്രമായിരുന്നു. പട്ടികയിൽ കൊണ്ടതായ പാപങ്ങൾ എന്തൊക്കെയെന്നറിവാൻ അയാൾ ഉൽകണ്ഠിതനായിരുന്നുവെങ്കിലും ഭയചഞ്ചലനായുമിരുന്നു—അയാൾ വീണ്ടും ആ കായിതമെടുത്തു വായിപ്പാനായി ചെന്നിരിക്കും മുമ്പുതന്നെ, മുമ്പത്തെ ഭയവും അയാളെ പിടികൂടി. എന്നിട്ടും അതിനെ ഗണ്യമാക്കാതെ, വളരെ പണിപ്പെട്ടു സഹിച്ചുംകൊണ്ടു്, പണിക്കർ, ആ കായിതച്ചുരുൾ എടുത്തു നീൎത്തി, താൻ വിട്ടേടം തൊട്ടു്, വായിപ്പാൻ തുടങ്ങി.

## 4

## രണ്ടാം കായിതശേഷം

“പണിക്കരേ, ഇനി പട്ടികയിൽകൊണ്ട പാപങ്ങളെക്കുറിച്ചല്ലേ കേൾക്കേണ്ടതു്? ഈ പട്ടിക എല്ലാവൎക്കും കാണ്മാൻതക്ക സ്ഥിതിയിലാണു പതിച്ചിരിക്കുന്നതു്: നരകവാതിലിലേയ്ക്കു വരുമ്പോൾ, വാതിലിന്റെ മുകളിൽ സ്ഫടികച്ചട്ടത്തിന്മേൽ തിളങ്ങിക്കാണുന്ന രക്തനിറത്തിലുള്ള അക്ഷരങ്ങൾ വായിക്കുക; അതുതന്നെയാണു് ഞാൻ പറഞ്ഞതായ പാപപട്ടിക. അതിൽ സൂചിപ്പിച്ചിരിക്കുന്ന പാപങ്ങളിൽ ഒരെണ്ണം മതി, ആ പാപം ചെയ്തിട്ടുള്ളവനു് നരകത്തിൽ പ്രവേശം അനുവദിക്കയില്ല. പാപം ചെയ്യുന്നവൻ ഭൂഗോളവാസിയാണെങ്കിലോ ഭൂഗോളത്തിൽവെച്ചും; അതല്ല,

മറേറതെങ്കിലുമൊരു ഗ്രഹത്തിൽ പാർക്കുന്നവരാണെങ്കിലോ, അതിൽവെച്ചും, തൻെറ മരണത്തിന്നു മുമ്പായി എപ്പോഴെങ്കിലും പ്രായശ്ചിത്തം ചെയ്തിരുന്നാൽ, നരകപ്രവേശം കിട്ടാതെ ക്ലേശിക്കേണ്ടിവരുകയില്ല. എന്നാൽ, പ്രായശ്ചിത്തം ചെയ്തിട്ടില്ലെങ്കിലോ, ഇങ്ങെത്തുന്ന സമയം, 'എടോ ഹതഭാഗ്യനായ ആത്മാവേ, നരകവാതില്ക്കൽനിന്നു് അകന്നുപോയാലും! അതിരില്ലാത്തതായ ശൂന്യാകാശത്തിലേയ്ക്കു കടന്നാലും; അവിടെ മോക്ഷമോ മാപ്പോ വേറെ ഏതെങ്കിലും രക്ഷാമാർഗ്ഗമോ ലഭിക്കാതെ അനന്തകാലം തുടങ്ങി അററമില്ലാത്ത കാലത്തോളം അനിവൃത്തനായി പറന്നു കിടന്നാലും'—എന്നുള്ള നരകാധിപൻതിരുവടികളുടെ കല്പനയെ അനുസരിക്കേണ്ടിവരും.

"പന്നിക്കാരേ, ജാജ്ജ്വല്യമാനമായുള്ള ഈ നരകവാതില്ക്കൽ എത്തുവാനായി ചിറകടിച്ചു പൊങ്ങിപ്പറന്നു് വന്നുചേരുന്ന ആത്മാക്കൾ വാതിൽപ്പടിമുകളിൽ വായിക്കാറുള്ള വാക്കുകൾ എന്തെന്നു കേട്ടാലും: 'അപവാദകന്മാർ, കപടപട്ടുക്കൾ (എന്നുവെച്ചാൽ, തല്ക്കാലാവശ്യത്തിനായി മാത്രം കപടം നടിക്കുന്നവരെന്നല്ല, സാമാന്യേന കപടജീവിതം നയിക്കുന്നവർ എന്നർത്ഥം), ഭീഷണികൊണ്ടു പണം പററുന്നവർ, കൈക്കൂലിക്കാർ, പരസ്വാപഹാരികൾ, മനുഷ്യജീവച്ഛേദകന്മാർ, വേശ്യാസേവികൾ, കളത്രവിക്രേതാക്കൾ—ഇക്കൂട്ടർ ആരായാലും, മർത്ത്യന്മാരായിരിക്കുമ്പോൾതന്നെ കാലൻതിരുവടികളുടെ ദൃഷ്ട്യാ പുണ്യമായി ഗണിക്കപ്പെടുന്ന കർമ്മം വല്ലതും പ്രായശ്ചിത്തമായി ചെയ്തിട്ടില്ലെന്നിരുന്നാൽ, അവർക്കു് ഒരിക്കലും നരകപ്രവേശം ചെയ്യാൻ പാടുള്ളതല്ലെ'ന്നു് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു...."

വെടിപൊട്ടുംവണ്ണം, ശങ്കപ്പണിക്കരുടെ ഉള്ളിൽനിന്നു് ആഹ്ലാദപൂരിതമായ ഒരു വിഹാസം പൊട്ടിപ്പുറപ്പെട്ടു് അയാളുടെ ഓഷ്ഠപുടമുദ്രയെ ഭേദിച്ചു. "**ഞാൻ** ആരെയും അപവാദം ചെയ്തിട്ടില്ല. **ഞാൻ** കപടജീവിതം നയിച്ചിട്ടുമില്ല; നേരേമറിച്ചു്, ഏതു

കാൎയ്യത്തിലും, ഈശ്വരവിചാരത്തിൽപോലും എന്റെ അഭിപ്രായം തുറന്നു പറഞ്ഞിട്ടേയുള്ളു. **ഞാൻ** സമസൃഷ്ടികളായുള്ളവരോടു ഭീഷണി കാട്ടി പണം പററീട്ടില്ല. **ഞാൻ** കൈക്കൂലി കൊടുത്തിട്ടില്ല; വാങ്ങീട്ടുമില്ല; **ഞാൻ** പിടിച്ചുപറിച്ചിട്ടുമില്ല. എനിക്കു തന്നതിനെ സ്വീകരിച്ചു് പ്രത്യുപകാരം ചെയ്തിട്ടേ ഉള്ളുതാനും. **ഞാൻ** യാതൊരു മനുഷ്യ—നില്ക്കട്ടെ, നില്ക്കട്ടെ. ആ വാക്കിന്റെ അൎത്ഥമെന്തു്?—'മനുഷ്യജീവച്ഛേദകൻ' എന്നാൽ? മനുഷ്യാത്മാവിനെ ഛേദിക്കുക എന്നു പറഞ്ഞാൽ അൎത്ഥമാക്കാമായിരുന്നു. മനുഷ്യാത്മാവിനെ ഛേദിക്കണമെങ്കിലോ, അതിനെ അപകടത്തിൽ ചാടിക്കണം; പട്ടികയിൽ കൊണ്ടു പാപങ്ങളിലൊന്നു ചെയ്യാൻ ആ ആത്മാവിനെ ഏതെങ്കിലും വിധത്തിൽ പ്രേരിപ്പിച്ചിരിക്കണം. മനുഷ്യജീവനെ ഛേദിക്കുക എന്നതു് എത്രയോ വ്യത്യാസപ്പെട്ട സംഗതിയാണു്. കഷ്ടേ! നരകാധിപൻതിരുവടികൾ ഈ ഒരു സംഗതിയിൽ സന്ദേഹത്തിനു് ഇടംകൊടുക്കാത്ത പദം പ്രയോഗിക്കാഞ്ഞതെന്തായിരുന്നു? ശാമിപ്പട്ടൎക്കെങ്കിലും ഇതിനെ വിവരിക്കാമായിരുന്നില്ലേ? കപടപട്ടുക്കൾ എന്നാലെന്തെന്നു വ്യാഖ്യാനിച്ചു സ്ഥിതിക്കു്, ഈ പദവും വ്യാഖ്യാനിക്കാമായിരുന്നു. ഞാനോ കപടപട്ടു അല്ലെന്നു് ശാമിപ്പട്ടൎക്കു നിശ്ചയമുണ്ടല്ലോ. എന്നാൽ, മനുഷ്യജീവഛേദകൻ എന്ന പദത്തിൽ ഞാനും ഉൾപ്പെട്ടുമോ? ഉൾപ്പെട്ടുകയില്ലയോ? ഏയ്! അതിന്റെ അൎത്ഥം മനുഷ്യാത്മഛേദകൻ എന്നായിരിക്കും, സംശയമില്ല. എന്തെന്നാൽ, ഈശ്വരൻ പ്രപഞ്ചത്തിൽ ഒന്നാമത്തെ ജീവസ്ഫുലിംഗത്തെ കൊണ്ടിട്ട ശേഷമായി പരിണാമനിയമപ്രകാരം ജീവിതമത്സരം ഉണ്ടാവുകനും, അങ്ങനെ ജീവഛേദനകുററം ജീവികൾക്കൊക്കെ പററുകയും ചെയ്തിരിക്കുന്നു എന്നു് നരകാധിപൻതിരുവടികൾ കൂടിയും സമ്മതിച്ചിട്ടുള്ളതല്ലേ ആ അവസ്ഥയ്ക്കു്, മനുഷ്യജീവഛേദനം എന്നതു് ജീവന്റെ മാത്രം ഛേദനമാണെങ്കിൽ, വിശേഷ

സംഗതിയല്ല; ആത്മാവിൻെറ ഛേദനം എന്നായിരിക്കണം തിരുവടികൾ ഉദ്ദേശിച്ചിട്ടുള്ളതു്."

പണിക്കർ ഈ വിഷയത്തെപ്പററി നല്ലവണ്ണം ചർച്ചചെയ്തു. ഓരോരോ നിലകളിൽനിന്നു പൂർവ്വപക്ഷങ്ങൾ ചെയ്കയും, അതിന്നൊക്കെ ഓരോ സമാധാനം ചെയ്കയുംചെയ്തു. എന്നിട്ടും മനഃപൂർവ്വമായ മനുഷ്യജീവഛേദനം എന്നാലെന്തെന്നു നിർണ്ണയിപ്പാൻ കഴിഞ്ഞില്ല. മനുഷ്യപ്രകൃതിയെപ്പററി തനിക്കുള്ള അഗാധജ്ഞാനമാവട്ടെ, യുക്തിശാസ്ത്രത്തിന്നു് അനുരൂപമായ തൻെറ അനുമാനസമ്പ്രദായമാവട്ടെ, അതിഗഹനമായ തൻെറ വേദാന്തസിദ്ധാന്തങ്ങളാവട്ടെ, പണിക്കക്കു പ്രയോജനപ്പെട്ടതേയില്ല.

മനുഷ്യജീവഛേദനം എപ്പോൾ, എങ്ങനെയാണു് സംഭവിക്കുക? എന്നു് പണിക്കർ തന്നെത്താൻ ചോദിച്ചു. ഛേദനത്തിന്നു ജീവനെ ഹനിക്കേണമോ? അതല്ല, ജീവനെ ഭ്രംശിച്ചാൽ മതിയോ? അതാവിതു്, സന്മാർഗ്ഗത്തിൽനിന്നു പിഴുക്കി ദുഷിപ്പിച്ചാൽ മതിയോ? അങ്ങനെയെങ്കിൽ എന്തുമാത്രം ദുഷിപ്പിക്കണം?

പണിക്കർ രണ്ടുകൈകൊണ്ടും ചെന്നി അമർത്തി; പിടച്ചുകൊണ്ടിരുന്ന ഞരമ്പുകളെ പിടിച്ചു് ഒരു നിലയിലിരുത്തി. തൻെറ യുക്തിശക്തി വല്ലാതെ വ്യതിചലിക്കുന്നുവെന്നു് അയാൾ പരിഭ്രമിച്ചു. തലച്ചോറു് പാളിക്കുത്തുന്നുവെന്നുകൂടി തോന്നി.

എന്തു പറഞ്ഞിട്ടെന്തു്! പന്ത്രണ്ടുമാസക്കാലമായി രാപ്പകൽ ഒരു നിമേഷം ഇടവിടാതെ താൻ അത്യന്തം ആർത്തിയോടുകൂടി ആഗ്രഹിച്ചുകൊണ്ടിരുന്ന പാപപട്ടികയുടെ വിവരം അറിഞ്ഞിട്ടുംകൂടി, തന്നെ സംബന്ധിക്കാവുന്ന ഒരേ ഒരു പാപത്തെപ്പററി മാത്രം വിശദമായ അറിവു കിട്ടാത്തതു് എത്രയോ സങ്കടകരമായിത്തീൎന്നു. എത്രമേൽ ആലോചിച്ചിട്ടും അതിൻെറ അർത്ഥം ഗ്രഹിപ്പാൻ സാധിച്ചില്ലല്ലോ. ഏതുവിധമായാലും, പണിക്കക്കു തൻെറ ആത്മാവിൻെറ ഗതി എന്തായിരിക്കുമെന്നു നിർണ്ണയിപ്പാൻ കഴിഞ്ഞില്ല കഷ്ടം!

തന്നെ ഇങ്ങനെ ആശാപാശത്തിൽ തലകീഴായി ഞാത്തിയിട്ട നിർദ്ദയമായി പീഡിപ്പിക്കുന്ന നരകാധിപൻതിരുവടികളോട്ടു പണിക്കർ സാമാന്യത്തിലധികം പരിഭവിച്ചു. പിന്നെ ബദ്ധാമർഷനായി എണീററു് ഈശ്വരനെ ഒട്ടേറെ ശപിച്ചു: ചൈതന്യരഹിതമായി കിടന്നിരുന്ന പ്രപഞ്ചത്തിൽ ജീവസ്ഫുലിംഗത്തെ കൊണ്ടിട്ടു് ഇത്രയുമൊക്കെ ദോഷം വരുത്തിവെച്ചുവല്ലോ ഈശ്വരൻ, എന്നു വിചാരിച്ചിട്ടുണ്ടായ കോപത്താലായിരുന്നു ഈശ്വരനെ ശപിച്ചതു്.

പണിക്കരുടെ കണ്ണുകൾ ചെമന്നു; നാവിൽ ശാപത്തീ ഉജ്ജ്വലിച്ചു; മെലിഞ്ഞു തോലു തൂങ്ങി വിറച്ചുകൊണ്ടിരുന്ന വലങ്കൈയെ ആകാശദേശത്തിലോട്ടു നീട്ടി, ഈശ്വരൻെറമേൽ ശകാരവർഷം ചെയ്തു. മുഷ്ടിചുരുട്ടി പ്രഹരിക്കുന്ന ഭാവം കാട്ടിക്കൊണ്ടു് അയാൾ ഈശ്വരനെ ധിക്കാരപൂർവ്വം പോരിനു വിളിച്ചു; നരകാധിപനെ നിന്ദാപൂർവ്വം പരിഹസിച്ചു. പണിക്കരുടെ അപ്പൊഴത്തെ നില കണ്ടാൽ, നരകത്തിൽനിന്നു വല്ല ഭൂതമോ പ്രേതമോ പിശാചോ ഭൂമിയിൽ അവതരിച്ചിരിക്കയാണോ എന്നു സന്ദേഹം തോന്നും. അയാളുടെ ചുററും അഗ്നിജ്വാല ഉണ്ടായിരുന്നുവെങ്കിൽ, പ്രേതനാഥൻതന്നെ വന്നിരിക്കയാണോ എന്നു്, ആ ആശ്രമവാതിലിൻെറ വിള്ളലിൽക്കൂടെ നോക്കിയവരാരും ശങ്കിച്ചു വിറയ്ക്കുമായിരുന്നു. കുപ്പച്ചിനക്കല്ല്യാരിക്കു് ഉപദേശം നൽകിയ 'സ്വാമിശതാനന്ദൻ' ഈ കഥയൊന്നുമറിയാതെ, ആശ്രമദ്വാരത്തിൽ ഒളിഞ്ഞുനോക്കിയപ്പോൾ, തൻെറ കണ്ണിനുമുമ്പിൽ ഈശ്വരനെ ശകാരിച്ചുകൊണ്ടു നിന്നിരുന്ന ആ 'ദുർവ്വാസാവു്' ഒരു വേദാന്തിയാണെന്നു മനസ്സിലാക്കിയതേയില്ല. ഏതോ ഒരു മുഴുഭ്രാന്തൻ ഉന്മാദമിളകുകയാൽ ഉച്ചത്തിൽ പ്രലപിക്കയാണെന്നായിരുന്നു ശതാനന്ദൻ ശങ്കിച്ചതു്; അതുനിമിത്തം ആ 'സ്വാമി' ഭയപ്പെട്ടു് എത്രയും ശീഘ്രം അവിടംവിട്ടു നടന്നു.

കുറെനേരം കഴിഞ്ഞപ്പോൾ, പണിക്കരുടെ കോപാവേശം

ഒട്ടൊക്കെ ശമിച്ചു; അതോടുകൂടി ദേഹമാസകലം ക്ഷീണിക്കയും ചെയ്തു. അയാൾ പെണ്ണുങ്ങളെപ്പോലെ ഏങ്ങിയേങ്ങിക്കരഞ്ഞും, നരകാധിപൻ തിരുവടികളോടു മാപ്പപേക്ഷിച്ചും, അവിടെ നിലത്തു പതിച്ചു.

ഏതാൻ നിമേഷം ഇങ്ങനെ കഴിഞ്ഞു. അപ്പൊഴേയ്ക്കും പണിക്കൎക്കു് ഒരു ഉണർച്ചതട്ടി; അയാൾ ഭാവനാജന്യമായ ആത്മഭീതിയെ തന്റെ ശ്രേഷ്ഠമായ മനശ്ശക്തിയാൽ അമൎത്തി. തന്റെ ആത്മാവിനെ നരകത്തിൽ കടക്കാനയയ്ക്കാതെ ആട്ടിപ്പുറത്താക്കമെങ്കിൽ അതിനെപ്പററി പ്രലപിച്ചിട്ടു പ്രയോജനമൊന്നുമില്ല എന്നു് അയാൾക്കു നല്ല ബോദ്ധ്യമായി.

ആ നിലയിൽ അയാൾ വീണ്ടും, തന്റെ ഈശ്വരാജ്ഞയെ ത്വവാദച്ചങ്ങാതിയുടെ കായിതത്തെ ചെന്നെടുത്തു്, ആ കറുത്ത താളിലുള്ള വെളുത്ത എഴുത്തുകളുടെമേൽ സൂക്ഷ്മമായി കണ്ണോടിച്ചു. എന്നാലിനി ശീഘ്രം വായിച്ചുതീൎക്കണമെന്നും അയാൾ നിശ്ചയിച്ചു. എന്തെന്നാൽ: നരകകായിതം വായിക്കുന്തോറും പണിക്കൎക്കു ദേഹം ഒന്നിനൊന്നു് അധികം ക്ഷീണിക്കയും, മനസ്സു പതറിത്തുടങ്ങുകയും, തലതിരിഞ്ഞു കുഴയുകയും ചെയ്തുവന്നിരുന്നു. താൻ,

"ഒട്ടുക്കൊന്നായ് ഗ്രസിപ്പാനലറി രസനയെ-
ദ്ദംഷ്ട്ര മുട്ടുന്ന മട്ടായ്
പെട്ടെന്നാട്ടിപ്പിളക്കും വികടയമമുഖ-
ത്തോടു നേരായി...."

കിഴക്കാംതൂക്കായിക്കിടക്കുന്ന പാറയുടെ മുകളിൽ, വക്കത്തുചെന്നു് അതിൽ തുറിച്ചുകാണുന്നതായ ശിലാദംഷ്ട്രകളേയും, അടിയിൽ ചുഴന്നടിച്ചു മറിയുന്നതായ ദരീജിഹ്വയേയും നോക്കിനില്ക്കുകയാണെന്നുതന്നേ പണിക്കൎക്കു തോന്നിയിരുന്നു.

*　　*　　*　　*

"പണിക്കരേ, ഈ പാപങ്ങളിൽ ഒന്നുപോലും ചെയ്തിട്ടില്ലാ

ത്തവരായോ, അഥവാ ചെയ്തുപോയിരുന്നാൽ തക്കതായ പ്രായശ്ചിത്തം ചെയ്തിട്ടുള്ളവരായോ ഇരിക്കുന്ന ജനങ്ങൾക്കെല്ലാവക്കും, അവർ ഏതു ലോകത്തിൽനിന്നു വരുന്നവരായാലും ശരി, അവർ മതാചാര്യന്മാരോ, പാഷണ്ഡന്മാരോ, ജ്ഞാനികളോ, അജ്ഞാനികളോ ആരായിരുന്നാലും ശരി, നരകത്തിൽ പ്രവേശിപ്പാൻ യാതൊരു പ്രയാസവുമില്ല.

"ഇതും ഇവിടുത്തെ സവ്വശക്തനായ തിരുവടികളുടെ അതിരററ കൃപയുടെ മറെറാരു ലക്ഷ്യമാകുന്നു. ഒരാത്മാവിനു നരകത്തിൽ പ്രവേശം ലഭിപ്പാൻ സ്വഗ്ഗത്തെയോ നരകത്തെയോ നിത്യാവസ്ഥയെയോ പററി വിശ്വാസമുണ്ടായിരുന്നിരിക്കേണമെന്നു തിരുവടികൾ ആവശ്യപ്പെടുന്നില്ല. തിരുവടികളുടെ വിസ്മയനീയമായ കാരുണ്യത്തെയും നന്മയേയും ആ ആത്മാവു വിശ്വസിച്ചിരിക്കേണമെന്നും തിരുവടികൾ ആവശ്യപ്പെടുന്നില്ല; എന്തെന്നാൽ, പരപ്രത്യയനേയബുദ്ധിത്വം—അതാവിതു താൻ തന്നെ ചികഞ്ഞുനോക്കി ഗുണാഗുണങ്ങൾ നിണ്ണയിച്ചു് ഒരഭിപ്രായം സ്വരൂപിക്കുന്നതിനു പകരം, അന്യന്മാരുടെ വാക്കുകളെ കേട്ടു മാത്രം ഒരു സംഗതിയെ വിശ്വസിക്കുന്ന സ്വഭാവം—ഭോഷലക്ഷണമാണെന്നാകുന്നു തിരുവടികൾ അഭിപ്രായപ്പെടുന്നതു്. പരിണാമനിയമപ്രകാരം ഉണ്ടാവുന്നതായ ആദിമൂലപാപം ആത്മാവിൻെറ മേൽ ചുമത്താവുന്നതല്ലെന്നാണല്ലൊ സങ്കല്പം; എന്നിരുന്നാലും, ആത്മാക്കൾ അവയുടെ മാംസപഞ്ജരത്തിനുള്ളിലിരിക്കുമ്പോൾതന്നെ അവയ്ക്കു സിദ്ധിച്ചിട്ടുള്ള പരിമിതമായ ധമ്മാധമ്മബോധമനുസരിച്ചു പ്രവത്തിച്ചിരിക്കേണമെന്നു തിരുവടികൾ ആവശ്യപ്പെടുന്നുണ്ടു്.

"പ്രണിക്കുടരേ, ഇനി ഈ കത്തു ദീർഘിപ്പിക്കുന്നില്ല. എന്നല്ല, നിത്യവാൻ തിരുവടികളുടെ കല്പനയുംകൊണ്ടു് ഒരു പരിശുദ്ധദേവദൂതൻ വന്നിരിക്കുന്നു. ആകയാൽ, ഏറെക്കാലം കഴിയുംമുമ്പു്—ഭൂമിയിലെ കാലഗണിതപ്രകാരം ഏറെ നാൾ കഴിയുംമുമ്പു്—നിങ്ങളുടെ ആത്മാവു്, ഉജ്ജ്വലപ്രഭമായ ഈ ശാശ്വത

 35866 

നഗരിയുടെ സുവർണ്ണദ്വാരത്തിങ്കലേയ്ക്കു പറന്നെത്തുമെന്നും, ഇവിട ത്തെ സർവ്വശക്തനായ തിരുവടികളുടെ അചിന്ത്യമായ കൃപ ഹേതുവായി, ഈ നഗരത്തിനുള്ളിൽ വിലസുന്ന ഭംഗികളേയും മധുര സ്വരങ്ങളേയും ആനന്ദത്തേയും ശാന്തിയേയും നിത്യം അനുഭവിപ്പാനും, ഞങ്ങളെ ഭരിച്ചുവരുന്ന സർവ്വശക്തനായ തിരുവടികളുടെ ശ്രീമഹിമയേയും പ്രതാപശ്രേഷ്ഠതയേയും നിങ്ങളുടെ ആത്മാവിന്റെ ദൃഷ്ടിക്കു് എന്നെന്നും വിരുന്നാക്കുവാനും, മർത്ത്യകർണ്ണങ്ങൾക്കു ഗോചരീഭവിച്ചിട്ടില്ലാത്തവയായും—നരകത്തിലേയ്ക്കായി വരുന്ന ആത്മാക്കളിലൊന്നിനെ അകത്തു കടക്കാനയയ്ക്കാതെ തള്ളിക്കളയുന്ന സമയമൊഴികെ—എല്ലാ കാലവും സൗന്ദര്യധാമമായ ഈ നഗരത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നവയായും ഉള്ള സംഗീതധ്വനികൾ കൊണ്ടു നിങ്ങടെ ആത്മാവിന്റെ കർണ്ണങ്ങളെ സേചനം ചെയ്യുവാനും ഭാഗ്യമുണ്ടാകുമാറു് നിങ്ങടെ ആത്മാവിനു നരകപ്രവേശം ലഭിക്കുമെന്നും, ഈ രണ്ടാമത്തേതും ഒടുവിലത്തേതുമായ കായിതത്തിൽ ഉറപ്പായി ആശിച്ചുകൊള്ളുന്ന,

"പഴയ ചങ്ങാതി

"ശാമിപ്പട്ടർ (ഒപ്പ്)"

# 5

## ആശയും ഭീതിയും

നരകത്തിൽനിന്നു വന്നുചേർന്ന ആ ഒടുവിലത്തെ കായിതത്തെക്കുറിച്ചു് വിചാരിച്ചു വിചാരിച്ചു തന്നേ, ആ വേദാന്തിശ്രേഷ്ഠൻ, ഇരുന്നേടത്തു നിന്നു് എഴുന്നേല്ക്കാതെയും, താൻ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെന്നു കൂടി അറിയാതെയും, ദീർഘനേരം അവിടെത്തന്നേ ഇരുന്നു. തന്റെ ആത്മാവിനു വിധിക്കപ്പെട്ടിട്ടുള്ള ഗതി എന്തെന്നു നിർണ്ണയിക്കാമെന്ന ആശയെ താൻ കൈയെത്തി

ല്പിടിക്കുവാൻ ഭാവിക്കുമ്പോഴെയ്ക്കും, അതിനെ ദുർദ്ദൈവകാകൻ തട്ടിപ്പറിച്ചു കളഞ്ഞു എന്നുതന്നേ അയാൾക്കു തോന്നി. തൻെറ ചങ്ങാതിയുടെ രണ്ടാം കായിതം തൻെറ മരണത്തിന്നു മുമ്പായി വന്നു ചേരുമെന്നു് പണിക്കർക്കു് ഒരിക്കലും ഉറപ്പുണ്ടായിരുന്നില്ല; എന്നല്ല, വാസ്തവത്തിൽ, അതു് സമയത്തിന്നു വന്നുചേരുമെന്നു് ആശിക്കപോലും ചെയ്തിരുന്നില്ല. എന്നാൽ ഇപ്പൊഴോ? ആ കായിതം തൻെറ കൈക്കൽ വന്നു ചേരുകയും, അതിലെ പാപ പട്ടികയെക്കുറിച്ചുള്ള ഘട്ടത്തിൽ താൻ എത്തുകയും, തൻെറ കണ്ണി ന്മുമ്പിൽ തന്നേ അകലെയായി ആശ വിളങ്ങുകയും ചെയ്തപ്പോ ഴെയ്ക്കും ആ ആശ ഇങ്ങിനി വരാതവണ്ണം നഷ്ടമായിപ്പോയിരിക്കു ന്നു. ആ പട്ടികയിൽ കൊണ്ട പാപങ്ങളിൽ ഒന്നിൻെറ മാത്രം—താൻ ചെയ്തിരിക്കുമെന്നു ശങ്കിച്ചിട്ടുള്ള ഒരേ ഒരു പാപത്തിൻെറ—സ്വഭാവത്തെക്കുറിച്ചു് തനിക്കു് അല്പമെങ്കിലും വിവരം ഉണ്ടായി ല്ലല്ലൊ.

പണിക്കർ തൻെറ ആശ്രമത്തിൻെറ പടിഞ്ഞാറെ ചുമരിലു ള്ള കിളിവാതിലിലൂടേ പുറത്തേയ്ക്കു ദൃഷ്ടിപായിച്ചു. സൂര്യൻ ചര മാബ്ധിയിൽ മുങ്ങി മറയാനായി പോവുന്നു; മീനമാസത്തിലെ പ കലാകയാൽ ആകാശത്തിൽ നല്ല തെളിച്ചമുണ്ടു്. ധൂളിയിൽ മു ങ്ങി നിറം മങ്ങിയ ചില ചെറിയ പക്ഷികൾ ആശ്രമത്തിനരികി ലുള്ള വൃക്ഷങ്ങളിൽ തത്തിപ്പറന്നു ചിലയ്ക്കുന്നു. അവയെക്കാളും ഏ റെ പൊടിയണിഞ്ഞു് മുകറിളിഞ്ഞ കുട്ടികൾ ആ ദുരിതവീഥിയി ലെ ചളിച്ചാലുകളിൽ ഇറങ്ങി കളിച്ചു പുളയുന്നു. ചില 'ചെക്ക ന്മാർ' വർത്തമാനപത്രങ്ങളും കൈയിലെടുത്തു്, "എല്ലാക്കും ജ യം!"—എന്നു് ആർത്തുവിളിച്ചു് ഓടിനടക്കുന്നു.

എല്ലാക്കും ജയം! ഹ! അവക്കും—അവരുടെ പക്ഷക്കാർ ക്കും—പന്തയക്കളിയിലാണു ശ്രദ്ധ മുഴുവൻ; നരകത്തിൽ പ്രവേ ശം കിട്ടുമോ ഇല്ലയോ എന്നുള്ള ആലോചനയേ ഇല്ല. അവരുടെ

ആത്മാവിനു് ഒരുനാളും വിശ്രാന്തി ലഭിക്കാതെയായാൽ അവ ക്കെന്തു്? ഒരു ചേതവുമില്ല!—അവരുടെ ശ്രദ്ധ പന്തയം നേടാൻ മാത്രം.

എല്ലാവക്കും! ജയം! ഹാഹാ! എന്തൊരു ദൈവദുർവ്വിപാകം! ഇതാ ഇവിടെയുണ്ടൊരു കായിതം—നരകത്തിൽനിന്നു വന്ന കായിതം—തൻെറ മുമ്പിൽ നീത്തു വെച്ചിരിക്കുന്നു; നരകാധിപൻ തിരുവടികൾ വളരെ കാരുണ്യശാലിയാണെന്നും അതിൽ പറയുന്നു. എന്നിട്ടും നരകപ്രവേശകാൎയ്യത്തിൽ തനിക്കു ജയമോ തോൽവിയോ, എന്നു നിശ്ചയിപ്പാൻ കഴിയാതെയിരിക്കുന്നുവല്ലൊ. എല്ലാക്കും ജയം! പക്ഷേ, 'ഭാഗ്യശാലികൾ' എന്നു വൃഥാ വിളിക്കപ്പെട്ടുവരുന്ന വല്ല കൂട്ടരും ആ ഭാഗത്തു ചേൎന്നിട്ടുണ്ടായിരിക്കാം; അങ്ങനെ പന്തയം ജയിച്ചതുമാവാം. എന്തായാലും, ഭാഗ്യം എന്നൊരെണ്ണമുണ്ടെന്നു പണിക്കർ സമ്മതിക്കയില്ല. ഭാഗ്യമോ, വെറും മായ; കാൎയ്യകാരണശൃംഖലയുടെ കണ്ണികളിലൊന്നിനെ നമ്മൾ കണ്ടറിഞ്ഞിട്ടില്ലെന്നുള്ള ന്യൂനതയെ മറച്ചുവെപ്പാനായി ഉപയോഗിക്കുന്ന ഒരു തിരശ്ശീല, അല്ലാതെ മററെന്തു്? പന്തയം നേടുന്ന കൂട്ടരുടെ പിൻബലമായി നില്ക്കുന്നവക്കും, അതിന്നമ്മണ്ണം, പണം തോല്ക്കുന്നവക്കും അവരവരുടെ വിശേഷനിലയ്ക്കു കാരണമായി യുക്തിശാസ്ത്രത്തിന്നനുസരിച്ചുള്ള സംഗതി എന്തോ ഒന്നുണ്ടായിരിക്കണമെന്നാണു് ആ വേദാന്തിയുടെ മതം—ഈ കാരണമെന്തെന്നു ഗ്രഹിപ്പാൻ മനുഷ്യൻെറ തലച്ചോർ കൊണ്ടു സാദ്ധ്യമല്ലെന്നും, ആ സംഗതി അത്രയേറെ സൂക്ഷ്മവും ഗഹനവും ആണെന്നും പണിക്കൎക്കു് അഭിപ്രായമായിരുന്നു. തൻെറ കാൎയ്യത്തിലും, പ്രേതലോകത്തിൽനിന്നു തനിക്കു കിട്ടിയ കായിതം വായിച്ചതിൽ കുറെയൊക്കെ ജ്ഞാനദീപം തെളിഞ്ഞു നിന്നിരുന്നുവെങ്കിലും, വളരെ സാരമേറിയ ഒരു ഘട്ടത്തിലായപ്പോൾ അതു തീരെ അണഞ്ഞു പോകയും, തന്നെ അന്ധകാരത്തിലടയ്ക്കുകയും ചെയ്തതു് ദുർഗ്രഹമായ എന്തോ കാരണത്താലായിരിക്കണം. ഈ

വക കാര്യങ്ങൾക്കൊക്കെ യുക്തിശാസ്ത്രാനുരൂപമായ കാരണമൊന്നുണ്ടു്, നിശ്ചയം. എന്നാൽ, ആ കാരണമെന്താണെന്നു കണ്ടുപിടിപ്പാൻ തനിക്കു ശക്തിയില്ലതാനും. പക്ഷേ, തൻെറ മുമ്പിൽ നീത്തിവെച്ചിരിക്കുന്ന കായിതത്തിൽ ഒരു ഘട്ടം മാത്രം സ്പഷ്ടാത്ഥമല്ലാത്തവിധം എഴുതിപ്പോയതു് ശ്രദ്ധക്കുറവുകൊണ്ടു പററിയ അബദ്ധമായിരിക്കാം. എന്നാൽ, സ്വർഗ്ഗത്തെയോ, നരകത്തെയോ, ശാശ്വതാവസ്ഥയേയോ പററി പരിപൂണ്ണമായ അറിവുള്ള ആത്മാക്കൾക്കു് ശ്രദ്ധക്കുറവുണ്ടാവുമോ? ആ സംഗതി പണിക്കർ അറിഞ്ഞിട്ടുമില്ല; അറിവാൻ ശക്തിയുമില്ല. എന്നാൽ പിന്നെ, കായിതത്തിലെ ഈ വീഴ്ച, ഒരുവേള, നരകാധിപൻതിരുവടികൾ മനഃപൂവ്വം ചെയ്യിച്ചതായിരിക്കുമോ? ശാമിപ്പട്ടരെക്കൊണ്ടു കല്പിച്ചുകൂട്ടി ചെയ്യിച്ചതായിരിക്കയില്ലേ? ശാമിപ്പട്ടർ എത്രയോ ഭക്തിപൂവ്വം സ്തുതിക്കുന്ന കാലൻതിരുവടികൾ—കൃപാവാരിധിയായ ആ തിരുവടികൾ— ഇങ്ങനെ ഒരു വഞ്ചന ചെയ്തു് സാധുക്കളെ ദ്രോഹിക്കുമോ? ആ വിവരവും തനിക്കു് അറികയില്ല; അറിവാൻ ശക്തിയുമില്ല.

എല്ലാവക്കും ജയം! ഒന്നളിഞ്ഞാൽ മറെറാന്നിനു വളം. ഒരുവനു് നഷ്ടമെങ്കിൽ മറെറാരുവന്നു ലാഭം. നരകപ്രവേശകാര്യത്തിൽ ഒരുവേള, തനിക്കു നഷ്ടമാണെങ്കിൽ, ലാഭം ആക്കായിരിക്കും?

ഛീ! ഛീ! ഈ യുക്തികൾ പ്രയോഗിച്ചു് അനുമാനം ചെയ്തിട്ടെന്തു പ്രയോജനം? ആലോചിക്കുന്തോറും, താൻ, സന്ദേഹമാകുന്ന ചളിക്കുണ്ടിൽ അടിക്കടി ആണ്ടുപോവുന്നതേയുള്ളു. തൻെറ പൊട്ടിപ്പിളന്നിരിക്കുന്ന ആത്മാവു് ആ ദേഹത്തെ വെടിഞ്ഞുപോവുംവരെ, അതിൻെറ ഭാവിഗതി എന്താണെന്നു് അറിവാൻ സാധിക്കയില്ല എന്നുള്ളേടത്തോളം, പണിക്കർ,—ആ ഭാവിഗതി സമീപിക്കാറായി എന്നുള്ള ഭയചിന്തയോടുകൂടിത്തന്നെ—മനസ്സില്ലാമനസ്സായി ഒരുവിധം സമ്മതിച്ചു.

എന്നാലും തനിക്കു് ആശ അരുതെന്നുണ്ടോ? ആശ! ആ!

മനസ്സിനിണങ്ങാത്ത പിത്തലാട്ടം! നിശ്ശേഷം അസ്തമിച്ചിട്ടില്ലാത്ത ആശയാവട്ടെ, ഒരു വെറും മരുമരീചിക; കണ്ടാലുടൻ മറയുന്ന ഒരു ഭൂതം; വഴിപിണക്കി പീഡിപ്പിക്കുന്ന ഒരു പിശാചു്—അല്ലാതെ യെന്താണു്? 'ഇതിലുമെത്രയോ ഭേദമാണു് മരണവും അറിവും'— എന്നു് സഹിക്കവയ്യാത്ത മനഃക്ലേശത്താൽ പണിക്കർ ഉറക്കെ പറഞ്ഞുപോയി.

മരണവും അറിവും! ആ അറിവോ, അവസാനിക്കാത്ത അനിശ്ചലതയിൽ സിദ്ധിക്കേണ്ടതു്! ഛേ്! ഛേ്! വേണ്ട, വേണ്ടാ, ഓരായിരം പ്രാവശ്യം വേണ്ട, വേണ്ടാ. മരിപ്പാൻ തനിക്കു മനസ്സില്ല; കഴികയുമില്ല; ഒരുക്കവുമില്ല. തൻെറ അനശ്വരമായ ആത്മാവിനെ കൊല്ലാൻ സാധിച്ചുവെങ്കിലോ—സാധിച്ചുവെങ്കിൽ; എന്നാൽ, അനശ്വരമായതിനെ നശിപ്പിപ്പാൻ ആക്കു കഴിയും?

വിഡ്ഢിത്തം! വിഡ്ഢിത്തം! ഇതെന്തൊരു ഘോരമായ വിഡ്ഢിത്തം! പണിക്കൎക്കു നൈരാശ്യപ്രപാതത്തിൽ തലകീഴായി വീഴുമ്പോൾ പിടിച്ചു രക്ഷപ്പെടാൻ എങ്ങാനുമൊരു പുല്ക്കൊടി കിട്ടിയാലും മതിയായിരുന്നു. അതുകൊണ്ടും പ്രയോജനമില്ലെന്നു കണ്ടു. ഒരുകാലത്തു് ഏതു ഗഹനത്തിലും കൂസൽകൂടാതെ കടന്നിരുന്നതും, ഏതു വിഷമസംഗതിയേയും അഴിച്ചുപിരിച്ചു് വിശദമാക്കിയിരുന്നതും, എത്രയും മുൻകരുതലോട്ടുകൂടി പ്രവൎത്തിച്ചിരുന്നതും, ഏററം വിശ്വസ്തനായി പെരുമാറിയിരുന്നതുമായുള്ള തൻെറ വിവേകം തന്നെ മിക്കവാറും വെടിഞ്ഞിരിക്കുന്നുവെന്നു് അയാൾക്കു തോന്നി. തൻെറ കീഴ്ക്കിടെ കഴിഞ്ഞ വേദാന്തചിന്തനശക്തിയെ ഓൎത്താൽ, ഇപ്പൊഴത്തെ അശക്തത എത്രയോ ഭയങ്കരം! പണിക്കർ തൻെറ കൈരണ്ടും തൻെറ പിടച്ചുടിച്ചുകൊണ്ടിരുന്ന ചെന്നികളിൽ അമൎത്തി; അവ ഹോമകുണ്ഡത്തിലെ അഗ്നിയെപ്പോലെ ജ്വലിക്കുന്നുണ്ടായിരുന്നു.

ഇതേവരെ ഭാഗ്യത്തിൻെറ പച്ചായമെന്നു താൻ ഗണിച്ചിരു

ന്ന വിധി, തന്നെ കടന്നുപിടിച്ചിരിക്കുന്നു. വിധി എന്നൊന്നുണ്ടെന്നും അതിന്നു ഭീമബലമുണ്ടെന്നും അയാൾ ഇപ്പോൾ സമ്മതിച്ചു— അനിശ്ചിതമാകയാൽ തന്നെയാണു് അതു് ഭയങ്കരമായിരിക്കുന്നതു്. അതിനോടു മല്ലിട്ടതുകൊണ്ടോ, ശകാരിച്ചതുകൊണ്ടോ പ്രയോജനമൊന്നുമില്ലതന്നെ. ഭാവിയെ മറച്ചിരിക്കുന്ന തിരശ്ശീലയെ ഒന്നു് പൊന്തിക്കാൻ ശ്രമിക്കുന്നതും നിഷ്പ്രയോജനംതന്നെ. മാംസരക്താസ്ഥിപിണ്ഡമായ ഏതൊരു മനുഷ്യൻ അറിയുന്നതിലും എത്രയോ വളരെ തത്വങ്ങൾ താൻ ഗ്രഹിച്ചിരിക്കുന്നു; ആ തത്വജ്ഞാനം തനിക്കു് **ഉണ്ടായിരുന്നില്ലെങ്കിൽ**—താൻ ആ അറിവു **നേടാതെയിരുന്നുവെങ്കിൽ**—തന്റെ അന്ത്യകാലം സമാധാനമായിക്കഴിയുമായിരുന്നു. എന്നാൽ സംഭവിച്ചതു് അങ്ങനെയല്ലല്ലൊ; താനറിയെത്തന്നെ, താൻ വിധിയുടെ കൈയിൽപെട്ട ഒരു പാവയായിത്തീന്നിരിക്കുന്നു; ഭാവി എന്തായിരിക്കുമെന്നു പ്രവചിപ്പാൻ കഴിയാത്ത ഒരു വേദാന്തി—അല്ലാതെ, ദീർഘദശിയല്ല.

പണിക്കരുടെ ഉള്ളിൽ ഇത്രയും നേരം അമന്നു മിനുങ്ങിക്കിടന്നിരുന്ന ആശാലേശം പെട്ടെന്നു് ഉജ്ജ്വലിച്ചു; ഹൃദയാന്ധകാരത്തെ നീക്കുകയും, അയാളുടെ മനോദൃഷ്ടിപഥത്തിൽ ദീപ്യത്തായ ഒരു നക്ഷത്രമെന്നവണ്ണം വിളങ്ങുകയും ചെയ്തു. നൈരാശ്യകലുഷമായി രക്തപൂണ്ണമായിത്തീന്നിരുന്ന മിഴികളിൽ ഒരു പുതിയ പ്രഭ വരുന്നു. പൂവ്വക്ഷണംവരെയും ഭയംകൊണ്ടു തണുത്തുറഞ്ഞിരുന്ന രക്തനാഡികൾ ഉണന്നു, ചൂടുചോര പാഞ്ഞുതുടങ്ങി.

രണ്ടാമത്തെ നരകകായിതത്തിനായി താൻ പ്രാർത്ഥിച്ചപ്പോൾ, സവ്വശക്തനായ നരകാധിപൻതിരുവടികൾ ആ പ്രാത്ഥനയെ കേട്ടില്ലേ? അതിന്മണ്ണം കായിതം 'അയപ്പിക്കയുമുണ്ടായില്ലേ? പിന്നെ എന്താണു് ഇപ്പോൾ നിരാശപ്പെടുവാൻ?

ആശ ഉണന്നു ഉജ്ജീവിച്ചു. നരകാധിപൻതിരുവടികളോടു

താൻ വീണ്ടും കൃപയെ യാചിക്കും, 'മനുഷ്യജീവച്ഛേദകൻ' എന്ന പദത്തിൻെറ വിശദമായ വ്യാഖ്യാനം അറിയിച്ചുതരേണമേ എന്നു താൻ ആ സർവ്വശക്തനായ തിരുവടികളോടു പ്രാർത്ഥിക്കും, എന്നു് പണിക്കർ ആലോചിച്ചുറച്ചു.

ഈ നിശ്ചയത്തോടുകൂടി, അയാൾ, പ്രേതനാഥനായ, പരമേശവിരോധിയായ, പാപാദ്ധ്യക്ഷനായ, കാലൻതിരുവടികളെ ധ്യാനിച്ചു്, സർവ്വാംഗം വേപമാനനായി, മനുഷ്യവർഗ്ഗത്തിൽപ്പെട്ട വരാരും ചെയ്തിട്ടില്ലാത്തവിധം, ഏകാഗ്രചിത്തനായിത്തന്നെ, സാഷ്ടാംഗം നമസ്കരിച്ചു് പ്രാർത്ഥനചെയ്തു.

# മൂന്നാം ഭാഗം

KOTTAYAM PUBLIC LIBRARY
KOTTAYAM

# 1

## പട്ടരുടെ നാൾവഴി

അതിദയനീയമായ ആ ദണ്ഡനമസ്കാരവും പ്രാർത്ഥനയും ഒരുവിധം അവസാനിച്ചപ്പോൾ, പണിക്കർക്ക് നരകാധിപൻതിരുവടികൾ തൻെറ യാചനയെ തള്ളിക്കളകയില്ലെന്നു കുറെ സമാശ്വാസം തോന്നി. താല്ക്കാലികമായ ആ മനസ്സ്വാസ്ഥ്യത്താൽ അയാൾക്കു ദേഹക്ഷീണം കളവാൻ കുറെ വെള്ളം കുടിച്ചാൽ കൊള്ളാമെന്നും ആഗ്രഹമുണ്ടായി.

ഭാഗ്യം! പണിക്കർ ചുഴലവും ഒന്നു നോക്കിയപ്പോൾ, അടുത്തുതന്നെ മുഖക്ഷാളനത്തിനായി വെള്ളം നിറച്ചുവെച്ചിരുന്ന കുണ്ഡികയെ കണ്ടു. അതെടുത്തു മുരലിനെ ചുണ്ടിനോട് അടുപ്പിക്കുമ്പോഴേയ്ക്കും, ഓരായിരം വീണക്കമ്പികളിൽ നിന്നിളകിയ മധുരസ്വരങ്ങൾ കലന്നമാതിരി എന്തോ ഒരു ശബ്ദം അയാളുടെ കാതുകളിൽ പതിച്ചു. "നിൻെറ മരിച്ചുപോയ ചങ്ങാതിയുടെയും നിൻെറയും നാൾവഴിക്കുറിപ്പുകൾ എടുത്തു നോക്കുക; മനുഷ്യജീവച്ഛേദനം എന്നാലെന്തെന്ന് അവയിൽ കാണാം."—എന്നായിരുന്നു ആ ശബ്ദം സൂചിപ്പിച്ചതു്.

ആ മധുരസ്വരം അവസാനിച്ചപ്പോൾ പണിക്കർ മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത വിധത്തിലുള്ള ദുഃഖസ്വരങ്ങൾ ആ 'ആശ്രമത്തിലെങ്ങും മുഴങ്ങി. അതു ദേവദൂതന്മാരുടെ കരച്ചിലായിരുന്നിരിക്കാം. അടുത്ത നിമേഷത്തിൽ, ആ വേദാന്തിയുടെ കണ്ണുകളെ മയക്കുന്നതായുള്ള ഒരു സുവർണ്ണകാന്തിവിശേഷം ആശ്രമത്തിനകത്തെവിടെയും നിറഞ്ഞു; പണിക്കർക്ക് ആ ഉജ്ജ്വലപ്രഭയെ എതിരേ നോക്കുവാൻ ശക്തി പോരാഞ്ഞു്, അയാൾ തൻെറ ചകരിമെത്തയെടുത്തു തല മൂടി മറഞ്ഞുകളഞ്ഞു. അതിനെ തുടന്ന്, പ

ക്ഷികൾ ചിറകടിച്ചു പറക്കുന്നമാതിരി, മന്ദമായ ഒരു ശബ്ദം പരന്നു, ആശ്രമത്തിലെ വായു കവോഷ്ണമായി; ചേതോഹരമായ ഒരു സൗരഭ്യവിശേഷവും പ്രസരിച്ചു. ഈ ശബ്ദം അകന്നുപോയതോടുകൂടി, ദുഃഖസ്വരവും കേൾക്കാതെയായി; പ്രഭാവിശേഷവും മറഞ്ഞു. ആശ്രമത്തിൽ അന്ധകാരം നിറഞ്ഞു; വായു ശീതളമായി; നിശ്ശേഷം നിശ്ശബ്ദമാവുകയും ചെയ്തു.

പണിക്കർ മൂടുപടം നീക്കി തല പുറത്തെയ്ക്കു നീട്ടിയപ്പോൾ സൂര്യൻ അസ്തമിച്ചിരിക്കുന്നു. വായുവിൽ പ്രസരിച്ചിരുന്ന സൗരഭ്യം ഏല്ലാനിമിത്തം അയാളുടെ തലയിൽ രോമങ്ങളെല്ലാം ശല്യശലലംപോലെ എഴുന്നുനിന്നിരുന്നു. ആശ്രമത്തിനകത്തു താൻ ഏകനേ ഉണ്ടായിരുന്നുള്ളുതാനും.

ഒരു കാലത്തു് ഈശ്വരാജ്ഞേയതാവാദിയായിരുന്ന ആ വേദാന്തിയുടെ ജീവിതത്തിൽ ഏററവും ഗൗരവപ്പെട്ട വിഷമഘട്ടം വന്നിരിക്കുന്നു. അതിനെ തട്ടിനീക്കിക്കളവാനും ഇനി സാദ്ധ്യമല്ല; അങ്ങനെ കളയേണ്ടുന്ന ആവശ്യവുമില്ല. പണിക്കർ ചിന്താസന്താപിതാന്തരംഗനായി, ഭയചഞ്ചലദൃഷ്ടിയായി, വീണയുടെ തന്ത്രികളെ മീട്ടുംപോലെ തൻെറ ഫാലതലത്തിന്മേൽ വീണ്ടും വീണ്ടും വിരലുകളെ ഓടിച്ചു. അപ്പോൾ കഴിഞ്ഞ വിശേഷമൊന്നൊഴിയാതെ തൻെറ മനോദൃഷ്ടിക്കു മുമ്പെ നിരന്നു കണ്ടു. വാസ്തവമെന്തെന്നും ഗ്രഹിച്ചു. ശങ്കിപ്പാൻ യാതൊരാവശ്യവുമില്ലെന്നും അയാൾക്കു ബോദ്ധ്യമായി. താൻ നരകാധിപൻതിരുവടികളോടു രണ്ടുരു പ്രാൎത്ഥിച്ചിരിക്കുന്നു; ആ പ്രാൎത്ഥനകളെ തിരുവടികൾ കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു. ഇതിൽ സന്തോഷിപ്പാനല്ലാതെ, പരിഭ്രമിപ്പാൻ എന്തവകാശം?

ഈ മനസ്സമാധാനത്തോടുകൂടി പണിക്കർ തീപ്പെട്ടി തേടിപ്പിടിച്ചു്, ഒരു കോൽ വലിച്ചെടുത്തു തറയിൽ ഉരച്ചു്, തൻെറ കൈവിളക്കു കത്തിച്ചു. വിളക്കും കൈയിലെടുത്തുകൊണ്ടു്, "സൎവ്വശക്തനായുള്ളോവേ, തിരുവടികളുടെ കാരുണ്യത്തിന്നു് ഏഴയായ

ഈ ഞാൻ എങ്ങനെ കൃതജ്ഞത കാട്ടേണ്ടു എന്നറിയുന്നില്ല; എങ്ങനെയെന്നറിയുന്നില്ല;—അറിയുന്നില്ല"—എന്നു് ഉള്ളിൽ പിറുപിറെ പറഞ്ഞു്, ആശ്രമത്തിൻെറ അങ്ങേ മൂലയിലേയ്ക്കായി നടന്നുതുടങ്ങി.

അവിടെയുണ്ടു് പലേ ഗ്രന്ഥങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. അവയിൽനിന്നു് ഒരെണ്ണം തെരഞ്ഞെടുത്തു; അതു ശാമിപ്പട്ടരുടെ നാൾവഴിക്കുറിപ്പു് ആയിരുന്നു. ശാമിപ്പട്ടർ മരിച്ചപ്പോൾ ശരഫണാശ്രമത്തിൽനിന്നു പണിക്കർ എടുത്തുകൊണ്ടുവന്നു സൂക്ഷിച്ചുവെച്ചിരുന്നതുമായിരുന്നു. തൻെറ ചങ്ങാതിയുടെ സ്മരണയെ നിലനിത്തുവാനുള്ള ഒരു ലക്ഷ്യമായിട്ടേ അന്നു കരുതിയിരുന്നുള്ളു. ഇപ്പൊഴോ, അതു തൻെറ ഭാവിയെ നിണ്ണയിക്കേണ്ടതിന്നു് ഉതകുന്ന ഒരാധാരമായിത്തീന്നിരിക്കുന്നു. ഏതായാലും, ചങ്ങാതിയുടെ നാൾവഴിക്കുറിപ്പുകളെത്തന്നെ, താൻ ആദ്യം പരിശോധിക്കുമെന്നു പണിക്കർ നിശ്ചയിച്ചു് ആ ഗ്രന്ഥത്തെ വിടത്തി, ഓരോരോ ഏടുകളായി മറിച്ചുതുടങ്ങി.

പാതിരാവായി. എന്നിട്ടും ആ നാൾവഴിയിൽ വിശേഷമായ യാതൊന്നും പണിക്കർ കണ്ടില്ല. 125-ാം പുറമായപ്പോൾ, അയാളുടെ കണ്ണുകൾ നന്നെ വിരിഞ്ഞു; മിഴികൾ തുറിച്ചു. പെട്ടെന്നു 'ഹ ഹാ!' എന്നു് ഉറക്കെ ചിരിച്ചുകൊണ്ടു്, തൻെറ ചുങ്ങിച്ചുളുങ്ങി ഉണങ്ങിയ കൈത്തണ്ടുകൾ രണ്ടുംകൂട്ടി മുട്ടിച്ചു.

ശാമിപ്പട്ടരുടെ നാൾവഴിക്കുറിപ്പു പുസ്തകം സാധാരണയായി മററുള്ളവരൊക്കെ ഉപയോഗിക്കാറുള്ള മാതിരിതന്നെയായിരുന്നു; വെള്ളക്കടലാസിൽ കറുത്ത മഷി ഉപയോഗിച്ചു് എഴുതീട്ടുള്ളതേ ആയിരുന്നുള്ളു. എന്നാൽ, പണിക്കരുടെ ദൃഷ്ടികളെ ആകഷിച്ച ഭാഗത്തു്, എങ്ങനെയോ അത്ഭുതമാംവണ്ണം, നിറപ്പകച്ചു വന്നിരിക്കുന്നു. ആ വെള്ളക്കടലാസു്,—എന്തു മറിമായമോ, എന്തോ?—തനിക്കു നരകത്തിൽനിന്നു വന്നിരുന്ന കായിതങ്ങളെപ്പോലെ കറുത്തും; മുമ്പു കറുത്ത മഷിയിൽ എഴുതിയിരുന്ന കുറിപ്പുകൾ

നരകകായിതത്തിലെ എഴുത്തുകളെപ്പോലെ വെളുത്തും ഇരിക്കുന്നു! ആശ്ചര്യമെന്നല്ലാതെ എന്തു പറയേണ്ടു?

ഈ ഭാവഭേദത്തിന്റെ ഹേതു എന്തെന്നു് ഊഹിപ്പാൻ പണിക്കർക്കു് തെല്ലും പ്രയാസം തോന്നിയില്ല. ബുദ്ധിമാനായ ആ വേദാന്തിയുണ്ടോ ഇത്രമാത്രം ലഘുവായ സംഗതിയിൽ ക്ലേശിക്കുന്നു? തന്റെ ചങ്ങാതിയുടെ നാൾവഴിയിൽ മനുഷ്യജീവച്ഛേദനത്തിന്നു ലക്ഷ്യം കാണുമെന്നു നരകാധിപൻതിരുവടികൾ അശരീരിവാക്കു് ഉച്ചരിച്ചിട്ടില്ലെ? അതിനൊത്തു തിരുവടികൾ ചൂണ്ടിക്കാണിച്ചിരിക്കുന്നതാണിതു്, സംശയമില്ല.

പണിക്കർ വളരെ സൂക്ഷ്മമായി നോക്കി; നാൾവഴിയിൽ ഇടത്തുവശത്തുനിന്നു വലത്തോട്ടു് എഴുതിയിരിക്കുന്ന കുറിപ്പുകൾക്കു് എതിരേ, കീഴ്മേലായി, "മനുഷ്യജീവച്ഛേദനം" എന്നു മററാരാളുടെ കൈപ്പടയിൽ എഴുതിയിരിക്കുന്നു! 'കലി 4986-ചിങ്ങം 5-ാംനു-'യിലാണു് ആ നാൾവഴി. അതിന്റെ ശരിപ്പകർപ്പു് ഇതാ ചേർക്കുന്നു:

"സ്വാമിക്കു കുടുംബാധികാരം ലഭിച്ചു. ഇനി കുടുംബഭരണം **എന്റെ** ഇഷ്ടംപോലെ. കാര്യസ്ഥന്മാരെ **ഞാൻ** നിശ്ചയിക്കും. സ്വാമിക്കു് ഒരു പുതിയ പെണ്ണുവേണം. പെണ്ണുങ്ങൾ ശിപാർശയുംകൊണ്ടു് എത്തിയിരിക്കുന്നു. കനകമഠം മീനാക്ഷിക്കുവേണ്ടി അഞ്ഞൂറു സ്വർണ്ണം കരാർ. ഇതിലുമധികം തരാൻ ആളുണ്ടെങ്കിൽ അങ്ങനെ. അധികം തരുന്നവരോടു് **എനിക്കു്** അധികം തൃപ്തി. മീനാക്ഷി,—ഞാൻ കണ്ടിട്ടില്ല, ഇന്നു രാത്രിതന്നെ പോയിക്കണ്ടാലോ; അല്ലെങ്കിൽ വേണ്ട, നാളെ പകലാക്കാം—അഴകിന്റെ ഇരിപ്പിടംപോലും! ആദ്യം **ഞാൻതന്നെ** സംബന്ധമാക്കിക്കളഞ്ഞാലോ?"

ഇതോടുകൂടി ആ കറുത്ത താളും വെളുത്ത മഷിയും അവസാനിച്ചു; ശേഷിച്ച ഘട്ടം വെള്ളക്കടലാസിൽ കറുത്തമഷിയുപയോഗിച്ചെഴുതിയതായിരുന്നു.

ഇതായിരിക്കണം മനുഷ്യജീവച്ഛേദനകഥയുടെ ഒന്നാം അ ദ്ധ്യായം, എന്നു പണിക്കർ തീർച്ചപ്പെടുത്തി. നരകാധിപൻതിരു വടികൾക്കു സമ്മതമല്ലാത്തതൊക്കെ, ഇപ്പോൾ കണ്ടമാതിരി കറു ത്ത താളിലായിരിക്കുമെന്നും ആ വേദാന്തി ഊഹിച്ചു.

പണിക്കരുടെ ഊഹം അബദ്ധമായിരുന്നില്ല. എന്തെന്നാൽ, മറെറാരു പുറം മറിച്ചപ്പോൾ, അവിടെയുമുണ്ടു് കറുത്ത താളിൽ വെളുത്ത മഷികൊണ്ടു് എന്തോ എഴുതീട്ടു്. അതു് ഇപ്രകാരമാ യിരുന്നു:

"കനകമഠം. മീനാക്ഷി സുന്ദരി. 'കോട്ടാററുമാങ്കായ് പഴ ത്താപ്പലെ, തിങ്കത്താൻവേണം' എന്നു് എൻെറ അത്തൈവിനെ ക്കൊണ്ടു്, ആ മീശക്കാരൻ, കഥയെഴുത്തുകാരൻ, അവൻെറ പു സ്തകത്തിൽ പറയിച്ചിട്ടുള്ളതുപോലെതന്നെ ഇവളുടെ കാര്യത്തി ലും—മാമ്പഴം ഞാൻതന്നെ ആദ്യം തിന്നും. നിശ്ചയിച്ചു. എൻെറ നിശ്ചയത്തിനു് ഇളക്കമില്ല. അതിന്നു് ഉപയോഗമെന്തു്? മാ ങ്കൊമ്പിൽ ആടിത്തൂങ്ങി നില്ക്കയല്ലെ ഇപ്പോൾ?"

കറുത്ത താളും വെളുത്ത മഷിയും വീണ്ടും അവസാനിച്ചു. പി ന്നെയും, തൻെറ ചങ്ങാതി ഉപയോഗിച്ചിട്ടുള്ള വെളുത്ത കടലാ സ്, കറുത്ത മഷി, ഇവതന്നെ മറിഞ്ഞുവന്നു. അതാ! മറെറാരു കറുത്ത താൾ!

"മാമ്പഴത്തിൻെറ ഉടമസ്ഥൻ ഇന്നു വന്നിരുന്നു. കുറെ ത ക്കിച്ചു. അഞ്ഞൂറിൽ കൂടുതൽ തരില്ലെന്നുതന്നെ അയാളുടെ ശാഠ്യം. എൻെറ ഉദ്ദേശ്യം അയാളെ അറിയിച്ചിട്ടില്ല. മാമ്പഴം സ്വാമിത ന്നെ കണ്ടു ബോദ്ധ്യപ്പെടേണ്ടതാണു്, അതിനാൽ അതിനെ ഇങ്ങ ട്ടു കൊണ്ടുവരണം, എന്നു ഞാൻ ശട്ടംകെട്ടി. എൻെറ കൈവഴി യായിട്ടല്ലേ കടന്നുപോകേണ്ടതു്?"

പിന്നെയും കറുത്ത അടയാളം മറഞ്ഞു. വെള്ളക്കടലാസു കൾ മറിഞ്ഞു പണിക്കർ ഏറെ അക്ഷമനായി, പുറം പുറമായി

മറിച്ചുനോക്കി. ഇടയ്ക്കൊരേടത്തു് ഒരു ചെറിയ കുറിപ്പു്, അടയാളപ്പെടുത്തിയിരിക്കുന്നു:

"കാര്യസ്ഥനെ നീക്കി, എൻെറ നിർബ്ബന്ധംകൊണ്ടുതന്നെ. ഇന്നുമുതൽ എൻെറ ആശ്രിതൻ കാര്യം നോക്കും. കീഴ്കാര്യസ്ഥനെവെപ്പാൻ ഒരുനൂറു സ്വർണ്ണം കരാർ."

ഇതിന്നെതിരേ 'കൈക്കൂലി' എന്നു മററാരോ എഴുതിയിരിക്കുന്നു. പണിക്കർ കഥയെന്തെന്നറിയാതെ കുറെയൊന്നു പരുങ്ങി. പെട്ടെന്നു് അയാളുടെ മുഖം തെളിഞ്ഞു. ഒഹോ! നരകാധിപൻതിരുവടികൾക്കു സമ്മതമല്ലാത്ത മറെറാരു പാപമാണതു്, എന്നു് അയാൾക്കു് ഓർമ്മയുണ്ടായി. താൻ അങ്ങനെ വല്ലതും ചെയ്തുപോയിട്ടുണ്ടോ എന്നു് ആലോചിപ്പാൻ പണിക്കർക്കു് അപ്പോൾ ക്ഷമയുണ്ടായില്ല. തൻെറ ചങ്ങാതിയുടെമേൽ ചുമത്തീട്ടുള്ള കുററങ്ങൾ കണ്ടുപിടിപ്പാനായിരുന്നു അയാളുടെ ബദ്ധപ്പാടു്.

പണിക്കർ വീണ്ടും പലേ പുറങ്ങൾ മറിച്ചു. പിന്നെയും ഒരു ചെറിയ കുറിപ്പു്:

"മാമ്പഴം ബുധനാഴ്ച രാത്രി ഒമ്പതുമണിക്കു് ഇവിടെ കൊണ്ടുവരാമെന്നു് ഉടമസ്ഥൻ ഏററിരിക്കുന്നു. സ്വാമിക്കു് അപ്പൊഴേ സമയമുള്ളൂ."

അവു! വീണ്ടും പഴയ കഥ തുടരുന്നുണ്ടല്ലോ എന്നു പണിക്കർ ആശ്വസിച്ചു. വീണ്ടും ചില വെള്ളക്കടലാസുകൾ മറിച്ചതിനിടയിൽ ഒരു കറുത്ത താൾക്കഷണം കണ്ടു:

"കീഴ്കാര്യസ്ഥൻ കരാർചെയ്ത ഒരുനൂറും തന്നു."

'എയ്! പിന്നെയും കൈക്കൂലിക്കഥയോ?' എന്നു പണിക്കർ അക്ഷമനായി ചോദിച്ചുംകൊണ്ടു് ഒന്നു രണ്ടു പുറങ്ങൾ മറിച്ചപ്പൊഴേയ്ക്കും, മറെറാരു കറുത്ത താൾക്കഷണം പ്രത്യക്ഷമായി:

"കീഴ്ക്കാര്യസ്ഥൻെറ സംഗതിയിൽ സ്വാമി ശാഠ്യംപിടിച്ചു. ഞാൻ നല്ലവണ്ണം ഒന്നു് ഉടച്ചുവിട്ടു: ഇനി എന്നെന്നും ഞാൻ

പറയുംപോലെ കേട്ടു നടക്കാമെന്നും വാക്കുതന്നു. മർദ്ദനം ഗുണ വർദ്ധനം. മർദ്ദിച്ചപ്പോൾ എന്തൊരു വിളി! വിളികേട്ടു കൂട്ടംകൂടിയ പ്പോൾ, സ്വാമി സ്വപ്നംകണ്ടു വിളിച്ചതാണെന്നു് ഒരു കളവു്. മററുള്ളവൻ കളവുപറഞ്ഞു നരകത്തിൽ പോയാലെനിക്കെന്തു ചേതം? എനിക്കു സ്വർണ്ണം വേണം. കല്ലറകളിൽ കുന്നുകുന്നായി കൂട്ടിയിടണം. കുബേരനാവണം."

എന്തിനായിരിക്കാം, നരകാധിപൻ, നാൾവഴിയുടെ ഈ ഭാഗം അടയാളപ്പെടുത്തിയതു് എന്നു പണിക്കർ തന്നത്താൻ പ്ര ശ്നം ചെയ്തു. കുറെ ആലോചിച്ചശേഷം ഇങ്ങനെ തീർച്ചയാക്കി: സ്വാമിദ്രോഹത്തിനല്ല; അതു പട്ടികയിലുൾപ്പെട്ട പാപമല്ലല്ലൊ. എന്നല്ല, നരകപ്രവേശം ലഭിപ്പാൻ അതൊരു യോഗ്യതയാണുതാ നും. കൈക്കൂലിക്കായ്ക്കുമായി ഒരു ജീവിയെ മർദ്ദിക്കുന്നതു മനുഷ്യ ജീവച്ഛേദനമായിരിക്കാം.

പണിക്കർ വീണ്ടും നാൾവഴി മറിച്ചുനോക്കി. അതാ ഒരു കു റിപ്പു്:

"മാമ്പഴം നോക്കാൻ ഒരിക്കൽകൂടി കനകമഠത്തിൽ പോ യി. ഉടമസ്ഥൻ ഇല്ലായിരുന്നു. ഞാൻ മുൻകൂട്ടി അറിയിച്ചിരുന്നതു മില്ല. എന്നാലും പഴത്തിനെ അടുത്തുകണ്ടു. എന്തൊരു മണം! ആ മണത്തെ ഒരു ദീർഘശ്വാസമിട്ടു് ഉള്ളിലേയ്ക്കു വലിച്ചു. ഒന്നു തൊ ട്ടാലോ എന്നൊരു മോഹം ഉണ്ടായില്ലെന്നില്ല. കൈയെത്താത്ത ദൂരമായിപ്പോയി. ആട്ടെ. ഇങ്ങോട്ടുതന്നെ കൊണ്ടുവരുമല്ലൊ."

കഥയുടെ അവസാനമറിവാൻ പണിക്കർക്കു തീരെ ക്ഷമയി ല്ലാതായി. വീണ്ടും ചില പുറങ്ങൾ മറിച്ചു. മറെറാരു കുറുത്ത താൾ അതാ!

"മാമ്പഴത്തിൻെറ ഉടമസ്ഥൻ കാണ്മാൻ വന്നിരുന്നു. ഞാൻ അങ്ങോട്ടു ചെന്നതിൽ സന്തോഷം. മാമ്പഴം നാളെ കൊണ്ടുവരട്ട യോ എന്നു് അയാൾ ചോദിച്ചു. സ്വാമിക്കു തല്ക്കാലം കുറെ

അസൗകര്യമുണ്ടെന്നും, ദിവസം പിന്നെ നിശ്ചയിക്കാമെന്നും ഒരു കളവു പറഞ്ഞു. ഇല്ലില്ല. ഞാൻ അവിടെ പോയി കണ്ടു കണ്ടു തൃപ്തിപ്പെടട്ടെ. കുറെ അധികം അടുത്തു പരിചയപ്പെട്ടാൽ എനിക്കുതന്നെ കൈയെത്തിപ്പിടിക്കാം."

വീണ്ടും ചില പുറങ്ങൾ മറിഞ്ഞു. അതാ പിന്നെയും ഒരു കറുത്ത അടയാളം:

"കനകമഠം."—

ഈ പദമൊന്നു മാത്രമേ അടയാളപ്പെടുത്തീട്ടുള്ളൂ. പിന്നെയും,

"കനകമഠം."

"കനകമഠം."

"കനകമഠം."

"കനകമഠം."

ഇങ്ങനെ ചില പുറങ്ങളിൽ തുടർന്നു കണ്ടു. ഏകരീതിയിലുള്ള ഈ കുറിപ്പുകളുടെ അർത്ഥമെന്തെന്നു പണിക്കർ ശരിയായി ഊഹിച്ചു. അപ്പോഴേയ്ക്കും മറെറാരു കറുത്ത താൾ:

"മാമ്പഴം കാററത്തു് ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു് എൻെറ കൈയിൽ വന്നു ചേരാറായി. നാളെത്തന്നെ സ്വാമിയെ കാണിപ്പാൻ കൊണ്ടുവരണമെന്നു് ഉടമസ്ഥനോടു ശട്ടം ചെയ്തു."

പണിക്കൎക്കു് അടുത്ത ദിവസത്തെ നാൾവഴിക്കുറിപ്പു വായിപ്പാൻ എന്തുമാത്രം ബദ്ധപ്പാടായിരുന്നു എന്നുപറയേണ്ടതില്ലല്ലോ.

"ആനന്ദം! പരമാനന്ദം!! മാമ്പഴത്തിനെ ഞാൻ രണ്ടു കൈകൊണ്ടും പൊത്തിപ്പിടിച്ചെടുത്തു് ഒന്നു മണപ്പിച്ചു. പിന്നെ സ്വാമിയുടെ മുമ്പിൽ കൊണ്ടുകാണിച്ചു. സ്വാമി നോക്കിക്കൊണ്ടിരുന്നതേയുള്ളു; തൊട്ടില്ല. വീണ്ടും കുറെനേരം എൻെറ കൈവശം വെച്ചു. എൻെറ കൈക്കലിരിപ്പാൻ തന്നേയാണു പഴത്തിന്നു

യോഗ്യത. മണപ്പിച്ചതുകൊണ്ടു മാത്രം തൃപ്തിയായില്ല. ഉടമസ്ഥൻ പുറമെ കാത്തുനിന്നതുകൊണ്ടു ശീഘ്രം തിരിയെ കൊടുക്കേണ്ടി വന്നു. സ്വാമിയുടെ അഭിപ്രായം നാളെ അറിയിക്കാമെന്നു പറഞ്ഞയച്ചു."

പിറേറന്നാളത്തെ കുറിപ്പു് ഇങ്ങനെയായിരുന്നു:

"ഒരംശം പ്രത്യേകിച്ചും സൂക്ഷ്മമായി നോക്കി നിർണ്ണയിപ്പാൻ സ്വാമി ആവശ്യപ്പെട്ടിരിക്കുന്നു എന്നു വ്യാജം പറഞ്ഞുംകൊണ്ടു് ഞാൻ നേരത്തെ ചെന്നു. ഉടമസ്ഥൻ പുറമെ പോയിരിക്കയായിരുന്നു. അതായിരുന്നു എൻെറ ആഗ്രഹവും. ഏതായാലും മാമ്പഴത്തെ കൈകളിലെടുത്തു മണപ്പിക്കമാത്രമല്ല ചെയ്തതു്; രത്നക്കല്ലിനോടു കുരങ്ങൻ പെരുമാറിയ മാതിരി 'മണപ്പിച്ചു, ചുംബിച്ചു, നക്കി'—അതിന്നപ്പുറം, കടിച്ചില്ല. ഉടമസ്ഥനും അപ്പോൾ വന്നുചേൻ. സ്വാമിക്കു പൂർണ്ണതൃപ്തിയായിട്ടില്ലെന്നും, അതിന്നു ഞാൻ ശ്രമിക്കാമെന്നും, രണ്ടുനാൾ കഴിഞ്ഞു് വീണ്ടും സ്വാമിയെ കാണിപ്പാനായി കൊണ്ടുവരണമെന്നും ഉടമസ്ഥനെ പ്രീതിപ്പെടുത്താനായി പറഞ്ഞു, ഞാൻ തിരിയെ പോന്നു—ഉടമസ്ഥൻെറ സമ്മതമോ അറിവോ കൂടാതെയും, അയാളെ വഞ്ചിച്ചും ഞാൻ ചെയ്തതു ധൃഷ്ടതയായിപ്പോയി എന്നു ചിലർ പറയുമായിരിക്കും. ധൃഷ്ടതയോ? ഏയ്! ഞാൻ എന്തു ചെയ്തു? മനുഷ്യർക്കു ചെയ്വാൻ അർഹതയില്ലാത്തതു വല്ലതും ചെയ്തുവോ? ജന്തുക്കൾക്കൊക്കെ പ്രകൃതിസിദ്ധമായുള്ള ഒരു മനോവികാരമല്ലേ എന്നെയും പ്രേരിപ്പിച്ചതു്? ഈ വികാരത്തെ മററുള്ളവർ സ്വയംകൃതമായ നിയമങ്ങളെക്കൊണ്ടു തടുത്തു നിത്തുകയോ, അങ്ങനെ നിത്തിയിരിക്കുന്നുവെന്നു നടിക്കയോ ചെയ്യുന്നു. അവരുടെ പരിഷ്കൃതജീവിതരീതിക്കു് ഈ വ്യാജങ്ങളൊക്കെ ആവശ്യമാണെന്നു വെച്ചു് ഞാനും അതനുസരിക്കേണമോ? എൻെറ സിദ്ധാന്തങ്ങൾ പിഴച്ചതായിരിക്കാം—തെററു പററാത്തവർ ലോകത്തിൽ ആരാനുമുണ്ടോ?—പിഴച്ചതായാലും, ആ സിദ്ധാന്തങ്ങളെത്തന്നെ ഞാൻ മുറുകെ പിടിക്കും."

പണിക്കരുടെ ദേഹം അടിമുതൽ മുടിവരെ ഒന്നു വിറച്ചു. തന്റെ ചങ്ങാതിയെക്കുറിച്ചു് ഇതേവരെ അറിഞ്ഞിട്ടില്ലായിരുന്ന ഈ ചിത്രം—രഹസ്യം—ഓർത്തു് പണിക്കർക്കു പശ്ചാത്താപമാണുണ്ടായതു്. മേല്പറഞ്ഞ സംഗതിയിൽ ശാമിപ്പട്ടർ മനഃപൂർവ്വം അക്രമം പ്രവർത്തിച്ചിരിക്കുന്നു എന്നു സമ്മതിക്കാതിരിപ്പാൻ നിർവ്വാഹമില്ല. ശാമിപ്പട്ടരുടെ ദുഷ്കൃത്യങ്ങളിൽ ഒന്നെങ്കിലും ക്ഷമിക്കത്തക്കതായിട്ടില്ല. തന്റെ സ്വാമിയെ കാണിപ്പാനാണെന്നു പറഞ്ഞുംകൊണ്ടു്, പട്ടർ ചെയ്തതെന്തായിരുന്നു? അയാൾ ആദ്യമേ സ്വാർത്ഥത്തെ മുൻനിർത്തിക്കൊണ്ടല്ലേ പുറപ്പെട്ടതു്? അയാളുടെ വശീകരണശക്തി പ്രയോഗിച്ചു് ആ 'മാമ്പഴ'ത്തിന്റെ ഉടമസ്ഥനെ വഞ്ചിച്ചില്ലേ? ഇതൊരിക്കലും ക്ഷന്തവ്യമല്ല. വഞ്ചനയുടെ ഫലം പട്ടർക്കുതന്നെ—പക്ഷേ, അതിലുൾപ്പെട്ടവർക്കൊക്കെ—അവമാനമായിട്ടും, മനോവ്യഥയായിട്ടും വന്നിട്ടില്ലെങ്കിൽ അത്ഭുതം! പക്ഷേ, ഈ കഥ ദുഃഖത്തിൽ പര്യവസാനിക്കുമെന്നും പണിക്കർ ഊഹിച്ചു. എന്തെന്നാൽ: 'മനുഷ്യജീവച്ഛേദനം' എന്നല്ലേ നരകാധിപൻ ഇതിനെ അടയാളപ്പെടുത്തിയിരിക്കുന്നതു്?

പണിക്കർ വീണ്ടും ആ നാൾവഴി മറിച്ചുനോക്കി. 'മാമ്പഴ'ത്തെ വീണ്ടും 'സ്വാമി'യുടെ മുമ്പിൽ കൊണ്ടുചെല്ലുവാൻ ഏർപ്പാടു ചെയ്തിട്ടുള്ളതിന്മണ്ണം നടന്നുവോ എന്നറിയേണ്ടതിന്നായിരുന്നു പണിക്കരുടെ ബദ്ധപ്പാടു്. ഏറെനേരം ക്ലേശിക്കേണ്ടിവന്നില്ല. പണിക്കരുടെ ദൃഷ്ടിയെ ആകർഷിച്ച കറുത്ത താളിൽ ഇങ്ങനെ കണ്ടു:—

"മാമ്പഴം. വീണ്ടും എന്റെ കൈക്കൽ കിട്ടി. മുമ്പു ഞാൻ പൊത്തിപ്പിടിച്ചെടുത്തു പെരുമാറിയതുകൊണ്ടോ, എന്തോ, പുതുമ അല്പം മങ്ങിയിരിക്കുന്നതായി കണ്ടു. സ്വാമിക്കു് അനുഭവിപ്പാൻ ഭാഗ്യമില്ലെന്നു ഞാൻ ആദ്യമേ തീർച്ചയാക്കിയതല്ലേ? ഒരിക്കൽക്കൂടി സ്വാമിയുടെ മുമ്പിൽ കൊണ്ടുചെന്നു കാണിച്ചു; സ്വാമിക്കു മുമ്പത്തോളംതന്നേയും തൃപ്തി ഇന്നുണ്ടായില്ല. പഴത്തിന്റെ

മങ്ങൽ കണ്ടിട്ടായിരിക്കാം. ഏതായാലും, മടങ്ങിക്കൊടുക്കുംമുമ്പു് കുറെനേരം കൂടെ ഞാൻതന്നെ കൈവശംവെച്ചു. ഇന്നു്, കുരങ്ങന്റെ നാലാം നയവും പ്രയോഗിക്കേണമെന്നു കരുതി അതിന്നായി തുനിഞ്ഞപ്പോഴേയ്ക്കും, അറിഞ്ഞോ അറിയാതെയോ, കൈകളിൽനിന്നു കുറെ വഴുതിപ്പോയി. ബലംപ്രയോഗിച്ചു പിടിച്ചെട്ടു, നാലു നയങ്ങളും തുടന്നു. എന്തോ, ഇണങ്ങീലാ, എന്തായാലെന്തു്? രസം അനുഭവിക്കേണ്ടതു് അനുഭവിച്ചില്ലേ? ശീഘ്രം ഉടമസ്ഥന്നു മടങ്ങിക്കൊടുത്തു. കുരങ്ങനെപ്പോലെതന്നെ,

'മണപ്പിച്ചു, ചുംബിച്ചു, നക്കി, കടിച്ചി-
ട്ടിണങ്ങാതെകണ്ടങ്ങെറി'ഞ്ഞേൻ പഴത്തെ.

സ്വാമിക്കു് ഇനി ഈ പഴം ആവശ്യമില്ല. എനിക്കും വേണ്ടാ. മററാരാനും കൊണ്ടുപോയ്ക്കൊള്ളട്ടെ. ഞാൻ കടിച്ചതുകൊണ്ടുണ്ടോ ദൂഷ്യം? ബ്രാഹ്മണോച്ഛിഷ്ടംതന്നെയല്ലേ? ബ്രാഹ്മണോച്ഛിഷ്ടമല്ലേ മററുള്ളവക്കു വിധിച്ചിട്ടുള്ളതു്? പിന്നെയെന്താണു് എന്റെ ഉച്ഛിഷ്ടം ഭുജിച്ചാൽ?—ഇനി വേറെ എങ്ങാനും ഇത്തരം അഴകുള്ള മാമ്പഴം ഉണ്ടോ എന്നു തെരയണം. സ്വാമിക്കാണെന്നു പറയാം. കൊണ്ടുവന്നാൽ പിന്നെ **എന്റെ** ഇഷ്ടംപോലെ."

ശാമിപ്പട്ടരുടെ ദുരാത്മതയെപ്പററി പണിക്കർ ഓരോരോ അഭിപ്രായങ്ങൾ സ്വരൂപിക്കുമ്പോഴൊക്കെയും തന്റെ ദുഷ്കൃത്യങ്ങളെക്കുറിച്ചു് ഓക്കുകപോലും ചെയ്തില്ല. സ്ത്രീപുരുഷന്മാർതമ്മിൽ പെരുമാറേണ്ടതു് എങ്ങനെയെന്നു സമുദായങ്ങൾ ഓരോ ചട്ടങ്ങൾ വെച്ചിരിക്കുന്നതിനെപ്പററി പണിക്കക്കും തീരെ വെറുപ്പുതന്നെയായിരുന്നു. എന്നാലും, അതിലുമധികം വെറുപ്പാണു് തന്റെ ചങ്ങാതിയുടെ നടത്തയെക്കുറിച്ചു തോന്നിയതു്. പണിക്കരുടെ ധമ്മാധമ്മവിവേകം—മാനാവമാനബോധം—സദാചാരപ്രമാണങ്ങൾ, എന്നല്ല, സ്വഭാവം ആസകലം, എന്നു മാത്രമല്ല, തന്റെ മനസ്സുംകൂടി നിശ്ശേഷം ഭേദപ്പെട്ടിരിക്കയാണെന്നു തോന്നി. തന്റെ ചങ്ങാതിയുടെ നാൾവഴിയിൽ യാതൊരു കപടവുംകൂടാ

തെ എഴുതിവെച്ചിരിക്കുന്ന സംഗതികളെപ്പററി പണിക്കൎക്കു തോന്നിയ അഭിപ്രായങ്ങളുടെ നിലനോക്കുമ്പോൾ, പണിക്കർ എത്രയോ ഏറെ മതിശുദ്ധിയും മാന്യതയും ഉള്ള ആളായിരിക്കാം. എന്നാലും, തൻെറ കാൎയ്യം വിചാരണചെയ്തു തീർച്ചയാക്കേണ്ടതിനുള്ള കാലവും അടുത്തിരിക്കുന്നു എന്ന വിചാരം ലേശവുമില്ലാതെയായിരുന്നു, പണിക്കർ തൻെറ ചങ്ങാതിയുടെ നടത്തയെപ്പററി നിരൂപണം ചെയ്തതു്.

ആ നാൾവഴിയിലെ അടുത്ത കറുത്ത താളിൽ ഇങ്ങനെ എഴുതിക്കണ്ടു:

"മാമ്പഴത്തിൻെറ ഉടമസ്ഥൻ വന്നുകണ്ടു. മുഖഭാവം മാറീട്ടാണു്. പഴത്തിനു വല്ലാതെ ഉലച്ചൽ തട്ടിക്കാണുന്നുപോലും. സ്വാമിക്കു വേണമോ, വേണ്ടായോ എന്നു തീർച്ച അറിയണമെന്നും ആവശ്യപ്പെട്ടു. തൃപ്തിയില്ലെങ്കിൽ മററാരാനും കൊണ്ടുപോകുമല്ലൊ എന്നാണു്. ആട്ടെ. ഞാൻ അങ്ങട്ടു ചെന്നുകണ്ടു് തീർച്ച അറിയിക്കാമെന്നു പറഞ്ഞു് ഉടമസ്ഥനെ തിരിച്ചയച്ചു—അയാൾക്കു വാസ്തവം മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. എൻെറ കടിയേല്ക്കയാലാണു് പഴത്തിൻെറ ഭാവം മാറിയതെന്നു ഗ്രഹിച്ചിട്ടില്ല. സൂക്ഷ്മം നോക്കി അറിയുമ്പോൾ എന്നോടു കോപിച്ചേക്കും. അയാൾ അറിയുംമുമ്പു് അഴുകിപ്പിഴുകിയാൽ നന്നായിരുന്നു. സൂക്ഷ്മം കണ്ടറിഞ്ഞു് നാളെത്തന്നെ ഇങ്ങട്ടു ചന്ദ്രഹാസവുമിളക്കിവന്നുകളയുമോ? ആ! ആ സങ്കടാവസ്ഥ കൂടാതെ കഴിഞ്ഞുവെങ്കിൽ ഭാഗ്യം—ഏതായാലും സ്വാമിയുടെ തീർച്ച അറിയിപ്പാൻ ഞാൻ പോകയില്ല. അയാൾ അതിനിടയ്ക്കു കപടം കണ്ടുപിടിച്ചാൽ തരമല്ല."

ഓഹോ! കഥയുടെ അവസാനമാകാറായി എന്നു പണിക്കർ സന്തോഷിച്ചു. നാൾവഴി വീണ്ടും മറിച്ചുനോക്കി:

"മാമ്പഴത്തിൻെറ ഉടമസ്ഥൻ. ഒരു കളവുപറഞ്ഞു തിരിച്ചയച്ചു."

ഇത്തരം കുറിപ്പുകൾ ചിലതു് അടുത്തടുത്ത പുറങ്ങളിൽ കണ്ടു. അപ്പൊഴതാ കുറെ വലുതായ മറെറാരു ഭാഗം:

"മാമ്പഴത്തിൻെറ മുഖത്തു മുമ്പത്തെ ശോഭയില്ലപോൽ. വിളച്ച്യും, ഇടയ്ക്കിട കറുത്ത പുള്ളികളും കണ്ടുതുടങ്ങിയിരിക്കുന്നുപോൽ. ഈ മാററത്തിനു കാരണമെന്തെന്നു് അയാൾ അടുത്തു ചെന്നു സൂക്ഷ്മമറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. അതല്ല, അറിഞ്ഞിട്ടും മറച്ചുവയ്ക്കുയോ? വാസ്തവം കണ്ടുപിടിക്കുമോ, ആവോ! ഇന്നും മറെറാരു കളവു പറഞ്ഞു പിരിച്ചയച്ചു.—"

പിന്നെയും പണിക്കർ ബദ്ധപ്പാടോടുകൂടി നാൾവഴിയിൽ കണ്ണോടിച്ചു. അതാ!

"മാമ്പഴം ചീഞ്ഞുതുടങ്ങിയിരിക്കുന്നുവത്രെ. മററു ചിലർ സൂക്ഷ്മം അറിവാൻ അടുത്തുനോക്കിയപ്പോൾ, കറുത്ത പുള്ളികളുടെ കീഴിൽ ദന്തക്ഷതങ്ങൾ പെട്ടിട്ടുള്ളതായി സംശയിച്ചിരിക്കുന്നുപോലും. എൻെറ മേൽ ഉടമസ്ഥനു ശക്തിയുള്ളതായി പറഞ്ഞില്ല. എന്നെ പേടിച്ചായിരിക്കുമോ? എനിക്കല്ലെ വാസ്തവത്തിൽ പേടിപ്പാൻ അവകാശം? അന്യന്മാരുടെ സംശയത്തിനു വല്ല അടിസ്ഥാനവുമുണ്ടോ എന്നു് അയാൾ എന്നോടു ചോദിച്ചു. ഇല്ലെന്നു ഞാൻ നടിച്ചു— അയാൾ മടങ്ങിപ്പോയി. ആവോ! വാസ്തവം കണ്ടുപിടിച്ചുകൊണ്ടു നാളെ വന്നുകളയുമോ?—ശനി! ആ അററം തിരിയെ കൊടുത്തുകളഞ്ഞാൽ ഒഴിഞ്ഞുപോവില്ലയൊ? എന്നാലുത്തമം."

പണിക്കർ ഞെട്ടിവിറച്ചു. തൻെറ ചങ്ങാതിക്കു് അന്യൻെറ മനോവേദനയെപ്പററിയല്ല ചിന്ത, സ്വന്തം മനോവ്യഥയെ ശമിപ്പിക്കാനാണു വിചാരം, എന്നു പണിക്കർ ഉള്ളുകൊണ്ടു നിന്ദിച്ചു. എന്തോ പകർച്ചരോഗം ബാധിച്ച ആളെ തൊടാൻ അറച്ചു് കൈ നീക്കുമ്പോലെ, പണിക്കർ ആ നാൾവഴിയിൽനിന്നു തൻെറ വിരലുകളെ പെട്ടെന്നു് അകററി. എന്നാൽ, ആ സംക്രമഭയം കുറെ ക്ഷണങ്ങൾക്കേ ഉണ്ടായിരുന്നുള്ളു. കഥയുടെ അവസാനമെ

ന്തെന്നറിവാനുള്ള കൗതുകത്താൽ അയാൾ വീണ്ടും നാൾവഴി മറിച്ചു, നോക്കി. ആവു! എന്തൊരാശ്വാസം! ഒരു വലിയ ഭാഗം മുഴുവൻ അടയാളപ്പെട്ടുത്തിയിരിക്കുന്നു:

“ഇന്നലെ രാത്രി, വളരെ വൈകിയശേഷം, ഞാൻ ഉറങ്ങാനായി കട്ടിലിൽ ചെന്നുകിടന്ന ഉടൻ മാമ്പഴത്തിന്റെ ഉടമസ്ഥൻ വന്നു. ആരേയും അറിയിക്കാതെ പെട്ടെന്നു കടന്നുവന്നു് എന്റെ മുമ്പിൽനിന്നു. ഞാൻ കിടന്ന കിടപ്പിൽനിന്നു് എണീററില്ല. അയാളെ കണ്ടപ്പോൾതന്നെ ഞാൻ വല്ലാതെ പേടിച്ചു വിറച്ചുപോയി. അയാൾ എന്റെ അരികിൽവന്നു മുഖത്തു സൂക്ഷ്മനോട്ടം നോക്കി. ആ നോട്ടം വിഷംപിരട്ടിയ ശരംപോലെ എന്റെ ഉള്ളിൽ തറച്ചു. ഞാൻ യാതൊരു ഭാവഭേദവും കാണിച്ചില്ല. എന്റെ അതിക്രമത്തെ അയാൾ ഗ്രഹിച്ചിരിക്കുമോ എന്നറിവാനുള്ള കൗതുകമല്ലാതെ, ഭയം എന്നെ ചഞ്ചലിപ്പിച്ചില്ല. അയാൾ എന്തു പറവാനാണു വന്നതെന്നറിയാഞ്ഞു ഞാൻ കുറെ പരുങ്ങി. അപ്പോൾ തൊണ്ടയിടറിക്കൊണ്ടു് അയാൾ പറഞ്ഞു: ‘ആ പാവം മണ്ണിനടിയിലായി.’—ഇതു കേട്ടിട്ടും ഞാൻ കുലുങ്ങീലാ. ‘ആ പാവം മണ്ണിനടിയിലായി, പട്ടരേ. താൻനിമിത്തം നശിച്ചു. താൻ ആ പാവത്തിന്റേയും എന്റേയും ജീവച്ഛേദനം ചെയ്തു. ഇതു തന്റേയും ജീവച്ഛേദനത്തിനു ഹേതുവായിത്തീരാൻ ഈശ്വരൻ കടാക്ഷിക്കട്ടെ.’....”

ഈ ഘട്ടത്തിൽ, പണിക്കരുടെ വിചാരധാരയ്ക്കു് ഒരു ഗതിഭേദംവന്നു. ആ ഉടമസ്ഥനും നരകാധിപൻതിരുവടികൾ ഉപയോഗിച്ചിട്ടുള്ള വാക്കുകളെ തന്നെയാണല്ലോ ശാമിപ്പട്ടരോടുണ്ടായ സംഭാഷണത്തിൽ ഉപയോഗിച്ചിരിക്കുന്നതു്: ‘മനുഷ്യജീവച്ഛേദനം’ എന്നല്ലേ നാൾവഴിയിൽ പറഞ്ഞുകാണുന്നതു്?

വീണ്ടും കഥ തുടന്നു:

“ഞാൻ മറുവടി പറഞ്ഞില്ല, എന്നാലും, ദൃഷ്ടിപറിക്കാതെ അയാളെത്തന്നെ നോക്കിക്കൊണ്ടു കിടന്നു. എന്റെ ധൈര്യമേ,

ധൈര്യം. കുലുക്കംകൂടാതെ കിടക്കുകതന്നെയാണു ധൈര്യം നില നില്പാൻ അവശ്യം വേണ്ടതെന്നു് എനിക്കു ബോദ്ധ്യമായി. ഞാൻ ഒന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ അയാൾക്കു കോപം ജ്വലിച്ചു.

"'ദ്രോഹീ! തൻെറ ഈ വശീകരണശക്തി എന്താണു്? പാപക്കുണ്ടിൽ ചെന്നു ചാടുന്നതിനു മററൊരാളെ നിർബ്ബന്ധിപ്പാൻ തനിക്കു് എങ്ങനെ ശക്തിവന്നു? എന്തവകാശം? തന്നേയും തൻെറ സ്വാമിയേയും വിശ്വസിച്ചിട്ടല്ലെ ആ പാവത്തെ കൊണ്ടുവന്നതു്? എന്നെ വഞ്ചിച്ചു. ദ്രോഹികൾ! തനിക്കും തൻെറ സ്വാമിക്കും തക്കതായ ശിക്ഷ ഈശ്വരൻ തന്നുകൊള്ളും. താൻ ഇതൻെറ ഫലം അനുഭവിക്കും, ഇന്നല്ലെങ്കിൽ നാളെ. തൻെറ കുടുംബം മുഴുവൻ നശിക്കും. അമ്മാരും മക്കളും മരിച്ചു്, താൻ ഏകനായി പുഴുത്തു ചാവും. ദ്രോഹി! തൻെറ സ്വാമിക്കു മാന്യകുടുംബങ്ങളിലൊന്നും വേഴ്ചയില്ലാതാവട്ടെ; ഈ ദ്രോഹം ചെയ്തതിന്നു ചണ്ഡാളതുല്യന്മാരായ ശൂദ്രന്മാരുടെ ഉച്ഛിഷ്ടങ്ങൾ ഭുജിപ്പാനിടയാവട്ടെ—ഞാൻ ഈ ആധി എങ്ങനെ ശമിപ്പിക്കേണ്ടു? ഈ അവമാനം എങ്ങനെ മറയ്ക്കേണ്ടു? താൻ പിശാചാണോടോ? മനുഷ്യരൂപത്തിൽ വന്ന ചെകുത്താനോ?'

"ഇങ്ങനെ പറഞ്ഞുകൊണ്ടു് അയാൾ എൻെറ അരികിൽ ചെന്നു മുഖത്തു കുനിഞ്ഞുനോക്കി. അയാൾ എൻെറ കഴുത്തു പിടിച്ചു ഞെക്കുമോ എന്നു ഞാൻ ശങ്കിച്ചു. എന്നിട്ടും, ഞാൻ തെല്ലും കുലുങ്ങീല; അയാളെത്തന്നെ, ഇമവെട്ടാതെ, നോക്കിക്കൊണ്ടു കിടന്നു. അയാളുടെ ദൃഷ്ടികൾ വീണ്ടും ചലിച്ചു; മുഖം വികൃതമായി; പിന്നേയും ശകാരവർഷം തുടങ്ങി:

"'ദ്രോഹി!പാപി! താൻ ആ സാധുവിനെ നശിപ്പിച്ചു; താൻ ആ സാധുവിൻെറ ജീവച്ഛേദനം ചെയ്തു.'

"പിന്നെയും അയാളുടെ ഭാവം പകന്നു. അയാൾ കുറെ നേരം ഒന്നും സംസാരിച്ചില്ല—ആവൂ! ആ 'കുറെ നേരം,' എനിക്കു്

ഒരു യുഗം കഴിഞ്ഞതുപോലെ തോന്നി. ആ സമയത്തിലും ഞാൻ ഒന്നും പറഞ്ഞില്ല—അയാളുടെ പിന്നത്തെ വാക്കുകൾ വ്യസന സൂചകമായിരുന്നു; അപ്പോഴേയ്ക്കും അയാൾ എൻെറ മുമ്പിലാണു നില്ക്കുന്നതെന്നു മറന്നുപോയിരുന്നതായി തോന്നി.

"'ഈശ്വരാ! എൻെറ ഓമനയായ ആ സാധുവിനെ ഇങ്ങനെ നശിപ്പിച്ചുവല്ലോ ദ്രോഹികൾ. ആ പാവം എൻെറ ജീവനായിരുന്നു! എനിക്കു് ഇഹത്തിലും പരത്തിലും ആ പാവത്തേക്കാൾ വലിയ കാര്യമൊന്നുമില്ല. സ്വർഗ്ഗത്തേക്കാൾ വിലയേറിയ അനുഗ്രഹമായിരുന്നു. ആ ദുഷ്ടൻ—ആ പിശാചു്—ആ കാലമാടൻ—ദ്രോഹിച്ചിരുന്നില്ലെങ്കിൽ എൻെറ ജീവിതം ഇങ്ങനെ കഷ്ടത്തിലാകുമായിരുന്നില്ല.'

"അയാൾ എന്നെപ്പററി ഇങ്ങനെ നിന്ദ്യവാക്കുകൾ പറഞ്ഞുവെങ്കിലും, ഞാൻ അതിനെ ഗണ്യമാക്കാതെ, അയാളുടെ സങ്കടത്തിൽ സഹതപിക്കയും, എൻെറ പ്രവൃത്തിയെപ്പററി പശ്ചാത്തപിക്കയും ചെയ്തു. എന്നാൽ ഈ താപങ്ങൾ രണ്ടും ക്ഷണികമായിരുന്നതേയുള്ളു—അയാൾ ഒരിക്കൽ കൂടി എൻെറ മുഖത്തു് ഉററുനോക്കി. അയാളുടെ ദൃഷ്ടികളെ എൻെറ ദൃഷ്ടികൾ ധൈര്യത്തോടെ എതിർത്തു. അയാൾ അപ്പോൾ ദയനീയമായ വ്യസനാധിക്യത്തോടുകൂടി പറഞ്ഞു:

"'ഞാൻ നിങ്ങളെ വിശ്വസിച്ചു. സ്നേഹിച്ചു. അതിന്നൊക്കെയും പ്രതിഫലം ഇതാണു്, അല്ലെ? നിങ്ങൾ എൻെറ ധനത്തെ, എന്നല്ല, പേരിനെക്കൂടി അപഹരിച്ചതായിരുന്നാൽ, ക്ഷമിക്കാമായിരുന്നു. എന്നാൽ ഈ ദ്രോഹം—ഒരു മനുഷ്യനും ക്ഷമിക്കാവുന്നതല്ല. ഇങ്ങനെയൊരു ദ്രോഹം എന്നോടു പ്രവർത്തിപ്പാൻ ഞാൻ നിങ്ങൾക്കെന്തു ദോഷം ചെയ്തു?'

"ഈ സന്ദർഭത്തിൽ ഞാൻ കട്ടിലിൽ അസ്വസ്ഥതനിമിത്തം തലയ്ക്കലേയ്ക്കു കേറിക്കിടന്നു. അയാളുടെ കോപശരത്തെ ഒരുവിധത്തിൽ തടുക്കാൻ കഴിയും; എന്നാൽ, ഇങ്ങനെ ദയനീയമായ നി

ലയിൽ അയാൾ കേണു പറയുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല, ഇതിനെ തടുപ്പാനുള്ള ശക്തിയും എനിക്കില്ല. എന്നാലും, ഞാൻ അയാളുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടു ശവംപോലെ അവിടെ കിടന്നു. അപ്പോഴേക്കും അയാൾ അല്പംകൂടി അരികിൽ ചേന്നു നിന്നു് ഇങ്ങനെ പറഞ്ഞു:

"'ലോകത്തിൽ നിങ്ങടെ തരക്കാർ ഏറെപ്പേരുണ്ടായിരിക്കുമോ? നിങ്ങടെ ഹൃദയത്തിൽ മാനബോധമെന്നതിൻെറ ഒരു പൊരിയെങ്കിലും ഒളിഞ്ഞു കിടപ്പുണ്ടോ? നിങ്ങൾക്കു് ഒരു ഹൃദയമുണ്ടോ എന്നുകൂടി ഞാൻ സംശയിക്കുന്നു!'—ഇത്രയും പറഞ്ഞാറെ അയാൾ കുറെ അകന്നു—അയാളുടെ ദൃഷ്ടികൾ അധിക്ഷേപശരങ്ങളായി തോന്നി. 'ആനന്ദമെന്നതു് ഇപ്രകാരം വിലകൊടുത്തു വാങ്ങാവുന്നതാണെന്നു നിങ്ങൾ വിചാരിച്ചുവോ? ശിവ! ശിവ! ഫലം നിങ്ങൾ അറിയും. ഇത്തരം അധമാധമവൃത്തികൊണ്ടും ഇത്തരം നീചമായ വഞ്ചനകൊണ്ടും മനഃക്ലേശവും അവമാനവും ജീവകാലം മുഴുവനിലും പശ്ചാത്താപവും ആയിരിക്കും നിങ്ങൾക്കു ലഭിക്കുന്നതെന്നു നിങ്ങൾക്കു മനസ്സിലാവും.'

"മനുഷ്യദ്വേഷിയായിരുന്നിട്ടുംകൂടി, എനിക്കു് അയാളുടെ വാക്കിനേയും നോക്കിനേയും നിസ്സാരമാക്കിക്കൊണ്ടു് അയാളുടെ മുഖത്തുതന്നെ നിശ്ശബ്ദനായി നോക്കിയിരിപ്പാൻ കഴിഞ്ഞില്ല. ഞാൻ കൈരണ്ടും നന്നെ വിരിച്ചു് എൻെറ മുഖം പൊത്തി. അയാളുടെ മനസ്സു വല്ലാതെ കുഴതെററി മറിഞ്ഞിരിക്കുന്നു എന്നു് എനിക്കു മനസ്സിലായി. അയാളുടെ ഭാവം എപ്പൊഴെന്നില്ലാതെ പകരുമെന്നും, ഞാൻ അയാളെത്തന്നെ ബദ്ധദൃഷ്ടിയായി നോക്കിയിരുന്നില്ലെങ്കിൽ അയാൾ എൻെറ കഴുത്തു് ഞെക്കിക്കളയുമായിരുന്നുവെന്നും എനിക്കു് അറിയാമായിരുന്നു. എന്നാൽ എൻെറ ഹൃദയമർമ്മങ്ങളെ സ്പർശിക്കുന്നതായുള്ള വാക്കുകൾ കേട്ടും, നോക്കുകൾ ഏററും, ഞാൻ എൻെറ പ്രവൃത്തിയെപ്പററി പശ്ചാത്താപപ്പെട്ടുകയാൽ, കൈകൊണ്ടു മുഖം പൊത്തിയിരിക്കാതെ നീക്കു

പോക്കില്ലെന്നു വന്നു—ആ സന്ദർഭത്തിൽ അയാൾക്കു, വേണമെങ്കിൽ, എന്നെ ഞെക്കിക്കൊല്ലാൻ കഴിയുമായിരുന്നു. എന്തുകൊണ്ടോ, ആ ഭോഷൻ വെറും വാക്കുകൾകൊണ്ടു പ്രഹരിച്ചതല്ലാതെ, എന്റെ പുറത്തു തൊട്ടുകപോലും ചെയ്തില്ല.

"'മുഖം പൊത്തേണ്ടാ, പട്ടരേ, മുഖം പൊത്തേണ്ടാ; തല നീർത്തിപ്പിടിക്കൂ; നേരേ നോക്കൂ. താനല്ലാ ആ സാധുവിനെ നശിപ്പിച്ചതെന്നു സത്യം ചെയ്യൂ: എന്നാൽ ഞാൻ ക്ഷമിക്കാം—എന്തു്? സത്യം ചെയ്യില്ല, ഇല്ലേ?—ലോകകണ്ടകനായ തനിക്കു് ഉള്ളിൽ പശ്ചാത്താപം തോന്നുന്നുണ്ടോ?'

"എനിക്കു തലനീർത്താനോ, അയാളുടെ മുഖത്തു നോക്കാനോ കഴിഞ്ഞില്ല. എന്നെ ഞെക്കിക്കൊല്ലേണമെന്നായിരുന്നാൽ അയാൾക്കു് അപ്പോൾ തരമായിരുന്നു...അയാളുടെ കൈകൾ എന്റെ കുരലിൽ പിടിച്ചു ഞെക്കും, ഞെക്കും, എന്നു്, നിമേഷം തോറും, ഞാൻ ശങ്കിച്ചുകൊണ്ടിരുന്നു, എന്നിട്ടും, ആ ഭോഷൻ ഒന്നും ചെയ്തില്ല. കുറെ കഴിഞ്ഞാറെ ഞാൻ ധൈര്യമവലംബിച്ചു് അയാളുടെ മുഖത്തു തുറിച്ചുനോക്കി. അയാൾക്കോ, എനിക്കോ, പോരിൽ ജയം എന്നു് രണ്ടാളും മത്സരിച്ചു. ഞാൻ തന്നെ ജയിച്ചു. അയാൾ വിഷണ്ണനായി പിന്തിരിഞ്ഞു, ഇടനെഞ്ഞു പൊട്ടുന്നവിധം വീർപ്പുമുട്ടി ഏങ്ങിക്കൊണ്ടു് മറയത്തുപോകയും ചെയ്തു."

തന്റെ ചങ്ങാതിയുടെ ചരിത്രം എത്രയും അവമാനകരം തന്നെയെന്നു പണിക്കർക്കു് നിന്ദ തോന്നി. എന്നാലും, അയാളാൽ വഞ്ചിക്കപ്പെട്ട ആ 'ഉടമസ്ഥ'ന്റെ ദൃഷ്ടികളിൽ സ്പഷ്ടമായി വന്നു നോക്കിനിന്നിരുന്ന മൃത്യുവിനെ എതിർത്തുനില്പാൻ അയാൾക്കുണ്ടായ മനോധൈര്യത്തെപ്പററി പണിക്കർ വിസ്മയപ്പെടാതെയുമിരുന്നില്ല. നാൾവഴിയിലെ അടുത്ത ഘട്ടംകൊണ്ടു് കഥ അവസാനിച്ചു. വിവരണമൊന്നും കൂടാതെ, വളരെ ചുരുക്കത്തിൽ, എഴുതിയിരുന്ന ആ ഘട്ടം ഭയങ്കരമായിരുന്നു;

"ഇന്നു രാവിലെ....'ഉടമസ്ഥൻ' തന്റെ കട്ടിലിൽ മരിച്ചു കിടന്നിരുന്നു. അരികിൽ ജനാലവാതില്പടിയിൽ ഒരു വിഷക്കുപ്പിയും ഉണ്ടായിരുന്നുപോൽ. ആവൂ! ആശ്വാസമായി! ലോകത്തിൽ സത്യാന്വേഷണം ചെയ്യാൻ ഏകയോഗ്യനായ ഇൗയുള്ളവന്റെ ജീവൻ രക്ഷപ്പെട്ടു!"

## 2

## പാപമോചനം

സത്യാന്വേഷമോ! എന്തു്? സത്യവഞ്ചകനായ ഒരുവൻ സത്യാന്വേഷം ചെയ്കയോ? പരസ്പരവിരോധമായ വചനം, എന്നല്ലാതെ മററെന്താണു്?—ഇങ്ങനെയായിരുന്നു, ശാമിപ്പട്ടരുടെ നാൾവഴിയിൽ ഒടുവിൽ വായിച്ചു നിർത്തിയ വാചകത്തെപ്പററി പണിക്കരുടെ ഉള്ളിൽ ഉദിച്ച വിചാരങ്ങൾ. ആ സത്യാന്വേഷകൻ ഇരിക്കുന്ന കാലത്തും മരിക്കുന്ന കാലത്തും തന്റെ ഉററ ചങ്ങാതിയായിരുന്നവനാണെന്ന കഥകൂടിയും മറന്നു്, പണിക്കർ, അയാളുമായി ആദ്യം കണ്ടു പരിചയപ്പെട്ട നാളിനെ ശപിച്ചു.

സാധുക്കളായ രണ്ടാളുകളുടെ മരണത്തിനു ശാമിപ്പട്ടർ ഉത്തരവാദിയായിരിക്കുന്നു; അയാൾ നിമിത്തം അവരുടെ ജീവച്ഛേദനം സംഭവിച്ചു; എന്നിട്ടുംകൂടി, അയാൾക്കു നരകപ്രവേശം അനുവദിച്ചുവല്ലോ.

പണിക്കരുടെ ഹൃദയത്തിൽ ആശ വീണ്ടും മുളച്ചു. ആ ദീപ്യത്തായ ദിവ്യനഗരത്തിൽ തനിക്കും പ്രവേശം ലഭിക്കാതിരിക്കയില്ലെന്നു പണിക്കൎക്കു തോന്നി; താനാവട്ടെ, ശാമിപ്പട്ടർ ചെയ്തിട്ടുള്ളതിൽ പത്തിലൊരംശംപോലും മഹാപാപം ചെയ്തിട്ടില്ലല്ലോ; തന്റെ ദുരിതങ്ങളോ, പട്ടരുടേതിനോടു തുലനം ചെയ്യുന്നതാണെങ്കിൽ, സൂൎയ്യന്റെ മുമ്പിൽ ചന്ദ്രനെന്നപോലെയും, മദ്യത്തിന്റെ

മുമ്പിൽ വച്ചവെള്ളമെന്നപോലെയും, കൊടുങ്കാററിൻെറ മുമ്പിൽ മരണശ്വാസംപോലെയും, അർദ്ധരാത്രത്തിലെ കൂരിരുട്ടിൻെറ മുമ്പിൽ സായങ്കാലത്തെ ഛായയെന്നപോലെയും എത്രയോ നിസ്സാരം.

തൻെറ പ്രതീക്ഷ സഫലമാവുമെന്ന വിചാരം കൊണ്ടുണ്ടായ ഹർഷോന്മാദത്താൽ പണിക്കർ എണീററു് ആശ്രമത്തിനുള്ളിൽ തെക്കും വടക്കും നടന്നുതുടങ്ങി. വളരെനാളായി താൻ തെരഞ്ഞു കൊണ്ടു നടക്കുന്ന വളക്കുന്നിനെ വീണ്ടും കണ്ടുപിടിക്കുമ്പോൾ ഒരു കോഴിക്കു് എത്രമാത്രം ഉത്സാഹം തോന്നുമോ, അതിനൊപ്പം ഉത്സാഹത്തോടുകൂടെയായിരുന്നു അയാൾ അവിടെ നടന്നതു്.

പണിക്കരുടെ പാദചാരങ്ങൾ പെട്ടെന്നു നിന്നു. ശാമിപ്പട്ടരുടെ ആത്മാവു നരകത്തിൽ പാർക്കുകയാണല്ലോ; ആ സ്ഥിതിക്കു്, പട്ടർ മരിക്കുംമുമ്പുതന്നെ പാപപരിഹാരം ചെയ്തിരിക്കണം; അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ നരകപ്രവേശം ലഭിക്കയില്ലായിരുന്നു, നിശ്ചയം. പാപപരിഹാരം എങ്ങനെ സാധിച്ചു എന്നു നാൾവഴിയിൽ സൂചനചെയ്തിരിക്കയില്ലേ?

ഈ വിചാരത്താൽ പണിക്കർ വീണ്ടും നാൾവഴിയെടുത്തു കറുത്ത താളുകൾ തെരയുവാൻ തുടങ്ങി.

പുറങ്ങൾ പലതും മറിച്ചു. ഇടയ്ക്കിടയ്ക്കു് 'കൈക്കുലി' എന്നു കുറുക്കേ എഴുതീട്ടുള്ള ചില ചെറിയ കുറിപ്പുകൾ അയാളുടെ ദൃഷ്ടികളെ അത്രത്തോളം ആകർഷിക്കാതെ തന്നെ മറിഞ്ഞു.

പത്തുപതിനഞ്ചു കൊല്ലകാലത്തെ നാൾവഴി ഇങ്ങനെ കഴിഞ്ഞു. അപ്പൊഴെയ്ക്കും ഒരു വലിയ കറുത്ത താൾ—വെളുത്ത അക്ഷരം—പ്രത്യക്ഷമായി. അതിൽ, മുമ്പത്തെ മനുഷ്യജീവച്ഛേദനകഥയെപ്പററി സൂചിപ്പിച്ചിരുന്നു.

"എൻെറ ഉള്ളിലുള്ള എന്തോ ഏതോ ഒരു ശക്തി എന്നെ പ്രേരിപ്പിക്കയാൽ ഇന്നു കനകമഠത്തിലേയ്ക്കു പോയി. സായങ്കാലമായിരുന്നതിനാൽ മിക്കവാറും ആളറിയാതെ തന്നെയാണു പോ.

യത്തു്. പണ്ടത്തെ 'മാമ്പഴം'—അതിനെ തുടന്നു് ഉടമസ്ഥാനം—
മണ്ണിനടിയിൽ താണ കഥ ഇന്നലെ കഴിഞ്ഞതെന്നപോലെ ഓമ്മ
യിൽവന്നു. കനകമഠം ഇപ്പോൾ ശൂന്യം. അങ്ങനെയാവാൻ കാ
രണവും ഞാൻതന്നെ. ഛീ! ഛീ! ഈ ജീവിതം അഴിച്ചു തുടച്ചു
കളഞ്ഞു വീണ്ടും ചിത്രം വരയുവാൻ സാദ്ധ്യമാവുമെങ്കിലോ, ഞാൻ
എത്രയോ നന്മയേറിയ ചിത്രങ്ങൾ എഴുതുന്നതാണു്! എനിക്കു ജീ
വിതത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ഭേദപ്പെട്ടുകകൊണ്ടു ചെയ്യു
ന്നതല്ല; അഭിപ്രായഭേദമേ ഉണ്ടായിട്ടില്ലതന്നെ; എന്നാൽ, നമ്മുടെ
ഇപ്പോഴത്തെ പരിഷ്കാരങ്ങളൊക്കെയും—സമുദായനിയമങ്ങളെ
ല്ലാം—പരിണാമശാസ്ത്രത്തിൻെറ അംശമായിരിക്കുന്നതുകൊണ്ടു്,
ജീവിതചിത്രത്തിലും ഭേദഗതി ചെയ്യാനുള്ള ആവശ്യമുണ്ടെന്നു വി
ചാരിക്കുന്നു. ഞാൻ ആ രണ്ടു സാധുക്കളെയും അതിമാത്രം ദ്രോ
ഹിച്ചു—മരിച്ചു മണ്ണടിഞ്ഞ ആ രണ്ടാളുകളേയും ഞാൻ വഞ്ചിച്ചതു
മഹാപാതകംതന്നെ. ഫലം ഞാൻ അനുഭവിക്കയും ചെയ്തു. ഞാൻ
നന്നെ മനഃക്ലേശം സഹിച്ചിരിക്കുന്നു."

അവു! മനുഷ്യദ്വേഷിയായ ശാമിപ്പട്ടരുടെ ഹൃദയം മനുഷ്യ
ഗുണലേശം ഇല്ലാത്ത ഒന്നല്ലെന്നു പണിക്കർ സന്തോഷിച്ചു. എ
ന്തുതന്നെയാവട്ടെ—ശാമിപ്പട്ടർ എന്തുമാത്രം കഠിനപാപം ചെ
യ്തിരിക്കട്ടെ; എന്നാലും എത്രയോ ഏറെകാലം തൻെറ ഗുരുഭൂതനാ
യും ഉററ ചങ്ങാതിയായുമിരുന്ന ആളാണെന്നു താൻ എങ്ങനെ
മറക്കും? അതെങ്ങനെയിരുന്നാലും, ഒരു സംഗതി ഓത്തു പണിക്ക
ക്കു കുറെ കുണ്ഠിതം തോന്നി: തൻെറ ചങ്ങാതി വീണ്ടും കനകമഠ
ത്തെ സന്ദർശിച്ചു പശ്ചാത്തപിച്ചതു താനുമൊരുമിച്ചു ലോകത
ത്ത്വങ്ങളെ ആരാഞ്ഞുകൊണ്ടിരുന്ന കാലത്തായിരുന്നിട്ടും, ആ
കഥ തന്നിൽനിന്നു ഒളിച്ചുവെച്ചതല്ലാതെ, തന്നെ അറിയിച്ചതേ
യില്ലല്ലോ; നിശ്ചയമായും, ശാമിപ്പട്ടർ, ആരോടുമേതുമൊന്നുംപറ
യാതെ, വളരെ ക്ഷമയോടെ ആ സങ്കടം സഹിച്ചിരുന്നിരിക്കണം;
വിസ്മയം! വിസ്മയം!

പണിക്കർ വീണ്ടും നാൾവഴിയുടെ പുറങ്ങൾ മറിച്ചുതുടങ്ങി. അങ്ങനെ സപ്രത്യാശമായി നോക്കിവരവേ, 'മാപ്പാക്കി' എന്നു കുറുക്കെ എഴുതീട്ടുള്ള ഒരു ചെറിയ കുറിപ്പു ദൃഷ്ടിയിൽപെട്ടു. അതായിരിക്കാം തൻെറ ചങ്ങാതിയുടെ പാപമോചനഫലട്ടം എന്നു കൗതുകത്തോടുകൂടി, അയാൾ ആ ഭാഗം വായിച്ചു:

"വാക്കു പറഞ്ഞപ്രകാരം ദേശകാര്യസ്ഥവേല വാങ്ങികൊടുപ്പാൻ സാധിച്ചിട്ടില്ല. അവകാശികൾ വേറെ ഉണ്ടുപോൽ. കരാർപ്രകാരം നടന്നിട്ടില്ലാത്ത സ്ഥിതിക്കു പ്രതിഫലത്തിനു് അവകാശമില്ലല്ലോ. സ്വർണ്ണം തിരികെക്കൊടുത്തു."

ഒഹോ! ഇതു് ഏതോ കൈക്കൂലിക്കാര്യം സംബന്ധിച്ചുള്ളതാണെന്നു പണിക്കർ അനുമിച്ചു—'നില്ക്കട്ടെ! അപ്പോൾ, ശാമിപ്പട്ടർ താൻ കൈയേററ കാര്യം സാദ്ധ്യമല്ലെന്നു കണ്ടു കരാർ റദ്ദാക്കി പണം മടക്കി, ഇല്ലെ? അയാൾ അധർമ്മത്തിലും ധർമ്മബുദ്ധിയായിരുന്നു, ഇല്ലെ? ഞാൻ ഇങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ? ഛീ! ഛീ! ഞാൻ **കൈക്കൂലിയായി** വല്ലതും സ്വീകരിച്ചിട്ടുണ്ടെങ്കിലല്ലെ ഇതു വിചാരിക്കേണ്ടു? വല്ലതുമുണ്ടെങ്കിലോ എൻെറ നാൾവഴിയിൽ കാണാമല്ലോ. അതിരിക്കട്ടെ. പട്ടരുടെ കനകമറം സംബന്ധിച്ചുള്ള പാപത്തിന്നു മോചനം കിട്ടിയോ എന്നു കണ്ടുപിടിക്കട്ടെ.'—എന്നു സമാധാനപ്പെട്ടുകൊണ്ടു്, വീണ്ടും പട്ടരുടെ നാൾവഴി മറിച്ചുനോക്കി. അതാ ഒരു പുതിയ കഥ; മുമ്പത്തേതിനോടു യാതൊരു ബന്ധവുമില്ല:

"വെളിയത്തു് ഈശ്വരൻെറ—കഷ്ടം! അവൻ മരിച്ചുപോയല്ലോ—ഭാര്യ, നാണി, ഇന്നു പുലർച്ചയ്ക്കു വന്നു് ഒരു വലിയ സങ്കടം അറിയിച്ചു. അവളുടെ മകൻ, ഒരു താന്തോന്നിച്ചെക്കൻ.... ദേശവഴിയിൽ ഖജാൻജി,—ഞാൻ ശിപാർശചെയ്തു തന്നെയായിരുന്നു അവനെ വെച്ചതു്—ഒരു കുടുക്കിൽ പെട്ടിരിക്കുന്നു. അവൻ തെമ്മാടികളുമായി കൂടി ചൂതുകളി, കള്ളുകുടി, സ്ത്രീസേവ എന്നി

തൊക്കെ തുടങ്ങി, ഒട്ടേറെ പണം നശിപ്പിച്ചു. പണമെല്ലാം ഖജാനയിൽനിന്നു് അപഹരിച്ചതാണുപോൽ. ഇപ്പോൾ കളവു പുറത്തായിരിക്കുന്നു.—ഇത്തരം താന്തോന്നികൾക്കു സാധാരണയായി ഇങ്ങനെതന്നെ അനുഭവം. കക്കാൻ പഠിച്ചാൽ നില്ക്കാൻ പഠിക്കണം. അതു് ഈ കഴുതകൾക്കറികയില്ല—മകൻെറ ആശ്രയമേ ഉള്ളു തള്ളയ്ക്കു്; തള്ള കരയുന്നു. മകനെ ഇപ്പോൾ ജേലിലാക്കും, ഇപ്പോൾ ജേലിലാക്കും, എന്നു തള്ള വ്യസനിക്കുന്നു. തടവുശിക്ഷ വിധിക്കപ്പെട്ടാൽ പിന്നെ ഒരുവനുണ്ടാകാവുന്ന സങ്കടങ്ങൾ എത്ര കഠിനം! അവൻ എത്രയോ നീചന്മാരായ അക്രമികളോടൊന്നിച്ചു ജേലിൽ പാർക്കേണ്ടിവരും. അവൻെറ ശീലം തീരെ ദൂഷിച്ചുപോവും, സംശയമില്ല. അവൻ ജേലിൽനിന്നു പുറത്തുവരുമ്പോൾ മുമ്പു താൻ അറിഞ്ഞിരുന്നിട്ടില്ലാത്തതായ അനേകം ദുർമ്മാർഗ്ഗങ്ങൾ പരിചയപ്പെട്ടിരിക്കും. പിന്നെ അവൻെറ ജീവിതം വ്യർത്ഥംതന്നെ. ഇതാണു നമ്മുടെ ജേലേർപ്പാടിനാലുണ്ടാവുന്ന ഫലം. ഇതു ഞാൻ നല്ലവണ്ണം ഗ്രഹിച്ചിരിക്കുന്നു. ഇക്കഥ വിചാരിച്ചും, തള്ളയ്ക്കു പെരുവഴി ആധാരമായിത്തീൎന്നുപോമല്ലോ എന്നു ശങ്കിച്ചും, ഞാൻ അവളെ സമാധാനപ്പെടുത്തി. ഞാൻ തന്നെ പോയി വേണ്ടതെല്ലാം വ്യവസ്ഥപ്പെടുത്താമെന്നു് അവളോടു വാക്കുപറഞ്ഞു.—ഇക്കാൎയ്യത്തിൽ നാണിയമ്മ എന്തിനാണു് **എൻെറ** അടുക്കൽ വന്നതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല!

"....മേലധികാരിയെ കണ്ടു. അയാൾ മൎക്കടമുഷ്ടി പിടിക്കുന്നു. ഞാൻ വിചാരിച്ചിരുന്നതുതന്നെ. ആ ചെക്കൻ ഒട്ടേറെ തിന്നുകളഞ്ഞിരിക്കുന്നു.

"എൻെറ അറവിചാരിപ്പുകാരനെ വിളിച്ചുവരുത്തി. അവിടെ കുറച്ചു വന്ന തുക മേടിച്ചു. മേലധികാരിയെ കണ്ടു തുക മുഴുവൻ ഏല്പിച്ചു. ചെക്കൻെറ മേൽ കുറ്റവും കുറിയും ഒന്നുമുണ്ടാക്കരുതെന്നും, നാളെത്തന്നെ കലാശം അറിയിക്കേണമെന്നും ആവശ്യപ്പെട്ടു.

"മടങ്ങി വരുംവഴി നാണിയമ്മയെയും മകനെയും അന്വേഷിച്ചു. അവർ വീട്ടിൽതന്നെ ഉണ്ടായിരുന്നു. ആ ചെക്കനോടു കുറെയൊക്കെ ഗുണദോഷങ്ങൾ പറഞ്ഞു. അവൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു; മേലിൽ നന്നായിവരും എന്നു നിശ്ചയിപ്പാൻ എന്റെ അനുഭവം തന്നെ ഒന്നാന്തരം പ്രമാണമാണല്ലൊ."

അന്നത്തെ നാൾവഴിയിൽ നരകാധിപൻതിരുവടികളുടെ അടയാളം അവിടെ അവസാനിച്ചുകണ്ടപ്പോൾ, പണിക്കക്കു് അടുത്തദിവസത്തെ വിവരങ്ങൾ അറിവാൻ ബദ്ധപ്പാടായി. അതിപ്രകാരമായിരുന്നു:

"........മേലധികാരിയെ കണ്ടു, കുറ്റവും കുറിയുമൊന്നുമുണ്ടാക്കാതെ എല്ലാം ഭംഗിയിൽ കലാശിപ്പിച്ചു എന്നറിഞ്ഞു. ഈ വിവരം നാണിഅമ്മയെ അറിയിച്ചു."

ഇതിന്നെതിരേ മറെറാരു കൈപ്പടയിൽ, 'മാപ്പാക്കി' എന്നെഴുതിയിരുന്നു.

അടുത്ത ദിവസത്തെ നാൾവഴിയിൽ ഇങ്ങനെ കുറിച്ചിരുന്നു.—"നാണിഅമ്മയും മകനും ഇന്നു രാവിലെ വന്നുകണ്ടു. പാവം! തള്ള കരഞ്ഞു; ഈശ്വരൻ എന്നെ അനുഗ്രഹിക്കുമെന്നും പറഞ്ഞു. അവൾ ഉപചാരവാക്കായി പറഞ്ഞതല്ല; വാസ്തവത്തിൽ അവളുടെ ഉള്ളഴിഞ്ഞു പറഞ്ഞതാണു്. മകനും മൗനംകൊണ്ടു കൃതജ്ഞതയെ കാണിച്ചു. സാധു! അവൻ മേലിൽ നന്നായിവരും. അവന്നു് അകലെയൊരുദിക്കിൽ പണി ഉണ്ടാക്കിക്കൊടുക്കാമെന്നും ഞാൻ സമാശ്വസിപ്പിച്ചു. ഇനി ഇങ്ങനെയുള്ള കുടുക്കിൽ പെടുമെന്നു തോന്നുന്നില്ല. പാവങ്ങൾ! എന്റെ കൈയിൽനിന്നു പണം കൊടുത്തിട്ടായിരുന്നു ഈ സംഗതിയിൽ കുറ്റവും കുറിയും ഉണ്ടാക്കാതെ കഴിച്ചതെന്നു് അവർ അറിഞ്ഞിട്ടില്ല. ഞാൻ മേലധികാരിയോടു ശിപാർശ ചെയ്തുകൊണ്ടാണെന്നാണു അ

വരുടെ വിശ്വാസം. വഞ്ചിച്ചെടുത്ത തുക ഏതു കാലത്തെങ്കിലും മടക്കിക്കൊടുപ്പാൻ കഴിയുന്നതായാൽ അതു് ആ മേലധികാരിയെ ഏല്പിപ്പാനും അവരോടു ശട്ടം ചെയ്തു. മേലധികാരി നിശ്ചയമായും എന്റെ അടുക്കലേയ്ക്കു് അയച്ചുതരും."

തന്റെ ചങ്ങാതിയുടെ ചരിത്രത്തിൽ രഹസ്യഭാഗങ്ങൾ ഇനിയും ഉണ്ടായിരിക്കുമോ എന്നു് അറിവാനായി, പണിക്കർ ആ നാൾവഴി വീണ്ടും മറിച്ചുനോക്കി. ഇടയ്ക്കിടയ്ക്കു ചില ചെറിയ കുറിപ്പുകൾ അടയാളപ്പെടുത്തി കണ്ടു. എന്നാൽ ഇവയിൽ പഴയ പാപങ്ങളെപ്പററി സൂചന ചെയ്തിരുന്നതല്ലാതെ, പുതിയ പാപങ്ങൾ ഒന്നും വിവരിച്ചിരുന്നില്ല. താൻ മുമ്പു ചെയ്ത പലേ കൈക്കൂലിപ്പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നുവെന്നും; തന്റെ ഉററവരും ഉടയവരും ഓരോന്നായി നശിക്കുന്നതിനാൽ തനിക്കു ധനത്തിങ്കലുള്ള തൃഷ്ണ ചുരുങ്ങിവരുന്നുവെന്നും; മോഷ്ടാക്കൾ തന്റെ പണപ്പെട്ടിയിൽനിന്നു് ഒട്ടേറെ ധനം കവൎന്നുകൊണ്ടുപോയതിങ്കൽ താൻ വ്യസനിക്കുന്നില്ലെന്നും; ആ ധനം തന്റേതാണെന്നു് അവകാശം പറവാൻ തനിക്കു ന്യായമില്ലായ്കയാൽ തനിക്കു ധനമേ കളവുപോയിട്ടില്ലെന്നു ഭാവിക്കുന്നുവെന്നും; മററുമായിരുന്നു ആ വക കുറിപ്പുകളുടെ താല്പൎയ്യം.

പിന്നെയും പലേ പുറങ്ങൾ മറിഞ്ഞു. ഏകദേശം അവസാനമാകാറായി. അതാ ഒരു വലിയ ഭാഗം അടയാളപ്പെടുത്തിയിരിക്കുന്നു!

"അന്യായമായി ആൎജ്ജിച്ച പണംകൊണ്ടു് ഇനി എനിക്കെന്തു പ്രയോജനം? വേളി മരിച്ചു; ബന്ധുക്കൾ മരിച്ചു; അവകാശിയായിശേഷിച്ചിരുന്ന മകനും മരിച്ചു.—എന്നെക്കാണ്മാനോ, എനിക്കു കാണ്മാനോ, സംഗതിവരാതെ മരിച്ചു. 'മാമ്പഴ'ത്തിന്റെ ഉടമസ്ഥൻ അന്നു ശപിച്ചതു ഫലിച്ചു. ശാപം ഇക്കാലത്തുണ്ടോ ഫലിക്കുന്നു? എന്നു് ഞാൻ മുമ്പൊക്കെ അപഹസിച്ചിരുന്നു. ഇല്ല. താപത്തോടുകൂടിയ ശാപം ഫലിക്കും എന്നു് ഇതാ തെളിഞ്ഞിരി

ക്കുന്നു. ഞാൻ ഇനിയും എന്തൊക്കെ അനുഭവിപ്പാൻ പോവുന്നുവോ? അന്യനോട്ടു് അപഹരിച്ചതല്ലെ എന്റെ സമ്പാദ്യം മുഴുവൻ? അതനുഭവിപ്പാൻ എനിക്കോ ഇനി സാധ്യമല്ല; എന്റെ കഥ ഇന്നോ നാളെയോ കലാശിക്കയില്ലെന്നു് ഉറപ്പു പറവാൻകഴിയുമോ? സമ്പാദ്യത്തിൽ ഒററച്ചെമ്പുതുട്ടുപോലും എനിക്കു് വേണ്ടാ. ഞാൻ എവിടെ കൊണ്ടുപോവാനാണു്? ഒക്കെ ധർമ്മച്ചെലവിന്നായി നീക്കിയിരിക്കുന്നു. പശുവിന്റെ കണ്ണു കുത്തി ദാനം ചെയ്യുകയാണെന്നു പരാക്ഷേപകാലക്ഷേപികൾ ആക്ഷേപിക്കുമായിരിക്കാം. പോട്ടെ! കണ്ണുകുത്തിയതിനെക്കുറിച്ചു ഞാൻ മനഃപൂർവ്വം പശ്ചാത്തപിക്കുന്നു. ഈ പശ്ചാത്താപത്തിന്നു് എന്റെ വംശച്ഛേദത്തോളം വേണ്ടിവന്നതാണു സങ്കടം. ഇനി പറഞ്ഞിട്ടെന്തു പ്രയോജനം? ഈ ബുദ്ധി എനിക്കു് ആദ്യദശയിൽതന്നേ ഉണ്ടായില്ലല്ലൊ. ജീവിതം അഴിച്ചുതുടച്ചു പുതുക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ, ഹ! ഞാൻ എത്ര ശ്രേഷ്ഠമായ മാതൃകയെ പിന്തുടരുമായിരുന്നു. ഏതായാലും ഇപ്പോൾ ലോകതത്വങ്ങൾ ശരിയായി ഗ്രഹിച്ച ഒരു വേദാന്തിയായിത്തീൎന്നുവല്ലൊ എന്നു സമാധാനപ്പെട്ടിരിക്കാം. ഞാൻ തത്വജ്ഞാനിയോ, അതല്ല ഭോഷനോ? ആരറിഞ്ഞു? ആരായാലെന്തു്? ജ്ഞാനംവെടിഞ്ഞു ഭോഷത്തം പ്രവൎത്തിക്കുന്ന തത്വജ്ഞാനിക്കു ഭോഷത്തംതന്നേ പരമാനന്ദം എന്നുണ്ടു് സമാധാനം.—ഇന്നുമുതൽ ഞാൻ ലോകത്തെ വെടിഞ്ഞിരിക്കുന്നു; ധനധാന്യാദികളെല്ലാം ഇതാ വെടിഞ്ഞിരിക്കുന്നു. ഞാൻ അധൎമ്മത്തിലും ധൎമ്മം ചെയ്തിരുന്നവനാണെന്നു ലോകർ പറവാൻ സംഗതിവന്നാൽ മതി; അതിൽമീതെ ഒന്നും ആഗ്രഹിക്കുന്നില്ല. പിന്നെ വരുമ്പോലെ വരട്ടെ.''

കറുത്ത താളും വെളുത്ത മഷിയും അവസാനിച്ചു. ഇതിന്റെ ഒത്ത നടുവിൽ കീഴ്മേലായി **'എല്ലാം ക്ഷമിച്ചു'** എന്നു് വലിയ അക്ഷരത്തിൽ മററാരോ എഴുതിയിരുന്നു. 'ഒഹോ! ശാമിപ്പട്ടരുടെ പാപങ്ങൾക്കു മോചനം പൂൎത്തിയായി എന്നു് നരകാധിപൻതിരുവടികൾ അടയാളപ്പെടുത്തിയിരിക്കയാണു്'—എന്നു

പണിക്കർ ഒരു ദീർഘശ്വാസം വിട്ടു. നാൾവഴിയിലെ ബാക്കി ഭാഗങ്ങൾ എല്ലാം വെളുത്ത കടലാസും കറുത്ത മഷിയുമായിരുന്നു. ശാമിപ്പട്ടർ മരിക്കും മുമ്പത്തെ രാത്രികൊണ്ടു് നാൾവഴി അവസാനിക്കയും ചെയ്തു.

## 3

## പണിക്കരുടെ നാൾവഴി

'ഇങ്ങനെയോ?—വിധവയായ ഒരു തള്ളയുടെ സ്നേഹിതനായി; അവളുടെ മകനെ ദുരിതകൂപത്തിൽനിന്നു കരയ്ക്കു കയററി, ഇങ്ങനെയോ ശാമിപ്പട്ടർക്കു, മനുഷ്യജീവച്ഛേദനപാപത്തിൽനിന്നു മോചനം കിട്ടിയതു്? പിന്നെയും, അയാൾ അന്യായമായി ആർജ്ജിച്ച ധനത്തെ ധർമ്മച്ചെലവിന്നായി നീക്കുക നിമിത്തം മററുള്ള മഹാപാപങ്ങളേയും നരകാധിപൻ ക്ഷമിച്ചിരിക്കുന്നു. ഇങ്ങനെയാണു്, അല്ലെ, പട്ടർക്കു നരകപ്രവേശം ലഭിച്ചതു്?'—

ഈ വിചാരങ്ങളായിരുന്നു, ശാമിപ്പട്ടരുടെ നാൾവഴി വായിച്ചുകഴിഞ്ഞപ്പോൾ, പണിക്കരുടെ ഉള്ളിൽ തിക്കിത്തെരക്കി തള്ളിവന്നതു്. 'അട്ടെ! ഇത്തരം ദുഷ്കൃത്യം വല്ലതും **ഞാൻ** ചെയ്തിട്ടുണ്ടോ? **ആരാന്റേയും** സ്നേഹിതനായി **ഞാൻ** എന്റെ വഴി വിട്ടുപോയിട്ടുണ്ടോ?'—എന്നു തന്നോടായി ചോദിച്ചുംകൊണ്ടു്, പണിക്കർ തന്റെ കഴിഞ്ഞ കഥകളെയെല്ലാം ശീഘ്രം നിരൂപിച്ചു. എന്നാറെ, തന്നെത്താൻ അപഹസിക്കുന്ന പുച്ഛരസദ്യോതകമായ ചിരിയോടുകൂടി, "ഇല്ലെടോ, വിഡ്ഢീ, പണിക്കരേ, ഇല്ല!"—എന്നു കണ്ഠം തുറന്നു തന്നെ ഘോഷിച്ചു. എന്നാൽ, അയാളുടെ അന്തരംഗത്തിലോ, ആശയും ഭയവും ഒന്നായി മത്സരിക്കുന്നുണ്ടായിരുന്നു. ഈ നിമേഷത്തിൽ ആശയ്ക്കാണു ജയമെങ്കിൽ, അടുത്ത

നിമേഷത്തിൽ ഭയത്തിന്നാവും; പിന്നെയും ആശയ്ക്കു്; പിന്നെയും ഭയത്തിന്നു്—ഈ വിധത്തിൽ അവ തമ്മിൽ മത്സരിച്ചുകൊണ്ടിരുന്നു.

"ഇല്ലെടോ, വിഡ്ഢീ, പണിക്കരേ, ഇല്ല"—ഭയത്തിന്നു കയററമാവുമ്പോൾ അതിനെ താഴ്ത്താൻവേണ്ടി പ്രയോഗിക്കുന്ന വിദ്യ ആയിരുന്നു അതു്. ആ വാക്കുകൾ വാസ്തവത്തിൽ തൻെറ വിശ്വാസത്തേയും ധൈയ്യത്തേയും സൂചിപ്പിക്കുന്നവയായിരുന്നില്ല. ശാമിപ്പട്ടരുടെ നാൾവഴിയിൽ അടയാളപ്പെടുത്തി കണ്ടിട്ടുള്ള മാതിരി ദുഷ്കൃത്യങ്ങൾ ഒന്നെങ്കിലും താൻ ചെയ്തിട്ടില്ലെന്നു പണിക്കർ തീർച്ചപ്പെടുത്തി. ആ സ്ഥിതിക്കു്, അവസാനിക്കാത്ത കാലത്തോളം ഉജ്ജ്വലപ്രഭയോടുകൂടിയിരിക്കുന്ന, ദീപ്യത്തായ, ആ ശാശ്വതനഗരത്തിൽ—നരകത്തിൽ—പ്രവേശിപ്പാൻ തൻെറ ആത്മാവിനു് അവകാശമില്ലെന്നു ശങ്കിക്കേണ്ടുന്ന ആവശ്യമെന്തു്?

അവകാശമില്ലെങ്കിലോ, ഒ! ഭയങ്കരം! ഭയങ്കരം!

പണിക്കരുടെ ദേഹം തളന്നു. ആ വിചാരത്താലുണ്ടായ ഭയം അയാളുടെ ചുണ്ടിച്ചുളുങ്ങിയ തൊലിയിലുള്ള രോമകൂപങ്ങളിലൂടെ സ്വേദരൂപമായി പുറത്തു പരന്നു. ആരോ തൻെറ കുരലിൽ പിടിച്ചു ഞെക്കി ശ്വാസം മുട്ടിക്കുന്നുണ്ടെന്നു തോന്നി, ആ കൈ തട്ടുവാനായി തൻെറ കൈ പൊന്തിച്ചു താടിയെ താങ്ങി.

കുറെനേരം ഇങ്ങനെ കഴിഞ്ഞു. അപ്പോഴേയ്ക്കും, നൈരാശ്യത്താലുണ്ടായ ശക്തിനിമിത്തം, പണിക്കക്കു തൻെറ മനസ്സിനെ കീഴടക്കുവാൻ സാദ്ധ്യമായി. അയാൾ വീണ്ടും ആലോചിച്ചതിൽ, ഭയത്തിന്നു് ആവശ്യമില്ലെന്നും, ആശയ്ക്കാണു് അവകാശമുള്ളതെന്നും തീർച്ചപ്പെടുത്തി.

"നാണിഅമ്മയുടെയും മകൻെറയും കഥയാണു് ശാമിപ്പട്ടക്കു പാപമോചനത്തിന്നു മാൎഗ്ഗമായതു്. ആ വിസ്മയജനകമായ നഗരത്തിൻെറ അധിപൻ—അപാരകരുണാനിധിയായ നരകാ

ധിപൻതിരുവടികൾ—ശാമിപ്പട്ടരുടെ മനുഷ്യജീവച്ഛേദനപാപ ത്തെ ക്ഷമിച്ചിരിക്കുന്നു. നിശ്ചയമായും, ശാമിപ്പട്ടർ ഇങ്ങനെയൊ രു പ്രായശ്ചിത്തം ചെയ്തിരുന്നില്ലെങ്കിൽ, ആ പട്ടികയിൽകൊണ്ട പാപത്തിന്നുള്ള ശിക്ഷ അനുഭവിക്കാതിരിക്കുമായിരുന്നില്ല. വി ശേഷിച്ചും, അയാൾ തൻെറ സമ്പാദ്യം മുഴുവൻ ധമ്മസ്വമായി നീക്കി മററു സകല മഹാപാതകങ്ങളിൽനിന്നും മോചനം ലഭിച്ചു. ഇങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ, ശാമിപ്പട്ടരുടെ ആത്മാവു് നരക വാതില്ക്കലേയ്ക്കു പറന്നുചെന്ന സമയം, 'എടോ ഹതഭാഗ്യനായ ആത്മാവേ, നരകവാതില്ക്കൽനിന്നു് അകന്നുപോയാലും! അതിരി ല്ലാത്തതായ ശൂന്യാകാശത്തിലേയ്ക്കു കടന്നാലും; അവിടെ മോക്ഷ മോ, മാപ്പോ, വേറെ ഏതെങ്കിലും രക്ഷാമാർഗ്ഗമോ ലഭിക്കാതെ അനന്തകാലം തുടങ്ങി അററമില്ലാത്ത കാലത്തോളം അനിവൃത്ത നായി പറന്നു കിടന്നാലും'—എന്ന നരകാധിപശാസനത്തെ അ നുസരിക്കേണ്ടിവരുമായിരുന്നു—അയാളുടെ ആത്മാവു് ഇപ്പോൾ എത്രയോ സുഖമായി നരകത്തിൽ പാക്കുന്നു!—എന്നാൽ, പണി ക്കർ ആ മാതിരി പാപങ്ങൾ ഒന്നും ചെയ്തിട്ടില്ലെങ്കിൽ ഇങ്ങനെ യൊരു പ്രായശ്ചിത്തത്തെപ്പററിയേ ആലോചിപ്പാനില്ലല്ലൊ.

ഇങ്ങനെ വിചാരിച്ചു, പണിക്കർ സമാശ്വസിച്ചു. അയാളു ടെ ഹൃദയം ഒട്ടടങ്ങി. ആശയ്ക്കു കയററവുമായി.

എന്നാൽ ഈ ആശ എന്നതെന്താണു്? കയ്യാലപ്പുറത്തിരി ക്കുന്ന തേങ്ങാ—നമ്മെ, എങ്ങും തൊടാതെ, ആകാശത്തിൽ കെ ട്ടി ഞാത്തിയിരിക്കുന്ന ഒരവസ്ഥ, എന്നല്ലാതെ മറെറന്താണു്? ഭ യമോ, അതിൻെറ ചിററമ്മ പേരമ്മമക്കളിൽ ഒന്നുമാത്രം. ഇങ്ങ നെയിരിക്കുന്ന ആശയെ നശിപ്പിക്കുന്ന ഒരു ശക്തിയാണു് അറി വു്—ഈ അറിവാകട്ടെ, ആശയെ കൊല്ലുകയോ വിഴുങ്ങിക്കള കയോ ചെയ്യുന്നതുമാണു്. അങ്ങനെയുള്ള 'അറിവു്' പണിക്കരു ടെ വലത്തു കൈക്കൽ ഇരിക്കുന്നു.

ആശ പുനർജ്ജനിച്ചതോടുകൂടി, പണിക്കരുടെ ഉള്ളിൽ കുറെ

ധൈയ്യവും ഉദിച്ചു. ആ നിലയിൽ, അയാൾ, പട്ടരുടെ 'നാൾവഴി' ഗ്രന്ഥത്തെ അങ്ങൊരു ഭാഗത്തു നീക്കിവെച്ച ശേഷം, തൻെറ 'നാൾവഴി' താങ്ങിയെടുത്തു മുമ്പിൽവെച്ചു.

നാൾവഴി തുറന്നപ്പോഴേയ്ക്കും, ഒരു പുഞ്ചിരിച്ചന്ദ്രിക, പണിക്കരുടെ മുഖത്തു പരന്നു. അതിന്നു കാരണവും ഉണ്ടായിരുന്നു. അയാളുടെ നാൾവഴിക്കുറിപ്പുകൾ തൻെറ ചങ്ങാതിയുടേതുമായി ഭാഷാവിഷയത്തിൽ എത്രയോ വ്യത്യാസപ്പെട്ടതായിരുന്നു. ശാമിപ്പട്ടരുടെ ദിനചയ്യകൾ, സാധാരണന്മാക്കാക്കും തെല്ലും പ്രയാസം കൂടാതെ വായിച്ചു മനസ്സിലാക്കുന്നതിന്ന തക്കവിധത്തിൽ എഴുതിയിരുന്നു. പണിക്കരാവട്ടെ, നാൾവഴി എഴുതുവാൻ മാത്രമായി, തനിക്കല്ലാതെ മററാക്കും ഗ്രഹിക്കുവാൻ കഴിയാത്തതായ ഒരു വിശേഷഭാഷയായിരുന്നു ഉപയോഗിച്ചുവന്നതു്. അതു് 'അകോഖഗോ' സമ്പ്രദായത്തെയോ, 'നാരായണ,-കൃഷ്ണ,-ഗോവിന്ദ,-രാമ' സമ്പ്രദായത്തെയോ, മററു വികൃതരീതികളെയോ അനുകരിച്ചിട്ടുള്ളതല്ല. അയാൾ തൻെറ ബുദ്ധിവൈഭവത്താൽ—പണിക്കർ അതിബുദ്ധിമാനാണെന്നു മുമ്പുതന്നെ തെളിഞ്ഞിട്ടുള്ളതല്ലേ?—ഒരു പുതിയ ഗൂഢഭാഷയെ സൃഷ്ടിച്ചു. ആ ഭാഷ, നരകാധിപനും കൂടി, മനസ്സിലാവുന്നതല്ലെന്നുള്ള അയാളുടെ വിശ്വാസം ആ സമയം പെട്ടെന്നു മടങ്ങിവരുകയാലായിരുന്നു, നാൾവഴി തുറന്നുനോക്കിയപ്പോൾ പുഞ്ചിരിക്കൊണ്ടതു്. നരകാധിപനെ താൻ തോല്പിച്ചിരിക്കുന്നു എന്നു് ഉള്ളിൽ ജയഭേരി അടിച്ചുംകൊണ്ടു് ഇപ്രകാരം പുഞ്ചിരിതൂകിയ അടുത്ത ക്ഷണത്തിൽതന്നെ, പണിക്കർ സംശയഗ്രസ്തനായി. ലോകത്തിൽ ആത്മാക്കൾ—മനുഷ്യരുടെ ആത്മാക്കൾ—വെളിവിലും ഒളിവിലും ചെയ്യുന്ന പ്രവൃത്തികളെയെല്ലാം സൂക്ഷ്മമായി കണ്ടറിവാൻ കഴിയുന്ന സവ്വശക്തനായ ആ നരകാധിപൻതിരുവടികൾ തൻെറ ഈ കൃത്രിമഭാഷയേയും ഗ്രഹിച്ചിരിക്കില്ലേ? വിശേഷിച്ചും, തൻെറ അറിവിനാ

യിട്ടു മാത്രമായിരുന്നാലും, താൻ ആ ഭാഷയ്ക്കു് ഒരു സങ്കേതസൂചിതയാറാക്കി നാൾവഴിയുടെ ആരംഭത്തിൽ ചേർത്തിട്ടുണ്ടെന്നുള്ള ഓർമ്മകൂടെ വന്നപ്പോൾ, അയാളുടെ സംശയം ഭയമായിത്തീൎന്നു. താൻ നരകാധിപൻതിരുവടികളെക്കൂടെ തോല്പിച്ചിരിക്കുന്നു എന്നു് ആദ്യം അഹങ്കരിച്ചതു്, ആ തിരുവടികളുടെ കോപത്തെ ഉജ്ജ്വലിപ്പിക്കാൻ കാരണമായേക്കുമോ എന്നായിരുന്നു അയാളുടെ ഭയം. തിരുവടികൾ കാരുണ്യവാരിധിയാണെന്നും മററും ശാമിപ്പട്ടർ തനിക്കു് എഴുതീട്ടുള്ള സ്ഥിതിക്കു്—അതും തിരുവടികളുടെ പൂൎണ്ണസമ്മതത്തോടുകൂടി എഴുതിയിരിക്കുന്ന സ്ഥിതിക്കു്—അവിടുന്നു തൻെറ അപരാധത്തെ ക്ഷമിക്കും എന്നു പണിക്കർ ആശിച്ചു; എങ്കിലും, നാൾവഴിയിൽ വല്ല ഭാഗവും നരകാധിപൻ അടയാളപ്പെടുത്തിയിരിക്കുമോ എന്നുള്ള ശങ്ക അടിക്കടി വളൎന്നുകൊണ്ടുതന്നെയിരുന്നു.

നാൾവഴിയുടെ ഒന്നാംതാൾ മറിഞ്ഞു; രണ്ടാമത്തതും മറിഞ്ഞു; മൂന്നു്, നാലു്, അഞ്ചു്; ആറു്, ഏഴു്, എട്ടു്, ഒമ്പതു്, പത്തു്; ഒരുനൂറു കഴിഞ്ഞു; ഇരുനൂറു കഴിഞ്ഞു; മുന്നൂറും, നാനൂറും, അഞ്ഞൂറും കഴിഞ്ഞു. എന്നിട്ടും നരകാധിപൻെറ വ്യാപാരമുദ്ര അവയിലൊന്നിലും കണ്ടതേയില്ല.

താളുകൾ വീണ്ടും മറിഞ്ഞു: അതാ, 521-ാം പുറത്തു് നരകാധിപൻ തിരുമനസ്സിലെ തിരുവടയാളം പതിച്ചിരിക്കുന്നു—കറുത്ത താളും വെളുത്ത മഷിയും.

പണിക്കരുടെ ഹൃദയം പെട്ടെന്നു ഞെട്ടിത്തുടിച്ചു; ശ്വാസോച്ഛ്വാസം മന്ദിച്ചു; മനം കലങ്ങി; തല കറങ്ങി; കണ്ണുകൾ ചുഴന്നു; നരച്ച മുടികൾ ഉയൎന്നു; കൈകൾ വിറച്ചു; ദേഹം വിയൎത്തു; മൂക്കിൽനിന്നു പീനസം ചാടി; വായിൽനിന്നു നര പുറപ്പെട്ടു. തൻെറ മുമ്പിലിരിക്കുന്ന നാൾവഴിയാവട്ടെ, അശ്രുമഭിത്തികളാവട്ടെ, വെളിച്ചമാവട്ടെ, കാണ്മാൻ കഴിയാതെ കണ്ണുകൾ അടഞ്ഞു.

അ നിലയിൽ അയാൾ നിലത്തു വീണുരുണ്ടു പോവുമായിരുന്നു; ഭാഗ്യവശാൽ, സമീപത്തുള്ള തൂണു് അയാളുടെ വീഴ്ചയെ തടഞ്ഞു നിൎത്തി.

നരകാധിപൻെറ തിരുവടയാളംവെച്ച ഈ നാൾവഴിക്കുറിപ്പു് എന്തായിരുന്നു? പണിക്കർ കുറെനേരം നിശ്ചേഷ്ടനായിരുന്നതിൻെറ ശേഷം ഇങ്ങനെ വായിച്ചു:

"ഒലുയിററുവുഴ് യുപെചു. ചിററിത്തെങ്ങ്ങിതിർത്തെങ് ശിഞ്ചാസിഴ്. ഓങ്ങീഞ്ളൊ കള്ളചുവൊ തചുട്ടപ്പെ ചിഞ്ഞൊ. ചിററിത്തെതീമ്ങ്ങീഞ് ഇദ്ലിഷിങ് ഇഝ്യതിങ്. ങിതിർ ഇഞ്ഞെയുഞ്ഞെ ഒഞ്ളൊകോലുഴ്യിഴ്ഴീച്ചി ങ്ങാഷിങ്. ഒഞ്ളൊ ശൈഞ്ജില്വിങ് തിമ്പുപ്പീവുലുത്തിമിങ്. ഇയിറൊണീഞ് ചിപ്പുക്കിളുത്തെങ്."

ഈ വാചകങ്ങൾ പണിക്കൎക്കു നിരന്തരം പരിചയപ്പെട്ട ഭാഷയിലായിരുന്നതിനാൽ, അൎത്ഥം ഗ്രഹിപ്പാൻ ഏതും പ്രയാസമുണ്ടായില്ല. അയാളുടെ ഗുഢാക്ഷരമാലയ്ക്കും സാധാരണഭാഷയിലെ അക്ഷരമാലയ്ക്കും തമ്മിലുള്ള ബന്ധം ഇപ്രകാരമായിരുന്നു: അയാളുടെ 'അ'കാരത്തിനു സാധാരണഭാഷയിൽ 'ഒ'കാരമെന്നൎത്ഥമാക്കണം; 'ഒ'കാരത്തിനു് 'എ'കാരം തുല്യം; 'എ'കാരത്തിനു 'ഉ'കാരം; 'ഉ'കാരത്തിനു് 'ഇ'കാരം; 'ഇ'കാരത്തിനു് 'അ'കാരം; 'ഞ'കാരത്തിനു് 'ജ്ഞ'കാരം; ഇത്യാദി സ്വരനിബന്ധന. വ്യഞ്ജനങ്ങൾക്കാവട്ടെ, 'ക'വർഗ്ഗം സാധാരണ 'പ'വർഗ്ഗത്തിനും; 'ച'വൎഗ്ഗം 'ത'വർഗ്ഗത്തിനും തുല്യം എന്നു നിയമം ചെയ്തിട്ടുണ്ടു്. മററുള്ള അക്ഷരങ്ങളെയും വിസ്തരിച്ചു് പട്ടികയാക്കി ഇതിനു കീഴിൽ ചേൎക്കാം. ഓരോ പംക്തിയിലും സമചിഹ്നത്തിന്നു് ഇടത്തുവശത്തുള്ള വൎണ്ണങ്ങൾ പണിക്കരുടെ അക്ഷരമാലയിലുള്ളവയും; വലത്തുവശത്തുള്ളവ, സാധാരണഭാഷയിലുള്ളവയും ആകുന്നു എന്നു വായനക്കാർ ധരിക്കണം: പട്ടിക ഇതാ:—

### സ്വരങ്ങൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അ | = | ഒ | ഉ | = | ഇ | ഒ | = | എ |
| ആ | = | ഓ | ഊ | = | ഈ | ഓ | = | ഏ |
| ഇ | = | അ | എ | = | ഉ | ഔ | = | ഐ |
| ഈ | = | ആ | ഏ | = | ഊ | ഐ | = | ഔ |

ഞ = ഋ

### വ്യഞ്ജനങ്ങൾ

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക | = | പ | ച | = | ത | ട | = | ച | ത | = | ക | പ | = | ട |
| ഖ | = | ഫ | ഛ | = | ഥ | ഠ | = | ഛ | ഥ | = | ഖ | ഫ | = | ഠ |
| ഗ | = | ബ | ജ | = | ദ | ഡ | = | ജ | ദ | = | ഗ | ബ | = | ഡ |
| ഘ | = | ഭ | ഝ | = | ധ | ഢ | = | ഝ | ധ | = | ഘ | ഭ | = | ഢ |
| ങ | = | മ | ഞ | = | ന | ണ | = | ഞ | ന | = | ങ | മ | = | ണ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| യ | = | വ | ല | = | ര | ള | = | റ |
| ര | = | ഴ | വ | = | യ | ശ | = | സ |
| റ | = | ള | ഴ | = | ല | ഷ | = | ഹ |

സ = ഷ

ഹ = ശ

ഈ ഗൂഢാക്ഷരമാലയ്ക്കു ചില ന്യൂനതകൾ ഉണ്ടെന്നു പണിക്കർ സമ്മതിക്കാതിരിക്കുന്നില്ല. ആ വക ന്യൂനതകൾ വളരെ ഗൗ

രവപ്പെട്ടവയാണെന്നു ശബ്ദാനുശാസനപ്രവീണന്മാർ പറയുമായിരിക്കും; എന്നാൽ പണിക്കർക്ക് അവ സാരമായിട്ടുള്ളവയല്ല. സാധാരണഭാഷയിൽതന്നെയും ഈ ആക്ഷേപത്തിനു വകയില്ലേ? ഋ, ങ, ഞ എന്നീ വർണ്ണങ്ങൾ ചേർന്നിട്ടുള്ള ഭാഷാപദങ്ങൾ ഇല്ലാതിരുന്നിട്ടുംകൂടി ആ വർണ്ണങ്ങളെ കുറിക്കുവാൻ ഭാഷയിൽ ലിപികൾ ഏർപ്പെടുത്തിയിരിക്കുന്നതെന്തിന്? 'നന'ശബ്ദത്തിലെ രണ്ടാം വർണ്ണത്തെ കുറിപ്പാൻ പ്രത്യേകം ലിപി ഏർപ്പെടുത്തീട്ടുണ്ടോ? 'ഇ'കാര-'എ'കാരങ്ങളുടെ ഉൾവലിവായ വർണ്ണങ്ങളെ കുറിപ്പാൻ പ്രത്യേകം ലിപികളുണ്ടോ? ഇങ്ങനെ നോക്കിയാൽ, പലേ ആക്ഷേപങ്ങൾ ഭാഷയെപ്പററിയും പറയാം. ആ അവസ്ഥയ്ക്ക്, സാധാരണമായി കേൾക്കാറുള്ള വിസർഗ്ഗം മുതലായ ചില ഉച്ചാരണങ്ങൾക്കു തുല്യമായ വർണ്ണങ്ങൾ, പണിക്കരുടെ ഗൂഢഭാഷയിൽ ഉപയോഗിച്ചിട്ടില്ലാത്തതു് ഒരു വലിയ ന്യൂനതയായി ഗണിച്ചുകൂട്ടുന്നതല്ല എന്നായിരുന്നു അയാൾ സമാധാനപ്പെട്ടതു്.

അതെങ്ങനെയുമാവട്ടെ. പണിക്കർ തൻെറ ഗൂഢാക്ഷരമാലയുടെ സങ്കേതസൂചിയെ നോക്കാതെതന്നെ ആ നാൾവഴിക്കുറിപ്പിൻെറ താല്പര്യം ഗ്രഹിച്ചു. അതിൻെറ തർജ്ജമ സാധാരണ ഭാഷയിൽ ഇപ്രകാരമാവുന്നു:

"എരിവള്ളിയിൽ വിട്ടതി. തള്ളയ്ക്കും മകൾക്കും സന്തോഷം. ഏമാൻെറ പ്രീതിയെ കൊതിച്ചിട്ടുതന്നെ. തള്ളയ്ക്കു കാണ്മാൻ ആഗ്രഹം അധികം. മകൾ അമ്മുവിന് എൻെറ പേരിൽ വല്ലാത്ത മോഹം. എൻെറ സൗന്ദര്യം കണ്ടിട്ടായിരിക്കണം. അവളെ ഞാൻ തട്ടിപ്പറിക്കും."

എന്തോ സാധനം കാണാഞ്ഞു തെരയുന്നമാതിരി, പണിക്കർ, കുറെ നേരത്തേയ്ക്ക് ഈ നാൾവഴിക്കുറിപ്പിൽതന്നെ വീണ്ടും വീണ്ടും സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്നു. തൻെറ അന്വേഷ

ണം ഫലിച്ചില്ലെന്നു് അയാളുടെ മുഖത്തുണ്ടായ ഭാവപ്പകർച്ചയാൽ സ്പഷ്ടമാക്കി.

പണിക്കർ തെരഞ്ഞതെന്തായിരുന്നു? തൻെറ ചങ്ങാതിയുടെ നാൾവഴിയിൽ നരകാധിപൻെറ ചരക്കടയാളം കുത്തിയെടുത്തു്, അതിൽ സൂചിപ്പിക്കുന്ന സംഭവം ഏതു പാപത്തിനു് ഉദാഹരണമാണെന്നു മററാരാളുടെ കൈപ്പടയിൽ 'റിമാക്ക്' എഴുതിക്കണ്ടിരുന്നു: അതുപോലെയെന്തെങ്കിലും ഒരു റിമാക്ക് തൻെറ നാൾവഴിയിലെഴുതിക്കാണാത്തതെന്തെന്നായിരുന്നു പണിക്കരുടെ അന്വേഷണം. ഒരുവേള, ഈ കുറിപ്പിൽ പറയുന്ന സംഗതിതന്നെയായിരിക്കുമൊ മനുഷ്യജീവച്ഛേദനം? അതായിരുന്നാൽ നരകാധിപൻ റിമാക്കെഴുതുമായിരുന്നില്ലെ? പക്ഷെ, അമ്മുവും തള്ളയും ജീവിച്ചിരിക്കുന്ന സ്ഥിതിക്കു്, ജീവച്ഛേദനപാപം തൻെറ തലയിൽ ചുമത്താൻ ന്യായമില്ല. ശാമിപ്പട്ടരുടെ സംഗതിയിലാവട്ടെ, രണ്ടാളുകൾക്കു മരണം സംഭവിച്ചിട്ടുണ്ടു്: അങ്ങനെയൊരു സംഭവം തൻെറ സംഗതിയിൽ ഉണ്ടായിട്ടില്ല; അതുകൊണ്ടു്, തൻെറ കഥയെ മനുഷ്യജീവച്ഛേദനത്തിൽ ഉൾപ്പെടുത്തുവാൻ അവകാശമില്ല. എന്നാൽ പിന്നെ, പട്ടികയിൽകൊണ്ട പാപങ്ങളിൽ ഏതിന്നായിരിക്കും ഇതിനെ ഉദാഹരിച്ചിരിക്കുന്നതു്? വേശ്യാ— 'എയ്! അതായിരിക്കില്ല. പിന്നെ എന്തായിരിക്കാം?' അതിനെപ്പററി ചിന്തിപ്പാൻ പണിക്കക്കു് അപ്പോൾ ക്ഷമയുണ്ടായില്ല. അതു് ഏതു പാപത്തിനുദാഹരണമാണെന്നു നരകാധിപൻ റിമാക്കെഴുതാത്തതു് ഒരു മഹാക്രൂരതതന്നെയാണു്. ഏതായാലും, മനുഷ്യജീവച്ഛേദനം എന്നു നരകാധിപൻതിരുവടികൾ എവിടെയെങ്കിലും തൂക്കിവിളയാടീട്ടുണ്ടോ എന്നു കണ്ടുപിടിക്കുംവരെ പണിക്കരുടെ ക്ഷമകേടു് ഒഴിഞ്ഞുപോവുകയുമില്ല.

മററു ചിന്തകളെയൊക്കെ ഒരുവിധം ഒതുക്കി, പണിക്കർ, വീണ്ടും നാൾവഴി മറിച്ചുതുടങ്ങി. അതാ! നരകാധിപൻെറ കച്ചവടമുദ്ര!—കറുത്ത താളിൽ വെളുത്ത അക്ഷരം:

"ഇണ്ടെയുഞെ ഒിഞിശ്ലെ ചിഞ്ഞൊ. ഈ ചൊമ്പൃത്തിരെ യോള്ള ഇയിർത്തെ ടോലുഴ°ഴി. ണീഞ° ചിഞ്ഞൊ ടോൽട്ടി ഓ ങിഞ്ഞെങ' ച°ഞക്ചു."

സങ്കേതസൂചിയുടെ സഹായം ആവശ്യപ്പെടാതെതന്നെ, പണിക്കർ ഇതിൻെറ അൎത്ഥവും സാധാരണ ഭാഷയിൽ തൎജ്ജമ ചെയ്തു:

"അമ്മുവിനു മനസ്സുതന്നെ. ആ തെണ്ടിക്കഴുവേറി അവൾക്കു ചേരില്ല. ഞാൻതന്നെ ചേർച്ചു. ഏമാന്നും തൃപ്തി."

ഇതിന്നും നരകാധിപൻെറ റിമാക്ക് എഴുതിക്കണ്ടില്ല. ഇതിൽ സൂചിപ്പിക്കുന്ന കഥയെപ്പററി ചിന്തിപ്പാനും പണിക്കർ തയാറായില്ല. അയാൾക്കു മനുഷ്യജീവച്ഛേദനം എന്ന റിമാക്ക് എങ്ങാനുമുണ്ടോ എന്നു കണ്ടുപിടിപ്പാനായിരുന്നു ബദ്ധപ്പാടു്.

വീണ്ടും നാൾവഴി മറിച്ചുനോക്കി. ഇടയ്ക്കിടയ്ക്കു കറുത്ത താളും വെളുത്ത മഷിയും കാണുമ്പോഴൊക്കെ, നാൾവഴിയിലെ മൂലം വായിച്ചു നോക്കിക്കൊണ്ടിരിക്കുന്നതിനു പകരം അതിൻെറ തൎജ്ജമയെ മാത്രം മനസ്സിനുള്ളിൽവെച്ചു വായിക്കയും, നാൾവഴിയുടെ പുറം ഒന്നൊന്നായി തള്ളുകയും ചെയ്തുവന്നു. ഇപ്രകാരം അയാളുടെ വിശേഷശ്രദ്ധയെ ആകൎഷിച്ച ഭാഗങ്ങളിൽ ചിലതു കീഴെ തൎജ്ജമചെയ്തു ചേൎക്കുന്നവ ആയിരുന്നു:

"അമ്മായി—എയ്! അമ്മായിയോ? മകൾ എൻെറ കൈക്കുള്ളിലായാൽ പിന്നെ, തള്ളയെ അമ്മായി എന്നുതന്നെ വിളിക്കേണമല്ലോ. ഓ! അതും ഉപകാരം. സത്യം മറച്ചുവെപ്പാൻ ഇങ്ങനെയൊരു വാക്കില്ലായിരുന്നുവെങ്കിൽ, ലോകരിൽ എത്രയോ പേർ—ഞാൻ നിശ്ചയമായും—കുഴങ്ങുമായിരുന്നു.—അമ്മായി ഇന്നലെ രാത്രി ഏമാനെ കണ്ടു. അമ്മുവിൻെറ കാൎയ്യം തീർച്ചയാക്കി."

* * *

"ഇന്നുതുടങ്ങി അമ്മുവിനു സംബന്ധക്കാരൻ ഞാൻ. എൻെറ ഇംഗിതം അവൾ മനസ്സിലാക്കിയിരിക്കില്ല. വഴിയേ പറയാം."

*                    *                    *

"ആ ചീഞ്ഞ പട്ടർ, ഏട്ടമാന്നു് ഒരു പുതിയ സംബന്ധം ആലോചിക്കുന്നു എന്നും, അതു നടന്നാൽ എൻെറയും അമ്മുവിൻെറയും എരിവള്ളിത്തറവാട്ടിൻെറയും ഭാഗ്യദോഷമാണെന്നും ഞാൻ അമ്മുവിനോടു് ഒരു കളവു പറഞ്ഞു. ഞാൻ പറഞ്ഞതിൻെറ അർത്ഥം അവൾക്കു മനസ്സിലായില്ലെന്നു തോന്നുന്നു; അവളുടെ മുഖത്തു കുണ്ഠിതഭാവം കണ്ടില്ല."

*                    *                    *

"ഭാഗ്യദോഷം എന്താണെന്നു് അവളെ ഗ്രഹിപ്പിക്കാൻ അമ്മായിയെ ശട്ടം ചെയ്തിട്ടുണ്ടു്."

*                    *                    *

"അമ്മുവിൻെറ കണ്ണു രണ്ടും തുറന്നു—അമ്മായിയുടെ മരുന്നിൻെറ ശക്തികൊണ്ടുതന്നെ—കണ്ണു തുറന്നതിനു ദൃഷ്ടാന്തം: ഏട്ടമാൻ അമ്മുവിനെ കാണ്മാൻ കൊതിക്കുന്നു എന്നു് ഞാൻ ഒരു നുണ പറഞ്ഞപ്പോൾ അവൾക്കു മുഖം പ്രസന്നമായി. ഒരു സംഗതി അവളോടു തുറന്നു പറഞ്ഞു: ഏട്ടമാൻെറ പ്രീതിയെ കരുതീട്ടില്ലായിരുന്നുവെങ്കിൽ, ഞാൻ അവളെയും; മരുമകനായിട്ടു് അമ്മായി എന്നെയും സ്വീകരിക്കയില്ലായിരുന്നു എന്ന വാസ്തവം അറിയിച്ചു, കപടം കൂടാതെ കഴിക്കാമല്ലൊ."

*                    *                    *

"അമ്മായിക്കു് ഒരു പുതിയ ഫോട്ടോ. കാണ്മാൻ എന്നെ വിളിച്ചു. എൻെറ ഛായപോലെ, എന്നു് അമ്മായി; അല്ലെന്നു ഞാൻ. ഒടുവിൽ, ഞാൻ ഏട്ടമാൻെറ ഛായ കൊണ്ടുചെന്നു കാണിച്ചു തർക്കം തീർത്തു. വാസ്തവത്തിൽ, അതു് ഏട്ടമാൻെറ ഛായപോലെ അല്ല. ചില അംശങ്ങൾ ഏട്ടമാൻെറയും, ചില അംശ

ങ്ങൾ എൻെറയും പോലെയിരിക്കുന്നു. പെണ്ണുങ്ങളോടു നേരു പറയരുതല്ലോ. ഓർമ്മയില്ലെങ്കിൽ വേണ്ടാ.''

* * *

''ഇന്നു് കൊവേന്തയിൽ ഒരു ശേൽ: ഫാൻസിശേൽ. നല്ല ചേൽ ആയിരുന്നു. ഏമാനും ഞാനും പോയി. അവിടെ കണ്ട വയിൽവെച്ചു വളരെ വിശേഷമായ ഒരു പൊൻകസവുപണിത്തരം ഏമാനെക്കൊണ്ടു മേടിപ്പിച്ചു. എൻെറ ഉദ്ദേശ്യം വെളിപ്പെടുത്തീട്ടില്ല.''

* * *

''എരിവള്ളിത്തറവാട്ടിൻെറ ഭാഗ്യം! അതോ, അമ്മുവിൻെറ സാമർത്ഥ്യമോ? ഏമാൻെറ പാദസ്പർശം ഇന്നു രാത്രി ഈ തറവാട്ടിനുള്ളിൽ ഉണ്ടാവും.''

* * *

''ഇന്നലെ രാത്രി പത്തുമണിക്കു് ഏമാൻവന്നു. എരിവള്ളി ഇന്നു മുതൽ മധുരവള്ളി; അസൂയക്കാർക്കു കൈപ്പുവള്ളിയായി തോന്നുമായിരിക്കും. അതിലെന്തു വരാനിരിക്കുന്നു?—മധുരവള്ളിക്കിഴങ്ങിൻെറ സ്വാദു വളരെ വിശേഷം എന്നു് ഏമാൻ പുകഴ്ത്തുന്നു. ഈ കിഴങ്ങു് ഒരിക്കൽ അനുഭവിച്ചാൽ പിന്നെ ദിവസവും വേണമെന്നുള്ള ഭ്രാന്താവും; കൈക്കലുള്ള ഏതു സാധനവും ഇതിന്നുവേണ്ടി ഉപേക്ഷിക്കും.—അമ്മുവിനു് ആ പൊൻകസവുവെച്ചു പിടിപ്പിച്ച ഒരു കുഷൺ ഇന്നലെ രാത്രി സമ്മാനം. അവളുടെ സാമർത്ഥ്യംകൊണ്ടാണു കിട്ടിയതെന്നു് അവൾ വിചാരിക്കുന്നു. ഞാൻ പ്രയോഗിച്ച ഉപായമൊന്നും അവളറിഞ്ഞിട്ടില്ല. പോട്ടെ! ഏതു കൊണ്ടായാലും ശരി, അതിപ്പോൾ എൻെറ അധീനതയിൽ.''

* * *

''ഏമാൻെറ വേലക്കാരെ ആക്കുന്നതും നീക്കുന്നതും മേലിൽ

എന്റെ ഇഷ്ടംപോലെ. ആ നാറപ്പട്ടർ വഴിക്കു കേറി നില്ക്കുന്നു വല്ലോ. അയാളെ തട്ടിക്കളയാതെ നീക്കുപോക്കില്ല."

*　　　*　　　*

"അമ്മുവിനു് ഒരു ഫോട്ടോ കിട്ടിയിരിക്കുന്നു. അതു് എന്റെ ഛായ ആയിരുന്നിട്ടും, ഏമാന്റെ ഛായപോലെയാണെന്നു അവൾ നിർബ്ബന്ധമായി പറയുന്നു. ഞാൻ വഴങ്ങി. **ഇതിൽ** എനിക്കു വഴക്കില്ല. കപടം കൂടാതെ കഴിയില്ലതന്നെ."

*　　　*　　　*

"ശത്രുസംഹാരഹോമം. ഒരു ഞെറുക്കു്. പട്ടർക്കു് അമൃതം."

*　　　*　　　*

"വിചാരിപ്പുവേലയ്ക്കു കരാർ രണ്ടായിരം വെള്ളിയും മുൻകൂട്ടി വാങ്ങി. അമ്മുവിന്റെ കൈയിലേല്പിച്ചു. ഏമാനോടു് **അവൾ** പറഞ്ഞാൽ ഫലിക്കും."

*　　　*　　　*

"പട്ടർ അമൃതം ഛർദ്ദിച്ചു കളഞ്ഞുപോലും! ദീർഘായുസ്സ്യോഗമോ, മറേറാ, ഉണ്ടോ?—കണ്ണും കാതും ഒക്കെ പൊട്ടാനായി പ്രതിബിംബംവെച്ചു ഹോമിച്ചാലോ!"

*　　　*　　　*

"കരാർപ്രകാരം വിചാരിപ്പുവേല കൊടുപ്പാൻ സാധിച്ചില്ല. ആ ദ്രോഹിപ്പട്ടർ വേറെ ഏർപ്പാടു ചെയ്തുകളഞ്ഞു: വെള്ളി തിരികെ വേണമെന്നു കരാറുകാരൻ ശാഠ്യംപിടിച്ചു; എനിക്കു തരുകയല്ലാതെ, ഞാൻ കൊടുക്കുക ഏർപ്പാടില്ലെന്നു തീർച്ചപറഞ്ഞയച്ചു—ആ പട്ടരുടെ ശക്തിയെ ആവാഹിപ്പിക്കണം—അവൾ ഇന്നുരാത്രിതന്നെ ആ ഞെറുക്കു് ഉപയോഗിക്കട്ടെ, ഏമാൻ, പിന്നെ, അടുപ്പിൽ ചുററിയ കോഴി."

*　　　*　　　*

"അമ്മുവിൻെറ പണി ഫലിച്ചു. കോഴിയെ അട്ടപ്പിൽ ചുററി വിട്ടു; അതു വിട്ടുമാറില്ലെന്നായി. ഇന്നു് ഏമാനെ കൂട്ടിക്കൊണ്ടു് ആ ഫോട്ടോവിന ചട്ടമിടുവാൻ ഏറ്റപ്പാടുചെയ്തു. ഏമാനെക്കൊണ്ടു് ഒരു കട്ടപ്പൊൻ അമ്മുവിൻെറ കൈക്കൽ കൊടുപ്പിച്ചു. അദ്ദേഹത്തിൻെറ ഛായതന്നെയല്ലേ? വ്യസനിപ്പാനെന്താവശ്യം?"

* * *

"അമ്മുവിനെ ഏമാൻതന്നെ കൈയേററുകൊള്ളണമെന്നു ഞാൻ പറഞ്ഞു. ഏമാൻ വിസമ്മതിച്ചിട്ടില്ല. അവൾക്കതാണിഷ്ടം. പക്ഷേ—അ പട്ടർ ഇടയ്ക്കു നില്ക്കുന്നു. നാശം! അയാളെ കാലനും വേണ്ടാ!"

"ഏമാൻെറ ഇളമുറക്കാർ എൻെറ നേരെ കുറെയേറെ ഈഷ്യകാണിക്കുന്നു. അവരെ ഞാൻ അമത്തീട്ടില്ലെങ്കിൽ, ഞാൻ ശങ്കപ്പണിക്കരല്ല."

* * *

"അമ്മുവിൻെറ മേലുള്ള അവകാശങ്ങൾ ഒഴിഞ്ഞുകൊടുത്തു; പെരുമ്പറയുമടിപ്പിച്ചു പരസ്യമാക്കി—പേരിനുമാത്രം—നല്ല പ്രതിഫലവും വാങ്ങി.

'പാഴാഴ്ത്തൂർശ്ശുകിടന്നിരുന്നവനിയെപ്പേരിൽപ്പതിപ്പിച്ചു,തിൽ
താഴേണ്ടുന്നതു താഴ്ത്തുയത്തിയുയരാനുള്ളോരു ഭാഗത്തെയും,
നീളെപ്പൂട്ടിയടിച്ചു നേർനിലവുമായ്;മേൽശേഷിയില്ലെങ്കിലും
വാഴാൻമറെറാരുവൻെറ കൈവശമതിൽച്ചേക്കുന്ന-
താക്കാവതോ?'

എന്നു ശത്രുപക്ഷക്കാർ അന്യാപദേശം ചെയ്യുമായിരിക്കും. ചെയ്യോട്ടെ. എനിക്കെന്തു ചേതം?"

* * *

"രണ്ടാമനു് അമൃതം ഫലിച്ചു. അയാളുടെ ദിനചര്യക്കുറിപ്പിൽ എന്നെയും ഏമാനെയും പററി ദൂഷ്യം എഴുതീട്ടുള്ളതിനു

കൈയും കണക്കുമില്ല. തുലഞ്ഞതു നന്നായി. തടസ്ഥം ഒന്നു നീങ്ങി. മറെറതും നീക്കണം.''

*　　*　　*

"മേൽവിചാരിപ്പു വേലയ്ക്കു സാറിനെ ആക്കണമെന്നു സാർ നിർബ്ബന്ധിക്കുന്നു. ഞാൻ തലകുലുക്കീട്ടുണ്ടു്. ഇപ്പോൾ അയാളോട്ടു കപടം കൂടാതെ കഴിയില്ല—എയ്! അയാൾ മഹാലുബ്ധൻ: ഒററച്ചെമ്പുതുട്ടുപോലും തരില്ല. ആ അനന്തപ്പട്ടർ അയ്യായിരം കരാർ ചെയ്തു മുൻകൂറായി മൂവായിരം തന്നിരിക്കുന്നു. സമയമാവുമ്പോൾ സാറിനെ കുഴിയിലിട്ടുംവെച്ചു് പട്ടർക്കു കൊടുക്കണം.''

*　　*　　*

"ഛെ! സാറിൻെറ കാര്യത്തിൽ വലിയ പിടിവലി. ഏമാന്നു് അയാളോടാണു് അധികം താൽപര്യം—ഈ സൊല്ല തീർത്തുവിടാതെ കഴിയില്ല.''

*　　*　　*

"സാറിനെ മാടൻ അടിച്ചു. മാടൻ മിടുക്കനാണേ; ഞാൻ പറഞ്ഞേല്പിച്ചപ്രകാരം.—എന്തൊരാശ്വാസം! അയാളെ വെച്ചുവാഴിച്ചിരുന്നെങ്കിൽ എൻെറ തല വീശ്ശുമായിരുന്നു. അയാൾ വലിയ കള്ളനല്ലെ? ധർമ്മപുത്രരെന്നു ഭാവം. ഇപ്പോൾ കുഴിയിൽ താണുപോയല്ലൊ.—ഞാനും ശവമടക്കം ചെയ്യാൻ കൂടിയിരുന്നു. ചിലരൊക്കെ എൻെറ മുഖത്തു തുറിച്ചുനോക്കി. അവർ എന്നെ ശങ്കിച്ചിട്ടുണ്ടെങ്കിലെന്തു ചേതം?''

*　　*　　*

''ഒന്നാമൻ എൻെറ വീട്ടു കുളം കുത്തുംപോൽ. ഹൊ! അയാളുടെ ഭീഷണി! കുളം കുത്താൻ ഒരുങ്ങിയിരുന്നോട്ടെ. ജയം ആർക്കെന്നു കാണിച്ചുകൊടുക്കാം.''

*　　*　　*

"അമൃതം ഫലിച്ചു. ഒന്നാമനും വഴിയിൽനിന്നു നീങ്ങി. ഇനി സുഖം; ഏമാൻ **ഞാൻ.**''

*　　*　　*

"അമ്മുവിൻെറ അനുജത്തിക്കു ഞാൻ സംബന്ധം. അമ്മായിയും ഞങ്ങളും ഒക്കെ ഏമാൻെറ ഒന്നിച്ചു താമസം. ഞങ്ങൾ ചെന്നു വളയമിട്ടുനിന്നു പറഞ്ഞാൽ, ഏമാൻ പേടിച്ചു്, ഏതെങ്കിലും കാര്യം കഴിയില്ലെന്നു ശഠിക്കുമോ? ഭയപ്പെട്ടുത്താൻ ആവശ്യംപോലെ സൈന്യം തികഞ്ഞു."

*　　*　　*

"ങ്ഹ്! ആ ചെക്കൻ ഇത്ര മൂഢത്താ? അവൻ ഏമാൻെറ മകനാണെന്നുവെച്ചു ഞാൻ പേടിക്കേണമോ? അവൻെറ തന്തയെപ്പേടിക്കുന്നില്ല, പിന്നെയാണു് അവനെ പേടിക്കുക? അവനു നാട്ടു ചുററിക്കാണ്മാൻ പണം വേണംപോലും! കൊടുക്കില്ലെന്നു പറഞ്ഞപ്പോൾ, പണം എൻെറ വകയല്ല, അവൻെറ തന്തയുടെ വകയാണെന്നു് അവകാശം പറഞ്ഞു് എന്നെ പുച്ഛിച്ചില്ലേ? ആട്ടെ! അവൻെറ തന്ത എടുത്തുകൊടുക്കുന്നതു കാണട്ടെ."

*　　*　　*

"ആ ചെക്കനു് ഇപ്പോൾ എൻെറ ശക്തി മനസ്സിലായിരിക്കണം. അവൻെറ തള്ള കുട്ടിക്കാലത്തു പാൽ പകന്നു കുടിച്ചിരുന്ന കിണ്ണം ഉരുക്കിവിററു കിട്ടിയ പണവുംകൊണ്ടാണു് അവൻ യാത്രപോയതു്.—അവൻെറ യാത്രച്ചെലവിനെന്നുപറഞ്ഞു് അഞ്ഞൂറുവെള്ളി ഞാൻ എഴുതിയെടുത്തു."

*　　*　　*

"കളവാണിയെ എനിക്കു വേണ്ടാ. അമ്മുവിൻെറയും ഏമാൻെറയും അമ്മായിയുടെയും നിർബ്ബന്ധംകൊണ്ടാണു് അന്നു ക്രിയ നടത്തിയതു്. അമ്മുവിൻെറ അനുജത്തിയാണെന്നല്ലാതെ, അവളെപ്പോലെ വണക്കമുള്ളവളല്ല. സാമത്ഥ്യമുണ്ടെങ്കിൽ, അമ്മുവിൻെറ കൂട്ടത്തിൽ ഒന്നായിച്ചേന്നോട്ടെ—ഇന്നു രാവിലെ, അമ്മുവിൻെറ ദാസി, തങ്കം...."

*　　*　　*

തങ്കം എന്ന പേർ ഓമ്മവന്ന ക്ഷണത്തിൽ പണിക്കരുടെ

ഹൃദയത്തിൽ, ഒരററംതുടങ്ങി മററെ അററംവരെ 'ഭ്രാങ്ങ്' എന്നൊരു അണിവെടിശബ്ദം ചുററിയടിച്ചതായി അയാൾക്കു തോന്നി. ഇതായിരിക്കുമോ നരകാധിപൻ സൂചിപ്പിച്ച മനുഷ്യജീവച്ഛേദനം, എന്നു പണിക്കർ ചിന്തപൂണ്ടു. അയാൾ പണ്ടു കഴിഞ്ഞ കഥകളെല്ലാം ഓൎത്തു. അന്നു രാവിലെ അവൾ അമ്മുവിൻെറ അറവിട്ടു പുറമെ പോരുമ്പോൾ അയാൾ അവളെ അകലെ കണ്ടതും; ആ സമയം അയാളുടെ ഹൃദയം ഇളകി മറിഞ്ഞതും; അവൾ അയാളുടെ നോട്ടങ്ങളെ ഗണ്യമാക്കാതെ നടന്നുവന്നതും; സമീപം മററാരും ഇല്ലെന്നു കണ്ടു്,

'ബാലേ നിന്നുടെ പൂമെയ്
ചാലേ പുണരുന്നതിന്നു കൊതിയാലേ!
മാലേവമാൎന്നിടുന്നി-
ക്കാലേ നീ കൈക്കൽ വന്നു നിധിപോലേ!!'

എന്ന ശൃംഗാരശ്ലോകവും മൂളിക്കൊണ്ടു്, അയാൾ, സൈരന്ധ്രിയുടെ നേരേ കീചകനെന്നപോലെ, അവളുടെ അടുക്കലേയ്ക്കു ചെന്നതും; അവൾ ലജ്ജയാൽ പിന്നാക്കം നിന്നതും; ജന്തുക്കൾക്കു സഹജമായ വികാരമാണല്ലൊ തന്നെയും ഭ്രാന്തുകളിപ്പിക്കുന്നതെന്ന സമാധാനത്തോടുകൂടി അയാൾ അവളെ നോക്കി,

'കാമരസപ്രസരിപ്പോ?
കാമജ്വരവാരണൌഷധിച്ചെപ്പോ?
കളമൊഴി നിൻ കുചമിപ്പോ-
ളളവററുളവാക്കിടുന്നു മദമടപ്പോ!'

എന്നു പാടിയുംകൊണ്ടു് അവളെ പിടിച്ചണച്ചതും പണിക്കരുടെ മനോരംഗത്തിൽ വീണ്ടും അഭിനയിച്ചുകണ്ടു.

പണിക്കരുടെ മനസ്സു പലേ ഓൎമ്മകളുടെ തള്ളൽകൊണ്ടു തീരെ പരവശമായി. നാൾവഴിയുടെ അടുത്ത താളുകൾ മറിപ്പാൻ പോലും വിരലുകൾക്കു ശക്തിയില്ലെന്നായി. തങ്കത്തിനെ താൻ

വശീകരിച്ചതും; അവളുമായി രഹസ്സല്ലാപാദികൾ നടത്തിയതും; കളവാണിയും അമ്മുവുംകൂടി അവളെ വിളിച്ചു ചോദ്യംചെയ്യതും; വാസ്തവം പറവാൻ മടിച്ചപ്പോൾ അവളെ മാടൻ അടിച്ചതും; അവളുടെ നിലവിളി പുറത്തു കേൾക്കാതിരിപ്പാനായി അവളുടെ വായിൽ തുണി ചുരുട്ടിക്കുത്തിനിറച്ചതും; അവൾ മോഹാലസ്യപ്പെട്ടു വീണാറെ, നായും നരിയും വലിച്ചുകൊണ്ടുപോട്ടെ എന്നു പറഞ്ഞു് അവർ അവളെ എടുപ്പിച്ചു കാട്ടിൽ തള്ളിയതും; അതിനെപ്പററി ക്ഷോഭം ഉണ്ടായതും; ക്ഷോഭത്തെ അമത്തുവാൻ പലേ കപടങ്ങൾ പ്രവത്തിച്ചതും; ചിലക്കു കൈക്കൂലി കൊടുത്തു വായടപ്പിച്ചതും; മററും മററും പണിക്കരുടെ തലയ്ക്കുള്ളിൽ ഒരു വലിയ ഭൂകമ്പത്തിന്നു കാരണമായിത്തീൎന്നു. അയാളുടെ തലച്ചോറു് ഉരുകിപ്പായുമ്പോലെ തോന്നി. നരകാധിപൻതിരുവടികൾ തങ്കത്തിന്റെ കഥയെ ഏതു പാപത്തിലാണു് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു റിമാൎക്കു് എഴുതിക്കാണാഞ്ഞതിൽ, പണിക്കൎക്കു മനോവ്യഥയും വദ്ധിച്ചു.

തങ്കത്തിന്റെ കഥതന്നെയായിരിക്കുമോ മനുഷ്യജീവച്ഛേദനത്തിന്നു് ഉദാഹരണം എന്ന സന്ദേഹത്തെ പരിഹരിപ്പാനായി, പണിക്കർ, വീണ്ടും നാൾവഴി മറിച്ചുതുടങ്ങി. ആ സമയമൊക്കെ, അവളുടെ സ്മരണ അയാളെ പിരിയാതെ നിന്നു.

വീണ്ടും നരകാധിപൻതിരുവടിയുടെ തിരുവടയാളംവെച്ച ഭാഗങ്ങൾ ഒന്നൊന്നായി മറിഞ്ഞുവന്നു. അവയുടെ തൎജ്ജമ, പണിക്കരുടെ മനോദപ്പണത്തിൽ പ്രതിബിംബിച്ച വിധത്തിൽതന്നേ ചുവടേ ചേൎക്കുന്നു:

“ആ കാൎക്കോടകൻ എന്നെ പററിച്ചുകളഞ്ഞല്ലൊ. അവൻ തന്നിരുന്ന അയ്യായിരവും അവന്നുതന്നെ കൊടുക്കേണ്ടിവന്നു! എന്നോടു മേടിപ്പാൻ ധൈയ്യമുണ്ടായില്ലെ?—പഠിപ്പിച്ചേക്കാം.”

*　　*　　*

“നാശം! ഏമാന്റെ അനന്തരവരാണുപോലും. എപ്പോൾ

അനന്തരവരായി? ആരാക്കി? അവക്കു് അവകാശപ്പെട്ടതാണു പോലും ഞാൻ അനുഭവിക്കുന്ന സ്വത്തുകൾ. അവക്കു വിട്ടുകൊടുക്കണമെന്നു ശാഠ്യം. ചെററപ്പെണ്ണുങ്ങൾ! ഈ അവസ്ഥയൊക്കെ ഞാൻ വരുത്തിക്കൊടുത്തതല്ലേ? ഞാൻ തടുത്തിരുന്നുവെങ്കിൽ ഏമാൻ അവരെ ഈ കുടുംബത്തിൽ സ്വീകരിക്കുമായിരുന്നുവോ? ഇപ്പോൾ അവററ എൻെറനേരേ കൊണ്ടുപിടിച്ചു പുറപ്പെട്ടിരിക്കുന്നു. ആട്ടെ! ആ കഴുകൾക്കു ദാഹിച്ചു വെള്ളംപോലും കിട്ടാതെ തിണ്ടാടിച്ചേയ്ക്കാം. അവരുടെ അപ്പന്മാർ നേടിത്തന്നിരിക്കുന്നുവോ ഇവിടെ?"

* * *

"നാറാണത്തുഭ്രാന്തൻ, ചന്ദ്രനെക്കണ്ടു നായ കുരയ്ക്കുമ്പോലെ, എൻെറ നേക്കു തുടങ്ങിയിരിക്കുന്നു. അവൻെറ തല കൊയ്യുന്നവന്നു് ഓരായിരം ഇനാം."

* * *

അററുപുറത്തുകാരൻ വഴക്കുംകൂട്ടിക്കൊണ്ടു വീണ്ടും ഇന്നു് ഏമാൻെറ അടുക്കൽ എത്തി. ഞാൻ കരാർചെയ്തു പതിനായിരം വാങ്ങിയപ്രകാരം നടത്തീട്ടില്ല എന്നാണു്. കരാർക്കത്തെവിടെ? അതു കാണ്മാൻ മേടിച്ചു ഏമാൻതന്നെ അയാളുടെ മുമ്പിൽവെച്ചു ചീന്തിക്കളഞ്ഞുവല്ലോ. അതുകൊണ്ടാണെന്നു തോന്നുന്നു അയാൾക്കു് ഈഷ്യവളന്നിരിക്കുന്നതു്. ഏമാന്നു് കരാർക്കത്തുകൊടുത്തിട്ടുള്ളതു മടങ്ങിക്കിട്ടേണമെന്നു് അയാൾ രണ്ടു രജിസ്റ്റർനോട്ടീസ് അയച്ചതും അതുനിമിത്തമല്ലേ? അതിന്നു ബതൽ ഞാൻ ഏമാനെക്കൊണ്ടു പ്രവത്തിപ്പിച്ചു. ഏമാൻെറ മകൻ പാക്കുന്നെടത്തുനിന്നു പുറത്തുപോവാൻ, ആ മകൻെറ വകയായി ഒരു നോട്ടീസ് അയാൾക്കു്."

* * *

"ആ നാശങ്ങൾ ഒഴിഞ്ഞുപോകയില്ല. ഏമാൻെറ അനന്തരവരാണെന്നുവെച്ചു്, അവക്കു തൊട്ടതിനും പിടിച്ചതിനും ഒക്കെ പണം വേണമെന്നു ശഠിച്ചാലോ! അവരുടെ അപ്പന്മാരുടെ മുത

ലോ മറേറാ ഇവിടെ തന്നിട്ടുണ്ടോ? ഇപ്പോൾ സ്ത്രീസമാജംപോലും. അതിലേയ്ക്കു കൊടുക്കാൻ അമ്പതുവെള്ളി വേണംപോലും. ഒററച്ചെമ്പുതുട്ടു കൂടിയും ഇവിടെനിന്നു ഞാൻ കൊടുക്കയില്ല. സ്ഥാനമാനം നടിക്കണമെങ്കിൽ എരന്നു കാശ്ശുണ്ടാക്കട്ടെ. അമ്മുവിനേയും അമ്മായിയേയും ക്ഷണിക്കാൻ കുറവുതോന്നുന്ന സമാജത്തിനു് ഇവിടെനിന്നു സംഭാവന വേണമോ!!—അമ്പതും കൊടുത്തു എന്നു ചെലവെഴുതിയെടുത്തു.”

*　　　　*　　　　*

ബഹുരസം! നാറാണത്തുഭ്രാന്തനു് മോക്ഷംകൊടുപ്പാൻ ഏമാൻെറ ആചാര്യൻ സമ്മതിച്ചിരിക്കുന്നു. ആചാര്യന്നു് ഭക്തികൊണ്ടല്ല പ്രീതി ഉണ്ടാവുന്നതെന്നു് ആ ഭ്രാന്തൻ മനസ്സിലാക്കീട്ടില്ല. അവനെ കുണ്ടിൽ തള്ളിയേക്കാം. ഇന്നുരാത്രി ആചാര്യനെ കണ്ടു് സമ്മതം പിൻവലിപ്പിക്കാൻ ഉർവ്വശിരംഭതിലോത്തമമാരെ അയച്ചുകളയാം. ഈ ഇരകളെ കോർത്തെറിഞ്ഞു കൊടുത്താൽ, ആചാര്യനെന്നു വേണ്ടാ, ഏതു മകരമത്സ്യവുംകൂടി ചൂണ്ടലിനെ കൊത്തി വിഴുങ്ങി കുടുങ്ങുകയില്ലേ?”

*　　　　*　　　　*

“അമ്മായിക്കു് ഒരു ഗന്ധർവ്വൻെറ ഉപദ്രവം—ഏതു ഗന്ധർവ്വനോ?—‘അതാ ചോര! അവൾ അതാ വന്നുനില്ക്കുന്നു’—എന്നൊക്കെ പുലമ്പിക്കൊണ്ടു തുള്ളുന്നു. അവൾ ‘അവൾ’തന്നെയായിരിക്കുമോ?”

*　　　　*　　　　*

“ഏമാനെ ഒരെടത്തു കെട്ടിയിടേണ്ടിവന്നിരിക്കുന്നു. ദേവതോപദ്രവം എന്നു കേട്ടാൽ ഇങ്ങനെ പേടിച്ചോട്ടുന്നവർ മററെങ്ങാനുമുണ്ടോ?—ആഹാ! എൻെറ വേദാന്തപരീക്ഷകൾ ഓരോന്നായി ഫലിച്ചുതുടങ്ങി. ഇതിൻെറ അവസാനം കണ്ടിട്ടേ ഞാൻ അടങ്ങൂ.”

*　　　　*　　　　*

"ഇന്നു രാത്രി ഒരു വലിയ ഹോമം. ഒരു മുട്ടൻപോത്തിനെ വെട്ടി ഹോമിച്ചു. പിന്നെ ഒരു ക്ഷുദ്രം—കടിഞ്ഞിൽകുട്ടിയുടെ ശവം എവിടെ കിട്ടിയതോ?—തറരക്ഷ—ഗന്ധർവ്വപ്രതിഷ്ഠ—അഭിചാരങ്ങൾ ഇക്കാലത്തു ഫലിക്കുമോ എന്നു് ഇതുകൊണ്ടു തീൎച്ചപ്പെടുത്താം."

* * *

"ഒഹോ! ഫലിച്ചു. ഏമാൻ ഭ്രാന്തന്റെ മട്ടിലായി."

* * *

"ഏമാന്റെ കുടുംബംവക പണ്ടപ്പെട്ടി വെളിയിലെടുത്തു. പണ്ടങ്ങളിലുള്ള നല്ല രത്നങ്ങളെ പറിച്ചെടുപ്പിച്ചു; പകരം കൃത്രിമക്കല്ലുകൾ അമൎത്തി പഴയസ്ഥാനത്തു വെച്ചു."

* * *

"നാശം! ഏമാന്റെ അനന്തരവൾക്കു ഒരു ആൺകുട്ടി. അതാണിനി കുടുംബാധികാരി—ഏമാന്റെ കാലം കഴിഞ്ഞശേഷമേ ഉള്ളു—ഇങ്ങനെയൊന്നു് ഇടയിൽ വന്നുവീണതു് വലിയ സൊല്ലയായി."

* * *

"പൂതനയെ അയച്ചതു വെറുതെ ആയി. മുലകൊടുപ്പാൻ അതിന്റെ തള്ള അവളെ അനുവദിച്ചില്ല. തള്ളയ്ക്കു കൊടുത്തയച്ച പലഹാരവും തിരികെ അയച്ചു."

* * *

"എന്തൊരു ലഹളയായിരുന്നു ഇന്നുച്ചയ്ക്കു്! കളവാണിമിട്ടുക്കത്തി. അമ്മുവിനെ ഇളക്കിയെടുത്തെറിവാൻ അവളാൽ കഴിയുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ലഹളകേട്ടു് ഏമാനും ഓടിഅണഞ്ഞു. അമ്മുവിനു് എന്നോടാണു് ദ്വേഷ്യം: 'എടാ! ദ്രോഹിക്കഴുവേറി, നീംനിമിത്തമല്ലയോ ഇങ്ങനെയൊക്കെ വന്നതു്?'—എന്നു് എന്നെ ശകാരിച്ചു. അതിന്നു മറുവടിയായി അ പൂതത്തിനു് പ്രഹരാദികഷായം കൊടുത്തു് ഞാൻ അടങ്ങി. ആവൂ! അവ

ളുടെ ചാട്ടം ഒന്നു നിലച്ചു--ഇനി കുറെക്കാലം കളവാണിതന്നെ അനുഭവിക്കട്ടെ."

* * *

"ഏമാൻെറ മകൾക്കു പുതിയ ആഭരണങ്ങൾ മേടിച്ചു കൊടുപ്പാൻ ഏമാനെ നിർബ്ബന്ധിച്ചു. രത്നവ്യാപാരികളെ വരുത്തി. പണ്ടങ്ങൾ തെരഞ്ഞെടുത്തു, വിലവക പണം ചെലവെഴുതി. വ്യാപാരികളെ മറെറാരു വഴിയിൽക്കൂടെ രഹസ്യത്തിൽ തിരികെ വരുത്തി, വിലയിൽ കിഴിവു ചെയ്തുകൊടുത്തു്, പണ്ടം തിരികെ ഏല്പിച്ചു; പണം എൻെറ പെട്ടിയിലുമാക്കി."

* * *

"അമ്മായിക്കു പിന്നെയും ദേവതോപദ്രവം. അമ്മുവും തുള്ളിത്തുടങ്ങിയിരിക്കുന്നു. രണ്ടു കഴുകൾക്കും ഭ്രാന്തു്—എന്തൊരു ഭ്രാന്തോ? എങ്ങനെയോ തുലയട്ടെ. ഇന്നു രണ്ടിനേയും പിടിച്ചു് ഓരോ മുറിയിലാക്കി പൂട്ടി. അവക്കു് എന്നോടാണു് ദേഷ്യം. നന്ദികെട്ട കൂട്ടം. ക്ഷുദ്രം അവക്കുതന്നെ തിരിഞ്ഞടിച്ചുപോലും. തിരിഞ്ഞടിക്കുമെങ്കിൽ എനിക്കല്ലേ ആദ്യം അനുഭവമാകേണ്ടതു്? ഈ കഴുക്കളെ രണ്ടിനേയും തെരുവിലടിച്ചിറക്കി ഏമാൻെറ 'കെട്ടിലമ്മ'യായിരുന്നു ഭരിപ്പാൻ കളവാണിക്കു സാമർത്ഥ്യമുണ്ടോ ഇല്ലയോ എന്നറിയിച്ചുകൊടുക്കാം."

* * *

"എന്താണിങ്ങനെ? ഇന്നലെ രാത്രി സുഖമായി ഉറങ്ങീട്ടില്ല. കണ്ണടച്ചാൽ അപ്പൊഴുണ്ടു് മുമ്പിൽ ചില നിഴലുകൾ. 'സാർ' എന്തിനാണു് എന്നെ ഭയപ്പെടുത്തുന്നതു്? ആ ഒന്നാമനും രണ്ടാമനും കൂടി, ഹോ! എന്തൊരു ഭയങ്കരസ്വരൂപം! പിന്നെ ഓരായിരം കാളികൂളികൾ അവരുടെ പിറകെ: 'വെള്ളി തിരിയെ തന്നുകളയൂ'—എന്നു് ആർത്തുംകൊണ്ടു്—ഇക്കൂട്ടരെ ഇങ്ങനെ വിട്ടയച്ചാൽ പോരാ. എല്ലാത്തിനേയും അടക്കിപ്പിടിച്ചു് സംഹരിപ്പാൻ ഇന്നു രാത്രി ഒരു ഹോമം തീർച്ചയാക്കി. ഒരു രക്ഷയും."

* * *

"ഇന്നലെ കഴിച്ച ഹോമവും രക്ഷയും വെറുതെയായി. അ ക്രിയകളൊക്കെ കഴിഞ്ഞപ്പോൾ രാത്രി നേരം കുറെയേറെയായിരുന്നു. പാതിരാവായിരിക്കും. ഉറങ്ങാനായി കണ്ണു ചിമ്പിയപ്പൊഴേയ്ക്കും, വീണ്ടുമുണ്ടു് സാറും കൂട്ടരും—ഹൊ! ഹൊ! അതിഭയങ്കരം! അവരുടെ അട്ടഹാസമോ! അക്കൂട്ടരുടെ പിന്നാലെ, ഹൊ! ഹൊ! ഹൊ! ഒരു കാലഭൈരവമൂത്തിയെപ്പോലെ ഒരു സ്വരൂപം! അതു ഭദ്രകാളിയാണോ എന്നു ഞാൻ പേടിച്ചു; എൻെറ ഹൃദയം അടിപ്പാൻ തുടങ്ങി. 'എടാ നന്ദികെട്ട ദ്രോഹി! നീ സത്യം ചെയ്തപോലെ എൻെറ ആളുകൾക്കു നഷ്ടപരിഹാരം ചെയ്യാഞ്ഞതെന്തെടാ ദ്രോഹീ!—എന്നലറിയുംകൊണ്ടു്, ചോരയുമൊലിപ്പിച്ചു വന്നതു് അ—അവൾ—തങ്കം..."

## 4

## വിലാപവും പ്രലാപവും

'തങ്കം' എന്ന പദം പണിക്കരുടെ മനോദൃഷ്ടിക്കു മുമ്പിൽ വീണ്ടും ആവിർഭവിച്ചതും, അതിൻെറ വാലെന്നപോലെ ഒരു ക്ഷണപ്രഭ ചീളെന്നു കാളിമിന്നിയതും ഒന്നായിക്കഴിഞ്ഞു. അതിനെ തുടന്നു് ഒരു വലിയ മേഘനിർഘോഷവും മാറെറാലികളും അയാളുടെ മനഃശ്ശ്രോത്രത്തിൽ കേട്ടു. അതിപ്രചണ്ഡമായ ഒരു കൊടുങ്കാററും പെരുമഴയും അകലെ ഇരമ്പുന്നതായും അയാൾക്കു തോന്നി. അടുത്ത ക്ഷണത്തിൽ ആ കൊടുങ്കാററു് അലച്ചടിച്ചു് തൻെറ തലയ്ക്കുമീതെ മറിയുന്നു എന്നും അയാൾ ശങ്കിച്ചു. ആ കാററുതന്നെ ചുഴലിവാതമായി ചുഴന്നു് തന്നെയും എടുത്തുമറിച്ചു് ചപ്പുചിപ്പു ചവറുകളുടെ കൂട്ടത്തിൽ അടിച്ചു പറത്തിക്കൊണ്ടു പോകുന്നതായും അയാൾ ഭയപ്പെട്ടു.

നാൾവഴിയിൽ സൂചിപ്പിച്ച രാത്രിയിലെ സ്വപ്നം മുഴുവനും

പണിക്കർ വീണ്ടും കണ്ടു. അയാൾ സാധ്വിയായ ആ പെൺകുട്ടിയോടു്—അവൾ പെൺകുട്ടിതന്നെ, അമ്മയായിട്ടില്ല, അവളെ ആരും വിവാഹം ചെയ്തിട്ടില്ല—പ്രവർത്തിച്ച അന്യായനടവടികളും, അവൾക്കു് അയാൾ നിമിത്തമായി സംഭവിച്ച അവമതിയും അപമൃതിയും, അതുസംബന്ധമായുണ്ടായ ജനക്ഷോഭത്തിൽ തന്റെ രക്ഷയ്ക്കു വേണ്ടി അവളുടെ സ്വജനങ്ങളെക്കൊണ്ടു് ഏററു പറയിച്ച വ്യാജങ്ങളും, അവർക്കുണ്ടായ നഷ്ടത്തെ മതിയാംവണ്ണം താൻ പരിഹരിക്കാമെന്നു് അയാൾ ചെയ്ത പ്രതിജ്ഞകളും, ക്ഷോഭങ്ങളെല്ലാം ശമിച്ചതിന്റെ ശേഷം, നിർഗ്ഗതികളായ അവളുടെ ബന്ധുക്കൾ മെല്ലെടി പ്രതിജ്ഞയെ നിർവ്വഹിപ്പാനായി അയാളോടപേക്ഷിച്ചപ്പോൾ അയാൾ അവരെ ആട്ടിപ്പുറത്താക്കി പ്രയോഗിച്ച ഭീഷണികളും,—എന്തിനേറെ?—ഒരുകാലത്തു തന്റെ മനസ്സിനു മധുവായിത്തീർന്നിരുന്ന ആ പെൺമണിയെ സംബന്ധിച്ച സകലസംഗതികളും അയാൾ വീണ്ടും ഓർത്തു. താൻ കഴിഞ്ഞ കാലത്തിലേയ്ക്കു മടങ്ങിച്ചെന്നു് വീണ്ടും ആ സംഭവങ്ങളെ പരിചയിക്കുകയാണെന്നുതന്നേ പണിക്കർക്കു തോന്നി. അവളുടെ കോമളവിഗ്രഹത്തെ താൻ ആശ്ലേഷിക്കുന്നതായും, അവൾ കൈതട്ടുന്നതായും, ചാട്ടവാക്കുകൾ പറയുന്നതായും, അവളുടെ സ്വാമിനി കാണുന്നുവെങ്കിലോ എന്നു ഭയപ്പെട്ടു വിഷാദിക്കുന്നതായും, അയാൾക്കു വീണ്ടും അനുഭവപ്പെട്ടു.

ഹാ! കഷ്ടം! കഷ്ടം! അതി ദീർഘനിദ്രയിൽനിന്നുണർന്നെണീററു് ഇപ്പോൾ പെട്ടെന്നു് തന്നെ പിടികൂടിയിരിക്കുന്ന ആ സ്മരണകൾ ഇനി ഒരിക്കലും പിരിഞ്ഞുപോവാതെ കൂടിക്കളയുമോ? അവ അനന്തകാലത്തോളം തന്റെ ആത്മാവിനെ പററിപ്പിടിച്ചു കിടക്കുമോ? ഭീഷണങ്ങളായ ആ സ്മരണകളോടുകൂടിത്തന്നെ, അററമില്ലാത്ത കാലമൊക്കെയും, താൻ ശൂന്യാകാശത്തിൽ അനിവൃത്തനായി പറന്നു കിടക്കേണ്ടിവരുമോ? താൻ നിമിത്തം അകാലമരണം പ്രാപിച്ച ആ കൂട്ടരുടെ—വിശേഷിച്ചും

 35866 

‘അവളുടെ’ മുഖവും, ‘അവളുടെ’ സ്വരവും, ‘അവളുടെ’ വാക്കുകളും, ‘അവളുടെ’ ചേഷ്ടകളും, ‘അവളുടെ’—ഹാ! അവ ഇപ്പോഴും തന്റെ മർമ്മങ്ങളെ പിളക്കുന്നു—അവളുടെ നോട്ടങ്ങളും, തന്നെ നിത്യം ആവേശിക്കുമോ?

പണിക്കരുടെ മനസ്സു സമാധാനരഹിതമായി. അയാളും നൈരാശ്യത്തിന്റെ ചുവ അറിവാൻ തുടങ്ങിപ്പോയി. അയാളോടു് ‘അവളുടെ’ ബന്ധുക്കൾ ചെയ്ത പ്രാൎത്ഥനകൾ എല്ലാം വ്യൎത്ഥമായിട്ടല്ലേ കലാശിച്ചതു്? ആ സ്ഥിതിക്കു, സൎവശക്തനായ നരകാധിപൻതിരുവടികൾ അയാളുടെ പ്രാൎത്ഥനയെ കൈക്കൊള്ളുമോ? തിരുവടികൾ അയാളുടെ പാപങ്ങളെ ക്ഷമിക്കുമോ? എന്തെന്നാൽ, അങ്ങനെയുള്ള പാപങ്ങൾക്കു് ഇഹത്തിൽവെച്ചുതന്നെ പ്രായശ്ചിത്തം ചെയ്തിട്ടില്ലെങ്കിൽ മോചനം ലഭിക്കയില്ലെന്നുള്ള രഹസ്യം ചങ്ങാതി അറിയിച്ചിട്ടില്ലേ?

അയാൾ അവളുടെ—തങ്കത്തിന്റെ—വിവൎണ്ണമെങ്കിലും കമനീയമായ—മൃതാവസ്ഥയിലും കൂടി കമനീയമായ—മുഖത്തെ കാണ്മാൻ കഴികയില്ലെന്നുള്ള ഭാവത്തിൽ രണ്ടു കൈകൊണ്ടും തന്റെ കണ്ണുകളെ പൊത്തി. ഹ! ഹ! ഇരുട്ടുകൊണ്ടു് ഓട്ട അടയ്ക്കുകയോ! ഹ! എന്തൊരു ബുദ്ധികെട്ട ഭോഷത്തം! താനോ വേദാന്തി? തന്റെ വിവേകമെല്ലാം കാശിക്കുപോയോ? മനസ്സിനു സ്പഷ്ടദൃഷ്ടമായുള്ളതിനെ കാണാതിരിപ്പാനായി മാംസചക്ഷുസ്സുകളെ മറയ്ക്കുവാൻ തുനിഞ്ഞ താൻ ഒരു വിട്ടുവിഡ്ഢിതന്നെ. മനോവേദനയെ നീക്കാൻ ദേഹത്തിൽ തൈലം പിരട്ടിക്കളയാം എന്നു വിചാരിക്കയോ? എന്തോ കഥ!

ആ! ഇല്ല! പററില്ല, പററില്ല! അവളുടെ മുഖം മറയ്ക്കാൻ സാധിക്കില്ല. തന്റെ സ്മരണകളെ ഞെക്കിക്കൊല്ലാനും സാദ്ധ്യമല്ല. എത്രയോ കാലം മുമ്പു് കുഴിയിലിട്ടു മൂടിയ തന്റെ കഴിഞ്ഞ കഥകളെ തിരിഞ്ഞു നോക്കാതെ നിവൃത്തിയില്ല. ആ കഥകളോ, മണ്ണുമാന്തിത്തുറന്നു പോയിരിക്കുന്ന ശവക്കുഴിയിൽ ഉള്ള

35866

അസ്ഥിക്കൂട്ടംപോലെ തന്റെ മുഖത്തു നോക്കി പല്ലിളിച്ചു കാട്ടിക്കൊണ്ടു കിടക്കുന്നു. എന്തായാലും ഒരു സമാധാനം—അതിനെ സമാധാനമെന്നു പറയാമെങ്കിൽ—ഇല്ലായ്കയില്ല: ആ കഥകളെപ്പററി, നാൾവഴിയിൽ ഇനി ഏറെയൊന്നും ഉണ്ടായിരിക്കയില്ല.

ആ കൂട്ടരെയൊക്കെ എങ്ങനെയായിരുന്നു താൻ നശിപ്പിച്ചതു്--അതാ, അതാണു വാക്കു്,—നശിപ്പിച്ചതു്—എന്നുള്ള ഓമ്മ മടങ്ങിവന്നു. തന്റെ അമൃതപ്രയോഗങ്ങളും, ക്ഷുദ്രങ്ങളും, കാമപരാക്രമങ്ങളും, മററും മററും എങ്ങനെ ഫലിച്ചു എന്നും പണിക്കർ സ്മരിച്ചു. വിശേഷിച്ചും, അവളുടെ ബന്ധുക്കളെ നിഗ്ഗതികളാക്കിവിട്ടതും അയാളുടെ സ്മൃതിപഥത്തിലെത്തി. വാസ്തവമായും, താൻ മനുഷ്യജീവച്ഛേദകൻ എന്ന പേരിന്നു് അർഹനായി തീർന്നിരിക്കുന്നു.

അവളുടെ എന്നല്ല, അക്കൂട്ടരിൽ ആരുടേയും മുഖം കാണ്മാൻ കഴികയില്ലെന്നുറച്ചു്, പണിക്കർ വീണ്ടും തന്റെ കണ്ണുകൾ പൊത്തി. ആ ഉപായം തീരെ പരിഹാസാർഹമായ ഭോഷത്തമാണല്ലോ എന്നു് അയാൾക്കു വീണ്ടും ബോധം വന്നു.

വിറച്ചും വിയത്തും വിവശമായ കൈകളെ ഇങ്ങനെ താഴ്ത്തിക്കൊണ്ടും, തങ്കം മുതലായവരുടെ മുഖങ്ങളെ തന്റെ മുമ്പിൽതന്നെ എപ്പോഴും കണ്ടുകൊണ്ടും, അയാൾ നാൾവഴിയെടുത്തു് തന്റെ ശക്തികെട്ട വിരലുകളുടെ സഹായത്താൽ മറിച്ചു മറിച്ചു്, നരകാധിപൻതിരുവടികളുടെ തിരുവടയാളമുള്ള അടുത്ത മറെറാരു ഭാഗത്തെത്തി.

അതാ അവിടെയുണ്ടു് അയാളുടെ പാപരഹസ്യഭണ്ഡാരത്തിന്റെ താക്കോൽ.

അടയാളമിട്ട ആ നാൾവഴിക്കുറിപ്പിന്റെ തജ്ജമ ഇപ്രകാരമാകുന്നു:

"തത്ത്വപരീക്ഷ വളരെ രസകരമായി കലാശിച്ചു. പ്രയോ

ഗങ്ങൾ എല്ലാം ഫലിച്ചു. ഇനിമേൽ ഇക്കൂട്ടത്തിൽ പാൎപ്പാൻ ആവശ്യമില്ല. ഞാനുമൊന്നായി പാൎപ്പാൻ ഇവക്കു യോഗ്യതയുമില്ല. ഇവക്കുണ്ടോ എന്റെ അഗാധമായ വേദാന്തജ്ഞാനം? നാളെ പുലർച്ച തുടങ്ങി ഞാൻ മുഴുവേദാന്തി. എയ്! ഈ വിഷയസമുദ്രത്തിൽ മുങ്ങിയും പൊങ്ങിയും കിടപ്പാൻ ഞാനാളല്ല."

ആവൂ! പണിക്കർ ഇത്രയേറെ പാപം ചെയ്തതിന്റെ ഉദ്ദേശം ഈ ഭാഗംകൊണ്ടു വെളിപ്പെട്ടു. വേദാന്തിയുടെ പദം ലഭിക്കേണ്ടതിന്നു തത്വജ്ഞാനപരീക്ഷ ചെയ്യാനായിരുന്നു അയാൾ അനേകം സാധുജീവിതങ്ങളെ നശിപ്പിച്ചതു്!!

നരകാധിപൻതിരുവടികൾ അടയാളമുദ്രവെച്ച സംഗതികൾ ഏതേതു പാപങ്ങൾക്കു് ഉദാഹരണമാണെന്നു റിമാൎക്കു് എഴുതികണ്ടിട്ടില്ലെങ്കിലും, അവയൊക്കെ ആത്മാവിനെ നരകത്തിൽ കടത്താതിരിപ്പാൻ ഹേതുക്കളായ പാപങ്ങളാണെന്നുള്ളടത്തോളം പണിക്കർ ഗ്രഹിച്ചു. അയാളും തന്റെ കഴിഞ്ഞുപോയ ചങ്ങാതിക്കൊപ്പം മനുഷ്യജീവച്ഛേദനം ചെയ്തിരിക്കുന്നു. തന്റെ ഭാവിഗതി എന്തായിരിക്കുമെന്നുള്ള ശങ്കയാൽ പ്രാണസങ്കടവും അനുഭവിച്ചിരിക്കുന്നു. ആ സങ്കടങ്ങളാലുള്ള വേദനയുടെ തീവ്രത ശമിക്കയും, തന്റെ പാപങ്ങളെക്കുറിച്ചു പൂൎണ്ണജ്ഞാനം ലഭിച്ചു മനസ്സു കുറെ ശാന്തമാകയും ചെയ്തിരിക്കുന്നു. ഈ നിലയിൽ അയാളുടെ അപ്പൊഴത്തെ അവസ്ഥയെ മുഴുവനും മനോധൈൎയ്യത്തോടെ പുനരീക്ഷണംചെയ്യാനും അയാൾക്കു സാധിച്ചിരിക്കുന്നു. കാൎയ്യകാരണനിയമത്തിന്റെ—(വിധിയുടെ അല്ല; എന്തെന്നാൽ അയാളുടെ വേദാന്തസിദ്ധാന്തത്തിൽ വിധിക്കുംഭാഗ്യത്തിനും പ്രവേശാവകാശമേ ഇല്ല; അയാൾ കാൎയ്യകാരണസിദ്ധാന്തത്തെയേ വിശ്വസിച്ചിട്ടുള്ളു; അയാളുടെ സംഗതിയിലോ, കാരണമാവട്ടെ, തന്റെ പാപങ്ങളും, കാൎയ്യമാവട്ടെ, തനിക്കു ലഭിക്കുന്ന ശിക്ഷകളും ആകുന്നുതാനും)—കാൎയ്യകാരണനിയമത്തിന്റെ തിരമാലകൾ തന്റെ തലയ്ക്കുമീതെ നിർദ്ദയമായി അലച്ചടിച്ചു മറിയുമ്പോൾ, താൻ ആ

അലയിൽ ഒഴുകുന്ന ഒരു പുല്ക്കൊടിയെയാണു ശരണമായി കടന്നു പിടിച്ചതെന്നും അയാൾ സമ്മതിക്കേണ്ടിവന്നിരിക്കുന്നു. താൻ മനുഷ്യജീവച്ഛേദകൻ എന്നുള്ള പേരിന്നു് അർഹനാവാൻ ഹേതുവായ സംഗതികളെ മറന്നിരുന്നു എന്നും അയാൾ സമ്മതിക്കേണ്ടിവന്നിരിക്കുന്നു. തൻെറ ഓർമ്മയെ മൂർച്ചപ്പെട്ടുത്തേണ്ടിവന്നതു് എന്തുകൊണ്ടാണെന്നും അയാൾ ഏററു പറയേണ്ടിവന്നിരിക്കുന്നു. എന്തെന്നാൽ: താൻ ഒരു സത്യാന്വേഷിയാണെന്നിരിക്കിലും സ്വാത്മമാത്രപരനാണെന്നും; എലിയുടെ പ്രാണവേദനയെ അറിയാത്ത പൂച്ചയെപ്പോലെ, താനും തൻെറ സമസൃഷ്ടങ്ങളുടെ വേദനകളെപ്പററി ചിന്തിക്കാത്തവനാണെന്നും സമ്മതിക്കാതെ കഴികയില്ല.

ഈ പാപങ്ങൾക്കു പിഴയായി താൻ എന്തെങ്കിലുമൊരു സൽകർമ്മം ചെയ്തിരിക്കുമോ എന്നു് അയാൾ അന്വേഷിപ്പാൻ തുടങ്ങി. എത്രതന്നെ നിരൂപിച്ചിട്ടും, സ്വാത്മത്യാഗത്തിനു ദൃഷ്ടാന്തമായ പ്രവൃത്തി **ഒന്നെങ്കിലും** താൻ ചെയ്തിട്ടുള്ളതായി അയാൾക്കു് ഓർമ്മവന്നില്ല.

അസാദ്ധ്യം! അസാദ്ധ്യം! ഇല്ലാത്തതിനെ ഓർമ്മിക്കുവാൻ കഴിയുമോ? താൻ പാപക്ഷാളനം ചെയ്തിട്ടേയില്ല. തൻെറ ചങ്ങാതിയുടെ ആത്മാവു നരകവാതിൽ കടന്നിരിക്കുന്നു; എന്നാൽ **തൻെറ** ആത്മാവിനോ, ഒരിക്കലും അവസാനിക്കാത്തതായ അസ്വസ്ഥതയെ അനുഭവിക്കയല്ലാതെ നീക്കുപോക്കില്ല. അയ്യോ! അവരുടെ അധിക്ഷേപങ്ങളായ ദൃഷ്ടികൾ എന്നേക്കും തൻെറ നേക്കുതന്നെ പതിക്കുമോ? തനിക്കു് ഇപ്പോൾതന്നെ അസഹ്യമായിത്തീർന്നിരിക്കുന്ന ശിക്ഷയുടെ കൂട്ടത്തിൽ അവരുടെ മുഖങ്ങൾ ഒരിക്കലും ഒഴിച്ചലില്ലാതെ തൻെറ കൺമുമ്പിൽതന്നെ, കണ്ടുകൊണ്ടിരിക്കുമോ? ഒരു വേള അതായിരിക്കാം എന്നേയ്ക്കുമുള്ള തൻെറ് കർമ്മഗതി. തനിക്കു പാപമോചനം ലഭിപ്പാൻ ആശ വെക്കേണ്ടതില്ലെന്നും വരാം.

തീവ്രഭയാവേശാവശനായി, പണിക്കർ വീണ്ടും സാഷ്ടാംഗം നമസ്കരിച്ചു്, സർവ്വശക്തനായ നരകാധിപൻതിരുവടികളോടു പ്രാർത്ഥിച്ചു.—തൻെറ ക്ലേശങ്ങളുടെ കാഠിന്യത്തെ കുറയ്ക്കേണമേ എന്നു പ്രാർത്ഥിച്ചു. ആ! എത്രമാത്രം ദൃഢഭക്തിയോടും വിഷാദത്തോടും കൂടിയായിരുന്നു പ്രാർത്ഥിച്ചതു്! തൻെറ കീറിപ്പിളൎന്ന നെഞ്ചിനുള്ളിൽ ജീവിതമാകുന്ന തീപ്പൊരി മിന്നിക്കൊണ്ടിരിക്കുന്ന ആ അവസരത്തിലെങ്കിലും, തൻെറ നാശോന്മുഖമായ ആത്മാവിനു മോക്ഷമാർഗ്ഗം കാട്ടിത്തരേണമേ എന്നായിരുന്നു, പണിക്കർ, പരമകാരുണികനായ ആ തിരുവടികളോടു കേണിരന്നതു്.

എന്നാൽ ആ അവസരത്തിലാവട്ടെ, മുമ്പത്തെപ്പോലെ മറുവടിയായി, അതിമാനുഷമായ ആ മധുരസ്വരം വീണ്ടും അയാളുടെ കാതുകളിൽ പതിച്ചില്ല. ദേവദൂതന്മാരുടെ വിലാപഗീതമെന്നവിധത്തിലുള്ള ആ മധുരവിഷാദസ്വരം വീണ്ടും അയാളുടെ ശ്രവണത്തെ ആവർജ്ജിച്ചില്ല. കണ്ണുകളെ മയക്കുന്നതായുള്ള ആ അത്ഭുതതേജോവിശേഷം, അയാളെ ക്ഷണനേരത്തേയ്ക്കു് അന്ധനാക്കുമാറു്, ആ അന്ധകാരനിബിഡമായ ആശ്രമത്തിനുള്ളിൽ വീണ്ടും കടന്നതുമില്ല. ആ ആശ്രമത്തിലെ വായു, വീണ്ടും ചേതോഹരമായ സൗരഭ്യത്താൽ വിശിഷ്ടമാവുകയോ കവോഷ്ണവും ഉല്ലാസജനകവും ആവുകയോ ചെയ്തതുമില്ല. പക്ഷികൾ ചിറകടിച്ചു പറക്കുന്ന മാതിരി, മന്ദമായി വായുവിൽ പരക്കുന്നതായുള്ള ആ ശബ്ദവും വീണ്ടും അയാൾ ശ്രവിച്ചില്ല; വായുവിൻെറ അവകചലനത്താൽ അയാളുടെ തലയിലെ രോമങ്ങൾ വീണ്ടും എഴുന്നതുമില്ല.

ഇല്ലതന്നെ. സകലം നിശ്ശബ്ദം. സകലം നിശ്ചലം.—മറുവടിയുമില്ല. അടയാളവുമില്ല.

സർവ്വശക്തനായ നരകാധിപൻതിരുവടികൾ എല്ലാ രഹസ്യങ്ങളേയും തനിക്കു തുറന്നുകാട്ടിത്തന്നിരിക്കുന്നു എന്നും, ഉന്മഥിതമായ തൻെറ മനസ്സിനു രക്ഷാമാർഗ്ഗം ഒന്നുമില്ലെന്നാണു തിരുവടിക

ളുടെ മൗനംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നതെന്നും വിചാരിച്ചു പണിക്കരുടെ ഉയിരും ഉടലും വിറച്ചു.

**അപ്പൊഴും** ഉണ്ടു്, നെടുനീളത്തിൽ നിലത്തു വീണുകിടക്കുന്ന അയാളുടെ നേരെ നോക്കിക്കൊണ്ടു്, തങ്കംമുതലായവരുടെ അധിക്ഷേപകരങ്ങളായ ദൃഷ്ടികൾ!

ആഞ്ഞടിക്കുന്ന കാററിൽ ഉലയുന്ന പുല്ക്കൊടിയെപ്പോലെ, തന്നെയും, അടിതൊട്ടു മുടിവരെ വിറപ്പിച്ച പരിപീഡകമായ ഒരു ഞെട്ടലോടുകൂടി, പണിക്കർ, തൊഴുകൈയായി, അവരോടു്, വിശേഷിച്ചും 'അവളോടു്,' തൻെറ മോചനത്തിന്നുവേണ്ടി നരകാധിപൻതിരുവടികളുടെ അടുക്കൽ ശിപാർശ ചെയ്യേണമേ എന്നു യാചിച്ചു. എന്നിട്ടും, തൻെറ ചുണ്ടിങ്കീഴിൽ പറഞ്ഞ പ്രാൎത്ഥനകളുടെ ശബ്ദമല്ലാതെ, ഒരു ശബ്ദവും കേട്ടില്ല.

ഹൊ! ഭയങ്കരത്തിലും ഭയങ്കരം! തനിക്കു് ഇനി ഒരു നിമിഷനേരംകൂടിയും ആ സങ്കടാവസ്ഥയെ സഹിപ്പാൻ സാദ്ധ്യമല്ല. ദീപ്യത്തായി ദിവ്യമായിരിക്കുന്ന ആ ശാശ്വതനഗരത്തിൽ പ്രവേശം തനിക്കു നഷ്ടമായിരിക്കുന്നു എന്നും, അപാരമായ അസ്വാസ്ഥ്യലാഭം—ലാഭമോ! ഹ! ആ വാക്കിൻെറ നികൃഷ്ടമായ സ്തുതിനിന്ദയെപ്പററി എന്താ പറക?—അസ്വാസ്ഥ്യലാഭമാണു തനിക്കു സിദ്ധിപ്പാൻ പോവുന്നതെന്നുമുള്ള സങ്കടത്തെ എങ്ങനെ സഹിക്കും? എന്നാലും, അയാൾക്കു സ്വപ്രാണത്യാഗം ചെയ്വാൻ—'മരണഉറക്കം' ഉറങ്ങുവാൻ—ധൈൎയ്യമുണ്ടായില്ല; എന്തുകൊണ്ടെന്നാൽ: അമൎത്ത്യനിലയിൽ ഉണൎച്ച ഉണ്ടാവുമ്പോൾ ശാശ്വതദുഃഖവും അനുഭവമാകുമല്ലൊ. ആ!! സൎവ്വശക്തനായ നരകാധിപൻതിരുവടികൾ അയാളെ അജ്ഞതയിൽ തന്നെ വിട്ടിരുന്നാൽ, അയാൾക്കു് ഇഹത്തിലുള്ള ഈ പീഡ അനുഭവിക്കാതെ കഴിക്കാമായിരുന്നു! "ആ—ാ—ാ—ാ! പരിഷ്കൃതമായ ഈ ക്രൗൎയ്യം കേവലം പൈശാചികംതന്നെ!"—എന്നു പ്രാണവേദനയോടുകൂടി അയാൾ വാവിട്ടു നിലവിളിച്ചുപോയി.

പിന്നെ, നൈരാശ്യത്താൽ വിധിയെ ശപിച്ചു; തറയിൽ തലയിട്ടടിച്ചു; മുടി പറിച്ചു ചീന്തി; താടിമീശ വലിച്ചു പിഴുതു; ഭയാധിക്യത്താൽ ഇടയ്ക്കിട മുറവിളി കൂട്ടി; ഒടുവിൽ, ക്ഷീണനായി, ദീനനായി, മോഹാലസ്യത്തിൽ പതിച്ചു.

*　　　*　　　*

പണിക്കരുടെ തല തണുത്താറെ, അയാൾ, എണീററു തൻെറ നാൾവഴികിടക്കുന്നേടത്തു ചെന്നിരുന്നു. അയാളുടെ ഉള്ളിൽ ആശ വീണ്ടും ഉദിച്ചുതുടങ്ങി. നരകാധിപൻെറ അടയാളമുദ്ര വെച്ച ഭാഗം മറെറാന്നെങ്കിലും ഉണ്ടായിരിക്കയില്ലെ? താൻ പ്രായശ്ചിത്തം ചെയ്തു പാപമോചനം ലഭിച്ചിരിക്കയില്ലെ? തൻെറ കഴിഞ്ഞ ജീവിതത്തിൽ ഒരിക്കൽപോലും ഏതാനുമൊരു സൽകർമ്മം ചെയ്തിട്ടുള്ളതായി തനിക്കു് ഓർമ്മ തോന്നുന്നില്ലെങ്കിലുംകൂടി, താൻ തൻെറ ആത്മാവിനു സൽഗതി നേടീട്ടുണ്ടെന്നു വരാം.

ഉൽകണ്ഠയോടും സംഭ്രാന്തിയോടുംകൂടി, അയാൾ, നാൾവഴിയുടെ ശേഷംഭാഗങ്ങൾ ഒന്നൊന്നായി മറിച്ചു് അവസാനത്തോളം നോക്കി; തെരഞ്ഞ വസ്തു അതിനുള്ളിൽ കണ്ടതുമില്ല.

എന്നാലത്ഭുതം! അയാൾ നാൾവഴിയുടെ ഒടുവിലത്തെ പുറത്താൾ തീരെ അശ്രദ്ധനായി മറിച്ചതും, അവിടെ, ഒത്ത നടുവിൽ, കോണോടുകോണായി, 'അപവാദകൻ,' 'കപടപടു,' 'പരസ്വാപഹാരി,' 'കൈക്കൂലിഗ്രാഹകൻ,' 'വേശ്യാസേവി,' 'കളത്രവിക്രേതാ,' 'മനുഷ്യജീവച്ഛേദകൻ'—എന്നീ റിമാർക്കുകൾ, ശ്വാമിപ്പിള്ളരുടെ നാൾവഴിയിൽ കണ്ടു പരിചയപ്പെട്ടിട്ടുള്ള അ മറെറ കൈപ്പടയിൽ എഴുതിയിരിക്കുന്നതായി പെട്ടെന്നു കണ്ടതും ഒപ്പം കഴിഞ്ഞു; അയാളുടെ സന്ദേഹങ്ങൾ അസ്തമിക്കയും ചെയ്തു.

# നാലാം ഭാഗം

# 1

## പണിക്കരുടെ പരസ്യം

അ രാത്രിയിൽ പണിക്കർ ഉറങ്ങിയതേയില്ല. നാൽവഴി വായിച്ചതിൻെറ ശേഷം ഉറങ്ങാൻ ഏറെനേരം ഉണ്ടായിരുന്നില്ല. ഉറങ്ങാനായി കിടന്നിരുന്ന സമയമൊക്കെയും, അയാൾ പ്രതീക്ഷിച്ച പീഡകൾ—ഒരിക്കലും അറുതി വരാത്ത അസ്വാസ്ഥ്യത്തിൽ കിടക്കുന്നതിനെ സംബന്ധിച്ചുള്ള പീഡകൾ—അയാളെ ദയാലേശം കൂടാതെ കീഴ്മേൽ ഇട്ടാട്ടിക്കൊണ്ടിരുന്നു. ആശയും ഭയവും അയാളുടെ മനസ്സിനെ അപ്പോഴും ചക്രം ചുററിച്ചു. രാത്രി മുഴുവനും ഭയമായിരുന്നു. പുലർച്ചയായപ്പോൾ ആശയായി.

ജീവനുള്ള കാലത്തോളം ആശയ്ക്കും അവകാശമുണ്ട് എന്നായിരുന്നു പണിക്കരുടെ വിചാരം. തനിക്കു നരകപ്രവേശത്തിനുള്ള അവകാശത്തെ തടഞ്ഞിരിക്കുന്ന പാപങ്ങളെ കഴുകിക്കളയാതെ മരിക്കുന്നതായാൽ, തൻെറ ഗതി അടഞ്ഞുപോകുമല്ലോ. ആകയാൽ തൻെറ ആ ദുരിതജീവിതത്തെ എങ്ങനെയെങ്കിലും നീട്ടിക്കൊണ്ടുപോകയും, നരകപ്രവേശനിരോധകല്പനയെ ഒഴിച്ചുനിർത്തുവാൻ കഴിയുന്നതായ പ്രായശ്ചിത്തകർമ്മം ചെയ്കയും അത്യാവശ്യമാകുന്നു എന്നു പണിക്കർ നിശ്ചയിച്ചു.

ഇങ്ങനെ നിശ്ചയിച്ച്, പണിക്കർ എണീററു. മുഖം കഴുകി, പ്രാതലും കഴിച്ച്, ആശ്രമംവിട്ടു പുറപ്പെട്ടു. ദുരിതവീഥി കടന്നു നടന്നു. പുഷ്പവീഥിയിലെത്തി. അവിടെ 'രാവും പകലും നക്ഷത്രം കാണ്മാൻ' തക്കവിധത്തിൽ മേൽപുര ദ്രവിച്ചുവീണിട്ടുള്ള ഒരു കൂരയ്ക്കുള്ളിൽ, ഒരു പൊളിഞ്ഞ പെട്ടിയുടെ മുമ്പിൽ, പായും തലയണയും ചുരുട്ടിവെച്ചു കസാലയാക്കി, ഇരിക്കുന്ന ഒരു 'വിദ്വാനെ' കണ്ടു. 'അദ്ദേഹം' ഒരു പ്രതിദിനവർത്തമാനപത്രത്തിൻെറ ഉടമസ്ഥ

നം, മാനേജരും, അധിപരും, റിപ്പോർട്ടരും, അച്ചടിക്കാരനും, പ്ര സിദ്ധീകൎത്താവും, പത്രച്ചെക്കനും എല്ലാം ഒന്നായി കൂട്ടികെട്ടി 'ച മയ്ക്കപ്പെട്ട' ഒരു 'പൊതുജനപ്രതിനിധി' ആയിരുന്നു. അദ്ദേഹത്തി ൻെറ 'ദുർവാസിനീ'പത്രത്തിൽ പണിക്കരുടെ വകയായി ഒരു പ രസ്യം പ്രസിദ്ധപ്പെടുത്തുവാൻ തമ്മിൽ കരാർ ചെയ്കയും, അദ്ദേ ഹത്തെക്കൊണ്ടുതന്നെ പരസ്യം എഴുതിക്കയും ചെയ്താറെ, പണി ക്കർ അദ്ദേഹത്തിന്നു് ഒരു വെള്ളി കൂലിയും കൊടുത്തു മടങ്ങി.

"ആക്കുട്ടർ ജീവിച്ചിരിപ്പുണ്ടെങ്കിൽ—ജീവിച്ചിരിപ്പുണ്ടെങ്കിൽ മാത്രം...."—എന്നു പിറുപിറുത്തുകൊണ്ടായിരുന്നു പണിക്കർ ത ൻെറ ആശ്രമത്തിലേയ്ക്കു നടന്നതു്. "ആക്കുട്ടർ ജീവിച്ചിരിപ്പുണ്ടെ ങ്കിലോ, എൻെറ അടുക്കൽ വന്നാൽ നിശ്ചയമായും ഞാൻ അവ ൎക്കു നഷ്ടപരിഹാരം ചെയ്തു മോചനം ലഭിക്കും."

ആ! 'എങ്കിൽ'—ഭയങ്കരപദം! അതു് അയാളെ ഭയത്താൽ ചഞ്ചലിപ്പിക്കയും, ആശയാൽ ഉന്മേഷിപ്പിക്കയും ചെയ്തു. ഈ ക്ഷ ണത്തിൽ, അയാളുടെ പാദങ്ങൾ തളൎന്നു നട മന്ദിക്കും; അടുത്ത ക്ഷ ണത്തിൽ, കാലുകളിൽ ഓജസ്സും, കണ്ണുകളിൽ തേജസ്സും പരക്കും; വീണ്ടും ആശ മറയും, ഭയം നിറയും—ഇങ്ങനെയായിരുന്നു അയാളു ടെ അവസ്ഥ.

അയാൾ വഴിയരികിലുള്ള പീടികകളിൽ യദൃച്ഛയാ നോ ക്കി, അവയിലൊക്കെ 'അവരുടെ,' വിശേഷിച്ചും 'അവളുടെ' അ ധിക്ഷേപകരങ്ങളായ ദൃഷ്ടികൾ തൻെറ നേൎക്കു് പതിച്ചുകൊണ്ടി രിക്കുന്നതായി കണ്ടു. അയാൾ മുഖം തിരിച്ചു്, മേല്പെട്ടു നോക്കി; അവിടെയുമുണ്ടു് ആ ദൃഷ്ടികൾ. മുഖം കുനിച്ചു നിലത്തുനോക്കി; അവിടെയും ആ ദൃഷ്ടികൾ തന്നെ തുറിച്ചുനോക്കിക്കൊണ്ടിരിക്കു ന്നു. അയാൾ അടുത്തുള്ള ഒരു വിളക്കുമരം പൊത്തിപ്പിടിച്ചു് കണ്ണു മടച്ചു് അനങ്ങാതെ നിന്നു. എന്നിട്ടും ആ ദൃഷ്ടികൾ തൻെറ മു മ്പിൽനിന്നു മറയുന്നില്ല. എവിടെ നോക്കട്ടെ, എന്തുതന്നെ ചെയ്യു ട്ടെ, അയാൾക്കു തൻെറ വിചാരശക്തിയെ പിടിച്ചുനിൎത്താൻ

കഴിയാത്തതിന്മണ്ണംതന്നെ, തന്റെ മനസ്സിന്റെ ജനാലകളെ അടയ്ക്കുവാനും കഴിഞ്ഞില്ല. ആ ദൃഷ്ടികൾ അയാളെ ചുററിപ്പററിക്കൂടിയിരുന്നു.

പക്ഷെ, അയാൾക്കു തന്റെ ആത്മാവിനെ രക്ഷപ്പെടുത്തുവാൻ കഴിയുമായിരിക്കാം. ആ! **പക്ഷേ**! ആ കൂട്ടർ അയാളെ വന്നു കണ്ടാലും കൂടി, പ്രായശ്ചിത്തം ചെയ്യാൻ അയാൾക്കു് **അസാദ്ധ്യം** എന്നും വരാം. താൻ നിമിത്തം ദുരിതത്തിലും കഷ്ടത്തിലും അണ്ടുപോയിട്ടുള്ള ആ ആളുകളെ ഉത്തമനിലയിൽ ആക്കുവാൻ തന്റെ ശക്തികൊണ്ടു് സാദ്ധ്യമായില്ലെങ്കിലോ?—ഹൌ! ആ വിചാരം എത്രയോ ഭയങ്കരം! അയാളുടെ തല കറങ്ങി; തലച്ചോർ വെന്തുരുകി.

ആരോ ഒരാൾ അയാളുടെ കൈയ്ക്കു കടന്നുപിടിച്ചു. പണിക്കർ ഞെട്ടി മിഴിച്ചു. അയാളുടെ മുമ്പിൽ നിന്നിരുന്നതു് ഒരു പോലീസ്ശിപായി ആയിരുന്നു. ആ ശിപായി ആവട്ടെ, ആ വൃദ്ധവേദാന്തിയോടു വളരെ സൗമ്യമായിട്ടാണു സംസാരിച്ചതു്. അയാൾ മദ്യം സേവിച്ചു തല കറങ്ങി നില്ക്കുയായിരുന്നില്ലെന്നു് ആ ശിപായി മനസ്സിലാക്കിയിരുന്നു. ദീനപ്രകൃതികൊണ്ടുള്ള എന്തോ തളർച്ചയായിരിക്കാം എന്നും ശിപായി ഊഹിച്ചു. എന്തെന്നാൽ: ശങ്കുപ്പണിക്കർ വെറും 'എല്ലും തൊലിയും' ആയിരുന്നു.

"കാരണോരേ, ഒരു തുള്ളി മരുന്നു കഴിക്കണം, ഇല്ലേ? കയ്യിൽ കാശു വല്ലതുമുണ്ടോ?"—എന്നു് ആ ശിപായി ചോദിച്ചു.

അതിന്നുത്തരമായി, ആ വേദാന്തി, പകുതി കണ്മിഴിച്ചു് ശിപായിയുടെ മുഖത്തുനോക്കി; തന്റെ മടിക്കുത്തിൽ കൈ വെച്ചു് ഒരു പൊതിയെടുത്തു തുറന്നു കാട്ടി. അതിനുള്ളിൽ രണ്ടുമൂന്നു വെള്ളി തിളങ്ങി. .

ഭാഗ്യവശാൽ സമീപത്തുതന്നെ ഒരു മരുന്നുപീടിക ഉണ്ടായിരുന്നു. ആ ശിപായി, വേദാന്തിയെ കൈയ്ക്കു പിടിച്ചു മെല്ലെ നട

ത്തി, പീടികയുടെ ഉമ്മറപ്പടി കടത്തിവിട്ടു. വേദാന്തിയാവട്ടെ, അതിനകത്തു് ഒരററത്തായി മറവെച്ചു തിരിച്ചിരിക്കുന്ന മുറിയിലേയ്ക്കു നടന്നുചെന്നു്, ഒരു 'മേശ'യ്ക്കു വേണ്ടുന്നെടത്തോളം 'ഗ്ലാസ്'' നിറയെ കൊണ്ടുവരാൻ ആവശ്യപ്പെട്ടുകയും, കുറെ കഴിഞ്ഞു് 'സന്തോഷിച്ചും'കൊണ്ടു് മടങ്ങുകയും ചെയ്തു.

ആ സമയമത്രയും, ശിപായി പുറമെ നിന്നിരുന്നു. ആ വൃദ്ധൻ ഉന്മേഷത്തോടെ തിരികെ വന്നുചേർന്നപ്പോൾ, അയാൾ, "കാർന്നോരേ, ഞാനായിരുന്നാൽ, ഇനി വണ്ടിയിൽ കയറിയേ വീട്ടിലേയ്ക്കു പോവൂ"—എന്നു് ഉപദേശരൂപത്തിൽ പറഞ്ഞു. "അങ്ങനെതന്നെ" എന്നുള്ള വേദാന്തിയുടെ മറുവടി കേൾക്കുമ്പോഴേയ്ക്കും, അയാൾ അകലെ നിന്നിരുന്ന ഒരു കുതിരവണ്ടിക്കാരനെ മാടിവിളിച്ചു വരുത്തി.

ആ വേദാന്തി, വണ്ടിക്കകത്തു് കാലെടുത്തു ചവിട്ടാൻ ഭാവിച്ചതും, പെട്ടെന്നു് ഒന്നു ഞെട്ടി പിൻവാങ്ങിയതും ഒപ്പം കഴിഞ്ഞു. 'അവരുടെ,' പ്രത്യേകിച്ചും 'അവളുടെ' ആ ദൃഷ്ടികൾ അതിനുള്ളിലും കണ്ടതായി അയാൾക്കു തോന്നി. മനോഭാവമാത്രമായ ആ ഭയത്തെ ഒരുവിധം പണിപ്പെട്ടു് അടക്കിയുംകൊണ്ടു്, അയാൾ കാൽപൊന്തിച്ചു വണ്ടിക്കകത്തു ചവിട്ടുകയും, ആ ശിപായിയുടെ പിൻതാങ്ങലാൽ ദേഹം മുഴുവൻ വണ്ടിക്കുള്ളിലാക്കി ഒരു മൂലയിൽ ചാരിയിരിക്കയും ചെയ്തു.

"ദുരിതവീഥി—പറയുമ്പോൾ നിർത്തു്"—എന്നു വണ്ടിക്കാരന്നു് ആജ്ഞയും നൽകി, പണിക്കർ യാത്രയായി.

അയാൾ പറഞ്ഞതിനൊത്തു്, വണ്ടിക്കാരൻ ശബരാശ്രമത്തിൻെറ മുമ്പുറത്തു വണ്ടി നിർത്തിയപ്പോൾ, അയല്പക്കാരിയായ കുപ്പച്ചിനക്കല്ല്യാരി അവിടെ പടിക്കൽ നില്ക്കുന്നുണ്ടായിരുന്നു. കുതിരവണ്ടിയിൽ കയറി വന്നിരിക്കുന്ന ആൾ ആരാണെന്നറിവാനായി, അവൾ തൻെറ അളിഞ്ഞു പുളിഞ്ഞ കൺപോളകളെ പകുതി പൊളിച്ചു സൂക്ഷ്മമായി നോക്കി, ഒന്നു വല്ലാതെ അത്ഭുതപ്പെ

ട്ടു. ലുബ്ധശിരോമണിയെന്നു താൻ അതേവരെ ഗണിച്ചിരുന്ന ആ വേദാന്തി ശങ്കപ്പണിക്കരോ അങ്ങനെയൊരു സുഖാനുഭവത്തിന്നു കോപ്പിട്ടതു്, എന്നായിരുന്നു അവളുടെ അത്ഭുതം.

"എൻെറ പപ്പനാവസ്സാമീ! ഇതെന്തൊരു പൂരായമാണപ്പോ!—കുതിരവണ്ടീൽ കേറി ശ്ശവാരിചെയ്യ്ണതിനും മുമ്പുതന്നെ ഈ കെഴട്ടുക്കള്ളനു നരകത്തിൽചെന്നു ചാടിക്കൂടായിരുന്നോ?"—എന്നായിരുന്നു, അവൾ, പണിക്കർ വണ്ടിയിറങ്ങി കൂലികൊടുത്തു നില്ക്കവേ, പിറുപിറാ പറഞ്ഞതു്.

തൻെറ വാക്കുകൾ എത്രയോ പരമാർത്ഥമായിരുന്നു എന്നു്, ആ സന്ദർഭത്തിലും, അവൾ അറിഞ്ഞില്ല.

അടുത്ത ക്ഷണത്തിൽ, അവൾ ആ വേദാന്തിയെ കൈക്കുപിടിച്ചു് ആശ്രമപ്പടി കയററുകയായിരുന്നു. പണിക്കരുടെ പാരവശ്യം കണ്ടപ്പോൾ, ആ അസ്ഥിക്കൂട്ടു് നിരത്തിൽതന്നെ വീണുപോവുമോ എന്നു് അവൾ ശങ്കിച്ചതിനാലാണു് ആ സമയം താങ്ങായി ചെല്ലുവാൻ തുനിഞ്ഞതു്.

സായങ്കാലമായപ്പോൾ, പണിക്കർ ആശ്രമം വിട്ടു പുറപ്പെട്ടു; ഒരു വിധത്തിൽ മെല്ലെ നടന്നു് പുഷ്പവീഥിയിൽ ചെന്നു് 'ദ്ദ്വാസിനീ' പത്രത്തിൻെറ അന്നത്തെ ലക്കം ഒന്നു മേടിച്ചു നോക്കി. അവ്വ! അതിലുണ്ടു് തൻെറ പരസ്യം. അയാൾ ഇങ്ങനെ വായിച്ചു:

"ശങ്കപ്പണിക്കർ

"എന്ന നാമധേയം കൊണ്ടു ധർമ്മക്ഷേത്രനിവാസികളായ മാനവസമുദായത്തിൽ പ്രഖ്യാതനായിരുന്നിട്ടുള്ള അൾനിമിത്തം കഷ്ടനഷ്ടങ്ങളിൽ പെട്ടുപോയിട്ടുള്ള സകലമാനപേരെയും തെരിയപ്പെടുത്തുന്നതെന്തെന്നാൽ:

"മേല്പടി കഷ്ടനഷ്ടങ്ങളിൽ പെട്ടുപോയിട്ടുള്ള

വക്ക് മേല്പടി ശങ്കുപ്പണിക്കർനിമിത്തം സംഭവിച്ചിട്ടുള്ള സകല കഷ്ടനഷ്ടങ്ങൾക്കും പരിഹാരം ചെയ്യാൻ ആത്മാർത്ഥമായി ഒരുങ്ങിയിരിക്കുന്നതിനാൽ, അങ്ങനെയുള്ള കഷ്ടനഷ്ടപരിഹാരങ്ങളെ സ്വീകരിപ്പാനായി അവർ 'ദുർവ്വാസിനീ'പത്രത്തിന്റെ അധിപർമുഖേന താഴെ പറയുന്ന ആളോടു് **ഉടൻ** ആവശ്യപ്പെടേണ്ടതാകുന്നു.

എന്നു്, ശബരാശ്രമം ശങ്കരാനന്ദൻ."

അന്നു രാത്രിയിൽ ആശ ഉച്ചാവസ്ഥയിലായിരുന്നു. തന്റെ പരസ്യത്തിന്നു് അനുകൂലമായ മറുവടി കാണ്മാനുള്ള ബദ്ധപ്പാടിനാൽ, ആ വേദാന്തിക്കു് അന്നു രാത്രിയിലും ഉറക്കം വന്നില്ല.

പണിക്കർ പിറേറന്നു പുലർച്ചയ്ക്കു് എണീററു പുറപ്പെട്ടു. ധർമ്മപുരിയുടെ പലേ വീഥികളിലും അലഞ്ഞുതിരിഞ്ഞു്, ഒടുവിൽ, പുഷ്പവീഥിയിൽ 'ദുർവ്വാസിനീ'പത്രാധിപരുടെ അടുക്കൽ ചെന്നു. ആ 'ഗംഭീരപൂരുഷൻ' ആ സമയം തനിക്കു വന്ന തപ്പാൽ ഉരുപ്പടികൾ പൊളിച്ചു നോക്കുകയായിരുന്നു. എല്ലാം നോക്കിയശേഷം, വേദാന്തിയുടെ പരസ്യത്തിന്നു മറുവടി യാതൊന്നും കിട്ടീട്ടില്ലെന്നു പറഞ്ഞതു കേട്ടു്, ആ വേദാന്തി അവിടെ നിന്നിറങ്ങി കുണ്ഠിതമാനസനായി നടന്നുതുടങ്ങി. തമസാനദീതീരത്തിൽ തനിക്കു പ്രിയപ്പെട്ട ആസനത്തിൽ ചെന്നിരിക്കുംവരെ, അയാൾ ഉഴന്നുകൊണ്ടുതന്നെയിരുന്നു.

അയാൾ ആകാശത്തിലേയ്ക്കു നോക്കി. ആ! അവിടെയുണ്ടു്, ശുദ്ധ വെള്ളനിറത്തിലുള്ള കേസരാഭ്രങ്ങളുടെയിടയിൽ 'അവരുടെ'—വിശേഷിച്ചും 'അവളുടെ' ദൃഷ്ടികൾ തന്നെ നോക്കിക്കൊണ്ടിരിക്കുന്നു.

പണിക്കർ ഉറങ്ങിപ്പോയിരുന്നുവോ? കുറെ ഒന്നു മയങ്ങി, സംശയമില്ല. അതല്ലെങ്കിൽ, ആ ദീനസ്വരം **അയാൾ** കേൾക്കുമായിരുന്നില്ലേ?

ആളുകളുടെ മത്സരാരവങ്ങൾ, അനേകം കാലൊച്ചകൾ— ഇവ അയാളെ തട്ടിയുണർത്തി. കണ്ണടഞ്ഞു മുന്നോട്ടു തൂങ്ങിക്കൊണ്ടിരുന്ന അയാളുടെ തല ഒന്നു ഞെട്ടിനീർത്തു കണ്ണു തുറന്നു. തന്റെ മുമ്പിലുണ്ട് ഒരാൾക്കൂട്ടം. ഒരു ഞൊടിക്കിടയിൽ അക്കൂട്ടർ അവിടെ എങ്ങനെ എത്തി? വലിയ നഗരങ്ങളിൽ സാധാരണമായി വിശേഷസംഭവങ്ങൾ കാണ്മാൻ കൂടുന്ന ജനസംഘത്തെപ്പോലെ ഒരു കൂട്ടമായിരുന്നു അയാൾ കണ്ടതു്. അവർ പുഴയുടെ വക്കത്തും, പാലത്തിന്നരികിലും, കൂട്ടംകൂടി എന്തോ കൗതുകബഹളം കൂട്ടുന്നുണ്ടായിരുന്നു.

'അതാ! പിടിച്ചു!'—'ഇല്ല! അവൾ പിടിവിടുന്നു'—'അയ്യൊ! രണ്ടാളും താണു.'—'ഹൊ! രണ്ടും മുങ്ങിച്ചാവും, കഷ്ടം!'— ഇങ്ങനെ ഓരോരുത്തർ വല്ലാതെ ഇളകി വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

ബഹളം കേട്ടു്, പണിക്കർ ചാടി എണീററു. അതെന്തെന്നറിവാനുള്ള ഉൽകണ്ഠയാൽ, അയാൾ ആൾക്കൂട്ടത്തിൽ തിക്കിത്തെരക്കി കടന്നു് പുഴയിലിറങ്ങാനുള്ള കല്പടവുകളുടെ തലയ്ക്കൽ തളത്തിൽ എത്തി. അപ്പോഴേയ്ക്കും, ഒരു നാലഞ്ചാറാൾ പടികയറി തന്റെ നേക്കു തള്ളിവന്നു. അവരുടെയിടയിൽ, നാലാൾ കൈത്താങ്ങായി എടുത്തു കൊണ്ടുവന്ന എന്തോ ഒരു 'സാധന'വും ഉണ്ടായിരുന്നു.

'അവൾ മനഃപൂർവ്വം ചെയ്തതാണ്. സംശയമുണ്ടോ? ഞാൻ കണ്ടതല്ലെ അവൾ ചാടുന്നതു്? ചാടിച്ചാവാൻതന്നെയാണ ഒരുങ്ങി വന്നതു്'—എന്നൊരുവൻ ആൾക്കൂട്ടത്തിനുള്ളിൽനിന്നു വിളിച്ചു പറഞ്ഞു.

പണിക്കർക്കു് ആ 'സാധന'ത്തെ നല്ലവണ്ണം കാണ്മാൻ തരമായിരുന്നു. അയാൾ കല്പടവുകളുടെ തലയ്ക്കൽ മുന്നണിയിലായിരുന്നു നിന്നിരുന്നതു്. അക്കൂട്ടരിലൊരുവൻ നന്നെ നനഞ്ഞവൻ; അവർ 'സാധന'ത്തെയും എടുത്തു മുന്നോട്ടു നടന്നപ്പോൾ അവരുടെ പുറ

ത്തുനിന്നു് കുറെ വെള്ളം പണിക്കരുടെ കാലിൽ ഇററുവീണു. അയാൾ ആ സമയം 'സാധന'ത്തെ അടുത്തുകണ്ടു. അതൊരു സ്ത്രീ—ആവിയും അനക്കവും ഇല്ല; വസ്ത്രങ്ങൾ നനഞ്ഞു ദേഹത്തോടു പററിത്തുങ്ങുന്നു; കണ്ണുകൾ തുറിച്ചിരിക്കുന്നു; കേശപാശം അഴിഞ്ഞു വെള്ളം ഒലിക്കുന്നു; മുഖം വിളത്തും, ചുണ്ടുകൾ വിടൎന്നു നീലിച്ചുമിരിക്കുന്നു.

'അവൾ മുങ്ങിച്ചത്തിരിക്കുമോ? പുനൎജ്ജീവിപ്പിപ്പാൻ കഴികയില്ലയോ?'—എന്നു് ആ വേദാന്തി സ്വന്തം അന്തരംഗത്തിൽ വെച്ചു ചോദ്യങ്ങൾ തുടങ്ങി. 'ചത്തുപോയിട്ടുണ്ടെങ്കിൽ, സ്വൎഗ്ഗമോ, നരകമോ, അവളെ കൈക്കൊൾകയില്ലയൊ? ആ അബലയുടെ ആത്മാവിന്നു് അററമില്ലാത്ത കാലമത്രയും അസ്വാസ്ഥ്യതയായിരിക്കുമോ വിധിച്ചിട്ടുള്ളതു്?'

പണിക്കർ മുന്നോട്ടു് ഒന്നു കുനിഞ്ഞു നോക്കി. അവളുടെ തൂങ്ങിക്കിടക്കുന്ന കൈകളെ സ്പർശിച്ചു; അതുകൾ തണുത്തു വിറങ്ങലിച്ചിരിക്കുന്നു.

അയാൾ ഒന്നു ഞെട്ടി പിന്നാക്കം മാറി. ആ സ്ത്രീയുടെ മുഖം താൻ മുമ്പു് എപ്പൊഴോ ഒരിക്കൽ കണ്ടിട്ടുണ്ടെന്നുള്ള ഓൎമ്മ വന്നു. 'അവളുടെ'—'തങ്ക'ത്തിൻെറ—മുഖംപോലെയല്ലെ, എന്നും അയാൾ ശങ്കിച്ചു.

അയാളുടെ ഹൃദയം വല്ലാതെ അടിപ്പാൻ തുടങ്ങി; ഭയംകൊണ്ടു വിറച്ചും തുടങ്ങി. അയാൾ വീണ്ടും ആ 'സാധന'ത്തിൻെറ മുഖഭാവങ്ങളെ സൂക്ഷ്മമായി നോക്കി. 'അവളുടെ'—ആണോ? ആയിരിക്കുമോ?

അപ്പൊഴേയ്ക്കും ആ 'സാധന'ത്തെ അവർ നിലത്തു കൽത്തളത്തിൽ കിടത്തി. ഒരു പോലീസ് കാൺസ്റ്റബിൾ വന്നു്, അവളുടെ കൈകളെ തലയ്ക്കുമീതെ പിടിച്ചു പൊന്തിച്ചു പിന്നെ വാരിയെല്ലിനോടു ചേൎത്തു മടക്കി, കുറെനേരം താഴ്ത്തുകയും പിന്നെയും ഉയൎത്തുകയും ചെയ്തു. ഇങ്ങനെ പലകുറി ആവൎത്തിച്ചിട്ടും, ശ്വാ

സോച്ഛ്വാസം ഉണ്ടായിക്കണ്ടില്ല. സംഗതിവശാൽ ആ കൂട്ടത്തിൽ നിന്നിരുന്ന ഒരു വൈദ്യൻ കടന്നുവന്നു നാഡീസ്പന്ദം നോക്കി; ജീവനില്ലെന്നു് അഭിപ്രായപ്പെടുകയും ചെയ്തു.

പണിക്കരുടെ ഉള്ളു കിടുകിടനെ വിറച്ചു. ആ 'സാധനം'—നിശ്ചയമായും—'അവളുടെ'—'തങ്ക'ത്തിൻെറ അമ്മയാണു്—'തങ്ക'ത്തിൻെറ മുഖച്ഛായ—'തങ്ക'ത്തിൻെറ സംഗതിയെപ്പററി പണ്ടൊരിക്കൽ—തന്നോടു നെഞ്ഞുറഞ്ഞു കരഞ്ഞു പറഞ്ഞ ആ സാധുസ്ത്രീ—നിർഗ്ഗതിയായിത്തീന്ന അവളുടെ കഷ്ടനഷ്ടങ്ങൾക്കു മതിയായ പരിഹാരം ചെയ്തുകൊടുക്കാമെന്നും താൻ പ്രതിജ്ഞ ചെയ്തിരുന്നു. അവൾ ദുഃഖംകൊണ്ടു വലഞ്ഞു വലഞ്ഞു തീരെ നിവൃത്തിയില്ലാഞ്ഞു് ഇങ്ങനെ ആത്മഹത്യ ചെയ്തതായിരിക്കും. അവളുടെ ജീവച്ഛേദനം താൻനിമിത്തം സംഭവിച്ചതുമാണു്.

അയാളുടെ കാലുകൾ വിറച്ചു; ഭയത്താൽ മുന്നോട്ടു ചാഞ്ഞു. അയ്യോ! കഷ്ടം! അയ്യോ! കഷ്ടം! സവ്വശക്തനായ തിരുവടികൾ അയാളുടെ പരസ്യത്തിന്നു് ഒരു മറുവടി—എന്തൊരു മറുവടി?—അയച്ചിരിക്കുന്നു.

പണിക്കർ ഭയചഞ്ചലതയാൽ വീണു മൂക്കുകുത്തിപ്പോവുമായിരുന്നു. അതിന്നിടയിൽ ആരോ ഒരുവൻ അയാളെ മുറുകെ പിടിച്ചു പിന്നാക്കം നീത്തുനിത്തി.

'ചുടുകാട്ടിലേയ്ക്കു്'—ഈ വാക്കുകൾ അയാളെ വീണ്ടും ഉണത്തി. അയാൾ വിറയ്ക്കുന്ന ഇമകൾ പൊളിച്ചു തുറിച്ചുനോക്കി; താൻനിമിത്തം നശിച്ചുപോയതായ ആ 'ഉരു'വിനെ പൊലീസുകാർ വണ്ടിയിലാക്കി കൊണ്ടുപോവുന്നതും കണ്ടു. കൂട്ടത്തിൽ അടുത്തുണ്ടായിരുന്ന ഒരുവൻ അതുകണ്ടു്,

"താൻ താൻ നിരന്തരം ചെയ്യുന്ന കമ്മങ്ങൾ
താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ"—

എന്നു തൻെറ സ്നേഹിതനോടു പറഞ്ഞുകൊണ്ടു്, ഇരുവരും അവിടം വിട്ടുപോയി. പരിഷ്കാരത്തിൻെറ വിളനിലമായ വലിയ ന

ഗരങ്ങളിൽ സാധാരണമായി നടക്കുന്ന ഒരു സംഭവംതന്നെയല്ലേ അതു്, എന്നായിരുന്നു **അവരുടെ** വിചാരം.

എന്നാൽ പണിക്കരക്കോ? അവളുടെ ആ വിധമായ കർമ്മത്തിന്നു താനല്ലേ ഉത്തരവാദി?

ഇതേവരെ തൻെറ ഗതിയെപ്പററിയുള്ള ഭയം മാത്രമേ പണിക്കരെ പീഡിപ്പിച്ചിരുന്നുള്ളൂ. ഇപ്പൊഴാവട്ടെ, ആ സ്ത്രീയുടെ ദുരന്തം കാണേണ്ടിവന്നതിൽ അയാൾക്കു് അനുതാപവും ബാധിച്ചു, കഷ്ടം! അവൾ അങ്ങനെ ആത്മഹത്യ ചെയ്യാനൊരുങ്ങിയതു് എത്രയോ സങ്കടങ്ങൾ സഹിച്ചതിന്നു ശേഷമായിരിക്കണം! അയാൾ മുഖത്തു യാതൊരു സ്വൈരവും കൂടാതെ ആശ്രമത്തിലേയ്ക്കു മടങ്ങി.

അന്നു വൈകുന്നേരം 'ദുർവാസിനി'പത്രത്തിൻെറ ഒരു 'വിശേഷാൽ ലക്കം' പുറപ്പെടുവിച്ചതിൽ, 'ഒരു സ്ത്രീയുടെ ആത്മഹത്യ!—പുഴയിൽ ചാടി— രക്ഷപ്പെടുത്താൻ ചെയ്ത ശ്രമം —'—എന്നോരോ തലവാചകങ്ങളോടെ മേല്പടി സംഭവത്തെപ്പററി 'സരസമായും വിചിത്രമായും ചതുരമായും മധുരമായും' ഒരു വർണ്ണന പ്രസിദ്ധപ്പെടുത്തിയിരുന്നു.

പണിക്കരുടെ മനസ്സു വീണ്ടും തരളിതമായി. ആശ താണു; ഭയം ഉയന്നു.

## 2

## പണിക്കരുടെ അവസാനം

ശബരാശ്രമത്തിനകത്തു വെറും നിലത്തു്, വേദാന്തി ശങ്കപ്പണിക്കരുണ്ടു മരണവേദനയാൽ കിടന്നുരുളുന്നു. അന്ധകാരനിലയമായ ആ പുരയിൽ വേറെ രണ്ടാളുകൾ നില്ക്കുന്നു. അവരിൽ ഒരാൾ അയല്പ്പക്കത്തെ കുപ്പചിനക്കല്ല്യാരിയും; മററെയാൾ നമ്മുടെ ശ

താനന്ദസ്വാമിയും ആണ്. ശതാനന്ദൻ അവളുടെ കുടിലിൽ ചെന്നു ധമ്മോപദേശം ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ, ആശ്രമത്തിനകത്തുനിന്നു് എന്തോ ഭങ്കരമായ ദീനസ്വരം പുറപ്പെട്ടതു കേട്ടിട്ടായിരുന്നു അവർ ഇരുവരും ആശ്രമത്തിൽ ചെന്നതു്. ശങ്കുപ്പണിക്കരുടെ ദയനീയമായ കിടപ്പു കണ്ടപ്പോൾ, അയാളുടെ ദേഹത്തിന്നും ദേഹിക്കും സ്വാസ്ഥ്യം ഉണ്ടാക്കിക്കൊടുപ്പാൻ തങ്ങളാലാവുന്നതു ചെയ്യേണമെന്നു് അവർ നിശ്ചയിച്ചു.

കുപ്പച്ചിനക്കല്ല്യാരി ആ ആസന്നമൃത്യുവിന്നു വേവു് ആറുവാനായി അപ്പപ്പോൾ മരുന്നുകൊടുത്തുകൊണ്ടും, ശതാനന്ദൻ അയാളുടെ ആത്മാവിന്നു സത്യജ്ഞാനദീപം തെളിവാനായി ഓരോരോ ധമ്മതത്വങ്ങൾ ഉപദേശിച്ചുകൊണ്ടും ഇരുന്നു.

ശതാനന്ദന്റെ വാക്കുകൾ കേട്ടതിലും പണിക്കരുടെ ഉള്ളിൽ കുറെ നേരത്തേയ്ക്കു യാതൊരുണർച്ചയും ഉണ്ടായതേയില്ല. കുടം കമഴ്ത്തി വെള്ളം പകന്നപോലെയായി തന്റെ ഉപദേശം എന്നു ശതാനന്ദൻ കുണ്ഠിതപ്പെട്ടു. എന്നാൽ പണിക്കരുടെ സ്ഥിതിയോ? തന്റെ രണ്ടു ശുശ്രൂഷകജനങ്ങൾക്കും അറിയാത്തതായ എന്തോ ഒരു സംഗതിയിൽ ആയിരുന്നു അയാളുടെ മനസ്സു് ഏകാഗ്രമായി പതിഞ്ഞിരുന്നതു്.

പെട്ടെന്നു പണിക്കരുടെ കണ്ണുകൾ തുറന്നു. ശതാനന്ദന്റെ കണ്ഠക്ഷോഭത്താൽ പണിക്കക്കു ബുദ്ധിഭ്രമം പിടിപെട്ടതുപോലെ തോന്നി.

“സവ്വധമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ”

എന്നു ശതാനന്ദൻ വളരെ ഗൗരവത്തിൽ ഉപദേശിച്ചു.

“എയ്! അന്തമില്ലാത്ത ജീവിതം! അന്തമില്ലാത്ത അസ്വാസ്ഥ്യത! ഉള്ളകാലമത്രയും നിലനില്ക്കുന്ന മരണം!”—എന്നു് ആ വേദാന്തി പുലമ്പിത്തുടങ്ങി.

"ഛീ! ഛീ! അങ്ങനെയല്ല. നിങ്ങൾക്കു ആശയ്ക്കു ഇടമിരുക്കു ന്നുവല്ലോ—പാപത്തെപ്പററി പശ്ചാത്തപിക്കിറ യാവക്കും...." എന്നു ശതാനന്ദൻ.

"വിഡ്ഢീ! വിട്ടുവിഡ്ഢീ! എനിക്കു് ആശയ്ക്കിടമില്ല എന്നു നിശ്ചയം"—എന്നു പണിക്കർ.

"ദൈവം കൃപാവാരിധി. സ്വർഗ്ഗത്തിന്റെ വാതൽ തുറ ന്തിരുക്കേ"—എന്നു ശതാനന്ദൻ.

"സ്വർഗ്ഗം! സ്വർഗ്ഗം! ഹാ! സ്വർഗ്ഗത്തെപ്പററി ഇവിടെ ആ രെങ്കിലും ചോദിച്ചുവോ? **നരകത്തിൽ** ചെല്ലാൻ എന്നെ സ മ്മതിക്കയില്ലെന്നല്ലേ ഞാൻ പറയുന്നതു്?....ഇല്ല. സമ്മതിക്കയി ല്ല....ആ ശാശ്വതനഗരിയുടെ വാതിൽ എന്നെ കടത്തിവിടാതെ യിരിപ്പാനായി അടച്ചുകളഞ്ഞിരിക്കുന്നു....ഞാൻ എന്നെന്നും.... അനന്തകാലം തുടങ്ങി അനന്തകാലംവരെ എല്ലാക്കാലവും ശൂന്യാ കാശത്തിൽ പറന്നു കിടക്കേണ്ടിയിരിക്കുന്നു ...ഞാൻ പറഞ്ഞതു കേട്ടുവോ?...എന്നേയ്ക്കും....കേട്ടുവോ....എന്നേയ്ക്കും!"—

കേട്ടുനില്ക്കുന്നവരുടെ കർണ്ണപുടങ്ങളെ തുളച്ചുകയറുംമാതി രിയിലുള്ള ആ ആസന്നമരണന്റെ കണ്ഠസ്വരം ആരോഹക്രമ ത്തിൽ കയറിക്കയറി 'എന്നേയ്ക്കും' എന്ന വാക്കിൽ അവസാനി ച്ചു. എന്നാറെ, അയാൾ തീരെ തളർന്നുവീണു. അയാളുടെ മുഖം വി ളർത്തും, മിഴികൾ തുറിച്ചും, ചിറി കോട്ടിയുമിരുന്നു.

ആ ക്ഷണത്തിൽതന്നെ കപ്പച്ചിനക്കല്യാരി മരുന്നുമായി അ രികിലെത്തി. ആ വേദാന്തിയുടെ ഉലന്നു കരുവാളിച്ച ചുണ്ടുകൾ ക്കിടയിൽ കിണ്ണത്തിന്റെ വക്കു കടത്തി ചരിച്ചു മരുന്നു പകർന്നു്; ആ ദ്രവം അല്പനേരം വായിൽതന്നെ കെട്ടിനിന്നശേഷം ഗളഗളര വത്തോടെ ഗളനാളത്തിലിറങ്ങി. ആ സമയം അയാളുടെ മുഖഭാ വം എത്ര ഭയങ്കരമായിരുന്നു: അനേകം ഭയങ്കരകാഴ്ചകൾ കണ്ടു പ രിചയിച്ചിരുന്ന ആ കപ്പച്ചിനക്കല്യാരിയുംകൂടി അത്രമേൽ ഭീഷ

ണമായ ഒരു രൂപം മുമ്പൊരിക്കലും കണ്ടിട്ടില്ലെന്നുള്ളതു വിചാരിച്ചു് ഒന്നു ഞെട്ടി.

ശതാനന്ദനാവട്ടെ, മിണ്ടാതെ നില്ക്കയായിരുന്നു. മരിച്ചുതുടങ്ങിയിരിക്കുന്ന ആ വേദാന്തിക്കു നിശ്ചയമായും ബുദ്ധി ഭ്രമിച്ചുപോയി എന്നായിരുന്നു ശതാനന്ദൻ വിചാരിച്ചതു്. ആ പാപിയെ ബാധിച്ചിരിക്കുന്ന മതിഭ്രമം എന്തായിരിക്കാം? പ്രായശ്ചിത്തം കൊണ്ടുപാപക്ഷാളനം ചെയ്യാത്ത കൊടുംപാപികളെ എന്നേയ്ക്കും ഇട്ടുശിക്ഷിപ്പാനായുള്ള ആ അഗ്നിയാററിൽ—ആ നരകത്തിൽ—ആ പാപിയുടെ ആത്മാവിനെ കടപ്പാനയയ്ക്കയില്ല എന്ന സിദ്ധാന്തം അയാൾക്കു് എങ്ങുനിന്നു ലഭിച്ചു?—ഇങ്ങനെ ഓരോരോ സംഗതികൾ ശതാനന്ദൻ തന്നെത്താൻ പ്രശ്നംചെയ്തു.

ആ ആസന്നമരണൻ വീണ്ടും സംസാരിപ്പാൻ തുടങ്ങിയപ്പോൾ, അയാളുടെ സ്വരം മരണവേദനയാൽ വിറയ്ക്കുന്നതായും, ചെവിയിൽ രഹസ്യം പറയുമ്പോലെ ഒച്ച അടച്ചിരിക്കുന്നതായും അനുഭവപ്പെട്ടു. “എളയേമാന്മാരേ, സാറേ, തങ്കമേ, അമ്മായി, അമ്മൂ, ഏമാനേ, ജനങ്ങളേ!....ഞാൻ നിങ്ങളെ ദ്രോഹിച്ചു....എനിക്കു മാപ്പുതരണേ, മാപ്പുതരണേ!....എനിക്കുവേണ്ടി....എൻെറ മോചനത്തിനായി....സർവ്വശക്തനായ തിരുവടികളോടു ശിപാശ് ചെയ്യണേ!....എൻെറ ആത്മാവിനെയുംകൂടെ നരകത്തിൽ കടത്തിവിടാൻ ശിപാർശ ചെയ്യണേ! ഞാൻ ചെയ്ത പാപങ്ങളെ നിങ്ങൾ ക്ഷമിക്കണേ!—എൻെറ മൂക്കളിഞ്ഞു, കണ്ണു പൊട്ടി, നാവു പുഴുത്തു—ഈ ശിക്ഷകളൊക്കെ അനുഭവിച്ചതു പോരായോ? എന്നെ ഇനിയും പീഡിപ്പിക്കേണമോ? നിങ്ങൾ ദയ കാണിക്കയില്ലയോ? സർവ്വശക്തനായ തിരുവടികളോടു ശിപാർശ ചെയ്കയില്ലയോ? അയ്യോ! അയ്യോ!”—ഇങ്ങനെ ചുണ്ടിൻകീഴിൽ പറയുന്നതിനൊത്തു കൈകൾ പൊന്തിച്ചു വിറച്ചുകൊണ്ടിരിക്കുന്ന വിരലുകളെ തമ്മിൽ പിണച്ചു പ്രാർത്ഥന ഭാവിച്ചു.

അതാണു തരമെന്നു നിശ്ചയിച്ചു ശതാനന്ദൻ വീണ്ടും മെല്ലെ

പ്രസംഗിച്ചുതുടങ്ങി: "പാപികളാന ജനങ്ങളുടെയെല്ലാം പാപത്തെ ക്ഷമിത്തുക്കൊൾകിറ അന്ത സവ്വശക്തനുടയ—അന്ത കടവുളുടയ—അന്ത പരമേശ്വരനുടയ—തിരുവടികളെ—ദൈവത്തിനുടയ തിരുവടികളെപ്പററി നീങ്കൾ ഇപ്പോൾ പറഞ്ഞുവല്ലൊ."—

"ദൈവമോ! പരമേശ്വരനൊ! കടവുളോ! ഹായ്! ഹായ്! തന്റെ ഈശ്വരനുമായി എനിക്കെന്തു കാൎയ്യം? എനിക്കു **സ്വൎഗ്ഗമേയില്ലല്ലൊ.** ഞാൻ മാപ്പപേക്ഷിക്കുന്നതു സൎവ്വശക്തനായ മററ തിരുവടികളോടു മാത്രം—നരകാധിപൻതിരുവടികളോടു മാത്രമേ എനിക്കു കാൎയ്യമുള്ളു. എന്റെ പ്രാൎത്ഥന നിഷ്ഫലം. എനിക്കു നരകത്തിൽ പാൎപ്പാൻ അവകാശമില്ല. ഞാൻ പട്ടികയിൽകൊണ്ട പാപങ്ങൾ ചെയ്തിരിക്കുന്നു. എന്നെ കടത്തിവിടാതെയിരിപ്പാനായി നരകവാതിൽ അടച്ചുപോയിരിക്കുന്നു. അകത്തുപോവാൻ എനിക്കനുവാദമില്ല....അയ്യൊ! സൎവ്വശക്തനായുള്ളോവേ! നരകത്തിന്നു് അധിപനായുള്ളോവേ! നിന്തിരുവടികൾ ഏഴയായ ഇവന്റെ പാപങ്ങൾക്കു കല്പിച്ചിരിക്കുന്ന ശിക്ഷ കഠിനം—വയ്യ വയ്യേ സഹിപ്പാൻ. അയ്യൊ! എന്നിൽ കരുണ വേണമേ. ഈ ഒരു കുറി മാപ്പു തരേണമേ."

പണിക്കർ പിന്നേയും തളൎന്നുവീണു. നരകവാതിൽ അടച്ചുകളയുന്നതായി അയാൾ മനസ്സിൽ സ്വരൂപിച്ചു; തന്റെ ഗതികെട്ട ആത്മാവു് അനുഭവിക്കേണ്ടിയ ദുഃഖങ്ങളൊക്കയും മനസ്സുകൊണ്ടു് അനുഭവിച്ചു.

ശതാനന്ദൻ ഭയപ്പെട്ടു; ആ ആസന്നമൃത്യുവിനെ സമീപിപ്പാൻ കൂടിയും മടിച്ചു. എന്നാലും, എങ്ങനെയെന്നറിയാത്തവിധത്തിൽ പിശാചബാധയേററുപോയിരിക്കുന്ന ഒരാത്മാവിനെ രക്ഷപ്പെടുത്തുന്നതു സുകൃതമാണല്ലൊ എന്നു വിചാരിച്ചു്, ശതാനന്ദൻ, അയാളുടെ നിറുകയിൽ കൈവെച്ചു്, "ഓം! ഹ്രീം! ഉച്ചാടയ, ഉച്ചാടയ..." എന്നോരോ മാന്ത്രികശബ്ദങ്ങൾ ഉച്ചരിക്കയും, ദൈവത്തെ പ്രാൎത്ഥിപ്പാൻ അയാളോടു് ആവശ്യപ്പെടുകയുംചെയ്തു.

വീണ്ടും അ പാപാത്മാവു്—ആസന്നമരണൻ—പിടച്ചെ ണീററിരുന്നു. അണയാൻപോകുന്ന ദീപംപോലെ, അയാളുടെ ക ണ്ണുകൾ പെട്ടെന്നുജ്ജ്വലിച്ചു—അവയുടെ ശോഭ അതിമാനുഷമാ യിരുന്നു—"എന്നെ പരിഹസിപ്പാനോ, എന്നെ ഉപദ്രവിപ്പാനോ നിങ്ങൾ ഇവിടെ വന്നിരിക്കുന്നതു്?"—എന്നു പരുഷസ്വരത്തിൽ ചോദിച്ചു കുറെ കഴിഞ്ഞു് അയാൾ വീണ്ടും സംസാരിപ്പാൻ തുട ങ്ങി; എന്നാൽ സ്വരം വല്ലാതെ താഴ്ത്തിയും ഭയംകൊണ്ടുള്ള തൊ ണ്ടയിടർച്ചയോടുകൂടിയുമാണു സംസാരിച്ചതു്: "സർവ്വശക്തനായ തിരുവടികൾ കല്പിക്കുന്നതു നിങ്ങൾ കേൾക്കുന്നില്ലേ? തിരുവടിക ളുടെ വ്യസനവാക്കുകൾ കേൾക്കുന്നില്ലേ?....ചെവിയോർത്തു കേൾ പ്പിൻ! ചെവിയോർത്തുകേൾപ്പിൻ!"—ഇങ്ങനെ പറഞ്ഞുംകൊണ്ടു് അ മൃത്യുഗ്രസ്തൻ തന്റെ ചുങ്ങിച്ചുളുങ്ങിയ കൈപ്പടം കാതിൻമട ക്കിൽ വെച്ചു മുന്നോട്ടു കുനിഞ്ഞു് ഏകാഗ്രചിത്തനെന്നവണ്ണമിരു ന്നു—"കേൾപ്പിൻ!...അ—ാ—ാ—ാ! എന്റെ ആത്മാവിനു ഗ തിയില്ലാതായി!....ഗതിയില്ലാതായി, നിശ്ചയം....മൃദുവായ പൈ ശാചസ്വരത്തിൽ പുറപ്പെട്ടുവിക്കുന്ന ആ കല്പന നിങ്ങൾ കേൾക്കു ന്നില്ലേ?....അതാ, പിന്നെയും—'**ഹതഭാഗ്യനായ ആത്മാ വേ! നരകവാതില്ക്കൽനിന്നു് അകന്നുപോയാലും! അ തിരില്ലാത്തതായ ശൂന്യാകാശത്തിലേയ്ക്കു കടന്നാലും; അവിടെ മോക്ഷമോ, മാപ്പോ, വേറെ ഏതെങ്കിലും രക്ഷാമാർഗ്ഗമോ ലഭിക്കാതെ അനന്തകാലം തുടങ്ങി അററമില്ലാത്ത കാലത്തോളം അനിവൃത്തനായി പ റന്നു കിടന്നാലും**'....അയ്യോ! എന്നെ രക്ഷിക്കേണമേ! രക്ഷി ക്കേണമേ! തങ്കമേ, സാറേ, ഏമാന്മാരേ, ജനങ്ങളേ....എന്നെ കൈയ്ക്കുപിടിച്ചു കയറേറണമേ! രക്ഷപ്പെടുത്തേണമേ!....സർവ്വശ ക്തനായുള്ള തിരുവടികളേ, എന്റെ ആത്മാവിനെ മോചിക്കേ ണമേ....ആത്മാവിനെ രക്ഷപ്പെടുത്തേണമേ....ചങ്ങാതീ! ശാമി

പ്പെട്ടരേ! നിങ്ങൾ എവിടെ? ഈ സമയം നിങ്ങളും എന്നെ വെടിഞ്ഞുവോ? കൈ ഇങ്ങോട്ട നീട്ടിത്തരില്ലയോ? തിരുവടികളുടെ കാല്ക്കൽ നമസ്കരിച്ചു് കരഞ്ഞു യാചിച്ചിട്ടെങ്കിലും എന്നെ രക്ഷപ്പെടുത്തുകയില്ലയോ?....അയ്യോ! എല്ലാം അന്ധകാരമയം; അതാ നരകത്തിന്നു പുറമെ കിടക്കുന്ന കാളികൂളികളായ ആത്മാക്കളുടെ ഹീഹീ വിളികൾ, പരിഹാസകോലാഹലം...."

പണിക്കർ തീരെ ക്ഷീണിച്ചു; അയാളുടെ ഒച്ച പൊന്തുന്നില്ലെന്നായി.

അയാളുടെ കണ്ണുകൾ ചുഴലുന്നതും, വായ് കോണുന്നതും, ദേഹം അലയുന്നതും നോക്കിക്കൊണ്ടു്, മന്ത്രത്താൽ കെട്ടിനിറുത്തിയവളെന്നപോലെ, കുപ്പച്ചിനക്കല്ല്യാരി അങ്ങനെതന്നെ നിന്നു.

ആ ആശ്രമത്തിനകത്തെ അപ്പൊഴത്തെ നിശ്ശബ്ദതയെ ഭേദിക്കുമാറു്, ആ മൃത്യുഗ്രസ്തന്റെ മുഖത്തുനിന്നു് ഒരു അലൗകികമായ അട്ടഹാസം പെട്ടെന്നു് പൊട്ടിപ്പുറപ്പെട്ടു: "ഹാ! ഹാ! ഹാ! നിങ്ങൾ കാണുന്നില്ലേ ആ വെളിച്ചം?....ആ! സംഗീതധ്വനി വിലാപസ്വരമായിരിക്കുന്നു—വെളിച്ചം മറഞ്ഞു, ഇരുളായി....**എന്റെ ആത്മാവിനെ** ഉദ്ദേശിച്ചു് ദേവദൂതന്മാർ കരയുന്നു. എനിക്കു ഗതിയില്ലാതായി! **ഗതിയില്ലാ!! ഗതിയില്ലാ!!!**"

അയാളുടെ നെററിയിൽ സ്വേദകണങ്ങൾ മാലയായി വരിനിരന്നു തുടങ്ങി. അയാൾ പ്രാണവേദനയോടെ മുഷ്ടിചുരുട്ടി മാറത്തിട്ടിടിച്ചു. പിന്നെ നരകാധിപനെ തല്ലിച്ചതയ്ക്കാനായിട്ടെന്നപോലെ, വലത്തുകൈ ചുരുട്ടി, പല്ലും കടിച്ചുകൊണ്ടു്, തലയ്ക്കുമീതെ നീട്ടി; അതോടൊന്നിച്ചു്, കേട്ടാലറയ്ക്കുന്ന പലേ ശകാരങ്ങളും ശാപങ്ങളും ഉച്ചരിച്ചു.

അവയൊക്കെ കണ്ടും കേട്ടും നിന്നിരുന്ന ശതാനന്ദൻ രണ്ടു കൈകൊണ്ടും തന്റെ ചെവി പൊത്തിപ്പിടിച്ചു.

ഒടുവിൽ ആ വേദാന്തിയുടെ ശകാരങ്ങൾ അവസാനിച്ചു.

ദേഹം തളൎന്നു, നാവു പൊന്താതെയായി. നൈരാശ്യം നിമിത്തം—ഒരു പ്രതിക്രിയ—എന്നോണം—പെട്ടെന്നു ശാന്തനായി; ആ നിലയിൽ തന്റെ പ്രാണൻ മുഴുവൻ ക്ഷണംപ്രതി ഒലിച്ചു ചാടിപ്പോവുന്നുണ്ടെന്നുള്ള ബോധം അയാൾക്കുണ്ടായി. ഇനി ഏതാൻ നിമേഷംകൂടി മാത്രമേ, ആ മാംസചൎമ്മാസ്ഥിക്കൂട്ടിനുള്ളിൽ പ്രാണൻ നിലനില്ക്കയുള്ളൂ എന്നും അയാൾക്കു ബോധംവന്നു.

ശ്വാസകൃച്ഛ്റം തുടങ്ങി, എന്നിട്ടും അയാൾ അവസാനംവരെ മൃത്യുവുമായി മല്ലിട്ടു.

**"ഞാൻ ചാവുന്നേ—ഞ—ാ—ൻ ച—ാ—വു—ന്നേ."**—എന്നു് ഒരു കൎക്കശശബ്ദം പുറപ്പെട്ടു.

"അപാരകരുണാവാരിധിയാന ദൈവം........"—എന്നു ശതാനന്ദൻ സ്ഫുടാക്ഷരത്തിൽ വളരെ ഗൗരവത്തോടുകൂടി വീണ്ടും ഉപദേശിപ്പാൻ തുടങ്ങി.

"ചാവാൻ **മനസ്സില്ലാ, കഴികയില്ല, ഭാവവുമില്ല—മനസ്സില്ലാ—മനസ്സില്ലാ"**—എന്നു തന്റെ മെയ്യൂക്കു മുഴുവൻ പ്രയോഗിച്ചുകൊണ്ടു്, പണിക്കർ പെട്ടെന്നു വീണ്ടും അലറി.

ഭയാക്രാന്തനായി കാലുകൾ വിറച്ചുകൊണ്ടും, മാംസപേശികളൊക്കെ കുരുങ്ങിക്കൊണ്ടും, ശങ്കുപ്പണിക്കർ ചാടിയെണീറ്റു. അനന്തരം, ആശ്രമത്തിന്റെ മേൽപ്പുരയിലേയ്ക്കുതന്നെ, ഇമവെട്ടാതെ, തുറിച്ചുനോക്കി; പിന്നെ മുഷ്ടിചുരുട്ടി, ഭയങ്കരമാംവണ്ണം വിറപ്പിച്ചു:

"ഇല്ല—മനസ്സില്ലാ. ഫ! നീയോ കല്പിപ്പാൻ? നിന്നെ ഞാൻ ഗണ്യമാക്കുമോ?"

നിലത്തു വീഴുംമുമ്പു് അയാളെ താങ്ങിക്കൊള്ളാനായി, കുപ്പച്ചിനക്കല്ലൂരി അതിശീഘ്രം മുന്നോട്ടു ചെന്നു. എന്നാൽ അവളുടെ സഹായം വേണ്ടിവന്നില്ല.

ആശ്രമത്തിന്റെ മേൽപ്പുരയിൽ തട്ടി തറയിലേയ്ക്കു മാററൊലിയിട്ടു് അതും കവിഞ്ഞു് പുറമെ വീഥിയിലെങ്ങും പ്രവഹിച്ചതായുള്ള ഭയങ്കരമായ ഒരു ആർത്തനാദത്തോടെ ശങ്കുപ്പണിക്കർ പിന്നാക്കം വീണു; അയാളുടെ തല തൂണിലടിപെട്ടു തെരിഞ്ഞു; മാംസപേശികൾ വിരിഞ്ഞു; കണ്ണുകൾ ചുഴന്നു; വായിൽനിന്നു നരയും പതയും വഴിഞ്ഞു; നാവു തള്ളി.

അയാളുടെ മിഴികൾ വീണ്ടും ഒന്നു്, രണ്ടു്, മൂന്നുകുറി, ഇടത്തുനിന്നു വലത്തേയ്ക്കും, വലത്തുനിന്നു് ഇടത്തേയ്ക്കും ഉരുണ്ടു; അയാൾ സംസാരിപ്പാൻ ശ്രമിച്ചു, വല്ലാതെ കുഴങ്ങി, പിന്നെ നിശ്ചലനായി.

ആ വേദാന്തി—ആ തത്വാന്വേഷി—സ്വാത്ഥലാഭത്തിനായി ലോകത്തെ ദ്രോഹിച്ച ആ ശബരാശ്രമി—ശങ്കുപ്പണിക്കർ—ശങ്കരാനന്ദൻ—മഹത്തായ ആ അജ്ഞാതത്തെ കണ്ടുപിടിച്ചിരിക്കുന്നു. അയാൾ മരിച്ചുകഴിഞ്ഞു.

നരകാധിപൻ അയാളെ കൊന്നിരിക്കുന്നു!

* * *

ആ സമയം തന്നെ, അതിനെ തുടന്നു്, ലോകത്തിൽ മുമ്പൊരിക്കലും മനുഷ്യരാരും കേട്ടിട്ടില്ലാത്തവിധം അതി ഭീഷണമായ ഒരു ആർത്തനാദം പ്രപഞ്ചത്തിലെങ്ങും മുഴങ്ങി. മനുഷ്യരെല്ലാം അതു കേട്ടിട്ടുണ്ടായ ഭയത്താൽ കിടുകിടെ വിറച്ചു.

സൗരയൂഥത്തിൽ എവിടെയോ ജ്വലിച്ചുകൊണ്ടിരുന്ന ഒരു ഗ്രഹം പെട്ടെന്നു മറഞ്ഞതിനാൽ അന്തരീക്ഷത്തിൽ പരക്കെ വ്യാപിച്ചതായ ഒരിളക്കമായിരുന്നു ആ ഭയങ്കരമുഴക്കം എന്നു ധമ്മപുരിയിലെ നക്ഷത്രബംഗ്ലാവിന്റെ അധ്യക്ഷനും മററു നവീന ശാസ്ത്രജ്ഞന്മാരും യുക്തികൾകൊണ്ടു സമത്ഥിക്കുമ്പോൾതന്നെ, രാജധാനിയിൽ, വൈദികന്മാരും, താന്ത്രികന്മാരും, മാന്ത്രികന്മാരും, ശാസ്ത്രിമാരും, താക്കികന്മാരും, വൈയാകരണന്മാരും, ജ്യോ

തിഷക്കാരും ഒക്കെ രാജകല്പനപ്രകാരം യോഗം കൂടി വാദപ്രതിവാദങ്ങൾ ചെയ്കയും, ഭൂകമ്പദോഷപരിഹാരാൎത്ഥം മുമ്പു ചെയ്തിട്ടുള്ള മാതിരിയിൽ ശുദ്ധികലശങ്ങളും ജപങ്ങളും മററും നടത്തുവാൻ തീൎച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ടായിരുന്നു.

എന്നാൽ ആ മുഴക്കമാററട്ടെ, അവസാനമില്ലാത്ത കാലത്തോളം, അതിരില്ലാത്തതായ ശൂന്യാകാശത്തിൽ, അനിവൃത്തനായി, ഹതാശനായി, അശരണനായി പറന്നു കിടപ്പാൻ വിധിക്കപ്പെട്ട ശങ്കുപ്പണിക്കരുടെ ആത്മാവു നരകപ്രവേശം ലഭിക്കാതെ നിരാശനായിത്തീൎന്നപ്പോൾ പുറപ്പെടുവിച്ച ദീനസ്വരമായിരുന്നിരിക്കാം.

അതല്ല, ശങ്കുപ്പണിക്കരുടെ ആത്മാവിന്റെ സ്വൎഗ്ഗത്തിൽ കടക്കാനയയ്ക്കാതെ, ആ ആത്മാവിന്റെ ഇഷ്ടത്തിനു വിരോധമായി, കാലദൂതന്മാർ ചെന്നു് കൈയും കാലും കയറാൽ വരിഞ്ഞു കെട്ടിയെടുത്തു നരകത്തിനകത്തു കൊണ്ടുചെന്നു് അഗ്നിയാററിൽ തള്ളിയപ്പോൾ, ആ ആത്മാവു പുറപ്പെടുവിച്ച ദീനസ്വരമായിരുന്നു എന്നും വരാം. എന്തെന്നാൽ: പണിക്കൎക്കു കിട്ടിയ നരകകായിതങ്ങളാവട്ടെ, അടികാണാത്തതായുള്ള ആ നരകക്കുണ്ടിൽ പതിച്ചിരിക്കുന്ന പാപികളുടെ കൂട്ടത്തിലേയ്ക്കു് ഒരാത്മാവിനെക്കൂടി കൊണ്ടുതള്ളുവാനായി, നരകാധിപൻചെയ്ത മറെറാരു വഞ്ചനാപ്രയോഗം ആയിരുന്നിരിക്കാം. ഇതല്ല, അതാണു്, എന്നു തീൎച്ചപറവാൻ കഴിയുമോ? വാസ്തവം ആരറിഞ്ഞു?

*            *            *

ശങ്കുപ്പണിക്കരുടെ പ്രേതത്തെ നായും നരിയും വലിക്കുംമുമ്പു്, പോലീസുകാർ ആശ്രമത്തിലെത്തി ഏററെടുത്തു. അതിനുമുമ്പുതന്നെ, കുപ്പച്ചിനക്കല്ക്കാരി അവിടെയുണ്ടായിരുന്ന സാധനങ്ങളിൽ കാശുമാറാൻ കൊള്ളാവുന്നവയൊക്കെ കൈവശപ്പെടുത്തിയിരുന്നു. എന്നാൽ, അറിവില്ലായ്കകൊണ്ടോ, എന്തുകൊണ്ടോ,

KOTTAYAM ... KOTTAYAM

അവർ ആ നരകകായിതങ്ങളേയും നാൾവഴികളേയും നിഷ്പ്ര യോജനമെന്നുവെച്ചു്, അവിടെത്തന്നെ തള്ളിക്കളഞ്ഞു.

* * *

അങ്ങനെ ആ പ്രമാണങ്ങൾ പോലീസുകാരുടെ കൈക്കൽ പെട്ടു. അവർ, നാട്ടുകാരിൽ മാന്യന്മാരായ നാലു മദ്ധ്യസ്ഥന്മാരേയും കൂട്ടിക്കൊണ്ടു് ആ പ്രേതം കണ്ടു 'മഹസ്സർ' തയാറാക്കുകയും, ആ സന്ദർഭത്തിൽ മേല്പടി കായിതങ്ങളെ വായിച്ചു കേൾപ്പിക്കയും ചെയ്തു. അവ, വാസ്തവമായും, നരകത്തിൽനിന്നു വന്നുചേന്നവതന്നെയോ, അതല്ല, വല്ല 'കവിതക്കാരൻേറ'യും തലച്ചോർ കാഞ്ഞു പുറപ്പെട്ട ആവിയോ, ഏതായിരിക്കാമെന്നു പോലീസുകാരിൽ പ്രമാണി മനസ്സിൽ വിതർക്കിച്ചുകൊണ്ടിരുന്നു. "ഏതായാലെന്തു്? ഇതിൽ പറയുന്നതിനെ നമ്മെപ്പോലെയുള്ളവരുണ്ടോ വിശ്വസിക്കുന്നു?"—എന്നായിരുന്നു അയാളുടെ സമാധാനം.

നാലുമാസം കഴിഞ്ഞപ്പോൾ, മേല്പടി കായിതങ്ങളും നാൾവഴികളും ആ നഗരത്തിലെ 'ഭക്തിമന്ദിര'ത്തിൽ ഭോഗ്യാശ്രമി കാമചാരി എന്ന നാമമുടയ ആചാര്യസ്വാമിയുടെ മുമ്പിൽ നീർത്തുവെച്ചിരിക്കയായിരുന്നു. അവ അദ്ദേഹത്തിൻേറ കൈക്കൽ പെട്ടതു് എങ്ങനെയായിരുന്നു? പോലീസുകാർ വേദാന്തിയുടെ മരണത്തെപ്പററി മുറപ്രകാരം മേലാവിലേയ്ക്കു 'സംഭവറിപ്പോർട്ടു' അയയ്ക്കയും, അതൊന്നിച്ചു നരകകായിതങ്ങളേയും നാൾവഴികളേയും 'ഉള്ളടക്കം' ആക്കുകയും ചെയ്തിരുന്നു. എല്ലാ രേഖകളും ചുററിത്തിരിഞ്ഞു രാജസന്നിധിയിലെത്തി. എന്നാൽ രാജാവാകട്ടെ, ധർമ്മരക്ഷയിൽ അത്യന്തം നിഷ്ഠയോടുകൂടിയ ആളാകകൊണ്ടു്, വേദാന്തിയുടെ മരണത്തെപ്പററിയുള്ള വിവരങ്ങൾ കൊട്ടാരംവക കാര്യദർശി വായിച്ചു കേൾപ്പിച്ച സന്ദർഭത്തിൽ, നരകകായിതത്തെ കാര്യദർശിയുടെ കൈക്കൽ കണ്ടതും അസാമാന്യം ഭയപ്പെട്ടു് ഒരു മുറവിളിയിട്ടതും ഒപ്പം കഴിഞ്ഞു. ഭാഗ്യവശാൽ ആ സന്ദർഭത്തിൽ 'മുഖം കാണിപ്പാൻ' ചെന്നിരുന്ന 'ആചാര്യസ്വാമി' അദ്ദേ

ഹത്തെ സമാശ്വസിപ്പിക്കയും, ആ പ്രമാണങ്ങളെക്കുറിച്ചു സത്യവിചാരം ചെയ്യാൻ ഏല്പ്പിക്കയും ചെയ്തു. ഇങ്ങനെയാണു് അവ ആചാര്യസ്വാമിയുടെ കൈക്കൽ പെട്ടതു്.

ആചാര്യൻ ഭോഗ്യാശ്രമത്തിലെത്തി, തൻെറ സ്വകാര്യമുറിയിൽ പ്രവേശിച്ചു വാതിലുമടച്ചിരുന്നു് അവയെ നീർത്തുവെച്ചു സൂക്ഷ്മമായി വായിച്ചുനോക്കി, വാച്യാർത്ഥങ്ങളും വ്യംഗ്യാർത്ഥങ്ങളും ധ്വനിയും മററു സകലതും ഗ്രഹിച്ചു. "സരസ്വതീപ്രസാദംപോലെ കളവുകൾ മെടഞ്ഞുകെട്ടി കഥകൾ നിർമ്മിച്ചു ലോകരെ വഞ്ചിക്കുന്നതിന്നു ദൃഷ്ടാന്തങ്ങൾ എത്രയോ ഇതിന്നുമുമ്പും കണ്ടിരിക്കുന്നു. എന്നെക്കുറിച്ചു് എന്തുതന്നെ പറഞ്ഞാലെന്തു്, എനിക്കു ബാധകമാകയില്ല."—എന്നു് ആദ്യം സമാധാനപ്പെട്ടു.

പിന്നെ കുറേനേരം ചിന്താമഗ്നനായിരുന്നു. ഒടുവിൽ ഉദ്വേഗത്തോടെ എണീററു കൊട്ടാരത്തിലേയ്ക്കു പോയി. അവിടെ ചെന്നു രാജാവിനെ കണ്ട ഉടൻതന്നെ ഇങ്ങനെ പറഞ്ഞു: "രാജാവേ, ഇതു വെറും വ്യാജം. ഈ നാട്ടിൽനിന്നു നരകത്തിൽ ചെന്നിരിക്കുന്ന ശരഫണാശ്രമവാസിയായിരുന്ന ശാമിപ്പട്ടർ എഴുതി അയച്ചിട്ടുള്ള കത്തുകളാണെന്നാണ പറഞ്ഞിരിക്കുന്നതു്. അങ്ങനെയൊരു കത്തെങ്കിലും നരകത്തിൽനിന്നു് ഇവിടെക്കയപ്പാൻ ഈ ധർമ്മക്ഷേത്രസംസ്ഥാനവും നരകവുമായി തപ്പാലേർപ്പാടു് ഒന്നുമില്ലല്ലൊ. ഒരു വേള അയാൾ അയച്ചതുതന്നെയെന്നു സമ്മതിച്ചാലും, അയാൾക്കു് എൻെറ പേരിൽ പ്രത്യേകിച്ചും ഈർഷ്യയ്ക്കവകാശമുണ്ടു്. ബ്രാഹ്മണ്യമില്ലാതെ ബ്രാഹ്മണനെന്നു നടിച്ചു നടന്ന അയാളുടെയും കൂട്ടകാരുടെയും ദേവസ്വധർമ്മസ്വാനുഭവങ്ങൾക്കു മുടക്കം വരുത്തിയതു് എൻെറ പ്രേരണയാലാണെന്നു് അയാൾക്കു ദ്വേഷം ഉണ്ടു്. അതിനാലാണു് എന്നെ ദൂഷിപ്പാൻവേണ്ടി മാത്രം ഇങ്ങനെ കത്തുകളെഴുതീട്ടുള്ളതു്. എൻെറമേൽ എന്തൊക്കെയാണു് അപവാദം! അവിടുത്തെയ്ക്കറിവുള്ളതാണല്ലൊ എൻെറ രാജ്യക്ഷേമകർമ്മങ്ങൾ? ഞാൻ ഈ നാട്ടിലുള്ളവർക്കൊക്കെ—സ്ത്രീപുരുഷഭേ

ദമോ ജാതിമതാദിഭേദമോ നോക്കാതെ—നിഷ്കാമബുദ്ധ്യാ മോക്ഷമാൎഗ്ഗം അരുളിയിരിക്കുന്നു! തമ്പുരാക്കന്മാരും തമ്പുരാട്ടികളും എന്നെ ഭജിച്ചു് ഉൽഗതി നേടീട്ടുണ്ടെങ്കിൽ, അതിന്മണ്ണംതന്നെ, ചണ്ഡാലന്മാരും ചണ്ഡാലികളും എൻെറ പാദോദകം സേവിച്ചു ദിവ്യപദം പ്രാപിച്ചിരിക്കുന്നു. എൻെറ സ്പർശത്താൽ എത്രയോ പുംശ്ചലികൾക്കു മോക്ഷം ലഭിച്ചിരിക്കുന്നു. വില്വവൃക്ഷത്തിന്മേലിരുന്നു് ഒരു രാത്രി മുഴുവൻ ശിവനെ ഭജിച്ച വേടനു ശിവൻ മോക്ഷംകൊടുത്തുവെങ്കിൽ, അതിന്മണ്ണം, ആ കുന്നിന്മേൽവെച്ചു് എന്നെ ഭക്തിയോടുകൂടി സേവിച്ച വേടത്തിക്കു ഞാനും മോക്ഷംകൊടുത്തിരിക്കുന്നു. ആ വല്കലധാരിയായ ബ്രാഹ്മണവടുവിൻെറ പൂജാദ്രവ്യത്തെ സ്വീകരിച്ചു് അയാളെയും ഞാൻ സായൂജ്യത്തിലെയ്ക്കുള്ള കോണിപ്പടിയിൽ കയററി വിട്ടിരിക്കുന്നു. എത്രയോ വൃഷലികൾക്കു ഞാൻ ഉയർച്ചകൊടുത്തു! അവിടുത്തെ ദാസന്മാർ ഞാൻ ചെല്ലുന്ന ദിക്കിലെല്ലാം എൻെറ ഇഷ്ടത്തിനൊത്തു പൂജയ്ക്കൊരുക്കിത്തന്നിട്ടുള്ളതും, അവക്കു ഞാൻ മോക്ഷമാൎഗ്ഗത്തിൽ കയററംകൊടുത്തിട്ടുള്ളതും അവിടുന്നു് അറിഞ്ഞിട്ടുള്ളതാണല്ലൊ. ഏറെ വിസ്തരിക്കുന്നില്ല. എനിക്കു് ഒരപേക്ഷയേ ഉള്ളു: ഈ നരകകായതങ്ങൾ പോലീസുകാരുടെ കൈ മറിഞ്ഞു പലരുടെയും അടുക്കരചെന്നിട്ടുള്ളതാകകൊണ്ടു് അവർ ഓരോ പകർപ്പു് റിക്കാർട്ടിൽ വെച്ചിരിക്കും. ആ പകൎപ്പുകളെ ഉടൻ നശിപ്പിപ്പാനും, യാതൊരാളും ഇവയെ അച്ചടിച്ചു പ്രസിദ്ധീകരിക്കാതിരിപ്പാനും നിർബ്ബന്ധമായ രാജകല്പന ഒരു വിളംബരമായി പുറപ്പെടുവിക്കുമാറാകണം. അവിടുത്തെ രക്ഷയെ കരുതി ഇവയെ ഞാൻ ഭക്തിമന്ദിരത്തിൽ നിക്ഷേപിച്ചുകളയാം."

★

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No M07 Acc. No. 35866

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 5 MAY 1990 | | |
| 11 NOV 1990 | | |
| 15 DEC 1995 | | |
| 12 MAR 1996 | | |

If the book is not returned on due date a fine of 10 Ps. ~~(Five)~~ per day will be charged.

M07 35866

രാമകൃഷ്ണപിള്ള. കെ

നരകത്തിൽ നിന്ന്.